**ധനകാര്യം**

## 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെയും 2003-2004, 2009-2010, 2010-2011, 2011-2012 സാമ്പത്തിക വർഷങ്ങളിലെ അധികധനാഭ്യർത്ഥനകളെയും സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,90,01,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 24,93,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 62,12,62,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം പൊതുമരാമത്ത് വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി

(ശ്രീ. കെ. സി. ജോസഫ്): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,44,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,40,73,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി

ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 49,00,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,00,01,000/- രൂപയുടെയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും

വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 80,14,27,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 19,54,90,000/- രൂപയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 48,02,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 44,95,40,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, പഞ്ചായത്ത് എന്ന XXXV-ാം

നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,01,000/- രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ചർച്ച ആരംഭിക്കുന്നു.

ശ്രീ. ഇ.പി. ജയരാജൻ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയുമെല്ലാം ഞാൻ ശക്തമായി എതിർക്കുകയാണ്. കഴിഞ്ഞ മൂന്നര വർഷക്കാലമായി യു.ഡി.എഫ് ഗവൺമെന്റാണ് കേരളത്തിൽ ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. ഇൻഡ്യൻ സാഹചര്യങ്ങളെക്കുറിച്ചോ കേരളത്തിന്റെ പൊതുനിലയെക്കുറിച്ചോ ഫലപ്രദമായി ആലോചിക്കാതെ തികച്ചും ജനവിരുദ്ധമായിട്ടുള്ള നിലപാടുകളും ജനാധിപത്യവിരുദ്ധമായിട്ടുള്ള നടപടിക്രമങ്ങളുമായി കടന്നുപോവുകയാണ് ഈ ഗവൺമെന്റ്. ദേശീയ രാഷ്ട്രീയം അത്യന്തം ഉത്കണ്ഠാകുലമാണ്. ഇത് ഡിസംബർ മാസമാണ്. ഡിസംബർ 26 ക്രിസ്തുമസ് ദിനമാണ്. ഇൻഡ്യയിലെ മതനിരപേക്ഷതാ

ശക്തികൾ ഇന്നത്തെ ദേശീയ രാഷ്ട്രീയം വീക്ഷിച്ചുകൊണ്ട് ഉത്കണ്ഠപ്പെടുകയാണ്. ക്രിസ്തീയ മതവിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ഏറ്റവും ശ്രേഷ്ഠമായിട്ടുള്ള പുണ്യദിനമാണ് ഡിസംബർ 25-ക്രിസ്തുമസ് ദിനം. അന്ന് വിദ്യാലയങ്ങൾക്കൊക്കെ പ്രവൃത്തിദിനമായി അംഗീകരിച്ചുകൊണ്ട് മതപരമായിട്ടുള്ള സ്പർദ്ധ വളർത്തിയെടുക്കാൻ ഡൽഹിയിൽ അധികാരത്തിൽ വന്നിട്ടുള്ള ബി.ജെ.പി. ഗവൺമെന്റ്, ആർഎസ്.എസ്. നയിക്കുന്ന ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. ഇൻഡ്യയുടെ എല്ലാ സംസ്ഥാനങ്ങളിലും വർഗ്ഗീയ പിരിമുറുക്കം ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ആർ.എസ്.എസ്. ആകട്ടെ മതനിരപേക്ഷതയ്ക്ക് ഭീഷണി ഉയർത്തിയിരിക്കുകയാണ്. ഇൻഡ്യൻ പാർലമെന്റിൽ തന്നെ പരസ്യമായി അക്കാര്യം പ്രകടിപ്പിക്കാൻ ഇന്നത്തെ ഗവൺമെന്റിന് മടിയുണ്ടായില്ല. ഞങ്ങൾ ആർ.എസ്.എസ്. കാരാണ്, ആർ.എസ്.എസ്. നയം നടപ്പിലാക്കലാണ് ഞങ്ങളുടെ ലക്ഷ്യം എന്ന് കേന്ദ്രമന്ത്രി തന്നെ പാർലമെന്റിൽ പരസ്യമായി പറയുകയാണ്. ഒരു ഹിന്ദുരാഷ്ട്രം കെട്ടിപ്പടുക്കലാണ് ഞങ്ങളുടെ ലക്ഷ്യമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ സാഹചര്യങ്ങളിൽ രാജ്യത്ത് ഉയർന്നുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളുമായി കൂട്ടിവായിച്ചാൽ സംഘടിതമായിട്ടുള്ള രാജ്യത്തിന്റെ മതനിരപേക്ഷതയ്ക്ക് ഭീഷണിയുയർത്തുന്ന ഒരു പ്രവർത്തന

പന്ഥാവിലേയ്ക്കാണ് ബി.ജെ.പി. ഗവൺമെന്റ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഇതിനെ സംബന്ധിച്ചൊന്നും അശേഷം ഉത്കണ്ഠയോ ഇത്തരം പ്രശ്നങ്ങളെ സംബന്ധിച്ച് ശരിയായ പ്രതികരണ ശേഷിയോ ഇൻഡ്യയിലെ പ്രതിപക്ഷമായി ഇരിക്കാൻ അർഹതയില്ലെങ്കിൽപോലും വളരെക്കാലം ഭരണം നടത്തിയിട്ടുള്ള ഏറ്റവും വലിയ പാർലമെന്റിലെ പാർട്ടിയായിരുന്ന കോൺഗ്രസിനില്ല. അവർ ഭരിക്കുന്ന സംസ്ഥാനങ്ങളിലും അവർ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നിലപാട് അതാണ്. ഇൻഡ്യയെപ്പോലെ ഒരു മതനിരപേക്ഷതാ രാജ്യത്ത് ഉണ്ടാകുന്ന അത്യന്തം ഗുരുതരമായ പ്രശ്നങ്ങൾ ഗൗരവമായി കണ്ടുകൊണ്ട്, വർഗ്ഗീയതക്കെതിരായി മതനിരപേക്ഷത കാത്തുസൂക്ഷിക്കാൻ ഒരു വിശാലമായിട്ടുള്ള ബഹുജന മുന്നേറ്റത്തിനാണ് ഈ നാട് ആഗ്രഹിക്കുന്നത്. ബി.ജെ.പി.യും കോൺഗ്രസ് (ഐ)-യും ഏതാണ് ഒരേ തൂവൽപക്ഷികളാണ്. വർഗ്ഗീയ പ്രശ്നങ്ങളോട് വിട്ടുവീഴ്ചാ മനോഭാവവും ആർ.എസ്.എസ്.ഉം ബി.ജെ.പി.യുമായി സന്ധി ചെയ്യുന്ന നിലപാടാണ് ഉണ്ടായിട്ടുള്ളത്.

ഇൻഡ്യൻ ജനതയുടെ മതനിരപേക്ഷതയ്ക്ക് പോറലേൽപ്പിച്ച സംഭവമാണ് അയോധ്യയിലെ ബാബറി പള്ളി തകർത്ത സംഭവം. ഇൻഡ്യ ഭരിച്ചിരുന്നത് കോൺഗ്രസിന്റെ പ്രധാനമന്ത്രിയായിരുന്നു. അക്കാര്യങ്ങളെല്ലാം ഇപ്പോൾ

കൂടുതൽക്കൂടുതൽ വെളിവാക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അന്നത്തെ കേന്ദ്ര ഗവൺമെന്റിന്റെ മൗനസമ്മതമില്ലെങ്കിൽ അയോധ്യയിൽ അത് സംഭവിക്കുമായിരുന്നില്ലെന്ന് പിൽക്കാലത്തുള്ള ചരിത്ര രേഖകൾ പരിശോധിക്കുമ്പോൾ ശ്രീ. ബെന്നി ബെഹനാന് മനസ്സിലാകും. ഈ ദേശീയ രാഷ്ട്രീയത്തെ അടിസ്ഥാനമാക്കി രാജ്യത്തിന്റെ പൊതു സ്ഥിതിഗതികളെല്ലാം വിലയിരുത്തുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത്........... ചെറിയ സംസ്ഥാനമാണ് കേരളം. ഈ കേരളത്തിൽ വർഗ്ഗീയതയോട് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനം.......... നമ്മുടെ കേരളത്തിന്റെ മന:സ്സാക്ഷിയെ ഞെട്ടിപ്പിച്ച ഭീകര സംഭവമായിരുന്നു മാറാട് കലാപം. മാറാട് സംഭവത്തിനുശേഷം സംഘപരിവാറിന്റെ തലവനായിട്ടുള്ള ശ്രീ. പ്രവീൺ തൊഗാഡിയ കോഴിക്കോട് വന്ന് പ്രസംഗിച്ചു. വർഗ്ഗീയ വിഷം ചീറ്റുന്ന, നമ്മുടെ സംസ്കാരത്തിനുതന്നെ അപകടം വരുത്തുന്ന ഏറ്റവും വൃത്തികെട്ട പ്രസംഗമാണ് നടത്തിയത്. ശ്രീ. പ്രവീൺ തൊഗാഡിയ നിയമവിരുദ്ധമായി പ്രസംഗിച്ചു. മുസ്ലീം ലീഗിന്റെ നേതാക്കളും പ്രവർത്തകരുമൊക്കെ അത് കണ്ടിട്ടുണ്ടായിരിക്കും. അങ്ങേയറ്റം ന്യൂനപക്ഷ വിരുദ്ധ വർഗ്ഗീയ പ്രസംഗം നടത്തി. ശ്രീ. പ്രവീൺ തൊഗാഡിയ നിയമവിരുദ്ധമായിട്ടാണ് യോഗം സംഘടിപ്പിച്ചത്. പോലീസ് അനുവദിച്ചില്ലെങ്കിലും നിയമവിരുദ്ധമായി

നിയമം കയ്യിലെടുത്തു. പോലീസ് നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് കേസെടുത്തു. നിയമവിരുദ്ധമായി വർഗ്ഗീയ വിഷം ചീറ്റുന്ന പ്രസംഗം നടത്തി രാജ്യത്തിൽ കലാപത്തിന് ആഹ്വാനം കൊടുക്കുന്ന പ്രസംഗം നടത്തിയ ശ്രീ. പ്രവീൺ തൊഗാഡിയക്കെതിരായി പോലീസെടുത്ത കേസ് പിൻവലിക്കുകയാണ് ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് ചെയ്തിരിക്കുന്നത്. ഇപ്പോൾ കാഞ്ഞങ്ങാട് ഇതുപോലുള്ളൊരു കേസ് നിലനിൽക്കുകയാണ്. നിങ്ങൾ അതും പിൻവലിക്കാനുള്ള നീക്കം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. തിരുവനന്തപുരത്ത് എം.ജി. കോളേജ് ആർ.എസ്.എസ്-ന്റെയും സംഘപരിവാറിന്റെയും പ്രവർത്തന കേന്ദ്രമായിരുന്നു. അവിടെ നടന്നിട്ടുള്ള ഭീകരമായിട്ടുള്ള അക്രമ സംഭവങ്ങൾ... അക്രമങ്ങൾ കോളേജിന്റെ വിദ്യാഭ്യാസ അന്തരീക്ഷത്തെ തകർത്തപ്പോൾ അവിടെ പോലീസിന് പ്രവേശിക്കേണ്ടി വന്നു. ആർ.എസ്.എസ്., സംഘപരിവാർ പോലീസിനെ ആക്രമിച്ചു. ബോംബുകളുടെയും ആയുധങ്ങളുടെയും ശേഖരമായിരുന്ന എം.ജി. കോളേജ്. ആർ.എസ്.എസ്.-ന്റെ കൊടിയും തോരണങ്ങളും ആയുധങ്ങളും മുറികളിൽ പ്രദർശിപ്പിച്ചുകൊണ്ട് പ്രത്യേക മുറികൾ തന്നെ അവർ കസ്റ്റഡിയിൽ വച്ച സ്ഥലമായിരുന്നു. അവിടെ പ്രവേശിച്ച പോലീസിനെ അവർ ആക്രമിച്ചു. അവിടെ ക്രമസമാധാനത്തിനുപോയ പോലീസ് സർക്കിൾ ഇൻസ്പെക്ടറെ വെട്ടിപ്പരിക്കേൽപ്പിച്ചു. അദ്ദേഹം ഒരു വർഷമായി വെട്ടേറ്റ്

ചികിത്സയിലാണ്. അവിടെയുണ്ടായ ആ പ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തി 32 പേർക്കെതിരെ പോലീസ് കേസെടുത്തു. ആ കേസ് നിങ്ങൾ പിൻവലിച്ചു. കേസിലുൾപ്പെട്ട ആർ.എസ്.എസ്. സേവകനായ, ആർ.എസ്.എസ്. ശാഖയിലെ പ്രചാരകനായ ശ്രീ. ആദർശിന് പോലീസ് സെലക്ഷൻ കിട്ടിയിരിക്കുകയാണെന്നാണ് അതിന് പറഞ്ഞിട്ടുള്ള ന്യായം. ശ്രീ. രമേശ് ചെന്നിത്തലയുടെ പോലീസിൽ ചേരാൻ ഏറ്റവും അർഹനായ ആ ചെറുപ്പക്കാരൻ ശ്രീ. ആദർശ് ആയിരുന്നു. കേസ് തടസ്സം നിൽക്കുന്നതുകൊണ്ട് അയാളെ പോലീസിൽ എടുക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ആദർശിന്റെ പേരിലുള്ള കേസ് പിൻവലിക്കാൻ തീരുമാനിച്ചു. താൻ തന്നെയാണ് അത്തരമൊരു തീരുമാനത്തിന് അവകാശിയെന്നും താൻതന്നെയാണ് അതുചെയ്തതെന്നുമാണ് ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞിരിക്കുന്നത്. നിങ്ങൾ ശരിയായ സമീപനമാണോ കേരളത്തോടും നമ്മുടെ മതനിരപേക്ഷതയോടും ന്യൂനപക്ഷത്തോടും കാണിച്ചിരിക്കുന്നത്. ഒരാളുടെ പേരിലുള്ള കേസ് പിൻവലിക്കാൻ നിങ്ങൾ 32 ആളുകളുടെ പേരിലുള്ള കേസും പിൻവലിച്ചില്ലേ? എന്തു പോലീസ് ധനാഭ്യർത്ഥനയ്ക്കുവേണ്ടിയുള്ള പ്രമേയവുമായാണ് നിങ്ങൾ വരുന്നത്. ഏത് പോലീസിനെ രക്ഷിക്കാനാണ്, ഏതു പോലീസിനുവേണ്ടിയിട്ടാണ്;

അതുകൊണ്ടാണ് ഞാൻ പറയുന്നത് ഇത് സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്ന ഭരണത്തിനൊരു സാംപിളാണ്. ശരിയായ നിലയിൽ പ്രശ്നങ്ങൾ കണ്ടുകൊണ്ട് പരിഹരിക്കാനും ജനങ്ങളെ സംരക്ഷിക്കാനുമല്ല, അധികാരത്തിനുവേണ്ടി ഏതു വഴികളും സ്വീകരിക്കാൻ അശേഷം മടിയില്ല. വർഗ്ഗീയ ശക്തികളുമായി സന്ധി ചെയ്യുകയും അവരുമായി സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു നിലപാടാണ് ഇവിടെ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മുസ്ലീം ലീഗ് യു.ഡി.എഫ്.-ന് പിന്തുണ കൊടുക്കുന്നൊരു കക്ഷിയാണ്. എന്തിനുവേണ്ടിയിട്ടാണ് ഗവൺമെന്റ് ഇത്തരമൊരു നിലപാട് സ്വീകരിച്ചതെന്ന് നിങ്ങൾ ചിന്തിക്കേണ്ടതാണ്. പ്രതിഷേധിക്കാനുള്ള ത്രാണി മുസ്ലീം ലീഗിന്റെ നേതൃത്വത്തിനും നേതാക്കൾക്കും ആ പാർട്ടിക്കും കഴിയാതെ പോയത് ദു:ഖകരമാണ്. നിങ്ങൾ നിർവ്വഹിക്കേണ്ടുന്നൊരു ദൗത്യം അതായിരുന്നില്ലെന്നാണ് ഞങ്ങൾ കരുതുന്നത്.

കേരളത്തിന്റെ ഭരണരംഗത്ത് അധികാരത്തിലിരുന്ന് മൂന്നര വർഷക്കാലം പിന്നിട്ടു. സമസ്ത മേഖലകളിലും കേരളം തകർച്ചയിലേയ്ക്കാണ്. കേരളാ കോൺഗ്രസ്സ് കൃഷിക്കാരുടെ താൽപ്പര്യം സംരക്ഷിക്കുന്ന ഒരു പാർട്ടി, കേരളത്തിന്റെ പ്രശ്നങ്ങളിൽ കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി നിൽക്കുന്ന ഒരു പാർട്ടി എന്നുള്ള നിലയിൽ നിലപാട് സ്വീകരിച്ചുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. മാണിസാറും,

ശ്രീ. പി.സി. ജോർജ്ജുമൊക്കെ ആവേശത്തോടുകൂടി പ്രസംഗിക്കുന്നുണ്ടല്ലോ, കേരളത്തിന്റെ കാർഷിക മേഖല തകർന്ന്, ഇന്ന് എവിടെയെത്തി? കേരളത്തിന്റെ കാർഷിക മേഖലകളിൽ 12 ലക്ഷം കുടുംബങ്ങളുടെ സംരക്ഷണ കേന്ദ്രമായിട്ടുള്ള റബ്ബർ ഉൽപ്പാദകരംഗത്ത് കൃഷിക്കാരുടെ ആത്മഹത്യയല്ലേ? എന്ത് മാറ്റമാണ്, എന്ത് പദ്ധതിയാണ് നിങ്ങൾ അവിടെ നടപ്പിലാക്കിയത്? രണ്ട് രൂപ സബ്സിഡി കൊടുത്തിട്ട് 243 രൂപ വില കിട്ടിയിരുന്ന റബ്ബറിന് 90 രൂപയിലേയ്ക്ക് വിലയിടിച്ചിട്ട് മോചനം നേടാൻ സാധിക്കും എന്നാണോ നിങ്ങൾ വിചാരിക്കുന്നത്? കാർഷിക മേഖലയിൽ കൃഷിക്കാരുടെ താൽപ്പര്യങ്ങൾക്കു വേണ്ടി നിൽക്കുന്ന നിങ്ങൾ ശരിയായിട്ടുള്ള നിലപാട് സ്വീകരിച്ചു പോകുന്നുണ്ടോ? ഈ സംസ്ഥാനത്തെ പ്രധാന കക്ഷി എന്ന നിലയിൽ തന്നെ നിങ്ങൾക്കിപ്പോൾ വലിയ തരത്തിലുള്ള വിവാദ പ്രശ്നങ്ങൾ ഉയർന്നുവരുന്നു. ഈ വിവാദ പ്രശ്നങ്ങളിലൊക്കെ കേരളാ കോൺഗ്രസ്സ്, അതിന്റെ നേതാക്കൾ, കേരളത്തിന്റ പൊതു താൽപ്പര്യങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. ഇവിടെ ശ്രീ. മാണിസാറിന് എതിരായി ഞങ്ങളല്ല അഴിമതി ആരോപണമുന്നയിച്ചത്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഏതെങ്കിലും ഘടകകക്ഷി പാർട്ടിയല്ല. അഴിമതി ആരോപണം ഉന്നയിക്കപ്പെട്ടു, ആ അഴിമതി ആരോപണം സംബന്ധിച്ച് അന്വേഷിക്കുന്നതിന് വേണ്ടിയിട്ട്,

വിജിലൻസിനുവേണ്ടി പ്രതിപക്ഷ നേതാവ് എഫ്. ഐ. ആർ. ഇട്ട് അന്വേഷണം നടത്തി, അതിന്റെ അടിസ്ഥാനത്തിൽ നിലപാട് സ്വീകരിക്കുവാൻ എഴുതിക്കൊടുത്തു. ഇവിടെ യൂ.ഡി.എഫ്., കോൺഗ്രസ്സ് പാർട്ടി തീരുമാനിച്ചു, ക്വിക്ക് ആക്ഷൻ വേണം, നല്ലത്. അന്വേഷണത്തിന്റെ വഴികളിലൂടെ പോയി. 42 ദിവസം നീണ്ടുനിൽക്കുന്ന അന്വേഷണം. 42 ദിവസം നീണ്ടുപോയപ്പോൾ കോടതി ഇടപെട്ടു. അതു സംബന്ധിച്ച അന്വേഷണത്തിൽ 29 സാക്ഷികളിൽ നിന്ന് മൊഴിയെടുത്തു. 9 പേരിൽനിന്ന് വ്യക്തമാക്കിയിട്ടുള്ള സാക്ഷി മൊഴികളുടെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. ഇട്ടു, കേസ്സ് രജിസ്റ്റർ ചെയ്തു. കോടതി മുൻപാകെ അന്വേഷണം സംബന്ധിച്ച റിപ്പോർട്ട് കൊടുത്ത്, നിലപാട് വ്യക്തമാക്കി, കാര്യങ്ങളെ സംബന്ധിച്ച് പരിശോധിക്കുന്നതിൽ തെറ്റില്ല. പക്ഷേ ഇപ്പോൾ കേരളാ കോൺഗ്രസ്സിന്റെ സുഹൃത്തുക്കൾ പറയുന്നത്, മാണിസാറിനേയും കേരളാ കോൺഗ്രസ്സിനെയും അപകീർത്തിപ്പെടുത്താൻ യു.ഡി.എഫ്. ന്റെ അകത്തുള്ള ചില മന്ത്രിമാരും കോൺഗ്രസ്സ് പാർട്ടിയും കൂടിച്ചേർന്ന് ഒരുക്കിയിട്ടുള്ള ഒരു നടപടിയുടെ ഭാഗമാണ് ഇത് എന്നാണ്. ഒരു കോൺസ്പിറസിയാണിത്. യു.ഡി.എഫ്-ലെ ഒരു പാർട്ടിയായിട്ടുള്ള ശ്രീ. ഗണേഷ് കുമാറിന്റെ പാർട്ടി......... ശ്രീ. കെ.ബി. ഗണേഷ് കുമാർ മന്ത്രിയായിരുന്ന ആളാണ്, ഇപ്പോൾ എം.എൽ.എ ആണ്. അദ്ദേഹവും

പറയുന്നു ഇത് കോൺസ്പിറസിയാണ് എന്നാണ്. ഗൂഢാലോചനകൾ ഇതുപോലെ പലതും നടന്നിട്ടുണ്ട്, പല അഴിമതികളും നടന്നിട്ടുണ്ട് എന്ന് അദ്ദേഹം തന്നെ പറയുന്നു. ഇവിടെ കേരളാ കോൺഗ്രസ്സിനെ ഒതുക്കാൻ കോൺഗ്രസ്സ് ശ്രമിക്കുന്നു, ചില മന്ത്രിമാർ ശ്രമിക്കുന്നു. കോൺഗ്രസ്സിനാണെങ്കിൽ കേരളത്തിൽ ഒറ്റപ്പെട്ടുപോയാൽ 140 അസംബ്ലി മണ്ഡലത്തിൽ ഒരു സീറ്റും കിട്ടില്ല. ജയിച്ച് കടന്നുവരണമെങ്കിൽ കേരളാ കോൺഗ്രസ്സോ, മുസ്ലീം ലീഗോ ഉണ്ടാകണം. അതുകൊണ്ട് ആ രാഷ്ട്രീയ താൽപ്പര്യങ്ങൾക്കുവേണ്ടിയാണ് കോൺഗ്രസ്സ് ഈ കൊടുംചതി ചെയ്യുന്നത് എന്നാണ് കേരളാ കോൺഗ്രസ്സിന്റെ നേതാക്കൾ പറയുന്നത്. ഏതായാലും ഇതിന്റെ സത്യാവസ്ഥ സമൂഹത്തിന്റെ മുൻപിൽ വരണം. 20 കോടി രൂപ ഇവിടത്തെ ബാർ ഉടമകളിൽ നിന്നും വാങ്ങിയിട്ടുണ്ടെന്ന് ബാർ ഉടമകൾ തന്നെ വ്യക്തമാക്കിയിട്ടുണ്ട്, മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഒരു കോടി രൂപ മാണിസാറിന് കൊടുത്തു എന്നാണ് പറയുന്നത്. 19 കോടി രൂപ എങ്ങോട്ട് പോയി? അത് കൊടുത്തിട്ടുണ്ട്, സമഗ്രമായ ഒരു അന്വേഷണം വേണം. ശ്രീ. പി.സി. ജോർജ് തന്നെ 20 കോടി രൂപ വാങ്ങിയിട്ടുണ്ട്, 19 കോടി രൂപ എങ്ങോട്ട് പോയി? എന്നൊരു ചോദ്യം ഉന്നയിച്ചിട്ടുണ്ട്. ഇതിനു മറുപടി പറയാനുള്ള ബാധ്യത തീർച്ചയായിട്ടുമുണ്ട്. ഇവിടെ 20 കോടി രൂപയുടെ ബാർ

അഴിമതിപ്രശ്നത്തിൽ 19 കോടി രൂപ എങ്ങോട്ട് പോയി? 19 കോടി രൂപയിൽ ഞങ്ങളെല്ലാം പാറപോലെ ഉറച്ചുനിൽക്കുന്നു. അധികാരത്തിനുവേണ്ടി താൽക്കാലിക അഡ്ജസ്റ്റ്മെന്റ് ആണ്. ഈ അഡ്ജസ്റ്റ്മെന്റുകളിലൂടെ കേരളത്തിന്റെ മുഖ്യമന്ത്രി പറഞ്ഞു, ഞങ്ങൾ ഒന്നിച്ചു നിൽക്കും, ഞങ്ങളെ ഭിന്നിപ്പിക്കാൻ നോക്കേണ്ട എന്ന്. കോൺഗ്രസ്സിന്റെ സ്ഥിതി എന്താണ്? ഇവിടെ ഞങ്ങൾ ഒന്നിച്ചു നിൽക്കുമെന്ന് പറഞ്ഞു, നല്ലകാര്യം. നിങ്ങൾ ഒന്നിച്ചു നിന്നോ, പക്ഷെ ഞങ്ങളുടെ സംസ്ഥാനത്തിന്റെ പൊതുതാല്പര്യമാണ്. കോൺഗ്രസ്സ് പാർട്ടിയുടെ സ്ഥിതി എന്താണ്? ഇവിടെ മദ്യനയം അട്ടിമറിക്കാൻ വേണ്ടി ശ്രമിക്കുന്നു. മദ്യനയം നിങ്ങളെന്തിനാണ് ഈ വഷളത്തരത്തിലേയ്ക്ക് കൊണ്ടുപോയത്. തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽ മുൻപ് നിങ്ങൾ ടൈറ്റാനിയം അഴിമതി നടത്തിയിട്ടുണ്ട്. അതുപോലെ പണം ഉണ്ടാക്കാൻ വേണ്ടി പുതിയ പ്രശ്നം സൃഷ്ടിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ബാർ ഉടമകളിൽനിന്ന് പണം പിരിച്ചെടുക്കാൻ നടത്തിയിട്ടുള്ള മത്സരം അതിൽ ശ്രീ. വി. എം. സുധീരന്റെ ഇടപെടൽ, അതോടുകൂടി പ്രശ്നം വഷളായി, അത് വഷളായതിന് നിങ്ങളാണ് ഉത്തരവാദി. നിങ്ങൾക്ക് നയമില്ല, നിങ്ങൾക്ക് പരിപാടിയില്ല. നിങ്ങൾക്ക് പണമുണ്ടാക്കാനും, തിരഞ്ഞെടുപ്പിന് പണമുണ്ടാക്കാനും തെറ്റായ നയം, ആ നയമാണ് ഈ സ്ഥിതിവിശേഷത്തിൽ എത്തിച്ചത്.

അഴിമതിയുടെ വലിയ തരത്തിലുള്ള സാഹചര്യമൊരുക്കിയത്. അഴിമതിരഹിതമായ ഒരു ഭരണം നമുക്കുണ്ടാകണം. എനിക്ക് ഈ കാര്യത്തിൽ മാണിസാറിന് നേരെ ഇത്തരമൊരു ആരോപണം ഉന്നിയിക്കപ്പെട്ടതിൽ, അദ്ദേഹത്തിന്റെ വസ്തുതകൾ വെളിവാക്കാൻ മാറിനിന്ന് ഒരന്വേഷണത്തെ നേരിട്ടിരുന്നുവെങ്കിൽ തീർച്ചയായും രാജ്യത്തിനു മുൻപിൽ നല്ല പ്രതികരണമുണ്ടാക്കുമായിരുന്നു. നിങ്ങൾക്ക് വേണ്ടത് അധികാരമാണ്. അതിനുവേണ്ടി പലരേയും അങ്ങോട്ടുമിങ്ങോട്ടും ഭയപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്, അതാണ് ഈ സംസ്ഥാനത്ത് നടക്കുന്നത്. അതുകൊണ്ട് ഇത്തരത്തിൽ തെറ്റായിട്ടുള്ള ഒരു ഭരണ സംവിധാനം പണത്തിനുവേണ്ടി അധികാര ദുർവിനിയോഗം..... ഈ ഭരണത്തിന്റെ സിരാകേന്ദ്രം ഇത്തരത്തിൽ ആയാൽ അഴിമതിയിൽ പെട്ടാൽ പിന്നെ രാജ്യമാകെ അഴിമതിയിൽ ആകും. നിങ്ങൾ ഇപ്പോൾ തൽക്കാലം ഭരണത്തിനുവേണ്ടി ഒരു നിലപാട് സ്വീകരിക്കുന്നുണ്ടാകും. പക്ഷേ നിങ്ങൾ മനസ്സിലാക്കേണ്ടത് ഇത് നമ്മുടെ നാടിന്റെ മുഴുവൻ ഭാവിയേയും അപകടത്തിലാക്കും. രാജ്യത്തു മുഴുവൻ അഴിമതി എന്നുപറഞ്ഞാൽ അത് നമ്മുടെ രാജ്യത്തെ തകർക്കും. നിങ്ങൾക്ക് രാജ്യത്തിനോട് സ്നേഹമുണ്ടോ? അഴിമതിരഹിതമായിട്ടുള്ള ഒരു കേരളം സൃഷ്ടിച്ചെടുക്കാൻ വേണ്ടിയിട്ടുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. ഞാൻ ഒരു കാര്യം കൂടി

പറയാം, അത് പോലീസിന്റെ നിലപാട്ട സംബന്ധിച്ചാണ്. കണ്ണൂർ ജില്ലയിൽ 42 ആളുകൾക്കെതിരെ ഗുണ്ടാ ആക്ട്പ്രകാരം കേസ്സെടുത്തു. എന്താണ് ഗുണ്ടാ ആക്ട്, പ്രകടനം നടത്തിയതിന് പോലീസ് എടുത്ത കേസ്സ്, പിക്കറ്റിംഗ് നടത്തിയതിന് പോലീസ് എടുത്ത കേസ്സ്. 42 പേർക്കെതിരെ ഗുണ്ടാ ആക്ട് അനുസരിച്ച് കേസ്സെടുത്ത്, ഞങ്ങളുടെ പാർട്ടിയുടെ പ്രമുഖരായ രണ്ട് ജില്ലാ നേതാക്കൾക്കെതിരെ കേസ്സെടുത്ത് നാട്ടുകടത്തപ്പെട്ടിരിക്കുകയാണ്. നിങ്ങൾ ചെറുപ്പക്കാരെ നാട്ടുകടത്തുകയാണ്, അധികാരം നിങ്ങൾക്കുണ്ട്. നിയമവിരുദ്ധമായ പ്രവർത്തികളാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഈ 42 പേരും ട്രിബ്യൂണലിനെ സമീപിച്ചു. ട്രിബ്യൂണൽ മുഴുവൻ കാര്യങ്ങളും പരിശോധിച്ച് ഇത് രാഷ്ട്രീയ പ്രേരിതമാണ് എന്ന നിലപാട് സ്വീകരിച്ചു. നിങ്ങൾ പോലീസിനെ നിങ്ങളുടെ രാഷ്ട്രീയ നിലപാടുകൾക്ക് വേണ്ടി തെറ്റായി ഉപയോഗിക്കുന്നു. അതിനുവേണ്ടി പ്രതിപക്ഷത്തുള്ള പാർട്ടികളെ അമർച്ചചെയ്യാൻ നിങ്ങൾ നിയമ വ്യവസ്ഥയെ ദുരുപയോഗപ്പെടുത്തുന്നു. പോലീസിനെ ദുരുപയോഗപ്പെടുത്തി കൊണ്ടിരിക്കുന്നു. ഇത്തരത്തിലുള്ള തെറ്റായ നടപടികളാണ് സ്വീകരിക്കുന്നത്, കാർഷിക രംഗത്ത് വലിയ തകർച്ച. കേരളത്തിന്റെ ആരോഗ്യരംഗം തകർന്നു കിടക്കുന്നു. കേരളത്തിലെ വിലക്കയറ്റം, പൊറുതിമുട്ടുകയാണ് കേരളത്തിലെ

ജനങ്ങൾ. നിയമന നിരോധന ഉത്തരവ് നടപ്പിലാക്കി. വ്യാവസായിക രംഗത്ത് ഒരു പുരോഗതിയുമില്ല. കഴിഞ്ഞ മൂന്നര വർഷമായി വൈദ്യുതി ഉൽപ്പാദനമില്ല. കേരളത്തിന്റെ സമഗ്ര വികസന രംഗത്ത് ഒരു സംഭാവനയും ചെയ്യാൻ സാധിക്കാത്ത ഒരു ഗവൺമെന്റിന് ഇത്തരം ഒരു ധനാഭ്യർത്ഥനയെ അഭിമുഖീകരിക്കാൻ തന്റേടമില്ലാത്തതുകൊണ്ട്, ധനാഭ്യർത്ഥനകളെ നാടിന്റെ നന്മയിൽ താൽപര്യമുള്ളതുകൊണ്ട് ഞങ്ങൾ നിരാകരിക്കുന്നു, തള്ളിക്കളയണം എന്ന് അഭ്യർത്ഥിക്കുന്നു. അപ്പുറമിരിക്കുന്നവരോടും ഞങ്ങൾ അതാണ് അഭ്യർത്ഥിക്കുന്നത്.

ശ്രീ.സണ്ണി ജോസഫ് : സാർ, ഞാനീ ഉപധനാഭ്യർത്ഥനയേയും അധിക ധനാഭ്യർത്ഥനകളേയും അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനക്ഷേമ പ്രവർത്തനങ്ങൾക്കെതിരെയും മറ്റ് വികസന പ്രവർമത്തനങ്ങൾക്കെതിരായും ശ്രീ. ജയരാജന് ഒന്നും തന്നെ സംസാരിക്കാനുണ്ടായിരുന്നില്ല. അതുകൊണ്ടാണ് അദ്ദേഹം കേരള രാഷ്ട്രീയത്തിൽ നിന്നും വളരെ ദൂരം അഖിലേന്ത്യ രാഷ്ട്രീയത്തിലേയ്ക്ക് എത്തി കേന്ദ്ര സർക്കാരിനേയും ആ സർക്കാരിനെ നിയന്ത്രിക്കുന്ന ബി.ജെ.പി.യെയും വിമർശിക്കാൻ തന്നെ കാരണം. ആ വിമർശനത്തെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. പക്ഷേ തെറ്റ് പറ്റിയെന്ന് സി.പി.എം. സമ്മതിക്കണം. കോൺഗ്രസ്സിനെ അന്ധമായി എതിർത്തപ്പോൾ

കോൺഗ്രസ്സിന് പകരം ആരെന്ന ചോദ്യം അന്നേ ഞങ്ങൾ ചോദിച്ചിരുന്നു. മാർക്സിസ്റ്റ് നേതൃത്വത്തിന് അന്ന് ഉത്തരം നൽകാൻ കഴിഞ്ഞില്ല ബി.ജെ.പി. നേതൃത്വത്തെ തടയാൻ, ബി.ജെ.പി. ഉയർത്തുന്ന വർഗ്ഗീയ അജണ്ടയെ തടയാൻ ഇൻഡ്യാ രാജ്യത്ത് കോൺഗ്രസ്സിനോടൊപ്പം നിൽക്കാൻ മതേതര ശക്തികൾക്കെല്ലാം ഉത്തരവാദിത്തമുണ്ട്. ജയരാജൻ ഇനിയെങ്കിലും ആ രീതിയിൽ ചിന്തിക്കുന്നത് നല്ല കാര്യമാണ്. ആർ.എസ്.എസ്.-നെതിരേയും അദ്ദേഹം ഇവിടെ പ്രസംഗിക്കുന്നതു കേട്ടു. ആർ.എസ്.എസ്.-നുവേണ്ടി ഏറ്റവും ശക്തമായി വാദിച്ച ഒ.കെ.വാസുമാസ്റ്ററെ പാർട്ടിക്കകത്ത് ചേർത്തുകൊണ്ട് അദ്ദേഹം പ്രതിയായിട്ടുള്ള കേസ്സുകളെല്ലാം എഴുതിത്തള്ളി. ആ വ്യക്തിയേയും അദ്ദേഹത്തിന്റെ കൂടെയുള്ള ആളുകളെയും പാർട്ടിക്കകത്ത് ചേർത്തത് ഞങ്ങളല്ല ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് തന്നെയാണ്. കേരളത്തിന്റെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അത്തരം ആളുകളെ പാർട്ടിക്കകത്ത് ചേർക്കുന്നത് തെറ്റാണെന്നും അവർ മോഡി ഭക്തരാണ് ആ മോഡി ഭക്തരോട് കണ്ണൂർ ജില്ലയിൽ മാർക്സിസ്റ്റ് പാർട്ടി സ്വീകരിക്കുന്നത് തെറ്റായ നടപടിയാണെന്ന് പറഞ്ഞത് ഞങ്ങളല്ല അദ്ദേഹത്തിന്റെ പാർട്ടി നേതാവ് തന്നെയാണ്. അദ്ദേഹം ഒരുപക്ഷേ പറഞ്ഞേക്കാം പ്രതിപക്ഷ നേതാവ് പാർട്ടിയുടെ നേതാവല്ല പ്രതിപക്ഷത്തിന്റെ മാത്രം നേതാവാണെന്ന്. പ്രതിപക്ഷ

നേതാവിനെയാണ് അവർ ഡീപ്രൊമോട്ട് ചെയ്തതത്. ഈ കാര്യങ്ങൾ അദ്ദേഹം പാർട്ടിക്കകത്ത് പറയുന്നുവെന്നതിന്റെ പേരിൽ പ്രതിപക്ഷ നേതാവിനെ ഡീ പ്രൊമോട്ട് ചെയ്യുകയും, പോളിറ്റ് ബ്യൂറോ മെമ്പർ സ്ഥാനത്തുനിന്ന് അദ്ദേഹത്തെ താഴേയ്ക്ക് മാറ്റിനിർത്തേണ്ട സാഹചര്യവുമുണ്ടായി. പ്രതിപക്ഷ പാർട്ടികളുടെ സ്ഥിതിയെന്താണ്, ഒന്നാമത്തെ കക്ഷിയുടെ നേതാവായ പ്രതിപക്ഷ നേതാവിനെ പോളിറ്റ് ബ്യൂറോയിൽനിന്ന് കേന്ദ്ര കമ്മിറ്റിയിലേയ്ക്ക് തരംതാഴ്ത്തപ്പെട്ടു. രണ്ടാമത്തെ കക്ഷിയായ സി.പി.ഐ. യുടെ നേതാവിന്റെ അവസ്ഥയെന്താണ്? സി.പി.എം.മ്മിന്റെ നേതാവ് സ്വന്തം പാർട്ടിക്കകത്ത് തരം താഴ്ത്തപ്പെട്ടതുപോലെ തന്നെ മൂന്നര വർഷക്കാലത്തെ ഭരണത്തിന്റെ ഫലമായി സി.പി.ഐ.യുടെ പ്രതിപക്ഷ നേതാവും സ്വന്തം പാർട്ടിക്ക് സ്വീകാര്യനല്ലാത്ത സാഹചര്യമുണ്ടായിരിക്കുന്നു. പ്രതിപക്ഷ കക്ഷികൾ തമ്മിലും കക്ഷികൾക്കകത്തും ഐക്യമില്ല. എന്തിനേറെ പറയുന്നു കേരളത്തിലെ, ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ഏറ്റവും ധീരനായ നേതാവ് എന്ന് ലോകം അംഗീകരിക്കുന്ന കേരളം അംഗീകരിക്കുന്ന കേരളത്തിലെ രാഷ്ട്രീയ വിദ്യാർത്ഥികൾ അംഗീകരിക്കുന്ന സഖാവ് കൃഷ്ണപിള്ളയുടെ സ്മാരകത്തിന് അദ്ദഹത്തിന്റെ പ്രതിമയ്ക്ക് പോലും രക്ഷയില്ലാത്ത സാഹചര്യം മാർക്സിറ്റ് പാർട്ടിക്കകത്തുണ്ട്. അനൈക്യവും, ഗ്രൂപ്പിസവും കാരണം

കൃഷ്ണപിള്ളയുടെ പ്രതിമയ്ക്ക് പോലും രക്ഷയില്ലാത്ത സാഹചര്യമുണ്ടായിരിക്കുന്നു. അതിനെക്കുറിച്ച് പോലും മാർക്സിസ്റ്റ് പാർട്ടിക്കകത്ത് രണ്ടഭിപ്രായമാണ്. ആ നടപടികളുടെ പേരിൽ ഉത്തരവാദികളായവർക്കെതിരെ പോലീസ് നടപടി സ്വീകരിച്ചപ്പോഴും കോടതിയിൽ റിപ്പോർട്ട് നൽകിയപ്പോഴും ആലപ്പുഴ ജില്ലാ കമ്മിറ്റിയും സംസ്ഥാന കമ്മിറ്റിയും അതിനെ സ്വാഗതം ചെയ്തു. അവരെ പാർട്ടിയിൽ നിന്നും പുറത്താക്കി എന്നാൽ പ്രതിപക്ഷ നേതാവ് പറഞ്ഞതെന്താണ് അവർക്ക് പിന്നിൽ പ്രവർത്തിച്ച മറ്റ് ശക്തികളുടെ ഗൂഢാലോചന അന്വേഷിക്കണമെന്ന് പറഞ്ഞു നിൽക്കാൻ അദ്ദേഹം ശ്രമിച്ചുവെങ്കിലും അത് ഫലിച്ചില്ല. പ്രതിപക്ഷത്താണ് ഏറ്റവും ശക്തമായിട്ടുള്ള അനൈക്യം നിലനിൽക്കുന്നത്. സി.പി.ഐ. എന്ന പാർട്ടി കേരള രാഷ്ട്രീയ ചരിത്രത്തിൽ പേമെന്റ് സീറ്റിന് വേണ്ടി ബഹുമാനപ്പെട്ട ലോകായുക്തയിൽ നടപടിക്ക് വിധേയമായ ഒരു പാർട്ടി സി.പി.ഐ. ആണ്. അതുപോലെ തന്നെ സി.പി.ഐ.യുടെ കക്ഷി നേതാവിനെതിരെ പാർട്ടി തലത്തിൽ തന്നെ അച്ചടക്ക നടപടി സ്വീകരിച്ച് അദ്ദേഹത്തെയും ഡീപ്രൊമോട്ട് ചെയ്ത് താഴെയിറക്കി നിർത്തിയിരിക്കുകയാണ്. അതുകൊണ്ട് അവരുടെ നേതൃത്വത്തിൽ അവരുടെ പാർട്ടികൾക്കുപോലും വിശ്വാസമില്ലാത്ത സാഹചര്യം വന്നിരിക്കുന്നു. എന്നാൽ ഭരണമുന്നണിയെ

സംബന്ധിച്ച് ജനാതിപത്യ മുന്നണി ബഹുമാനപ്പെട്ട ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ ജനക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികൾക്ക് ഐക്യരാഷ്ട്രതലത്തിൽ തന്നെ ലഭിച്ച അംഗീകാരം പ്രതിപക്ഷത്തിന് ഉൾക്കൊള്ളുവാൻ കഴിഞ്ഞിട്ടില്ല. അതുപോലെ തന്നെ ഓപ്പറേഷൻ കുബേര, നമ്മുടെ സംസ്ഥാനത്ത് സാമ്പത്തികമായി പ്രയാസങ്ങൾ അനുഭവിക്കുന്ന ആളുകളെ ചൂഷണം ചെയ്യുന്ന ധനികവർഗ്ഗത്തിന്റെ തെറ്റായ നടപടകിൾക്കെതിരെ അതിശക്താമയിട്ടുള്ള നടപടികൾ സ്വീകരിച്ച് ഗവൺമെന്റ് മുന്നോട്ടുപോയി. അതുപോലെ തന്നെ കാരുണ്യ ബെനവലന്റ് ഫണ്ട്, സാധാരണക്കാരനെ സഹായിക്കുന്നതിനുവേണ്ടി ഏറ്റവും വലിയൊരു പദ്ധതി കേരള സർക്കാർ നടപ്പിലാക്കിയതിൽ രാഷ്ട്രീയയമില്ല. കക്ഷിഭേദമന്യേ അർഹതപ്പെട്ട വർക്കെല്ലാം ഒരസുഖം വന്നാൽ തിരിഞ്ഞ് നോക്കാൻ ആളുണ്ട് ഗവൺമെന്റ് ഉണ്ട് ആശ്രയിക്കാൻ സംവിധാനമുണ്ടെന്ന് കേരളത്തിലെ ജനങ്ങൾക്ക് ബോധ്യം വരത്തക്ക രീതിയിലാണ് കോടിക്കണക്കിന് രൂപ സമാഹരിച്ചുകൊണ്ടും ചെലവഴിച്ചുകൊണ്ടും കാരുണ്യ ബെനവലന്റ് ഫണ്ട് ഏറ്റവും ഫലപ്രദമായ രീതിയിൽ കേരളത്തിൽ നടപ്പിലാക്കി മുന്നേറിക്കൊണ്ടിരിക്കുന്നത്. അതുപോലെ തന്നെ ടോട്ടലേറിയം പ്ലാന്റേഷൻ എല്ലാപേരും അംഗീകരിച്ച ഒരു പദ്ധതിയാണ്. കാരുണ്യത്തിന്റെ മറ്റൊരു പതിപ്പാണ്

ആ പദ്ധതി അതും ഫലപ്രദമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. അതുപോലെ കേരളത്തിന്റെ വികസന കാര്യത്തിൽ ഇത്രയേറെ ശ്രദ്ധിച്ച ഒരു കാലഘട്ടമുണ്ടായിട്ടില്ല. വികസന പ്രവർത്തനങ്ങൾ രണ്ട് തരത്തിലുണ്ട്. ഒന്ന് വലിയ വൻകിട പദ്ധതികൾ, ആ വൻകിട പദ്ധതികൾക്ക് അതിന്റേതായ പരിഗണന നൽകുന്നതോടൊപ്പം തന്നെ ചെറുകിട ഗ്രാമങ്ങളുടെ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടും റോഡുകൾ ഇത്രയേറെ നവീകരിച്ച ഒരു കാലഘട്ടമുണ്ടായിട്ടില്ല. ഗവൺമെന്റിന് സാമ്പത്തിക പ്രയാസമുണ്ടെന്ന് ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും സമ്മതിച്ച കാര്യമാണ്. പക്ഷേ ആ സാമ്പത്തിക ബുദ്ധിമുട്ടിന്റെ കാരാണമെന്താണ്? കേരളത്തിലെ റോഡുകളുടെ ഇന്നത്തെ സ്ഥിതി എല്ലാപേരും അംഗീകരിക്കുന്ന ഒരു കാര്യമാണ്. നാഷണൽ ഹൈവേയാകട്ടെ സ്റ്റേറ്റ് ഹൈവേയാകട്ടെ ഗ്രാമീണ റോഡുകളാകട്ടെ ഇത്രയേറെ വികസിച്ച, ഇപ്പോൾ മഴയൊക്കെ പെയ്ത് ചില റിപ്പയർ പണികളൊക്കെ ആവശ്യമായി വന്നിട്ടുണ്ട് അതും ചെയ്യുന്നുണ്ട്. പക്ഷേ ഇത്രയേറെ നന്നായിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നില്ല. ഇടതുപക്ഷമുന്നണി അധികാരമൊഴിയുമ്പോൾ സംസ്ഥാനത്തെ റോഡുകളുടെ അവസ്ഥയെന്തായിരുന്നു? അതിൽ നിന്നൊക്കെ മാറ്റമുണ്ടാക്കാൻ ബഡ്ജറ്റ് വിഹിതത്തേക്കാൾ അതികരിച്ച സംഖ്യ ആ മേഖലയ്ക്ക് ആവശ്യമായി വരികയും ആ

സംഖ്യ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തു. കേരളത്തിലെ ധനകാര്യ വകുപ്പും അതുപോലെ തന്നെ മരാമത്ത് വകുപ്പും ആ മേഖലയിൽ കൈവരിച്ചിട്ടുള്ള നേട്ടം ജനങ്ങൾ അംഗീകരിക്കുന്നതാണ്. സർക്കാരിനെതിരെ പ്രതിപക്ഷം സഭയ്ക്കകത്തും പുറത്തും പുറത്തും നിരവധിയായ പോരാട്ടങ്ങൾ നടത്തി, ആ സമരങ്ങളൊക്കെ ദയനീയമായി പരാജയപ്പെട്ടു. എല്ലാ തിരഞ്ഞെടുപ്പുകളിലും യു.ഡി.എഫ്. ജയിച്ചു വന്നു. പാർലമെന്റ് ഇലക്ഷൻ സർക്കാരിനെ സംബന്ധിച്ച് ഏറ്റവും നല്ല ഉരകല്ലായിരുന്നു. ആ പാർലമെന്റ് ഇലക്ഷനിലും വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി യു.ഡി.എഫ്. വീണ്ടും അധികാരത്തിൽ വന്നു. നേതൃത്വത്തെ അക്രമിക്കുകയായിരുന്നു ഇവരുടെ സമീപനം. സർക്കാരിന്റെ നയങ്ങളെയോ സമീപനങ്ങളെയോ എതിർക്കാൻ പ്രതിപക്ഷത്തിന് കയ്യിൽ യാതൊരു ആയുധങ്ങളും അവരുടെ കയ്യിലില്ല. അതുകൊണ്ടാണ് മുഖ്യമന്ത്രിക്കെതിരെ പോലും കല്ലെറിഞ്ഞ ഒരു ചരിത്രം സൃഷ്ടിച്ചുകൊണ്ട് അക്രമസമരങ്ങൾക്ക് നേതൃത്വം നൽകിയത്. ആദ്യം കേരളത്തിലെ മുഖ്യമന്ത്രിയെ ആരോപണങ്ങളുടെ ശരശയ്യയിൽ കിടത്തി ക്രൂശിക്കാനാണ് മാർക്സിറ്റ് പാർട്ടി ശ്രമിച്ചതെങ്കിൽ അതിനുവേണ്ടി നിയമിക്കപ്പെട്ട കമ്മിഷൻ എന്താ പറഞ്ഞത്? ജുഡീഷ്യൽ കമ്മിഷനെ നിയമിക്കണമെന്ന് പറഞ്ഞു, ജുഡീഷ്യൽ കമ്മിഷനെ നിയമിച്ചു, ആ കമ്മിഷന്റെ

മുമ്പിൽ ഹാജരായി തെളിവ് നൽകുന്നതിനുവേണ്ടി എല്ലാ എം.എൽ.എ. മാർക്കും കത്ത് നൽകി പക്ഷേ പ്രതിപക്ഷത്തുനിന്നും അവർക്കാർക്കും ഒരു തെളിവും നൽകാനായില്ല. ആ ഘട്ടത്തിലാണ് മുഖ്യമന്ത്രിക്കെതിരെ വഴിതടയൽ സമരം പോലുള്ള സമര മുറകളേർപ്പെടുത്തി കണ്ണൂരിൽ ചച്ച് അദ്ദേഹത്തിനു നേരെ കല്ലേറിയൽ ഉണ്ടായത്. എന്നിട്ടും മുഖ്യമന്ത്രി ഈ വിഷയങ്ങളെല്ലാം തികഞ്ഞ സമചിത്തതയോടെ തന്നെ സമീപിച്ച് മുന്നോട്ട് പോകുകയാണ് ചെയ്തത്. ഇപ്പോൾ മാണി സാറിനെതിരെയുണ്ടായതെന്താണ്? ആദ്യം എന്താണ് അവർ പറഞ്ഞത് മാണി സാർ കേരളത്തിന്റെ പൊതുസ്വത്താണ്, ഏറ്റവും പ്രഗൽഭനായ ഭരണാധികാരിയാണ് എന്നൊക്കെ പറഞ്ഞ് മാണി സാറിന്റെ മഹിമകൾ വാനോളം പുകഴ്ത്തിയ വ്യക്തികൾ തന്നെയാണ് കിട്ടാത്ത മുന്തിരി പുളിക്കുമെന്ന് കണ്ടപ്പോൾ, ഇപ്പോൾ പറയുന്ന പ്രതിപക്ഷ നേതാക്കന്മാർ അവരുടെ ഈ തെറ്റ് തിരുത്തുവാൻ അവർ ബാധ്യസ്ഥരാകും ചരിത്രം അവരെക്കൊണ്ട് തിരുത്തിക്കുമീ നിലകളിൽ പറ്റിയ തെറ്റുകൾ തിരുത്തിയ പാർട്ടികൾ തന്നെയാണ്. അതിനകത്തും സി.പി.ഐ.യും സി.പി.എമ്മും തമ്മിലാണ് മത്സരം. സി.പി.ഐ. പറയുന്നു മാണിയും വേണ്ട കോണിയും വേണ്ടായെന്നാണ്. സി.പി.എമ്മിന് രണ്ടും കിട്ടിയാൽ കൊള്ളാമെന്ന് ആഗ്രഹിച്ചവരാണ്. അത് രണ്ടും കിട്ടില്ലായെന്ന് വന്നപ്പോൾ സ്വീകരിക്കുന്ന

നിലപാട് തന്നെയാണ്. ഈ ഗവൺമെന്റ് നിയമാനുസൃതം തന്നെ പ്രവർത്തിക്കുമെന്ന് ആഭ്യന്തര മന്ത്രിയും മുഖ്യമന്ത്രിയും ഇന്ന് സഭയിൽ പറഞ്ഞ നിലപാടുകൾ അതുതന്നെയാണ്. തെറ്റ് ചെയ്ത ആളുകൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നു എന്നാൽ നിരപരാധികളെ ക്രൂശിക്കാൻ തയ്യാറാകില്ല. നിയമം നിയമത്തിന്റെ വഴിക്ക് പോകും. എന്ന് പറഞ്ഞപ്പോൾ അപ്പുറത്തു നിന്ന് ചിലർ ചിന്തിക്കുന്നുണ്ടാവും അവിടെയും എഫ്.ഐ.ആറിൽ പേര് രജിസ്റ്റർ ചെയ്യപ്പെട്ട പ്രതികളായ നേതാക്കന്മാർ അപ്പുറത്തുമുണ്ടാകുമല്ലോ? എഫ്.ഐ.ആർ.-ൽ വന്നതുകൊണ്ട് അവരാരും രാജിവെയ്ക്കുകയല്ല ചെയ്തത്. വിജിലൻസ് കേസുകളിൽ പ്രതികളായ നേതാക്കന്മാരുണ്ടായിരുന്നു. എഫ്.ഐ.ആർ.-ൽ മാത്രമല്ല ഇൻവെസ്റ്റിഗേഷൻ നടത്തി ചാർജ്ജ് ഷീറ്റ് ചെയ്യപ്പെട്ട മാർക്സിറ്റ് പാർട്ടി സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയൻ അതും ചെറിയ കേസ്സല്ല, തെളിവില്ലാത്ത കേസ്സുമല്ല സി.എ.ജി. റിപ്പോർട്ടിനെ തുടർന്ന് സി.ബി.ഐ. അന്വേഷിച്ച, പ്രതിപക്ഷ നേതാവുപോലും നിലപാട് സ്വീകരിച്ച ലാവലിൻ കേസിൽ അദ്ദേഹത്തിനെതിരെ ചാർജ് ഷീറ്റ് നൽകപ്പെട്ടിട്ടും ..

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ശ്രീ. സണ്ണി ജോസഫ് ഇവിടെ ഒരു കാര്യം പറഞ്ഞു, മാണി സാറിന്റെ ഇമേജ് ഇല്ലാതാക്കാൻ ഞങ്ങളാണ് ശ്രമിച്ചതെന്ന് മാണി

സാറിന്റെ ഇമേജ് ഇല്ലാതാക്കാൻ വേണ്ടിയിട്ട് എ കോൺഗ്രസ്സാണ് ഇതിന്റെ പിന്നിലുള്ളതെന്ന് നിങ്ങളുടെ ചീഫ് വിപ്പ് ഏഴ് പ്രാവശ്യമാണ് പറഞ്ഞത്. അതിനെ സംബന്ധിച്ചുള്ള അഭിപ്രായമെന്താണ് ശരിയാണോ അത്.?

ശ്രീ. സണ്ണി ജോസഫ് : സർ, ഒരു സ്ഥലത്തും അങ്ങനെ പറഞ്ഞിട്ടില്ല. ആ കാര്യങ്ങൾ കേരള കോൺഗ്രസ്സിനെ സംബന്ധിച്ചുള്ള നിലപാടുകൾ പാർട്ടി ചെയർമാനും വർക്കിംഗ് ചെയർമാനായ ശ്രീ. പി.ജെ. ജോസഫും അതുപോലെ ശ്രീ. സി.എഫ്. തോമസ്സ് സാറുമൊക്കെ ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. ശ്രീ. എ. കെ. ബാലൻ അതിൽ കൺഫ്യൂഷൻ ഉണ്ടാക്കാൻ ശ്രമിച്ചിട്ട് വിജയിക്കാത്ത ആളാണ്. ഞാൻ ചോദിച്ച ചോദ്യത്തിന് ശ്രീ. ബാലൻ വളരെ തന്ത്രപരമായി ഒഴിഞ്ഞ് മാറുകയാണ്. പിണറായി വിജയന് എതിരെ കേസ് വന്നില്ലേ? പാർട്ടി സെക്രട്ടറി സ്ഥാനത്ത് നിന്നും മാറ്റിനിർത്തണമെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞിട്ട് ആ സ്ഥാനത്ത് നിന്നും മാറ്റിനിർത്തിയോ? മാർക്സിസ്റ്റ് പാർട്ടിയെ സംബന്ധിച്ച് പാർട്ടി സെക്രട്ടറി സ്ഥാനമാണ് ഏറ്റവും വലുത്. മന്ത്രി സ്ഥാനത്തെക്കാളും പാർലമെന്ററി സ്ഥാനത്തെക്കാളും ഏറ്റവും വലുത് എന്ന് മാർക്സിസ്റ്റ് പാർട്ടി വിശ്വസിക്കുന്ന പാർട്ടി സെക്രട്ടറി സ്ഥാനത്ത് ആരോപണ വിധേയനായ, ചാർജ്ഷീറ്റ് ചെയ്യപ്പെട്ട ഒരു വ്യക്തിക്ക് തുടരാൻ അവർ അനുമതി നൽകി. ആ പാർട്ടി സെക്രട്ടറിയെ

ന്യായീകരിക്കുന്നതിനും വാദിക്കുന്നതിനും വേണ്ടി ഡൽഹിയിൽനിന്നും വക്കീലന്മാരെ വിളിച്ച് വരുത്തി. സി.ബി.ഐ. എൻക്വയറിക്കെതിരെ നിലപാട് സ്വീകരിച്ചും കാബിനറ്റിനെതിരെ നിലപാട് സ്വീകരിച്ചും അനുമതി കൊടുക്കാതിരുന്നു. അനുമതി കൊടുക്കാതിരുന്നതിനെതിരെ പാർട്ടിക്കകത്ത് പ്രതിപക്ഷ നേതാവ് തന്നെ നിലപാട് സ്വീകരിക്കേണ്ടതായിവന്നു. അതുകൊണ്ട് മാർക്സിസ്റ്റ് പാർട്ടി അഴിമതിക്കാരുടെ പാർട്ടിയാണ് തെറ്റുകാരെ ന്യായീകരിക്കുന്ന പാർട്ടിയാണ്. കോൺഗ്രസ്സിനെ സംബന്ധിച്ച് നമുക്കറിയാം ഉദ്യോഗസ്ഥരുടെ തെറ്റിനെപ്പറ്റി പറഞ്ഞു ആ ഉദ്യോഗസ്ഥരുടെ തെറ്റുകൾ ഇവിടെ ചൂണ്ടിക്കാണിച്ച സന്ദർഭത്തിൽ തന്നെ നടപടി സ്വീകരിച്ചുകൊണ്ട് തന്നെയാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്.

സർ, പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻമാർക്കെതിരെ കുറ്റങ്ങളും തെറ്റുകളും ആരോപണങ്ങളും വന്നപ്പോൾ അവർക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുകൊണ്ടുതന്നെയാണ് യു.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടുപോയത്. ഈ സർക്കാരിനെതിരെ നിയമസഭയ്ക്കകത്തും പുറത്തും നടത്തിയ സമരങ്ങൾ, തെരഞ്ഞെടുപ്പ് വേദിയിൽ നടത്തിയ വെല്ലുവിളികൾ എന്നിവയെല്ലാം പരാജയപ്പെട്ടിരിക്കുന്നു. ഈ ഉപധനാഭ്യർത്ഥകൾ ഏറ്റവും അത്യാവശ്യമായിട്ടുള്ള

കാര്യങ്ങൾക്കുവേണ്ടിയാണ്. അതിനെ എന്തിനാണ് എതിർക്കുന്നത്? നെല്ലുസംഭരണത്തിനും അട്ടപ്പാടി ട്രൈബൽ കോളനിയിൽ 100 പ്ലസ് സ്കീമിനുവേണ്ടിയും കണ്ണൂരിനെയും മൂന്നാറിനെയും ടൂറിസം ഡെസ്റ്റിനേഷനാക്കുന്നതിനുവേണ്ടിയും തൃശ്ശൂരിലെ പ്രസ് ക്ലബ്ബിന്റെ നവീകരണത്തിനുവേണ്ടിയും കേപ്പിന്റെ ആഭിമുഖ്യത്തിൽ പെരുമണ്ണിൽ എഞ്ചിനീയറിംഗ് കോളേജിനുവേണ്ടിയും നാഷണൽ ആയുഷ് മിഷന്റെ പ്രോഗ്രാം നടപ്പിലാക്കുന്നതിനും അതിലെ പട്ടികജാതി പട്ടികവർഗ്ഗ വിഹിതത്തിനും അധികസംഖ്യ ആവശ്യമുണ്ട്. വടകരയിൽ ജില്ലാ ആശുപത്രിക്ക് 12 പുതിയ പോസ്റ്റുകൾ അനുവദിച്ചു. അതിന് ഫണ്ട് ആവശ്യമുണ്ട്. അതുപോലെത്തന്നെ കോട്ടയം മെഡിക്കൽ കോളേജിൽ ക്യാൻസർ ചികിത്സയ്ക്കുവേണ്ടി ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിനും അധികതുക ആവശ്യമുണ്ട്. എന്തിനുവേണ്ടിയാണ് ഈ അധിക ധനാഭ്യർത്ഥനയും ഉപധനാഭ്യർത്ഥനയുമെന്ന് അതിന്റെ ഡീറ്റെയിൽസ് വായിച്ചുനോക്കിയാൽ വ്യക്തമായി മനസ്സിലാകും. ഈ ഡീറ്റെയിൽസിലേയ്ക്ക് കടക്കാതെ, ഇതിനെ എതിർക്കാൻ യാതൊരു ന്യായങ്ങളുമില്ലാതെ വെറുതെ രാഷ്ട്രീയം പറഞ്ഞുനിൽക്കാൻ ശ്രമിക്കുന്നു. ആ രാഷ്ട്രീയ ന്യായങ്ങളിലാണെങ്കിൽപ്പോലും കേരള രാഷ്ട്രീയത്തിലേയ്ക്ക് കടക്കാൻ അവർക്ക്

കഴിയില്ല. കേന്ദ്രത്തിൽ ബി.ജെ.പി.-ക്കെതിരെ അവർ പറഞ്ഞതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ബി.ജെ.പി.-യെ എതിർക്കാൻ കോൺഗ്രസ്സിനാണ് സാധിക്കുന്നത്. അതിൽ കോൺഗ്രസ്സിനോട് യോജിക്കാൻ ദേശീയതലത്തിൽ തെറ്റുകൾ തിരുത്തി മാർക്സിസ്റ്റ് പാർട്ടി ഇനിയെങ്കിലും നയം സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സമയത്തിലൊതുങ്ങി ഈ അധിക ധനാഭ്യർത്ഥനയെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഇന്ത്യൻ ജനാധിപത്യ സംവിധാനത്തെ ഭീഷണിപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ച ഒരു പാർട്ടിയുടെ വക്താവാണ് അദ്ദേഹം. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായിരുന്നപ്പോൾ അദ്ദേഹം സ്വീകരിച്ച ഇന്ത്യൻ മതേതരത്വം നിലനിർത്താൻ ബാബറി മസ്ജിദിന്റെ താഴുകൾ തുറക്കാൻ അദ്ദേഹത്തിന്റെ സഹപ്രവർത്തകർ പരിശ്രമിച്ചപ്പോൾ അതിനെ പരിപൂർണ്ണമായി എതിർത്ത് ഒരുകാരണവശാലും അതിന് അനുവദിക്കാത്ത നിലപാട് സ്വീകരിച്ച അദ്ദേഹത്തിന്റെ സമീപനത്തിന് വിരുദ്ധമായി, ശ്രീമതി ഗാന്ധിയുടെ മകനായിരുന്ന രാജീവ് ഗാന്ധി കോൺഗ്രസ്സിന്റെ സെക്രട്ടറിയായിരുന്ന ഘട്ടത്തിൽ അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരമാണ് ലക്നൗവിലെ കോടതിയിൽ കേസ് കൊടുത്ത ഒരാളിനെ ഉത്തർപ്രദേശിലെ കോൺഗ്രസ് ഗവൺമെന്റിനോട് ഈ ബാബറി മസ്ജിദിന്റെ താഴ്

തുറന്നാൽ കുഴപ്പമുണ്ടാകുമോയെന്ന് ചോദിച്ചപ്പോൾ ഒരു കുഴപ്പവുമുണ്ടാകുകയില്ലെന്ന് പറഞ്ഞതിന്റെ ഫലമായുണ്ടായ സാഹചര്യങ്ങളാണ് ബാബറി മസ്ജിദ് തകർക്കുന്നതുവരെയെത്തിയത്. വേറെ ആരെയും നിങ്ങൾ ആക്ഷേപിച്ചിട്ട് ഫലമില്ല. അദ്ദേഹം പറഞ്ഞു, മാർക്സിസ്റ്റ് പാർട്ടിയൊക്കെ ആർ.എസ്.എസ്.-മായി സഹകരിച്ചിട്ടുണ്ടായിരുന്നു. അടിയന്തരാവസ്ഥ വന്നു, ഇന്ത്യൻ ജനാധിപത്യം ഒരുകാരണവശാലും രക്ഷപ്പെടില്ല. ആ ഘട്ടത്തിൽ ഈ രാജ്യത്ത് അതുവരെ ഭിന്നിച്ചുനിന്ന സോഷ്യലിസ്റ്റ് പാർട്ടി, സംഘടനാ കോൺഗ്രസ്, വിവിധ കക്ഷികൾ എന്നിവർ ചേർന്നുകൊണ്ട് ഒരു പുതിയ രാഷ്ട്രീയ പ്രസ്ഥാനമുണ്ടാക്കി. അതിന് മാർക്സിസ്റ്റ് പാർട്ടി പിന്തുണ നൽകിയില്ലെങ്കിൽ ഇന്ത്യൻ ജനാധിപത്യമുണ്ടാകുമായിരുന്നില്ല. വാട്ടർ അതോറിറ്റിയെ സംബന്ധിച്ചാണെങ്കിൽ പൈപ്പ് പൊട്ടിയാൽ റിപ്പയർ ചെയ്യാൻ ആളില്ലായെന്ന് ഇന്നലെ വടകരയിൽനിന്ന് വിളിച്ചുപറഞ്ഞു. കോൺട്രാക്ടർമാർക്ക് പൈസ കൊടുക്കാനുണ്ട്. പി.ഡബ്ല്യു.ഡി. റോഡുകൾ നന്നാക്കാനും കുഴിയടയ്ക്കാനും ബുദ്ധിമുട്ടാണ്. പത്തിരുപതിനായിരത്തോളം കോടിരൂപ ന്യായമായും പിരിച്ചെടുക്കേണ്ടത് സർക്കാരിന് പിരിച്ചെടുക്കാൻ കഴിയുന്നില്ല. അതുപോലെത്തന്നെയാണ് സംസ്ഥാനത്തുള്ള കള്ളപ്പണം. ആ കള്ളപ്പണത്തിൽ സംസ്ഥാനത്തിന്റെ വരുമാനത്തിനുവേണ്ടി ഉപയോഗിക്കാൻ

സാധിക്കുന്നത് പിടിച്ചെടുക്കാൻ സാധിക്കുന്നില്ല. വിദേശീകളായ മലയാളികൾ ഇവിടുത്തെ ബാങ്കുകളിലടയ്ക്കുന്ന പണം കേരളത്തിന്റെ വികസനത്തിനുവേണ്ടി ആ ഫണ്ടുകൾ ഉപയോഗിക്കാൻ പറ്റുന്ന രൂപത്തിലുള്ള ഗുണകരമായ എന്തെങ്കിലും നടപടികൾ ഇവിടുത്തെ ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുമോ? ബഹുമാനപ്പെട്ട മാണി സാറിനെ സംബന്ധിച്ച് അഭിമാനകരമായി സംസാരിച്ച പ്രതിപക്ഷം അദ്ദേഹത്തെ ഒരു കുരുക്കിലാക്കി. ഞങ്ങളല്ല കുരുക്കിലാക്കിയത്. അദ്ദേഹത്തെ വിഷമാവസ്ഥയിലെത്തിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണിയാണോ? അദ്ദേഹത്തിന്റെ പേരിൽ ആരോപണമുന്നയിച്ചവർ ഞങ്ങളല്ല. അദ്ദേഹത്തിന്റെ പേരിൽ വിജിലൻസിൽ കേസ്സുകൾ ചാർജ്ജ് ചെയ്തത് ഇടതുപക്ഷ ജനാധിപത്യമുന്നണി ചാർജ്ജ് ഷീറ്റിന്റെ അടിസ്ഥാനത്തിലല്ല. അദ്ദേഹം നാളെ അന്വേഷണത്തിന് വിധേയനാകാൻ നിർബന്ധിതനാക്കപ്പെട്ടത് ഞങ്ങൾ കാരണമല്ല. അത് ശരിയോ തെറ്റോ ആണെന്നുള്ളത് വേറെ. നിങ്ങൾ അദ്ദേഹത്തെ വിജിലൻസ് അന്വേഷണത്തിന് വിധേയനാക്കി. ഞങ്ങൾ പരിപൂർണ്ണമായി പിന്തുണ നൽകുമെന്ന് അദ്ദേഹത്തിന്റെ പേരിൽ കേസ്സെടുത്ത കക്ഷിയുടെ ആളുകളും അദ്ദേഹത്തിന്റെ കക്ഷിയിലെ ആളുകളും ചേർന്നുപറയുന്നു. അത് പരിഹാസമല്ലേ? അങ്ങനെയാണോ ജനാധിപത്യം, അങ്ങനെയാണോ നിയമവാഴ്ച. ഒരാളുടെ പേരിൽ

കുറ്റം ചുമത്തുക, അതിനെ സംബന്ധിച്ച് അന്വേഷണം നടത്തുക, നാളെ അദ്ദേഹത്തെ വിളിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ അന്വേഷിക്കുമെന്ന് പറയുന്നു. ആ അന്വേഷണത്തിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻമാർ, സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി എല്ലാവരുമിരുന്ന് ഒരു കുറ്റവുമില്ലായെന്ന് പറയുന്നത് എന്ത് ജനാധിപത്യമാണ് ? ടി. ടി. കൃഷ്ണമാചാരി നെഹ്രുവിന്റെ സുഹൃത്ത്, ഒരു ചെറിയ സംശയത്തെത്തുടർന്ന് അധികാരത്തിൽനിന്ന് മാറ്റി. പ്രതാപ് സിംങ് കയ്‌രാൻ നെഹ്രുവിന്റെ സുഹൃത്ത്, ഒരു ചെറിയ സംശയംവന്നു. അദ്ദേഹത്തോട് രാജിവയ്ക്കണമെന്ന് നെഹ്രു പറഞ്ഞു. അങ്ങനെ എത്ര ഉദാഹരണങ്ങളാണുള്ളത്. കോൺഗ്രസ്സൊക്കെ വലിയൊരു പ്രസ്ഥാനമായി മാറിയതിന് പിന്നിൽ അത്തരത്തിലൊരു ചരിത്രമുണ്ട്. കാമരാജ് നാടാരാണ് തമിഴ്നാടിനെ ഇന്നത്തെ നിലയിലേയ്ക്ക് എത്തിച്ചത്. ഒറ്റയ്ക്ക് താമസിക്കുന്ന അമ്മയ്ക്ക് കുടിവെള്ളം കൊടുക്കാൻ വീട്ടിലൊരു പൈപ്പ് ലൈനിട്ടപ്പോൾ ചോദിച്ചത് അടുത്തുള്ള വീടുകളിൽ കൊടുത്തോയെന്നാണ്. ആ പാരമ്പര്യമാണ് ഒരുകാലത്ത് കോൺഗ്രസിനുണ്ടായിരുന്നത്. ആ നിങ്ങൾ ഇവിടെ നാടകം കളിക്കുന്നു. ഭരണം നിലനിർത്താൻ ഒരു നാടകത്തിന്റെ ആവശ്യമുണ്ടോ? നമ്മുടെ നാടിന്റെ സമ്പദ്ഘടന പ്രധാനമായതാണ്. ഡൽഹിയുലുള്ളവർക്ക് മാർഗ്ഗമുണ്ടാക്കണം. ഞാൻ ആദ്യം

ബാബറി മസ്ജിദിന്റെ കാര്യം പറഞ്ഞു. അവിടെ ബി.ജെ.പി.-യിലെ കുറേ എം.പി.-മാർ ചേർന്നുകൊണ്ട് ഞങ്ങൾ ബാബറി മസ്ജിദിന്റെ സ്ഥലത്ത് രാമക്ഷേത്രമുണ്ടാക്കും, ഞങ്ങൾ മതപരിവർത്തനം നടത്തിയവരെ തിരിച്ച് കൊണ്ടുവരുമെന്നൊക്കെ പറയുന്നു. അവർക്ക് പറയാൻ അവസരമുണ്ടാക്കികൊടുത്തത് ആരാണ്? ആ സാഹചര്യം പണ്ട് നെഹ്രുവിന്റെ കാലത്തുണ്ടായിരുന്നില്ല. അഭിമാനത്തോടുകൂടി അതിനെ എതിർക്കാൻ നെഹ്രുവിന്റെ കാലത്ത് സാധിച്ചു. പിന്നീട് വന്നു, അധികാരം വേണം. ഏത് മുന്നണിയായാലും അതിന് തത്വസംഹിത വേണ്ട. 1969-നുശേഷം കേരളത്തിൽ കോൺഗ്രസ് ഒറ്റയ്ക്ക് മൽസരിച്ചു. 1968-ൽ ഇവിടെ നടന്ന കോർപ്പറേഷൻ മുനിസിപ്പൽ തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് ജയിച്ചു. മാണി സാറും ബാലകൃഷ്ണപിള്ളയും ഈ മുന്നണിയിൽനിന്നുവിട്ട് എൽ.ഡി.എഫ്.-ന്റെ കൂടെയുണ്ടായി. ശ്രീ. എ. കെ. ആന്റണിയും ശ്രീ. വയലാർ രവിയും അവരുടെകൂടെയുണ്ടായി. അവരെല്ലാം അന്നത്തെ ശ്രീമതി ഗാന്ധിയുടെ നേതൃത്വത്തിൽനിന്നുവിട്ട്, അതിന്റെ അപകടങ്ങൾ 1969-നുശേഷം ഞങ്ങളോടൊപ്പമുണ്ടായിരുന്ന സീനിയർ ലീഡേഴ്സ് പറഞ്ഞതിനേക്കാളും ശക്തമായി പറഞ്ഞവർ നിങ്ങളാണ്. നിങ്ങളാണ് അതിന്റെ കൂടുതൽ കാര്യങ്ങൾ ആക്ഷേപിച്ച് പറഞ്ഞത്. ഒരുഘട്ടം വന്നപ്പോൾ വീണ്ടും ശ്രീമതി ഗാന്ധി വന്നു.

അവർ അധികാരത്തിൽവരും. അവരുടെ അധികാരം സംരക്ഷിക്കാൻ ജനാധിപത്യവിരുദ്ധമായ മാർഗ്ഗങ്ങൾ സ്വീകരിക്കും. രക്ഷപ്പെടാൻ അധികാരത്തിന്റെ ഭാഗമായി നിൽക്കാൻ നിങ്ങളും മാറിയെന്നതിൽ കവിഞ്ഞ്, കഴിഞ്ഞ പത്തിരുപത്തിയഞ്ച് വർഷത്തെ രാഷ്ട്രീയത്തിന്റെ തത്വസംഹിതകൾ പറഞ്ഞുകൊണ്ട് ആർക്കാണ് ഈ കേരളത്തിലെ ജനങ്ങളെ സമീപിക്കാൻ കഴിയുന്നത്? സംഘടനാപരമായി ശക്തരുണ്ടാകാം. അതൊന്നും പ്രശ്നമല്ല. ജനാധിപത്യത്തിൽ സത്യസന്ധമായ സമീപനങ്ങൾ സ്വീകരിക്കുമ്പോഴാണ് വിജയമുണ്ടാകുന്നത്. അതുകൊണ്ട് ഇവിടെ ഭരണപരമായ കാര്യങ്ങളിൽ സർക്കാർ പിരിക്കേണ്ട ഫണ്ട് പിരിക്കുന്നില്ല. വിദേശികളായ മലയാളികൾ അയയ്ക്കുന്ന പണം എങ്ങനെ കേരളത്തിന്റെ വികസനത്തിനുവേണ്ടി ഉപയോഗിക്കാൻ കഴിയും? അതൊന്നും ശ്രമിക്കാത്തതിന്റെ ഫലമായി കേരളത്തിൽ സാമ്പത്തികമായ പ്രതിസന്ധിയുണ്ടായിരിക്കുന്നു. അടിയന്തരാവസ്ഥയുടെ കാലത്ത് ശ്രീ. ജയപ്രകാശ് നാരായണൻ ആർ.എസ്.എസ്. ഓഫീസിൽപ്പോയി അവരുമായി സംസാരിച്ചു. അവർ പറഞ്ഞു, ഞങ്ങൾ ഗാന്ധിയൻ സമീപനങ്ങൾ സ്വീകരിക്കുമെന്ന്. അതിന്റെ അടിസ്ഥാനത്തിലാണ് ഭാരതീയ ജനസംഘവും കക്ഷികളും ഒരുമിച്ച് ചേർന്നുകൊണ്ട് ജനതാപാർട്ടിയുണ്ടായത്. മൊറാർജി ദേശായി ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന

കാലത്ത് ഒരു പള്ളിക്കെതിരായി മുദ്രാവാക്യമോ ഭീഷണിയോ അന്നത്തെ അധികാരത്തിലുണ്ടായിരുന്ന ഭാരതീയ ജനസംഘിന്റെ, പഴയ ജനതാപാർട്ടി നേതാക്കളുടെ ഭാഗത്തുനിന്നുണ്ടായില്ല. ഞങ്ങളും ദുർബലമായി. അവർ ഗാന്ധിയൻ സമീപനങ്ങൾ സ്വീകരിക്കുന്നില്ലായെന്ന് പറഞ്ഞു. അവർ വേറെ തത്വശാസ്ത്രങ്ങളിലേയ്ക്കുപോയി. ഈ അപകടങ്ങളെല്ലാം ഇന്ത്യാ രാജ്യത്തുണ്ടാക്കിയതിന് കാരണക്കാരിൽ ബഹുഭൂരിപക്ഷവും നിങ്ങളാണ്. അതിന്റെ ഓരോ ഘട്ടങ്ങളിലും നോക്കിയാൽ പ്രധാനപ്പെട്ടവർ നിങ്ങളാണെന്ന് ബോധ്യപ്പെടും. അതുകൊണ്ട് എന്റെ അഭ്യർത്ഥന, നിങ്ങൾ അധികാരം നിലനിർത്താൻ മാണി സാറിനെ സംബന്ധിച്ച് പറഞ്ഞ കാര്യങ്ങൾ തെറ്റാണെങ്കിൽ, മാണി സാറിന്റെ പേരിൽ കേസ്സെടുത്തത് ശരിയാണെങ്കിൽ, മാണി സാർ രാജിവച്ച്....... കഴിഞ്ഞ കാലത്തെ പല മന്ത്രിമാരും രാജിവച്ചതുപോലെ രണ്ടോമൂന്നോ മാസത്തിനകം തിരിച്ചുവരാൻ പറ്റുന്ന രൂപത്തിൽ അദ്ദേഹത്തിന്റെ അഭിമാനം സംരക്ഷിക്കാൻ കഴിയുന്ന നിലപാടുകളിലേയ്ക്ക് പോകണമെന്ന് ഉപദേശിക്കുകയാണ്. അത് ഉപദേശിക്കാതെ ഒരു കൂട്ടിൽപ്പെട്ട എലിയെപ്പോലെ ദീർഘ വർഷത്തെ ഭരണപരിചയമുള്ള, രാഷ്ട്രീയ പരിചയമുള്ള ഒരു നേതാവിനെ അങ്ങോട്ടുമിങ്ങോട്ടുമിട്ട് തട്ടുന്നത് ശരിയാണോ? ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. സി. മോയിൻകുട്ടി</u>: സർ, ഈ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും ഞാൻ പിന്താങ്ങുകയാണ്. ബഹുമാനപ്പെട്ട ശ്രീ. ഇ.പി. ജയരാജന്റെ പ്രസംഗം ഇവിടെ കേട്ടു. ഈ ധനാഭ്യർത്ഥനകളെക്കുറിച്ചൊന്നും പറയാനില്ലാതെ മാതാപിതാക്കളെ കൊന്ന മകൻ കോടതിയിൽ നിലവിളിച്ചതുപോലെ ഞാൻ അനാഥനാണ് എന്നുപറഞ്ഞ് കരഞ്ഞതുപോലുള്ള പ്രസംഗമായിട്ടാണ് എനിക്ക് തോന്നിയത്. ഞാൻ പറഞ്ഞുവന്നത് ആർ.എസ്.എസ്.-ന്റെ ഭീതിജനകമായിട്ടുള്ള ഭീഷണിയെക്കുറിച്ച് ഗൗരവപൂർവ്വം പറയുന്ന സഖാവ് ഇ. പി. മൂന്നാം ചേരിയുമായി മുന്നോട്ടുപോയ ഒരു പാർട്ടിയുടെ വക്താവായിട്ടാണ് ഇവിടെ സംസാരിച്ചിട്ടുള്ളത്. അദ്ദേഹവും ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ സാറും ഇവിടെയുണ്ട്. ബി.ജെ.പി. തന്നെ ഞെട്ടിപോയിട്ടുള്ളത് സീറ്റിന്റെ എണ്ണം കേട്ടിട്ടാണ്. അന്ധമായ കോൺഗ്രസ് വിരോധം കൊണ്ടുപോയി എത്തിച്ചതിന്റെ പരിപൂർണ്ണമായ ഉത്തരവാദിത്തം ഈ രാജ്യത്തെ ഇടതുപക്ഷ പ്രസ്ഥാനത്തിനാണ് എന്ന തിരിച്ചറിവ് മെല്ലെയാണെങ്കിലും അവർക്ക് ഉണ്ടായിത്തുടങ്ങിയിട്ടുണ്ട് എന്ന പ്രകടനമാണ് അദ്ദേഹം ഇവിടെ നടത്തിയിട്ടുള്ളത്. ഏതായാലും പരിപൂർണ്ണമായ അർത്ഥത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ മാനസികാവസ്ഥ തകർന്നിരിക്കുകയാണ്. ഒരു സംശയവുമില്ല. എന്തുകൊണ്ടാണ്

അത് തകർന്നത് ? ശൂന്യതയിലുള്ള ഒരു ഖജനാവിനെ യു.ഡി.എഫ്. ഗവൺമെന്റിനെ ഏൽപ്പിച്ചപ്പോൾ ചരിത്രത്തിൽ ഇന്നുവരെ ഇല്ലാത്ത രൂപത്തിലുള്ള നേട്ടങ്ങളാണ് വാരിക്കൂട്ടിയിട്ടുള്ളത്. വിശദീകരിക്കാൻ സാധിക്കാത്ത തരത്തിലുള്ള എണ്ണിയാൽ ഒടുങ്ങാത്ത വികസന പ്രവർത്തനങ്ങൾ, ക്ഷേമ പദ്ധതികൾ, ജനസമ്പർക്ക പരിപാടികൾ 1996 മുതൽ ഞാനും ഈ സഭയിലെ ഒരംഗമായിരുന്നു. 500 രൂപ മുഖ്യമന്ത്രിയിൽ നിന്ന് കിട്ടാൻ കയ്യും കാലും പിടിച്ച് കരയേണ്ട ഒരുകാലമുണ്ടായിരുന്നു. ഇന്ന് 10000 മുതൽ മൂന്നും നാലും ലക്ഷം വരെ മുഴുവൻ എം.എൽ.എ. മാരും കോടിക്കണക്കിന് രൂപ വാങ്ങി കൊണ്ടുപോകുന്നു, കണ്ണനീർ ഒലിക്കുന്നവരുടെ കണ്ണുനീർ ഒപ്പുന്നതിനുവേണ്ടി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ ചരിത്രത്തിൽത്തന്നെ വിസ്മയമായി മാറുകയാണ്. എല്ലാ സമരങ്ങളും ചീറ്റിപ്പോയി. ഭൂസമരമായിരുന്നാലും സോളാർ സമരമായിരുന്നാലും ഞാൻ വിശദീകരിക്കുന്നില്ല എല്ലാ സമരങ്ങളും ചീറ്റിപ്പോയി. ഏറ്റവും അവസാനമായി ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത് ബഹുമാന്യനായിട്ടുള്ള മാണിസാറിനെ കുറിച്ചുള്ളതാണ്. നിങ്ങളുടെ പാർട്ടിക്ക് അതിൽ എന്തെങ്കിലും നയമുണ്ടോ? പന്ന്യൻ രവീന്ദ്രൻ പറയുന്നു, ജുഡീഷ്യൽ അന്വേഷണം വേണമെന്ന്, വി. എസ്. പറയുന്നത് കോടതി അറിഞ്ഞുകൊണ്ടുള്ള

അന്വേഷണം വേണമെന്നാണ്, ബഹുമാനപ്പെട്ട ശ്രീ. പിണറായി വിജയൻ പറയുന്നത് സി.ബി.ഐ. അന്വേഷണം വേണമെന്നാണ്. ഈ രൂപത്തിൽ വ്യക്തമായ ഒരു നയസമീപനംപോലുമില്ലാതെ ഇരുട്ടിൽ തപ്പുകയാണ് എന്ന് ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ഇന്ന് വായ മൂടിക്കെട്ടിയാണ് ഇവർ വന്നത്. വളരെ നല്ല കാര്യമാണ്. പരിസര മലിനീകരണമാണല്ലോ ഏറ്റവും വലിയ പ്രശ്നം. ശബ്ദമലിനീകരണം കുറച്ചു നേരത്തേയ്ക്കെങ്കിലും ഇല്ലാതിരുന്നത് തീർച്ചയായും സ്വാഗതം ചെയ്യുകയാണ്.

ഞാൻ മലബാറിൽ നിന്നു വരുന്ന ആളാണ്. ആറു ജില്ലക്ക് ഒരു മെഡിക്കൽ കോളേജാണ് ആദ്യകാലത്തുണ്ടായിരുന്നത്. ബഹുമാനപ്പെട്ട നാണുവേട്ടന് ഇതിനെക്കുറിച്ചറിയാം. കാസർക്കോട്-വയനാട് മുതൽ പാലക്കാട്ടുവരെയുള്ള ഒന്നര കോടി ജനങ്ങൾക്ക് ഒരു മെഡിക്കൽ കോളേജാണ് ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ 9 മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം പൂർണ്ണമായിട്ടില്ല. അലാവുദീന്റെ അത്ഭുത വിളക്കൊന്നുമില്ല. ചെറിയതോതിലെങ്കിലും അത്തരം പ്രവർത്തനങ്ങൾ ഇവിടെ നടന്നുവരികയാണ്. എത്രയോ കാലമായി ആഗ്രഹിച്ച 12 താലൂക്കുകൾ ഇവിടെ യാഥാർത്ഥ്യമായിരിക്കുന്നു. ഗവൺമെന്റ് കോളേജില്ലാത്ത എല്ലാ മണ്ഡലങ്ങളിലും ഭരണകക്ഷി-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവർക്കും

ഓരോ കോളേജുകൾവീതം കൊടുത്തു. അഞ്ചു കോടി രൂപ മാണിസാറിന്റെ അസറ്റ് ഫണ്ടിൽ നിന്ന് കക്ഷി നോക്കാതെ മുഖം നോക്കാതെ കൊടുക്കാൻ അദ്ദേഹത്തിന് സാധിച്ചു. വാരിക്കോരി നടക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ, ജനസമ്പർക്ക പരിപാടികൾ ഈ രൂപത്തിൽ ഈ ഗവൺമെന്റ് മുന്നോട്ടു പോകുമ്പോൾ മെഡിക്കൽ കോളേജുമാത്രമല്ല എന്റെ മണ്ഡലമുൾപ്പെടെ നിരവധി മണ്ഡലങ്ങളിൽ പി.എച്ച്.സി.-യെ സി.എച്ച്.സി. ആക്കി മാറ്റി. പോസ്റ്റ് ക്രിയേഷന്റെ കുറവുണ്ട്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പക്ഷേ, ചെറിയ കാര്യമല്ല. ക്യാബിനറ്റാണ് എന്റെ മണ്ഡലത്തിൽ സി.എച്ച്.സി. പ്രഖ്യാപിച്ചത്. കാരണം എസ്.സി./എസ്.ടി വിഭാഗം മാറാരോഗത്തിന്റെ പിടിയിലമർന്നപ്പോൾ പി.എച്ച്.സി. കളെ സി.എച്ച്.സി. കളാക്കാനുള്ള തീരുമാനം ക്യാബിനറ്റാണ് എടുത്തിട്ടുള്ളത്. ഈ വിഷയത്തോട് ഈ സർക്കാരിന്റെ സമീപനമാണ് ഇത് തെളിയിക്കുന്നത്. വ്യവസായരംഗത്ത് ഇതുപോലുള്ള ഒരു ചലനാത്മകമായ കാലഘട്ടം ഉണ്ടായിട്ടുണ്ടെന്ന് അപ്പുറത്തുള്ളവർക്ക് പറയാൻ സാധിക്കുമോ? അത്രയേറെ നേട്ടങ്ങളാണ് ഈ രംഗത്തുണ്ടായിട്ടുള്ളത്. വ്യവസായ സംരംഭങ്ങളുടെ രംഗത്ത് വിസ്മയകരമായ വളർച്ചയാണ് ഉണ്ടായിട്ടുള്ളത്. കൊച്ചിയിലെ സ്റ്റാർട്ട്അപ് വില്ലേജ് പുതിയ തലമുറയ്ക്കുത്തന്നെ ദിശാബോധം

നൽകുന്നതരത്തിൽ അഭ്യസ്തവിദ്യരായവരെ നേരായ ദിശയിലേക്ക് വഴി നടത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ്. സംഹാര ശക്തിയായിട്ടല്ല, സൃഷ്ടിപരമായി, ക്രിയാത്മകമായി അവരെ നയിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ തീർച്ചയായും എന്തിനാണ് ഈ അന്ധമായ വിരോധം എന്നുമാത്രമാണ് ഞാൻ സംശയിക്കുന്നത് ? ഓരോ വർഷവും പുറത്തിറങ്ങുന്ന പ്രതിഭകളെ തൊഴിൽദാതാക്കളായി മാറ്റാൻ സ്റ്റാർട്ട് അപ് വില്ലേജിലൂടെ ശ്രമം തുടരുകയാണ് എന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. പുതിയ തലമുറയ്ക്ക് വ്യക്തമായ വെളിച്ചം പകർന്നുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഒരുപാട് സാമ്പത്തിക ദുരിതങ്ങളും പ്രയാസങ്ങളുമുണ്ടെങ്കിലും വിദ്യാഭ്യാസ രംഗത്ത്, ചോദിച്ചവർക്കെല്ലാം ഹയർ സെക്കന്ററി നൽകുകയാണ് ചെയ്തത്. മലബാറിൽ തുഞ്ചത്ത് എഴുത്തച്ഛൻ നാമധേയത്തിലുള്ള മലയാള സർവ്വകലാശാല യാഥാർത്ഥ്യമാക്കി കൂടാതെ വിദ്യാഭ്യാസ പാക്കേജ് കൊണ്ടുവരികയും ചെയ്തു. മാത്രമല്ല സമൂഹത്തിലെ ഏറ്റവും ദുർബലരായിട്ടുള്ള എന്റെ മണ്ഡലത്തിലുള്ള എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് ലാപ്ടോപ്, വാഹനസൗകര്യം, വസ്ത്രം, ഭക്ഷണം വരെ നൽകുന്ന രൂപത്തിൽ അവരെ കൈപിടിച്ചുയർത്തുന്നതിനുള്ള ശ്രമകരമായ ഒരു ദൗത്യമാണ് വിദ്യാഭ്യാസവകുപ്പ് ഏറ്റെടുത്ത്

നടത്തിക്കൊണ്ടിരിക്കുന്നത്. അതിലേറ്റവും സന്തോഷകരമായി എനിക്ക് തോന്നിയിട്ടുള്ളത് കഴിഞ്ഞ 12-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി എന്റെ മണ്ഡലത്തിൽ വന്നു. നൂറുക്കണക്കിനുവരുന്ന ഫിസിക്കലി, മെന്റലി ചാലഞ്ച്ഡായിട്ടുള്ള ആളുകൾക്കുള്ള സ്ഥാപനങ്ങളുണ്ട്. അതിൽ ഒരെണ്ണം മാത്രമാണ് ഗവൺമെന്റ് നടത്തുന്നത്. കോടാനുകോടി രൂപയുടെ ബാധ്യതകൾ ഏറ്റെടുത്തുകൊണ്ട് ഈ രാജ്യത്തെ നല്ലവരായ ഉദാരമതികൾ നടത്തുന്ന സ്ഥാപനങ്ങളാണ്. അത്തരം സ്ഥാപനങ്ങളിൽ 50 കുട്ടികളുള്ള സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡാക്കി ഉയർത്തുന്നതിനുവേണ്ടിയുള്ള ശ്രമം തീർച്ചയായും അങ്ങേയറ്റം ശ്ലാഘനീയമാണ് എന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റൊരു സംസ്ഥാനത്തിലും ഇല്ലാത്ത തരത്തിൽ ഇന്ധനവില കൂടുന്ന സന്ദർഭത്തിൽ ഓരോ ഘട്ടത്തിലും സ്റ്റേറ്റിന്റെ വിഹിതം വേണ്ടെന്നുവയ്ക്കുന്നതിനുള്ള ആർജ്ജവം കാണിച്ച ജനപക്ഷത്തുള്ള ഒരു ഗവൺമെന്റാണ് നമ്മുടെ ഗവൺമെന്റ്. എന്നാൽ ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പ്രഖ്യാപിച്ച പ്രഖ്യാപനം ഈ രാജ്യം മുഴുവൻ പരക്കെ സ്വാഗതം ചെയ്തപ്പോൾ അപ്പുറത്ത് വാസ്തവത്തിൽ പരിഹസിക്കുന്നതാണ് എനിക്ക് കാണാൻ സാധിച്ചത്. ഈ ഇന്ധനവിലയിലൂടെ ലഭിച്ചിട്ടുള്ള പുതിയ ലാഭം ഹയർ

സെക്കന്ററിവരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യയാത്ര ഉറപ്പുവരുത്തുമെന്ന് പറഞ്ഞപ്പോൾ ആ ഭാഗത്തു നിന്നും കയ്യടിച്ചില്ലെന്നു മാത്രമല്ല വേദനകൊണ്ട് പുളയുന്നതായിട്ടാണ് എനിക്ക് മനസ്സിലായത്. എന്തിനാണ് ഈ രൂപത്തിലുള്ള അപകർഷതാബോധവും ഈ രൂപത്തിലുള്ള ഒരു സമീപനവും കാണിക്കുന്നത്? വിദ്യാഭ്യാസ വകുപ്പിൽ നടത്തുന്ന അതുല്യ പരിപാടി സമ്പൂർണ്ണ വിദ്യാഭ്യാസം യാഥാർത്ഥ്യമാക്കുകയാണ്. ഈ രംഗത്ത് ഈ സന്ദർഭത്തിൽ കേരളം ഒന്നാം സ്ഥാനത്ത് എത്തിനിൽക്കുകയാണ് പി.ഡബ്ല്യൂ.ഡി. - രംഗത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ബഡ്ജറ്റ് അലോക്കേഷന്റെ നിരവധി ഇരട്ടിയാണ് നൽകുന്നത്. പ്രതിപക്ഷത്തുള്ള ആർക്കെങ്കിലും എന്തെങ്കിലും പരാതികളുണ്ടായിട്ടുണ്ടോ? ബഹുമാനപ്പെട്ട മന്ത്രിതന്നെ മിതഭാഷിയായിട്ടുള്ള മന്ത്രി അപ്പുറത്തേയ്ക്ക് ചോദിച്ചത് നിങ്ങൾക്ക് ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടോ? സഭയുടെ ചരിത്രത്തിൽ ഒരു പരാതിയുമില്ലാത്ത തരത്തിൽ താഴോട്ട് നോക്കി നിൽക്കേണ്ട ഗതികേട് നിങ്ങൾക്കുണ്ടായത് വാരിക്കോരി ഞങ്ങളെക്കാൾ കൂടുതൽ നിങ്ങൾക്ക് നൽകിയതുകൊണ്ടാണ് എന്നു മാത്രമാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. പരാതിയുടെ കേന്ദ്രമായിരുന്ന പി.ഡബ്ല്യൂ.ഡി. വകുപ്പിനെ ഗുണനിലവാരം ഉറപ്പുവരുത്തി സർട്ടിഫിക്കറ്റ് നൽകുന്ന സമീപനം ഈ

ഗവൺമെന്റാണ് സ്വീകരിച്ചത്. അഴിമതി തടയുന്നതിന് ഇ-ടെന്റർ സംവിധാനം ഏർപ്പെടുത്തിയത് ഈ ഗവൺമെന്റാണ്. മദ്യനയമാണല്ലോ നിങ്ങൾ ഇവിടെ സൂചിപ്പിക്കുന്നത്. മൂല്യച്യുതിയിൽനിന്ന് കേരളത്തെ കരകയറ്റുന്നതിനുവേണ്ടി മദ്യനയം വ്യക്തമായ ദിശാബോധത്തോടുകൂടിയാണ് സ്വാഭാവികമായും ഈ ഗവൺമെന്റ് കൊണ്ടുപോകുന്നത്. കരയാൻ കണ്ണുനീരുപോലും ഇല്ലാത്ത അമ്മമാർ, കുടുബഭദ്രത തകർക്കുന്ന, ആരോഗ്യം തകർക്കുന്ന സാമ്പത്തികമായി മുടിപ്പിക്കുന്ന ഈ മദ്യത്തിന്റെ നീരാളി പിടിത്തത്തിൽ നിന്ന് കേരളത്തെ രക്ഷിക്കുന്നതിന് ഒറ്റക്കെട്ടായി യു.ഡി.എഫ്. മുന്നോട്ടു പോകുകയാണ്. സ്വാഭാവികമായും ജനാധിപത്യ പാർട്ടി, നിങ്ങളുടെ പാർട്ടിപോലെയല്ല, യജമാനനും അടിമയും തമ്മിലുള്ള ബന്ധമല്ല ഇപ്പുറത്തുള്ളത്. വ്യക്തമായ ദിശാബോധവും കാഴ്ചപ്പാടും ഓരോ പാർട്ടിക്കും ഓരോ നയങ്ങളുമുണ്ടാകും. അതിന്റെ ഭാഗമായി ചില്ലറ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടെങ്കിൽ ഒറ്റക്കെട്ടായി ഒരുമിച്ചൊരു തീരുമാനം എടുത്ത് ഞങ്ങൾ മുന്നോട്ടുപോകുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. പ്രതിപക്ഷത്തുള്ളവരോട് വളരെ വിനീതമായി എനിക്ക് ചോദിക്കുവാനുള്ളത് മദ്യത്തിൽ നിങ്ങളുടെ നയമെന്താണ്? നിങ്ങൾ ഇതിനെ സംബന്ധിച്ച് പറയണം.

ഇവിടെ ഘട്ടംഘട്ടമായി മദ്യം അവസാനിപ്പിക്കണം എന്നതാണ് ഞങ്ങളുടെ മുന്നണിയുടെ നയം. മദ്യമില്ലാത്ത ഒരു കേരളമാണ് എന്റെ പാർട്ടിയുടെ സ്വപ്നം എന്നുകൂടി സാന്ദർഭികമായി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഈ സംഭവത്തിൽ എന്തെങ്കിലും ഭിന്നത ഉണ്ടാകുമെന്നാണ് അടിസ്ഥാനപരമായി നിങ്ങൾ പ്രതീക്ഷിക്കുന്നത്. അങ്ങനെയൊരു മലർപ്പൊടിക്കാരന്റെ സ്വപ്നം നിങ്ങൾ നെഞ്ചോടുചേർത്ത് പിടിക്കേണ്ട, ഒരു കാരണവശാലും ഈ രംഗത്ത് യു.ഡി.എഫ്. ഗവൺമെന്റ് ഒളിച്ചോട്ടം നടത്തില്ല. ഒറ്റക്കെട്ടായി സമന്വയത്തിലൂടെ മുന്നോട്ടുപോകുമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി 10 കോടി രൂപയിൽ താഴെ ചെലവുവരുന്ന പാലങ്ങൾക്ക് ടോൾപിരിവ് ഒഴിവാക്കിയതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. അതോടൊപ്പം ഇരുഭാഗത്തുമുള്ള ആളുകളുടെ ഏറ്റവും വലിയൊരാവശ്യമാണ് ദേശീയപാത വികസനം. ഇനിയും ഒരിഞ്ചുപോലും കാത്തിരിക്കാൻ സമയമില്ലാത്ത തരത്തിൽ ഭീകരമായ, ഭീതിജനകമായ ഒരവസ്ഥാവിശേഷമാണ് ദേശീയപാതയിലുള്ളത്. ഇക്കാര്യത്തിൽ രാഷ്ട്രീയ സമന്വയവും യോജിപ്പോടുകൂടിയുള്ള പ്രവർത്തനവും അടിയന്തരമായ ഇടപെടലുമുണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്. ചെറുകിട വ്യവസായങ്ങൾക്ക് ഏകജാലക സംവിധാനം കൊണ്ടുവന്നതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്.

പരമ്പരാഗത മേഖലയെ ഈ ഗവൺമെന്റ് മാന്യമായി പരിഗണിച്ചതിൽ തീർച്ചയായും സന്തോഷമുണ്ട്. കശുവണ്ടി, ബീഡി-സിഗാർ, തയ്യൽ , കൈത്തറി എന്നീ മേഖലകളിൽ നൽകുന്ന പെൻഷനുകൾ വർദ്ധിപ്പിച്ചിരിക്കുന്നു. ഇ-ഡിസ്ട്രിക്റ്റ് പ്രോജക്ടിനായി 12.9 കോടി രൂപയാണ് സപ്ലിമെന്ററി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. കേന്ദ്രത്തിന്റെ ആനുപാതികമനുസരിച്ചാണ് ഈ തുക വകയിരുത്തിയിട്ടുള്ളത്. ഭരണവേഗത വർദ്ധിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ "അതിവേഗം ബഹുദൂരം" പദ്ധതിയുടെ ഭാഗമായി മുന്നോട്ടുകൊണ്ടുപോകുന്ന ഈ പദ്ധതിയെ ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. കൂടുതൽ അക്ഷയകേന്ദ്രങ്ങൾ സ്ഥാപിക്കണമെന്ന അഭിപ്രായംകൂടി ഞാൻ ഇവിടെ രേഖപ്പെടുത്തുകയാണ്. കാരണം തൊഴിൽരഹിതർക്ക് തൊഴിൽ നൽകുന്നതിനും അതോടൊപ്പംതന്നെ എല്ലാ പൗരന്മാർക്കും തുല്യനീതി ഉറപ്പുവരുത്തുന്നതിനും വീട്ടുപടിക്കൽത്തന്നെ ഇത്തരം സ്ഥാപനങ്ങൾ അനിവാര്യമായിവരുന്ന ഒരു കാലമാണ് ഇതെന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പോലീസ് കംപ്ലയിന്റ് അതോറിറ്റിക്ക് വാഹനം വാങ്ങാൻ 37 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു- ഞാൻ അതിനോട് വിയോജിക്കുന്നില്ല. പക്ഷെ ഗ്രാമങ്ങളിൽ വിശേഷിച്ചും മലയോര കുടിയേറ്റ മേഖലയിൽ എന്തുമാത്രം

പ്രയാസമാണ് പോലീസുകാർ അനുഭവിക്കുന്നത് എന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. 20 ഉം 25 ഉം കൊല്ലം പഴക്കമുള്ള വാഹനമാണ് മുക്കം ഫയർസ്റ്റേഷനിൽ ഓടിക്കൊണ്ടിരിക്കുന്നത്. ഓടാത്ത വാഹനങ്ങൾ കട്ടപ്പുറത്തിരിക്കുകയാണ്. തീർച്ചയായും ആ രംഗത്ത് ഗൗരവതരമായ ഇടപെടലുകൾ നടത്തുകയും പോലീസുദ്യോഗസ്ഥർക്ക് ആവശ്യമായ വാഹനങ്ങൾ നൽകുകയും പരിതാപകരമായ അവസ്ഥയിലുള്ള അവരുടെ താമസസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ അപേക്ഷിക്കുകയാണ്. ഉയർന്ന പോലീസുകാർക്ക് ഇന്നോവ പോലുള്ള കാറുകൾ വാങ്ങുന്നതിന് ഫണ്ട് നൽകുന്നതിന് ഞങ്ങളാരും എതിരല്ല. പക്ഷെ അവർക്ക് കരുത്തുപകരുന്നത് കീഴുദ്യോഗസ്ഥരായ പോലീസുകാരാണ് എന്നതുകൂടി നാം മനസ്സിലാക്കണം. നമ്മുടെ പോലീസ് നാടിന് അഭിമാനമായി മാറുകയാണ്. ഒരിക്കലും തെളിയിക്കപ്പെടാത്ത സങ്കീർണ്ണമായ ദുരൂഹമായ നിരവധി കേസ്സുകളിന്മേൽ മറ്റേതൊരു സംസ്ഥാനത്തെ പോലീസിനെയും കവച്ചുവയ്ക്കുന്ന തരത്തിലുള്ള വിജയം കൊയ്തെടുക്കാൻ നമ്മുടെ പോലീസിന് സാധിച്ചിട്ടുണ്ട്. തീർച്ചയായും വിവരിക്കാൻപോലും സാധിക്കാത്തതരത്തിലുള്ള വമ്പിച്ച പ്രതീക്ഷയാണ് "ഓപ്പറേഷൻ കുബേര" നൽകിയിട്ടുള്ളത്. ബഹുമാന്യനായ കൃഷി

വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനൻ ഇവിടെയുണ്ട് - ഒരു കർഷകൻ മന്ത്രിയായാൽ എന്തായിരിക്കും എന്നതിനെക്കുറിച്ച് ഒരു കർഷകനായ ഞാൻ അഭിമാനിക്കുകയാണ്. അത്രയേറെ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. 2016-ൽ ഇന്ത്യയിലെ ആദ്യത്തെ ജൈവസംസ്ഥാനമായി നമ്മുടെ സംസ്ഥാനത്തെ പ്രഖ്യാപിക്കാൻ പോകുകയാണ്. നമ്മുടെ വിദ്യാർത്ഥികൾ, എല്ലാ വിഭാഗം വിദ്യാർത്ഥികളും ഇന്ന് പച്ചക്കറിയുമായി അഭേദ്യമായ ബന്ധം പുലർത്തുകയാണ്.

ശ്രീ. പുരുഷൻ കടലുണ്ടി : (മൈക്ക് ഓഫ്)

ശ്രീ. സി. മോയിൻകുട്ടി: സർ, ശ്രീ. പുരുഷൻ കടലുണ്ടി ഹെഡ്ഡിംഗ് മറന്നുപോയി എന്നുതോന്നുന്നു. ധനാഭ്യർത്ഥനയെക്കുറിച്ചാണ് ഇവിടെ സംസാരിക്കുന്നത്. ശ്രീ. ഇ. പി. ജയരാജൻ, പ്രവീൺ തൊഗാഡിയയ്ക്ക് അനുകൂലമായൊരു സാഹചര്യം സൃഷ്ടിച്ചതിനെക്കുറിച്ചാണ് ഞാൻ തുടങ്ങിവച്ചത്. അതിന് കൂടുതൽ വിശദീകരണം ആവശ്യമില്ല.

ചെയർ പേഴ്സൺ: ബഹുമാനപ്പെട്ട മെമ്പർ അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. പി. ഉബൈദുള്ള: സർ, ശ്രീ. സി. മോയിൻകുട്ടി സാഹിബ് ഈ ഗവൺമെന്റ് ചെയ്ത ഒട്ടേറെ നല്ല കാര്യങ്ങളെക്കുറിച്ചാണ് ഇവിടെ

പറഞ്ഞുകൊണ്ടിരിക്കുന്നത്. വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചെല്ലാം പറഞ്ഞു. എന്നാൽ നമ്മുടെ രാജ്യത്തിനുവേണ്ടി സേവനമനുഷ്ഠിച്ച മുൻ പഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട മെമ്പർതന്നെ ഈ സഭയിൽ സബ്മിഷൻ ഉന്നയിച്ചതാണ്. പെൻഷനും മറ്റാനുകൂല്യങ്ങളും നൽകണമെന്നാവശ്യപ്പെട്ട് മുൻ പഞ്ചായത്ത് മെമ്പർമാർ നാളെ സെക്രട്ടേറിയറ്റ് നടയിൽ ധർണ്ണ നടത്തുകയാണ്. ഇക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. സി. മോയിൻകുട്ടി: സർ, ഞാൻ 1980 മുതൽ പലപ്രാവശ്യം പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന ആളാണ്. കണ്ണീരിൽ കുതിർന്ന, വേദനനിറഞ്ഞ അനുഭവമാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് പങ്കുവയ്ക്കാനുള്ളത്. ഒരു നേരത്തെ കഞ്ഞിക്കുപോലും വകയില്ലാത്ത നിരവധി സുഹൃത്തുക്കളെ എനിക്ക് നേരിട്ടറിയാം. രണ്ടുഭാഗത്തുനിന്നും ഐകകണ്ഠ്യേന തീരുമാനമെടുക്കേണ്ട ഒരു കാര്യത്തെക്കുറിച്ചാണ് ബഹുമാന്യനായ എന്റെ സുഹൃത്ത് ശ്രീ. പി. ഉബൈദുള്ള ഇവിടെ പറഞ്ഞിട്ടുള്ളത്. നാളെ അവർ പ്രക്ഷോഭം നടത്താൻ പോകുകയാണ്. നിരവധി മന്ത്രിമാരും അപ്പുറത്തും ഇപ്പുറത്തുമുള്ള നിരവധി എം.എൽ.എ.-മാരും ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായി കടന്നുവന്നിട്ടുള്ളവരാണ്. തീർച്ചയായും ഈ

വിഷയം ഗൗരവതരമായി കാണണം. കാർഷിക മേഖലയെക്കുറിച്ച് എനിക്ക് പറയാനുള്ളത്- ഇതുപോലെ ചലനാത്മകമായ സജീവമായ ഒരു സ്ഥിതി കാർഷിക മേഖലയിൽ ഇതുവരെ ഉണ്ടായിട്ടില്ല. നമ്മുടെ വിദ്യാർത്ഥികൾ, എന്റെ മണ്ഡലത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇന്ന് നിരവധി പച്ചക്കറിത്തോട്ടങ്ങളുണ്ട്. ലക്ഷക്കണക്കിന് പച്ചക്കറിവിത്തുകൾ നൽകി ആ കുട്ടികളെ അതിനാവശ്യമായ വിധത്തിൽ വളർത്തിക്കൊണ്ടുവന്ന ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. ടെറസ് കൃഷിയായിരുന്നാലും, നെൽകൃഷിയായിരുന്നാലും മറ്റ് സബ്സിഡി നൽകുന്ന സാഹചര്യങ്ങളായിരുന്നാലും സ്വാഗതാർഹമാണ്. കാർഷിക പാരമ്പര്യത്തി ലേയ്ക്ക് മെല്ലെയാണെങ്കിലും നമ്മൾ തിരിഞ്ഞുനടക്കുന്ന എന്നുള്ളത് സ്വാഗതാർഹമായ കാര്യമാണ്. പൊതുവിതരണമേഖല ശക്തിപ്പെടുത്തുന്നതിന് 70 കോടി രൂപ സപ്ലിമെന്ററി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. അങ്ങേയറ്റം സുതാര്യമായി, ക്രമക്കേടില്ലാതെ നിരന്തരമായ നിരീക്ഷണങ്ങളിലൂടെ ആ രംഗത്തുള്ള പരാതി പരിഹരിക്കുന്നതിനുവേണ്ടി അങ്ങ് ശ്രമിക്കണം അതോടൊപ്പം ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്ന നെൽകർഷകരെ സംബന്ധിച്ചിടത്തോളം ഒരു കാരണവശാലും അവരിൽനിന്നും വിലയ്ക്കെടുത്ത നെല്ലിന്റെ വില കൊടുക്കാൻ

വൈകിക്കരുത് എന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. കിടപ്പാടമില്ലാത്ത പാവങ്ങളായ ഭൂരഹിതരായ കർഷകർക്ക് ഭൂമി കണ്ടെത്താനും അത് യഥാസമയം വിതരണം ചെയ്യാനും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി തീർച്ചയായും അങ്ങേയറ്റം താൽപര്യം കാണിക്കുന്നു. മുമ്പത്തെപ്പോലെ റോഡില്ലാത്ത, വെള്ളമില്ലാത്ത, കയറിക്കിടക്കാൻ സൗകര്യമില്ലാത്ത പ്രദേശങ്ങളല്ല ഇപ്പോൾ കണ്ടെത്തുന്നതും കൊടുക്കുന്നതും. തീർച്ചയായും ആ രംഗത്ത് കാണിക്കുന്ന താൽപര്യത്തെ അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. അതുപോലെ 40 ഉം 50 ഉം വർഷമായി കൈവശം വച്ചിരിക്കുന്ന ഭൂമിയിൽനിന്ന് സ്വന്തം മക്കളുടെ വിവാഹം നടത്താൻ ഒരു സെന്റ് ഭൂമി വിൽക്കാൻ സാധിക്കാത്ത രക്ഷിതാക്കൾ.......

ചെയർപേഴ്സൺ : ബഹുമാനപ്പെട്ട മെമ്പർ അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞിരിക്കുകയാണ്.

ശ്രീ. സി. മോയിൻകുട്ടി: സർ, ഞാൻ ഇപ്പോൾ അവസാനിപ്പിക്കാം. അവർക്കാവശ്യമായിട്ടുള്ള പട്ടയം നൽകുന്നതിന് കുറെക്കൂടി ജാഗ്രത കാണിക്കണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും അങ്ങും റവന്യൂ വകുപ്പുമന്ത്രിമാരായി വന്നതിനുശേഷം ഒരുപാട് നേട്ടങ്ങൾ ആ രംഗത്ത് നേടിയിട്ടുണ്ടെങ്കിലും ഞങ്ങളുടെ കുടിയേറ്റ മേഖലകളിൽ വേഴാമ്പൽ മഴയ്ക്കുവേണ്ടി കാത്തിരിക്കുന്നതുപോലെ പട്ടയത്തിനായി

കാത്തിരിക്കുന്ന നിരവധി പാവങ്ങളുണ്ട്. അവരെ സഹായിക്കുന്നതിനും സമയബന്ധിതമായി പട്ടയം നൽകുന്നതിനുമുള്ള ഒരു വാശി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ഞാൻ അവസാനിപ്പിക്കുകയാണ്, എനിക്ക് ഒരു കാര്യമേ ഈ സന്ദർഭത്തിൽ പറയാനുള്ളൂ. അപ്പുറത്തുള്ള ആളുകളുടെ ഗതികേടോർത്ത്, ഞാനും ഒരു പഴയ ഇടതുപക്ഷക്കാരനായിരുന്നു എന്നതിനെക്കുറിച്ചോർക്കുമ്പോൾ വളരെയേറെ പ്രയാസമുണ്ട്. Payment seat നെക്കുറിച്ചുള്ള വിവാദം കത്തിപ്പടരുകയാണ്. അഡ്ജസ്റ്റുമെന്റ് സമരങ്ങളെക്കുറിച്ച് നിങ്ങൾക്കിടയിൽ വമ്പിച്ച ചർച്ചകൾ....... നിങ്ങളിവിടെ കാണിക്കുന്ന ഓരോ കാര്യങ്ങളും പരസ്പരം നിലനിൽക്കുന്നതിനുവേണ്ടിയുള്ള ഒരു പിടച്ചിൽമാത്രമായിട്ടാണ് ഞാൻ കാണുന്നത്. തീർച്ചയായും എല്ലാ രംഗത്തും പ്രതിപക്ഷപ്പാർട്ടികൾ പാർട്ടിയിലും മുന്നണിയിലും ഭിന്നിപ്പ്, നേരെനിൽക്കാൻ സാധിക്കാത്ത പരിതാപകരമായ അവസ്ഥ, പരമദയനീയമായ ഈ അവസ്ഥ തിരിച്ചറിയാൻ നിങ്ങൾക്ക് സാധിക്കണം. തീർച്ചയായും നിങ്ങളുടെ മഹിതമായ പഴയകാല പാരമ്പര്യത്തെ നെഞ്ചോടുചേർത്തുപിടിച്ച് ഐക്യത്തിന്റെ പാതയിൽ മുന്നോട്ടുപോകാൻ സാധിച്ചെങ്കിൽ ഒരു നല്ല പ്രതിപക്ഷം ഉണ്ടാകുമായിരുന്നു എന്ന സ്വപ്നമാണ്

എനിക്ക് പങ്കുവയ്ക്കാനുള്ളത്. ഈ ഉപധനാഭ്യർത്ഥനകളെ അതിശക്തമായി ഞാൻ പിന്താങ്ങുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തിലെ സാധാരണക്കാരായ മനുഷ്യർക്ക് സാമ്പത്തികമായി ക്രൈസിസ് ഇതുപോലെ രൂപ്പെട്ടുവന്നൊരു കാലം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. അക്കാര്യം ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും അറിയാവുന്നതാണ്. കമ്പോളം നോക്കിയാലും ഓട്ടോകാരനോട് ചോദിച്ചാലും നാട്ടിൻപുറത്തെ ചായക്കടക്കാരനോട് ചോദിച്ചാലും വീട്ടമ്മയോട് ചോദിച്ചാലും മതി. നമുക്ക് അവരവരുടെ വീട്ടുകളിലെ കാര്യങ്ങൾ നോക്കിയാൽതന്നെ മനസ്സിലാകും. എം.എൽ.എ.-മാരുടെ കയ്യിൽ തന്നെ രണ്ടുവർഷം മുമ്പുള്ള സമ്പാദ്യങ്ങളോ, ഏതെങ്കിലും തരത്തിലുള്ള കാര്യങ്ങളോ ഉണ്ടെങ്കിൽ അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് അന്വേഷിച്ചാലും അറിയാൻ സാധിക്കുന്നതാണ്. മൂന്നരവർഷം കൊണ്ട് കേരളത്തെ ഇത്തരമൊരു സാഹചര്യത്തിലേയ്ക്ക് എത്തിച്ചതിന് ഏതെങ്കിലും തരത്തിലുള്ള അവാർഡ് ഉണ്ടെങ്കിൽ അത് യു.ഡി.എഫ്.-നും മാണിസാറിനുമൊക്കെ അവകാശപ്പെട്ടതാണ്. ഭരണപക്ഷത്തെ മെമ്പർമാർ സാമ്പത്തിക ക്രൈസിസിനെ സംബന്ധിച്ച് പ്രസംഗിക്കുമ്പോൾ വികസനത്തിന്റെ

പെരുമഴയെന്നാണ് പറയുന്നത്. സത്യത്തിൽ കേരളത്തിലെ എല്ലാ മണ്ഡലത്തിലും ഇപ്പോൾ കല്ലുമഴയാണ്. കല്ലുകൊണ്ട് പരിക്കേൽക്കാത്ത, അപ്പുറത്തോ ഇപ്പുറത്തോ ഉള്ള ഒരു ജനപ്രതിനിധിയുമില്ലെന്നതാണ് സത്യം. സത്യം എപ്പോഴും സത്യമായി കാണണം. ഇവിടെ ആക്ഷേപങ്ങൾ വരുമ്പോൾ ഇടതുപക്ഷത്തിനുനേരെ അല്ലെങ്കിൽ പ്രതിപക്ഷത്തിനുനേരെ ആരോപണമുന്നയിച്ചിട്ട് കാര്യമില്ല. അക്കാര്യങ്ങൾ നിങ്ങൾ ആലോചിച്ച് നോക്കണം. ശ്രീ. കെ. എം. മാണി നിയമസഭയിൽ 50 വർഷം എത്തിയ ഒരാളാണ്. അങ്ങനെ 50 വർഷം എത്തിയ ഒരാൾ രാഷ്ട്രീയത്തിൽ കാണിക്കേണ്ട മൗലികമായ ചില മാതൃകകളുണ്ട്. ആ മാതൃക കാണിക്കണമെന്നാണ് പ്രതിപക്ഷം ആവശ്യപ്പെടുന്നതും ജനം ആഗ്രഹിക്കുന്നതും. ഞാൻ മനസ്സിലാക്കുന്നതും നിങ്ങളുടെ മനസ്സും ചുണ്ടും ഒന്നാണെങ്കിൽ നിങ്ങൾ ആഗ്രഹിക്കുന്നതും അതുതന്നെയാണ്. ഈ മനസ്സും ചുണ്ടും രണ്ടാണെങ്കിൽ പിന്നെ പറയാൻ പറ്റില്ല. ഞാൻ പറയുന്നു, യു.ഡി.എഫ്.-ലെ എല്ലാവരെയും നുണ പരിശോധനയ്ക്ക് വിധേയമാക്കിയാൽ നിങ്ങളിലെ മഹാഭൂരിപക്ഷം ആളുകളും മാണിസാർ രാജിവച്ച് മാറിനിൽക്കണമെന്നുതന്നെ പറയും. അക്കാര്യത്തിൽ ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ നുണപരിശോധനയ്ക്ക് വിധേയമാക്കാൻ ഞാൻ വെല്ലുവിളിക്കുകയാണ്. സത്യം എപ്പോഴും സത്യമാണ്. ഞാൻ പറഞ്ഞത്

സത്യമാണെന്ന് നിങ്ങളുടെ ചിരിയിൽ തന്നെ പ്രതിഫലിക്കുന്നുണ്ട്. കേരളത്തിൽ ഒരു പഴമൊഴിയുണ്ട്. ആ പഴമൊഴിയിൽ പറയുന്നത് 'നനഞ്ഞ കോഴി' എന്നാണ്. ഇപ്പോൾ പുറത്ത് മാണിസാറിനെ ആളുകൾ പറയുന്നത് 'കുഴഞ്ഞ മാണി' എന്നാണ്. കുഴപ്പിച്ചത് ആരാണെന്നൊക്കെ ചോദിച്ചാൽ ശ്രീ. പി. സി. ജോർജ് വ്യക്തമായി പറഞ്ഞുതരും. ആദ്യം ഈ ആരോപണമുന്നയിച്ചത് പ്രതിപക്ഷമല്ല. കേരളത്തിൽ അബ്കാരി ബിസിനസ്സ് നടത്തുന്ന ഒരാൾ, ഒരു ആരോപണമുന്നയിക്കുകയുണ്ടായി. ആ ആരോപണം ഉന്നയിച്ചത് 5 കോടി രൂപയും 1 കോടി രൂപയുമായി ബന്ധപ്പെട്ടതാണ്. ശ്രീ. പി. സി. ജോർജ് നിങ്ങളുടെ ചീഫ് വിപ്പാണ്. 20 കോടി രൂപ പിരിച്ചുവെങ്കിൽ ഒരു കോടി രൂപ കഴിഞ്ഞ് ബാക്കി 19 കോടി രൂപ എവിടെയെന്നാണ് ശ്രീ. പി. സി. ജോർജ് പരസ്യമായി പറഞ്ഞത്. 19 കോടി രൂപയുടെ കാര്യം അന്വേഷിക്കാനുള്ള ബാധ്യത കേരളത്തിലെ ഗവൺമെന്റിനും ആഭ്യന്തര-വിജിലൻസ് വകുപ്പുമന്ത്രിക്കുമുണ്ട്. മാണിസാറിന്റെ അഴിമതി ആരോപണത്തിന്റെ പിന്നിലൊന്നുമില്ലെന്ന് മാണിസാറും പറയുന്നുണ്ട്. എന്തുകൊണ്ടാണ് അങ്ങനെ പറയുന്നത്? ഒന്നുമില്ലെങ്കിൽ കേരളാ കോൺഗ്രസ്സിന്റെ പാർട്ടിക്കകത്ത് ഒരു അന്വേഷണ കമ്മീഷൻ ഈ ആരോപണവുമായി ബന്ധപ്പെട്ട് രൂപീകരിക്കേണ്ടി വന്നു. പ്രതിപക്ഷം അല്ലല്ലോ ഇത് രൂപീകരിച്ചത്.

പ്രതിപക്ഷത്തുനിന്ന് പ്രതിപക്ഷനേതാവ് ഇതുസംബന്ധിച്ച് എഴുതികൊടുക്കുകയും വിജിലൻസ് വകുപ്പ് അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തു. എന്തുകൊണ്ട് കേരളാ കോൺഗ്രസ്സിന് ഈ ആരോപണവുമായി ബന്ധപ്പെട്ട് ശ്രീ. സി.എഫ്. തോമസിന്റെ നേതൃത്വത്തിൽ ഒരു അന്വേഷണ കമ്മീഷനെ ആലോചിക്കേണ്ടിയും രൂപീകരിക്കേണ്ടിയും വന്നു? ഇന്നലെയും മിനിഞ്ഞാന്നും നടത്തിയ പത്രസമ്മേളനത്തിൽ മാണിസാർ പറഞ്ഞത് ഇതിന്റെ പിന്നിൽ ഗൂഢാലോചനയുണ്ട് എന്നാണ്. ഭരണകക്ഷിയ്ക്കകത്തുനിന്നാണോ ഗൂഢാലോചന എന്ന് ചോദിച്ചപ്പോൾ മാണിസാർ പറഞ്ഞത് ഗൂഡാലോചന ഇല്ല എന്നല്ല, അതൊക്കെ പിന്നീട് പറയാമെന്നാണ്. മദ്യം നിങ്ങളെ യോജിപ്പിക്കുന്നുവോ, വിയോജിപ്പിക്കുന്നുവോ എന്നൊന്നും ഞാൻ പറയുന്നില്ല. മദ്യത്തിന്റെ ചുറ്റിലും നിങ്ങളാണ് എന്നുള്ളത് ഇന്നലത്തെ യു.ഡി.എഫ്.-ന്റെ ചർച്ചയിൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബാണ് പറഞ്ഞത്, ഇത് ഒരുപക്ഷേ യു.ഡി.എഫ്-ന്റെ മരണമണിയായിരിക്കുമെന്ന്. ഇത് പറയുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയ്ക്കത്തുനിന്നുമല്ല, പ്രതിപക്ഷത്തുനിന്നുമല്ല, നിങ്ങൾക്കകത്തു നിന്നാണ് പറയുന്നത്. എന്തുകൊണ്ടാണ് ഇങ്ങെനെയൊക്കെ സംഭവിക്കുന്നത്? ധനകാര്യത്തിന്റെ കാര്യം പറയുമ്പോൾ മാണിസാറിന് എന്തും പറയാം. മാണിസാർ

50 വർഷമായി നിയമസഭയ്ക്കകത്ത് ഇരിക്കുന്ന, ഒരുപാട് ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളയാളാണെന്നൊക്കെ നിങ്ങൾ പറയുന്ന, നിങ്ങൾ പറയുന്നതെല്ലാം ശരിയാണെന്ന് വിശ്വാസമുള്ള ആളല്ല ഞാൻ. മാണിസാറിന്റെ പിന്നിൽ പാറ പോലെ നിൽക്കുമെന്ന് പറയുന്നവർ പച്ചവെള്ളംപോലെ പോലും പലപ്പോഴും നിൽക്കുന്നില്ലെന്ന് കൃത്യമായി അറിയാവുന്നത് മാണിസാറിനാണ്. അത് മാണിസാറിന്റെയും ശ്രീ. പി. സി. ജോർജിന്റെയും കേരള കോൺഗ്രസ് നേതൃത്വത്തിന്റെയും പലപ്പോഴുമുള്ള വാചകങ്ങളിൽ കൃത്യമായി വരുന്നുണ്ട്. അത് നിങ്ങൾക്ക് തന്നെ അറിയാം.

നടപ്പുസാമ്പത്തിക വർഷം ലക്ഷ്യമിട്ട റവന്യൂ വരുമാനം 64842.35 കോടി രൂപയാണ്. ഒക്ടോബർ 31 വരെ പിരിഞ്ഞുകിട്ടിയത് 30,921.51 കോടി രൂപയാണ്. കേരളത്തിലെ സാമ്പത്തിക ക്രൈസിസ് എന്തുകൊണ്ട് ഇങ്ങനെയായി? എവിടെയൊക്കെയാണ് സ്റ്റേ കൊടുത്തിട്ടുള്ളത്; എന്തുകൊണ്ടാണ് പ്രതീക്ഷിച്ച വരുമാനം കിട്ടാത്തത്; എങ്ങനെയാണ് ചെലവ് കൂടുന്നത്; ചെലവ് എത്ര കുറയ്ക്കാൻ ശ്രമിച്ചിട്ടും കുറയ്ക്കാൻ പറ്റാത്തത് എന്തുകൊണ്ടാണ്? ഇത് മാണിസാറിന്റെ കുറ്റം മാത്രമല്ല, യു.ഡി.എഫ്. എടുക്കുന്ന നയത്തിന്റെ പ്രശ്നമുണ്ട്; കേരളത്തിലെ പൊതു സമൂഹത്തോട് പ്രകടിപ്പിക്കുന്ന സമീപനത്തിന്റെ പ്രശ്നമുണ്ട്. ആ സമീപനത്തിന്റെ

ഏറ്റവും പ്രധാനപ്പെട്ട കാര്യം കേരളത്തിലെ കെ.എസ്.ആർ.ടി.സി.-യിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പെൻഷന്റെ കാര്യമാണ്. നിങ്ങൾക്ക് ആ സ്ഥാപനത്തിനോട് എന്ത് അഭിപ്രായമാണുള്ളത്; അക്കാര്യത്തിൽ മാണിസാറിനും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും രണ്ട് അഭിപ്രായമാണെന്നുള്ളത് എല്ലാവർക്കുമറിയാവുന്നതാണ്. പെൻഷൻ ബാധ്യത ഗവൺമെന്റ് ഏറ്റെടുക്കണമെന്നാണ് ഈ സഭയും ആഗ്രഹിക്കുന്നത്. എന്തുകൊണ്ട് അത് ഏറ്റെടുക്കാൻ സാധിക്കുന്നില്ല? യു.ഡി.എഫ്. ഈ വിഷയങ്ങളൊന്നുമല്ല ചർച്ച ചെയ്യുന്നത്. കേരളത്തിൽ യു.ഡി.എഫ്. യോഗം കൂടി, കേരളത്തിന്റെ തനതായ വികസനത്തിന്റെ പ്രതിസന്ധിയുടെ, സാമ്പത്തിക പ്രതിസന്ധിയുടെ, രാഷ്ട്രീയ പ്രതിസന്ധിയുടെ, ഭരണസ്തംഭനത്തിലേയ്ക്ക് നീങ്ങുന്ന കാര്യങ്ങൾ ചർച്ച നടത്തിയിട്ട് എത്ര കാലമായി? എന്താണ് നിങ്ങൾ ചർച്ച നടത്തുന്നത്? പണ്ട് യേശുദേവൻ പറഞ്ഞത് നീതിക്കുവേണ്ടി ദാഹിക്കുന്നവനും നീതിക്കുവേണ്ടി വിശക്കുന്നവനും തൃപ്തിയുണ്ടാകുമെന്നാണ്. മാണിസാർ ഒരു വിശ്വാസിയാണ്; നിങ്ങളിൽ ഒരുപാട് പേർ വിശ്വാസിയാണ്; നിങ്ങൾ നീതിക്കുവേണ്ടി എവിടെയാണ് ദാഹിക്കുന്നത്; നീതിക്കുവേണ്ടി ദാഹിക്കുന്നുവെങ്കിൽ, നീതിക്കുവേണ്ടി വിശക്കുന്നുവെങ്കിൽ മാണിസാർ മാറിനിൽക്കണ്ടേ? ഞാൻ പറയുന്നത്, മാണിസാർ മാറിനിന്ന്

അന്വേഷണത്തെ നേരിടണം. അന്വേഷണത്തിൽ തെറ്റുചെയ്തിട്ടില്ലെന്ന് ബോധ്യപ്പെട്ടാൽ മാണിസാർ തിരിച്ചുവന്ന്, വേണ്ടിവന്നാൽ മുഖ്യമന്ത്രി കസേരയിൽ ഇരുന്നോട്ടെ. അക്കാര്യത്തിൽ ഞങ്ങൾക്ക് വിരോധമില്ല. ഇനി മാണിസാർ സർവ്വതായോഗ്യനാണെങ്കിൽ മുഖ്യമന്ത്രി കസേരിയിൽ തന്നെ ഇരുന്നോട്ടെ. മാണിസാറിനെപ്പോലെ 50 വർഷം നിയമസഭ പരിചയമുള്ള, കേരളത്തിൽ നിങ്ങൾ പറയുന്ന എല്ലാ അർത്ഥത്തിലും മൂപ്പനായ ഒരാൾ, കേരളത്തിൽ ഇങ്ങനെയൊരു ആരോപണത്തിന്റെ മുന്നിൽ നിൽക്കുമ്പോൾ... നിങ്ങൾ ജവർഹർലാൽ നെഹ്റുവിനെ ആലോചിക്കു, നിങ്ങൾ പോയ കാലത്തെ കോൺഗ്രസ്സ് ഭരണത്തെ ആലോചിക്കു, അക്കാലത്ത് ചെറിയ അഴിമതിയുടെ പേരിൽ വലിയ മന്ത്രിമാർ മാറിനിന്നിട്ടുണ്ട്. മാറിനിന്ന ചിലർ തിരിച്ചുവന്നിട്ടുമുണ്ട്. ജവർഹർലാൽ നെഹ്റു തന്നെ ഒരിക്കൽ കാമരാജ് റിപ്പോർട്ടുമായി ബന്ധപ്പെട്ട് മാറിനിന്ന് പാർട്ടി പ്രവർത്തനത്തിന് പോകാമെന്ന് പറഞ്ഞിട്ടുണ്ട്. അദ്ദേഹം മാറണ്ടെന്നുപറഞ്ഞത് പാർട്ടി തന്നെയാണ്. ഞാൻ പറയുന്നത് എന്തുകൊണ്ടാണ് നിങ്ങൾക്ക് അതൊന്നും ആലോചനയിൽ വരുന്നില്ല? നിങ്ങൾ അങ്ങോട്ടുചോദിക്കുമ്പോൾ പറയുന്നത് ഒരു സീറ്റ് വാദവുമായി ബന്ധപ്പെട്ടാണ്. സീറ്റുവാദവുമായി ബന്ധപ്പെട്ട് കേരളത്തിൽ ഒരു പാർട്ടി ജനാധിപത്യപരമായ നടപടിക്രമങ്ങളിൽ തെറ്റ് വന്നിട്ടുണ്ടോയെന്ന്

പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലപാടെടുത്തു. ഇക്കാര്യങ്ങൾ കോൺഗ്രസ്സിന് എപ്പോഴെങ്കിലും ആലോചിക്കാനും ചിന്തിക്കാനും സാധിക്കുമോ? ഞാൻ പറയുന്നത്, നിങ്ങൾ ഞങ്ങളുടെ ധാർമ്മികതയെ ചോദ്യം ചെയ്യുമ്പോൾ നിങ്ങൾ ചെളിയിൽ മുങ്ങിനിന്ന് കാലിന്റെ തള്ളവിരലിൽ ചെളിയുള്ള ഒരു സംവിധാനത്തെ എതിർത്ത് ചോദ്യം ചെയ്താൽ നിങ്ങൾ നിങ്ങളെത്തന്നെ ചോദ്യം ചെയ്യുകയാണ്. മുസ്ലീംലീഗുകാരോട് ഞാൻ പറയുന്നു, നിയമസഭയിലെ 10 സീറ്റിനെക്കാൾ ലീഗിന്റെ അഭിപ്രായത്തിലും മുസ്ലീങ്ങളുടെ അഭിപ്രായത്തിലും ഞാൻ മനസ്സിലാക്കുന്നത് പാർലമെന്റിലെ 10 സീറ്റാണെന്നാണ്. പാർലമെന്റിന്റെ ചരിത്രത്തിലേറ്റവും കുറവ് മുസ്ലീം പ്രാതിനിധ്യമുള്ളത് ഇപ്പോഴാണ്. അത് എന്തുകൊണ്ടെന്നുള്ളതും എങ്ങനെയാണെന്നുള്ളതും നിങ്ങൾ ആലോചിക്കേണ്ടതാണ്. അതിനുപരിഹാരമായി, ഇന്ത്യയിലെ ഇടതുമതേതര ജനാധിപത്യ പ്രസ്ഥാനങ്ങളുമായി കൂടിച്ചേർന്ന്, ഇന്നത്തെ സങ്കീർണ്ണമായ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഒരു വഴിതുറക്കുന്നതെങ്ങനെയെന്ന് നിങ്ങൾ ആലോചിക്കണം. അത് ആലോചിക്കാതെ നിങ്ങൾ ഞങ്ങൾക്കെതിരെ വല്ലതും ആലോചിക്കുന്നതുകൊണ്ട് നിങ്ങൾക്ക് തൃപ്തികിട്ടുമെങ്കിൽ നല്ലതാണ്. മോഹമില്ലെങ്കിൽ മോക്ഷം കിട്ടുമെന്ന് ബുദ്ധൻ പറഞ്ഞിട്ടുണ്ട്. നിങ്ങൾക്ക് അധികമോഹം ഇന്ത്യൻ രാഷ്ട്രീയത്തിലില്ലെങ്കിൽ

കേരളത്തിൽത്തന്നെ മോക്ഷം കിട്ടുമെങ്കിൽ കിട്ടികോട്ടെ. പക്ഷേ ഇന്ത്യയാണ് നിങ്ങളുടെ വലിയ വിശാലമായ കാഴ്ചപ്പാടെങ്കിൽ, മോക്ഷം കിട്ടണമെങ്കിൽ കുറച്ച് മോഹം വേണം. ഇത്തരം കാര്യങ്ങളൊക്കെ ചിന്തിച്ച് മുന്നോട്ടുപോകാൻ ശ്രദ്ധിച്ചാൽ മാത്രമേ ഇന്ത്യൻ മതേതരത്വത്തിനും ഇന്ത്യൻ ജനാധിപത്യത്തിനും ഭാവിയുണ്ടാവുകയുള്ളൂ. ഞങ്ങൾ ഇല്ലാത്തിടത്ത് ബി.ജെ.പി. ജയിച്ചത് ഞങ്ങളുടെ കുറ്റം കൊണ്ടാണെന്ന് പറഞ്ഞാൽ അതൊരു വലിയ സാഹസികതയാണ്. യു.പി.-യിൽ കോൺഗ്രസ്സ് രണ്ടായത് ഞങ്ങളുടെ കുറ്റം കൊണ്ടാണോ? യു.പി.-യിൽ കോൺഗ്രസ്സിൽ ജയിച്ചത് ആകെ രണ്ടുപേരാണ്. അത് സോണിയാഗാന്ധിയും രാഹുൽഗാന്ധിയുമാണ്; സോണിയാന്ധി നന്നായി ജയിച്ചു, രാഹുൽഗാന്ധി അരുത്തിപ്പൊരുത്തി ജയിച്ചു. 71 സീറ്റിൽ ബി.ജെ.പി.-യും രണ്ട് ബി.ജെ.പി. സഖ്യകക്ഷികളും ജയിച്ചു. ഈ സംവിധാനം രാജ്യത്ത് എങ്ങനെയാണ് ഉണ്ടായത്? യു.പി. സംസ്ഥാനം ഒരിക്കലും ഞങ്ങളുടെ തട്ടകമായിരുന്നില്ല, കോൺഗ്രസ്സിന്റെ തട്ടകമായിരുന്നു. ഒരുകാലത്ത് യു.പി.-യിൽ ജനിക്കുന്നവർ വോട്ടറായാൽ കോൺഗ്രസ്സിനുവേണ്ടി, നെഹ്റുവിനുവേണ്ടി വോട്ടു ചെയ്യാൻ നിർബന്ധിതമായി, ഏതാണ്ട് കൽപ്പിക്കപ്പെട്ട ഉത്തരവാദിത്വംപോലെ കൊണ്ടുനടന്ന് എങ്ങനെയാണ് പരാജയപ്പെട്ടത്? ഗാന്ധിജി പറഞ്ഞിട്ടുള്ളത് അവസാനം നിൽക്കുന്നവനെ ആദ്യം

പരിഗണിക്കുക എന്നാണ്. അങ്ങനെയാണെങ്കിൽ അട്ടപ്പാടിയിൽ ശിശുമരണം ഉണ്ടാകാൻ പാടില്ല. അട്ടപ്പാടിയുടെ മിനിസ്റ്റർ ഇവിടെ ഇരിപ്പുണ്ട്. പോഷകാഹാരക്കുറവ് കൊണ്ട് 63 കുട്ടികൾ മരിച്ചെന്നാണ് ഔദ്യോഗിക കണക്ക്; അതിലേറെയാണെന്നാണ് ശരിയായ കണക്ക്. എന്തുകൊണ്ടാണ് പോഷകാഹാരക്കുറവുകൊണ്ട് ഇത്രയേറെ കുട്ടികൾ അട്ടപ്പാടിയിൽ മരിക്കുന്നത്? മഹാത്മാഗാന്ധിയുടെ നാട്ടിൽ ഇത്രയേറെ കർഷകർ ആത്മഹത്യ ചെയ്യുന്നത് എന്തുകൊണ്ടാണ്? കുട്ടനാട് പാക്കേജ് നടപ്പാക്കാൻ പറ്റാത്തത് എന്തുകൊണ്ടാണ്? കോർപ്പറേഷനുകളുടെ ലാഭം കുറയുന്നത് എന്തുകൊണ്ടാണ്? എവിടെയും അഴിമതി വരുന്നത് എന്തുകൊണ്ടാണ്? അവസാനം യു.ഡി.എഫ്.-ന് മദ്യത്തിനുചുറ്റും നിങ്ങൾക്ക് നിൽക്കാം. പക്ഷേ നിങ്ങൾ നിന്നാൽ അധികം ബോധമുണ്ടാകില്ല. നിങ്ങളുടെ തർക്കം കൊണ്ടുതന്നെ കേരളത്തിൽ ഒരുപാട് രാഷ്ട്രീയത്തിന്റെ ധാർമ്മികത കെട്ടുപോയിട്ടുണ്ട്. നിങ്ങൾ ഇക്കാര്യത്തിൽ ശരിയായ ഒരു നിലപാട് സ്വീകരിക്കണം. കേരളത്തിന്റെ മനുഷ്യന്റെ മുമ്പിൽ, കേരളത്തിന്റെ ഭാവിക്കുവേണ്ടി, കേരളത്തിന്റെ സമ്പന്നമായ വികസനത്തിനുവേണ്ടി, ദാരിദ്ര്യമില്ലാത്ത കേരളത്തിനുവേണ്ടി, ഏത് പാവപ്പെട്ടവന്റെ കയ്യിലും അത്താഴത്തിനുമുട്ടില്ലാതെ കയ്യിൽപണം കിട്ടാൻ വേണ്ടി ഒരു സംവിധാനമൊരുക്കാൻ, ആ സംവിധാനം ചർച്ച

ചെയ്യാം. നിങ്ങൾക്ക് അത്തരം കാര്യങ്ങളിൽ ഏതെങ്കിലും പ്രത്യേകതയുണ്ടെങ്കിൽ നിയമസഭയിൽ ചർച്ചയ്ക്ക് കൊണ്ടുവരണം. നിങ്ങൾ മദ്യത്തിന്റെ ഒരു പാക്കേജ് ചർച്ചയ്ക്ക് കൊണ്ടുവരണം. നടപ്പാക്കുന്ന പാക്കേജ് മദ്യ നിരോധനമാണോ, മദ്യവർജ്ജനമാണോ ഏതാണെന്നുള്ളത് സഭ ചർച്ച ചെയ്യട്ടെ. അതിൽ കേരളത്തിലെ പ്രതിപക്ഷം പ്രതിപക്ഷത്തിന്റെ അഭിപ്രായം പറയും. കേരളത്തിലെ സമൂഹത്തിനുമുമ്പിൽ, അക്കാഡമിക് സമൂഹത്തിനുമുമ്പിൽ, രാഷ്ട്രീയസമൂഹത്തിനുമുമ്പിൽ, തൊഴിലാളികളുടെ സമൂഹത്തിനുമുമ്പിൽ ചർച്ചയ്ക്ക് വയ്ക്കൂ. ഇതൊന്നുമില്ലാതെ ഇപ്പുറത്തിരിക്കുന്നവർക്കെതിരെ ഒരു ആരോപണമുന്നയിച്ച് നിങ്ങൾക്ക് രക്ഷപ്പെടാമെന്ന് വച്ചാൽ മാണിസാറിനും യു.ഡി.എഫ്.-നും രക്ഷപ്പെടാൻ കഴിയില്ല. ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബ് പറഞ്ഞത് ഒരു അറംപറ്റുന്ന വാക്ക് എന്നൊന്നും ഞാൻ പറയുന്നില്ല, മരണമണിയിലേയ്ക്ക് സഞ്ചരിക്കുന്ന പാതയിൽ നിങ്ങൾ വലതുകാൽ വച്ച് ഇറങ്ങിതുടങ്ങിയിട്ട് ഒരുപാട് ദിവസങ്ങളായി, അഴിമതിയിൽ നിങ്ങളുടെ മുഖത്തുവീണ ചെളി കഴുകികളയാനുള്ള ഉത്തരവാദിത്തം നിങ്ങൾക്കാണ്, അല്ലെങ്കിൽ കേരള സമൂഹം നിങ്ങളെ ഒരു പെരുവെള്ളപ്പാച്ചിലിൽ ഒരുമിച്ച് ഒഴുകികളയുമെന്ന കാര്യം നിങ്ങൾ തിരിച്ചറിയുമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർത്തുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും സംബന്ധിച്ച പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്. അതിന് പ്രധാനമായ ഒരു കാരണം, ഒരു ഭരണകൂടത്തെ ജനങ്ങൾ വിശ്വസിക്കുമ്പോഴാണ് ആ ഭരണകൂടവുമായി ജനങ്ങൾക്ക് സഹകരിക്കാൻ കഴിയുന്നത്. എന്നാൽ ഇവിടെ ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിനെ ജനങ്ങൾ വിശ്വസിക്കുന്നില്ല. വിശ്വസിക്കാതിരിക്കാൻ കാരണം ശ്രീ. സണ്ണി ജോസഫും ശ്രീ. സി. മോയിൻകുട്ടിയും പറഞ്ഞതുപോലെ പ്രതിപക്ഷം പറഞ്ഞതുകൊണ്ടല്ല, ഭരണകക്ഷിതന്നെ കഴിഞ്ഞ മൂന്നര വർഷമായി പരസ്പരം ഉന്നയിച്ചുകൊണ്ടിരിക്കുന്ന ആരോപണ-പ്രത്യാരോപണങ്ങളുടെയും വാദ-വിവാദങ്ങളുടെയും അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് ഭരിക്കാൻ കൊള്ളാവുന്ന ഗവൺമെന്റല്ല എന്ന് ജനങ്ങൾ വിലയിരുത്തിയതുകൊണ്ടാണ്. അങ്ങനെയുള്ള ഒരു ഗവൺമെന്റിന് സാമ്പത്തികമായ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ അനുവാദം കൊടുക്കുന്നത് അധാർമ്മികമാണ് എന്നതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. ഭരണ കക്ഷിയിലെ ശ്രീ. സണ്ണി ജോസഫും ശ്രീ. സി. മോയിൻകുട്ടിയും സംസാരിച്ചപ്പോൾ എനിക്ക് തോന്നിയത് ഇവിടെ അവതരിപ്പിച്ച പ്രമേയം പ്രതിപക്ഷത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച ഒരു റിപ്പോർട്ടിനെ

സംബന്ധിച്ചാണ് എന്നാണ്. കാരണം പ്രതിപക്ഷത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചാണ് ഇവിടെ അവർ വിശദീകരിച്ചത്, അത് സംബന്ധിച്ചാണ് അവർക്ക് സംശയം തോന്നിയിട്ടുള്ളത്. ഇവിടെ ഏറ്റവും ഒടുവിൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിക്കെതിരെ ആരോപണം ഉന്നയിച്ചിരിക്കുകയാണ്. ഞാൻ ഭരണകക്ഷിയിൽപ്പെട്ടവരോട് സംശയം ചോദിക്കുകയാണ്, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഞങ്ങളിൽപ്പെട്ട ആരെങ്കിലും ഈ ഗവൺമെന്റിനെതിരെ അഴിമതിയാരോപണം ഉന്നയിച്ചിട്ടുണ്ടോ? ഈ സഭയിൽ ഭരണകക്ഷിയിലെതന്നെ അംഗമായ ശ്രീ. കെ. ബി. ഗണേഷ് കുമാറാണ് അഴിമതിയാരോപണമുന്നയിച്ചത്. ശ്രീ. കെ. ബി. ഗണേഷ് കുമാർ അഴിമതിയാരോപണം ഉന്നയിക്കുമ്പോൾ പ്രതിപക്ഷത്തുള്ളവരാണോ അതിനെ എതിർത്ത് താങ്കൾ പറഞ്ഞത് ശരിയല്ലെന്ന് പറയേണ്ടത്. ബഹുമാനപ്പെട്ട അംഗങ്ങൾ പറയുന്നത് കേട്ടാൽ ഞങ്ങൾ കെ. ബി. ഗണേഷ് കുമാറിനെ തിരുത്തണമായിരുന്നു എന്നാണ് തോന്നുന്നത്. ശ്രീ. ബിജു രമേശാണ് ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ ആരോപണമുന്നയിച്ചത്. അദ്ദേഹം ബാർ ഉടമയും അബ്കാരി കോൺട്രാക്ടറുമാണ്. ശ്രീ. ബിജു രമേശ് ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ അഴിമതിയാരോണമുന്നിയിച്ചപ്പോൾ ധനകാര്യ

വകുപ്പുമന്ത്രിയും കേരള കോൺഗ്രസും പറഞ്ഞത് ആരോപണമുന്നയിച്ച വ്യക്തിക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുമെന്നാണ്. ധനകാര്യ വകുപ്പുമന്ത്രിക്കെതിരെ അഴിമതിയാരോപണമുന്നയിച്ച ശ്രീ. ബിജു രമേശിനെതിരെ ശ്രീ. കെ. എം. മാണി സ്വീകരിച്ച നിയമനടപടികൾ ഇപ്പോൾ എവിടെ എത്തിനിൽക്കുന്നു എന്നറിയാൻ ഈ സഭയ്ക്ക് ആഗ്രഹമുണ്ട്. വക്കീൽ നോട്ടീസ് അയച്ചതിന് ശ്രീ. ബിജു രമേശ് 'ഞാൻ ഈ ആരോപണത്തിൽ ഉറച്ചുനിൽക്കുന്നു, ഇക്കാര്യത്തിൽ ഏതറ്റംവരെ പോകാനും ഞാൻ തയ്യാറാണ്, ഏതന്വേഷണത്തെയും നേരിടാൻ ഞാൻ തയ്യാറാണ് ' എന്ന മറുപടിയാണ് അയച്ചത്. ആ നോട്ടീസിന് ക്ഷമാപണം നടത്താതെ ആരോപണത്തിൽ ഉറച്ചുനിൽക്കുന്നു എന്ന വാദമുന്നയിച്ച വ്യക്തിക്കെതിരെ കർക്കശമായ നിയമനടപടികൾ സ്വീകരിക്കാൻ കേരള കോൺഗ്രസും ശ്രീ. കെ. എം. മാണിയും അറച്ചുനിൽക്കുന്നത് എന്തുകൊണ്ടാണ്? ഇത് സമൂഹത്തിന്റെ സംശയമല്ലേ; ഞങ്ങൾ പ്രതിപക്ഷത്തായതുകൊണ്ടുമാത്രം ഉന്നയിക്കുന്ന സംശയമാണോ? എന്തുകൊണ്ട് നിയമനടപടി സ്വീകരിക്കുന്നില്ല എന്ന് പറയേണ്ടത് നിങ്ങളാണ്. ഈ നിയമസഭയിൽ ഏറ്റവും കൂടുതൽ കാലം അംഗമായിട്ടുള്ള നേതാവാണ് ശ്രീ. കെ. എം. മാണി. അദ്ദേഹമാണ് സമൂഹത്തിന് മാതൃക കാണിക്കേണ്ടിയിരുന്നത്. ഒന്നും നഷ്ടപ്പെടാനോ ഒന്നും നേടാനോ അല്ല.

ശ്രീ. സി. കെ. നാണു ഇവിടെ ഉന്നയിച്ചതുപോലെ രാഷ്ട്രീയ ധാർമ്മികത ഉയർത്തിപ്പിടിക്കാനും കേരള സമൂഹത്തിന് ഒരു മാതൃകയാകാനും ഏറ്റവും കൂടുതൽ കഴിയുമായിരുന്നത് ശ്രീ. കെ. എം. മാണിക്കായിരുന്നു. അദ്ദേഹത്തിനെതിരെ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളെക്കുറിച്ച് അന്വേഷിച്ച് അഗ്നിശുദ്ധി വരുത്തി അദ്ദേഹം നിയമസഭയിൽ വരുന്നത് കാണാൻ കാത്തിരുന്നവരായിരുന്നു കേരളത്തിലെ ജനങ്ങൾ.

ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഗതാഗത വകുപ്പുമന്ത്രി പെട്രോൾ, ഡീസൽ വിലയിലുണ്ടായ ഇളവുപയോഗിച്ച് വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിച്ചതായി ശ്രീ. സി. മോയിൻകുട്ടി ഇവിടെ പറഞ്ഞു. ഞങ്ങളാരും അതിനെ പരിഹസിച്ചില്ല, പക്ഷേ ഞാനും ശ്രീ. സി. മോയിൻകുട്ടിയും ഉൾപ്പെടുന്ന കോഴിക്കോട്ടെയും മലപ്പുറത്തെയും കണ്ണൂരിലെയും വിദ്യാർത്ഥികൾക്ക് അത്തരത്തിലുള്ള ആനുകൂല്യം ലഭിക്കുന്നില്ലെന്ന കാര്യം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അതിനെ അദ്ദേഹം എങ്ങനെയാണ് കണ്ടതെന്ന് എനിക്കറിയില്ല. മലബാറിലെ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി.-യിൽ സൗജന്യയാത്ര അനുവദിക്കുന്നില്ല. 100 ശതമാനം സൗജന്യം അനുവദിച്ചില്ലെങ്കിലും കൺസഷനെങ്കിലും കൊടുക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്.

പ്രതിപക്ഷത്തുനിന്നാണ് പറഞ്ഞത് എന്നതുകൊണ്ടുമാത്രം അതിനെ അന്ധമായ രാഷ്ട്രീയ കാഴ്ചപ്പാടോടുകൂടി നോക്കിക്കാണുന്നത് ഭരണകക്ഷിയാണ്, പ്രതിപക്ഷമല്ല. പ്രതിപക്ഷം ഇപ്പോഴും ആഗ്രഹിക്കുന്നത് ധാർമ്മികത ഉയർത്തിപ്പിടിക്കുന്ന ഒരു രാഷ്ട്രീയ സംസ്കാരത്തിന്റെ വേദിയാക്കി ഈ നിയമസഭയെ മാറ്റണമെങ്കിൽ ശ്രീ. കെ. എം. മാണി രാജി വച്ച് അന്വേഷണത്തെ നേരിടണമെന്നും അദ്ദേഹം കുറ്റവിമുക്തനായി തിരിച്ചുവരാനുള്ള സാഹചര്യം ഭരണകക്ഷിക്കാർ ഒരുക്കിക്കൊടുക്കണമെന്നുമാണ്. അങ്ങനെ ആരോപണ വിധേയനായ ഒരു ധനകാര്യ വകുപ്പുമന്ത്രിയാണ് ധനകാര്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് എന്നുള്ളതുകൊണ്ടുകൂടി ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. ജോസഫ് വാഴക്കൻ:</u> സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. കേരളത്തിൽ സ്വപ്ന പദ്ധതികൾ ഓരോന്ന് ആരംഭിച്ച് അതൊക്കെ പൂർത്തിയാക്കാൻ കഴിയുന്ന തരത്തിൽ വികസന രംഗത്ത് അത്ഭുതകരമായ മുന്നേറ്റത്തിന് നേതൃത്വം കൊടുത്ത സർക്കാർ എന്നുള്ള നിലയിൽ സ്വാഭാവികമായും ആ സർക്കാരിന്റെ വികസന പ്രവർത്തനങ്ങളും ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഉപധനാഭ്യർത്ഥനകൾ വരുമ്പോൾ അത്

അംഗീകരിച്ചുകൊടുക്കുക എന്നത് സാമാന്യമായ മര്യാദയാണ്. നമ്മുടെ പദ്ധതികൾ - കൊച്ചി മെട്രോ ഇത്രയും വേഗം നടപ്പാക്കാൻ കഴിയുമെന്ന് ആരെങ്കിലും പ്രതീക്ഷിച്ചിരുന്നോ? ഈ ഗവൺമെന്റ് കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് കൊച്ചിയിലെ ട്രാക്കിലൂടെ ട്രെയിൻ ഓടാൻ തുടങ്ങും. കണ്ണൂർ വിമാനത്താവളം - ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് കണ്ണൂർ വിമാനത്താവളത്തിന്റെ പണി ആരംഭിച്ചത്. നേരത്തെ ഇതുസംബന്ധിച്ച ചില ആലോചനകൾ മാത്രമാണ് നടന്നത്. 2016-ൽ ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാകുന്നതിനുമുമ്പ് അവിടെ ആദ്യത്തെ വിമാനമിറങ്ങുന്ന അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. അതുപോലെ സ്മാർട്ട് സിറ്റി - ബഹുമാനപ്പെട്ട വി.എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അതിനുമുകളിൽ അടയിരുന്നതാണ്. ഈ ഗവൺമെന്റ് സ്മാർട്ട് സിറ്റി പ്രാവർത്തികമാക്കുന്നു. 2016-നുമുമ്പ് 50000 കുട്ടികളെങ്കിലും അവിടെ ജോലി ചെയ്യുത്തക്കവിധത്തിൽ ആ പദ്ധതിയുടെ പ്രവർത്തനങ്ങൾ അതിവേഗം നടന്നുകൊണ്ടിരിക്കുകയാണ്. വിഴിഞ്ഞമുൾപ്പെടെയുള്ള നമ്മുടെ സ്വപ്ന പദ്ധതികൾ ഓരോന്നായി പ്രാവർത്തികമാക്കുന്നതിനായി ഈ ഗവൺമെന്റ് അതിവേഗത്തിൽ കാര്യങ്ങൾ ചെയ്തുകൊണ്ട് മുന്നോട്ട് പോവുകയാണ്.

ഈ ഗവൺമെന്റിന്റെ കാലത്ത്, കഴിഞ്ഞ മൂന്നര വർഷത്തിനിടയിൽ എത്രയോ തസ്തികളാണ് സൃഷ്ടിച്ചിരിക്കുന്നത്. കേരളത്തിലെ ആശുപത്രികളിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഡോക്ടർമാരും നഴ്സുമാരും അറ്റൻഡർമാരും ഉണ്ടായിരുന്നില്ല. മിക്കവാറും ആശുപത്രികളിൽ തസ്തികകൾ നികത്തിയെന്ന് മാത്രമല്ല, നൂറുകണക്കിന് പുതിയ തസ്തികകൾ സൃഷ്ടിക്കുകയുമുണ്ടായി. അദ്ധ്യാപകർ ഇല്ലായിരുന്ന വിദ്യാലയങ്ങളിൽ മുഴുവൻ അദ്ധ്യാപകരെ നിയമിച്ചുവെന്ന് മാത്രമല്ല, പലർക്കും ശമ്പളം ഫിക്സ് ചെയ്ത്, ശമ്പളം കൊടുക്കുന്ന അവസ്ഥയിലേയ്ക്കെത്തി. അത് ഈ ഗവൺമെന്റിന്റെ നേട്ടങ്ങളിൽ ഒന്നാണ്. പോലീസിൽ എത്രയോ തസ്തികകൾ സൃഷ്ടിച്ച് പോസ്റ്റിംഗ് നടത്തിയിട്ടുണ്ട്. പുതിയ എസ്.ഐ. ബാച്ചിന്റെ ട്രെയിനിംഗ് നടന്നുവരികയാണ്. കെ.എസ്.ആർ.ടി.സി.-യിൽ എത്രയോ പോസ്റ്റിംഗ് നടന്നു. കേരളത്തിൽ എത്രയോ കോടതികൾ ആരംഭിക്കുകയും നികത്തപ്പെടാതെ കിടന്ന തസ്തികകൾ മുഴുവൻ നികത്തുകയും ചെയ്തു. ഓരോ മേഖലയിലും ഗവൺമെന്റ് ചെയ്തിട്ടുള്ള കാര്യങ്ങൾ വലുതാണ്. നേരത്തെ പി.ഡബ്ല്യു.ഡി.-യെ കുറിച്ച് സൂചിപ്പിച്ചു. പി.ഡബ്ല്യു.ഡി. ബഡ്ജറ്റ് അലോക്കേഷന്റെ മുന്നൂറിരട്ടിയാണ് ചെലവഴിച്ചത്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ യാത്ര ചെയ്യുന്നവർക്ക് മനോഹരമായ റോഡുകളെക്കുറിച്ചറിയാം. ആ വകുപ്പിൽ

കഴിഞ്ഞ മൂന്നര വർഷംകൊണ്ട് അത്ഭുതങ്ങൾ തന്നെയാണ് നടത്തിയിട്ടുള്ളത്. ഓരോ മേഖലകളെക്കുറിച്ച് പറയുകയാണെങ്കിൽ കാർഷിക മേഖല വലിയ മുന്നേറ്റങ്ങൾ നടത്തിയിട്ടുണ്ട്. 'ഹരിതഗ്രാമം' പദ്ധതിയിലൂടെ പച്ചക്കറിയുടെ കാര്യത്തിൽ അതിവേഗം സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതൊക്കെ ചെയ്തിട്ടുള്ള ഒരു ഗവൺമെന്റിനെതിരെ വിലകുറഞ്ഞ ആരോപണങ്ങളുമായി വന്ന് വെറുതെ സമയം കളയുന്ന കേരളത്തിലെ പ്രതിപക്ഷത്തെക്കുറിച്ച് ഓർക്കുമ്പോൾ ദു:ഖമുണ്ട്. ഇവിടെ ധാരാളം സമരങ്ങൾ നടത്തി. എല്ലാവരും പറഞ്ഞതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് കൂടുതൽ പറയാനാഗ്രഹിക്കുന്നില്ല. കുറേക്കാലം സരിതാസമരമായിരുന്നു. അവസാനം എന്താണ് വിഷയമെന്ന് പറഞ്ഞവർക്കുപോലും അറിയാൻ സാധിക്കാതെ വന്നു. തട്ടിപ്പുനടത്തിയ ആ സ്ത്രീ സിനിമയിലും വാട്ട്സ്-അപ്പിലും ഇപ്പോൾ വിവിധ റോളുകളിൽ അഭിനയിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ യഥാർത്ഥ വിഷയം എന്താണെന്ന് ആർക്കുമറിയില്ല. എല്ലാ സഖാക്കന്മാരുടെയും ഭാര്യമാർ റോഡിൽ അടുപ്പുകൂട്ടി സമരം നടത്തി. എന്തിനാണ് ആ സമരം നടത്തിയതെന്ന് ആർക്കുമറിയില്ല. സെക്രട്ടേറിയറ്റ് വളഞ്ഞ് ഗവൺമെന്റിനെ താഴെയിറക്കാൻ സമരം ചെയ്തു. 24 മണിക്കൂർ കൊണ്ട് അതും അവസാനിപ്പിച്ചു. ഇന്നലെ അസംബ്ലി പിടിച്ചെടുക്കാൻ വന്നു. അവരും എവിടെ

പോയെന്ന് അറിയില്ല. ഇതുപോലുള്ള ഓരോ തട്ടിപ്പുകളും സമരങ്ങളുമായി നടക്കുന്നതല്ലാതെ കേരളത്തിലെ ജനങ്ങളുടെ മനസ്സിനെ, ഒരൽപ്പമെങ്കിലും സ്വാധീനിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? അങ്ങനെ സ്വാധീനിക്കാൻ കഴിയാത്തതുകൊണ്ടാണ് കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഐക്യ ജനാധിപത്യ മുന്നണിക്ക് നല്ല മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞത്. ദേശീയ തലത്തിൽ യു.പി.എ.-ക്ക് വലിയ പരാജയമുണ്ടായപ്പോഴും കേരളത്തിൽ ഭരിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റിന് വിജയമുണ്ടായി. Anti incumbency factor-കൾ കാരണം പലപ്പോഴും ഭരിക്കുന്ന പാർട്ടിക്കെതിരെ വിധി വരുന്ന സ്വഭാവമാണ് കേരളത്തിൽ കാണുന്നത്. അങ്ങനെ 2004-ൽ സംഭവിച്ചിട്ടുണ്ട്. 2009-ൽ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് പാടെ തകർന്നതാണ്. അങ്ങനെയുള്ള സ്ഥലത്ത് 2014-ൽ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യമുന്നണി വലിയ മുന്നേറ്റം നടത്തിയത് വെറുതെയല്ല. ഒരു ഗവൺമെന്റിന്റെ ഇച്ഛാശക്തിയുടെ വിജയമായിരുന്നു അത്. കേരളത്തിലെ ജനങ്ങൾക്ക് വേണ്ടി ചെയ്തിട്ടുള്ള കാരുണ്യ ബെനവലന്റ് പദ്ധതിയെക്കുറിച്ച് ധാരാളമാളുകൾ പറഞ്ഞിട്ടുണ്ട്. കാരുണ്യ ബെനവലന്റ് പദ്ധതിക്ക് തുല്യമായി മറ്റൊരു പദ്ധതി ഇന്ത്യയുടെ ചരിത്രത്തിൽ ഏതെങ്കിലും സംസ്ഥാനത്ത് ഏതെങ്കിലും ഗവൺമെന്റ് കൊണ്ടുവന്നിട്ടുണ്ടോ; കഴിഞ്ഞ

കാലഘട്ടത്തിൽ 50,000 കോടി രൂപ സാന്റിയാഗോ മാർട്ടിനെ പോലുള്ള ആളുകൾ കൊണ്ടുപോയിക്കൊണ്ടിരുന്നതാണ്. അത് ഇവിടെ നിർത്തി, കേരള ഗവൺമെന്റ് ലോട്ടറി ആരംഭിച്ച് അതിൽ കിട്ടുന്ന ലാഭമുപയോഗിച്ച് നാട്ടിലെ പാവപ്പെട്ടവർക്ക് മൂന്ന് ലക്ഷം രൂപവരെ ചികിത്സാ സഹായം നൽകുന്നു. ഇവിടെ ട്രീറ്റ്മെന്റിന് ആഗ്രഹിക്കുന്ന ഏതൊരാൾക്കും ഏത് ആശുപത്രിയിലും ആഗ്രഹിക്കുന്ന ഡോക്ടർമാരെ കാണാനുള്ള അവസരമൊരുക്കിക്കൊടുത്തത് ഈ ഗവൺമെന്റ് ചെയ്ത ഏറ്റവും വലിയ കാര്യം തന്നെയാണ്. ശ്രീ. ഇ. പി. ജയരാജൻ ഉൾപ്പെടെയുള്ളവർ ഗവൺമെന്റിനെക്കുറിച്ച് അധികമൊന്നും പറയാനില്ലാത്തതുകൊണ്ട് ഒന്നും പറഞ്ഞിട്ടില്ല. അടുത്ത ദിവസങ്ങളിൽ നടന്നിട്ടുള്ള കാര്യങ്ങളെക്കുറിച്ച് മാത്രമാണ് പലരും പറഞ്ഞിട്ടുള്ളത്. ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ നടക്കുന്ന വർഗ്ഗീയ ധ്രുവീകരണത്തെക്കുറിച്ച് ശ്രീ. ഇ.പി. ജയരാജൻ സംസാരിക്കുകയുണ്ടായി. തീർച്ചയായും അദ്ദേഹം പറഞ്ഞ അഭിപ്രായങ്ങളോട് ഞാൻ യോജിക്കുന്നു. കാരണം ഇന്ത്യയിലെ ജനങ്ങളെ രാമസന്തതികളെന്നും ജാരസന്തതികളെന്നും രണ്ടായിട്ടാണ് ശ്രീ. മോദിയും കൂട്ടകാരം കണ്ടുകൊണ്ടിരിക്കുന്നത്. അത്തരം കാര്യങ്ങൾ സംബന്ധിച്ച് ഇന്ത്യൻ പാർലമെന്റിൽ പ്രക്ഷുബ്ധമായ രംഗങ്ങൾ ഉണ്ടായി. ഇതൊക്കെ ഇന്ത്യയിലെ ജനങ്ങളുടെ മനസ്സിൽ ഭീതി ഉണ്ടാക്കുന്നുണ്ട്. ശ്രീ. നരേന്ദ്ര

മോഡിയുടെ അഞ്ച് വർഷത്തെ ഭരണം കഴിയുമ്പോൾ നമ്മുടെ രാജ്യം ഈ രൂപത്തിൽ തന്നെ അവശേഷിക്കുമോയെന്ന് സംശയിക്കേണ്ട രൂപത്തിലേയ്ക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. അയോധ്യയിൽ ഇപ്പോൾ രാമക്ഷേത്രം പണിയണമെന്നാണ് ഒരു ഗവർണ്ണർ പറഞ്ഞത്. ഗോഡ്സെ മഹാനാണെന്നാണ് മറ്റൊരു എം.പി. പറഞ്ഞത്. ഇത്തരത്തിലുള്ള കാര്യങ്ങളാണ് നമ്മുടെ രാജ്യത്ത് നടക്കുന്നത്. ശ്രീ. ഇ. പി. ജയരാജന്റെ പ്രസംഗം, ശ്രീ. നരേന്ദ്ര മോദിയുടെ മറ്റൊരു രൂപമായാണ് എനിക്ക് തോന്നിയത്. ശ്രീ. മോദി ഒരു തരത്തിലുള്ള വർഗ്ഗീയ ധ്രുവീകരണം നടത്താൻ ശ്രമിക്കുമ്പോൾ ശ്രീ. ഇ. പി. ജയരാജൻ മറ്റൊരു വർഗ്ഗീയ ധ്രുവീകരണത്തിനാണ് ശ്രമിക്കുന്നത്. ശ്രീ. ഇ. പി. ജയരാജന്റെ ചോദ്യങ്ങളൊക്കെ മുസ്ലീംലീഗുകാരോടാണ്. 2005-ലാണ് പ്രവീൺ തൊഗാഡിയായുടെ പേരിൽ കേസ്സുണ്ടായതാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രി ആയിരുന്ന ഗവൺമെന്റ് ഇറങ്ങിപ്പോകുന്നതുവരെ ആ കേസ്സിൽ ചാർജ് ഷീറ്റ് കൊടുത്തില്ല. ചാർജ് ഷീറ്റ് കൊടുക്കാത്തതിന്റെ പേരിൽ കോടതിയാണ് ആ കേസ് പിൻവലിച്ചത്, ഞങ്ങളാരുമല്ല. ഇതൊക്കെ വരുമ്പോഴാണ് ലീഗുകാരോട് എം.ജി. കോളേജിന്റെ കാര്യം ചോദിക്കുന്നത്. എം.ജി. കോളേജും ലീഗുമായി എന്ത് ബന്ധമാണുള്ളത്. ഇത്തരത്തിൽ പറയുന്നത് ക്രിമിനൽ ആക്ടിവിറ്റിയാണ്. ശ്രീ.

മോദിയുടെ അതേ സ്വഭാവമാണ് ശ്രീ. ഇ. പി. ജയരാജനും കാണിക്കുന്നത്. ഇതൊക്കെ വളരെ വിലകുറഞ്ഞതും കേരളത്തിൽ ധാരാളം ആളുകൾ പയറ്റിയതും ചെലവാകാത്തതുമായ കാര്യങ്ങളാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ലീഗുകാർ ആരും സഭയിൽ ഇല്ലാത്ത സമയത്ത് ലീഗുകാരെക്കുറിച്ച് പറയുന്നത് ശരിയാണോ?

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഞങ്ങൾ ലീഗുകാരുണ്ടോ, ബി.ജെ.പി.-ക്കാരുണ്ടോ എന്ന് നോക്കി സംസാരിക്കുന്നവരല്ല. ജയകൃഷ്ണൻ മാസ്റ്ററുടെ കൊലപാതക കേസ്സിലെ പ്രതിയുടെ കാര്യം അറിയാമോ? കണ്ണൂർ ജയിലിൽ ഒരു സഖാവിനെ ആർ.എസ്.എസ്.-കാർ തല്ലിക്കൊന്നു. ആ ആർ.എസ്.എസ്.-കാരനായ പ്രതിയെയും ജയകൃഷ്ണൻ മാസ്റ്ററുടെ കൊലപാതക കേസ്സിലെ പ്രതിയെയും കൂട്ടിയോജിപ്പിച്ച് വർത്തമാനം പറഞ്ഞ്, അഡ്ജസ്റ്റ് ചെയ്ത് 2-ാം വർഷം ഇറക്കിവിട്ടില്ലേ. അതാണ് നിങ്ങളുടെ അഡ്ജസ്റ്റ്മെന്റ്, നമ്മുടെ കാര്യമതല്ല. ബി.ജെ.പി.-ക്കാരാണ് ഏറ്റവും നാണംകെട്ട നിലയിൽ ചെയ്തിട്ടുള്ളത്. ബി.ജെ.പി.-യും ഇടതുപക്ഷവും ചേർന്ന് ഒരു സഖാവിനെയും ഒരു ബി.ജെ.പി. പ്രവർത്തനകനെയും അഡ്ജസ്റ്റ് ചെയ്ത് ഇറക്കിവിട്ടിട്ടാണ് ഇപ്പോൾ അഡ്ജസ്റ്റ്മെന്റിനെക്കുറിച്ച് പറയുന്നത്. മന്ത്രിപുത്രന്മാരുടെ പേരിലുള്ള കേസ്സുകൾ

പിൻവലിക്കാൻ തീരുമാനിച്ചപ്പോൾ കോടതി എത്ര തവണ തിരിച്ചയച്ചിട്ടുണ്ട്. അതുകൊണ്ട് അക്കാര്യത്തെക്കുറിച്ച് സംസാരിക്കാത്തതാണ് നല്ലത്. എന്തുകൊണ്ട് കേസ് അന്വേഷിക്കുന്നില്ലെന്ന് ചോദിച്ചു. ഈ ഗവൺമെന്റ് എത്ര സത്യസന്ധമായിട്ടാണ് പ്രവർത്തിക്കുന്നത്. ആരെന്ത് പറഞ്ഞുവെന്നറിയാതെ, വിജിലൻസ് അന്വേഷണം വേണമെന്ന് ശ്രീ. വി.എസ്. അച്ചുതാനന്ദൻ എഴുതിക്കൊടുത്തു. ഗവൺമെന്റ് അപ്പോൾ തന്നെ അന്വേഷിക്കാൻ ഏർപ്പാട് ചെയ്തു. ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. എടുത്ത് അന്വേഷണം നടക്കുന്നു. ഇടതുപക്ഷഭരണ കാലഘട്ടത്തിൽ, ശ്രീ. പിണറായി വിജയന്റെ പേരിൽ 374 കോടി രൂപയുടെ ആരോപണം വന്നപ്പോൾ ശ്രീ. വി.എസ്. അച്ചുതാനന്ദൻ തന്നെ സി.ബി.ഐ. അന്വേഷണം വേണമെന്നും ലാവ്‌ലിൻ കമ്പനിയെ കരിമ്പട്ടികയിൽ ചേർക്കണമെന്നും പറഞ്ഞിട്ട് നിങ്ങൾ സമ്മതിച്ചോ? ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞത് നിങ്ങൾ ബഹുമാനിച്ചതനേക്കാൾ ഭരണപക്ഷം ബഹുമാനിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞ ഒരു കര്യങ്ങളും ചെയ്യാത്ത ആളുകളാണ് ഇപ്പോൾ അതിനെക്കുറിച്ച് സംസാരിക്കുന്നത്. സി.പി.ഐ.-യുടെ സീറ്റ് കോഴയെക്കുറിച്ച് പലരും പറഞ്ഞു. കഴിഞ്ഞ കുറേ ദിവസങ്ങളായി നിയമസഭയിൽ അഴിമതിക്കെതിരെ വിജൃംഭിതരായി പോരാട്ടം

നടത്തിക്കൊണ്ടിരിക്കുകയാണ്.

ഞാൻ ചോദിക്കട്ടെ, ഇൻഡ്യയിലേതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടിയിൽ, ഒരു മുതലാളിയുടെ കയ്യിൽനിന്ന് കാശ് വാങ്ങിയിട്ട് അയാളെ സ്ഥാനാർത്ഥിയാക്കി യെന്നുള്ള ഒരു ആരോപണം ഏതെങ്കിലുമൊരു പാർട്ടിയെക്കുറിച്ച് ഉണ്ടായിട്ടുണ്ടോ? ഞാനല്ല, ലോകായുക്തയാണ് സംശയം പ്രകടിപ്പിച്ചിരി ക്കുന്നത്. ലോകായുക്ത ഇവരോട് മിനിട്ട്സ് കൊണ്ടുവരാൻ പറഞ്ഞു. അപ്പോൾ അവർ മിനിട്ട്സ് കത്തിച്ചുകളഞ്ഞുവെന്ന് പറഞ്ഞു. ശ്രീ. പ്രകാശ് ബാബു, 'ജനയുഗം' പത്രത്തിലെഴുതിയിട്ടുള്ള ഒരു ലേഖനത്തിൽ പറഞ്ഞിരിക്കു ന്നത് 'ഞങ്ങൾ നിയോഗിച്ച അന്വേഷണ കമ്മീഷൻ വിശദമായി റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ടായിരുന്നു. അച്ചടക്കനടപടികൾ പൂർത്തിയാക്കുകയും നാഷണൽ കൗൺസിലിനും കൺട്രോൾ കമ്മീഷനും ഒരു സഖാവ് നൽകിയ പരാതി അന്തിമമായി തീർപ്പാക്കുകയും ചെയ്ത സാഹചര്യത്തിൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് സൂക്ഷിക്കേണ്ട ആവശ്യമില്ലാത്തതുകൊണ്ട് മാത്രമാണ് ഞങ്ങളത് നശിപ്പിച്ചുകളഞ്ഞത് എന്നാണ്. നിങ്ങൾ നശിപ്പിച്ചതെന്തി നാണെന്ന് ഞങ്ങൾ ചോദിച്ചില്ലല്ലോ; നിങ്ങൾ നശിപ്പിച്ചോ ഇല്ലയോ എന്നുപോലും ഞങ്ങൾ ചോദിച്ചില്ല. ഞങ്ങൾ തിരക്കിയിട്ടുമില്ല. നിങ്ങളെന്തിനാണ് ഇതിന് അഡ്വാൻസായി

ജാമ്യമെടുക്കുന്നത്? ഈ അഡ്വാൻസ് ജാമ്യമെടുക്കുന്നതിന്റെ ഉദ്ദേശ്യമെന്താണെന്ന് ചോദിച്ചാൽ, മിനിട്ട്സ് കത്തിച്ചുകളഞ്ഞുവെന്ന് നാളെ ലോകായുക്തയുടെ മുമ്പിൽ നിങ്ങൾക്ക് പറയണം അത്രയേയുള്ളൂ. ഇതുപോലെതന്നെ വേറെയൊരു തട്ടിപ്പ് നടത്തിയതിന് സഖാക്കന്മാരെല്ലാം പ്രതിയായിട്ടുള്ളതാണല്ലോ, യൂണിവേഴ്സിറ്റി യുടെ അസിസ്റ്റന്റ് നിയമനം. ഈ പറഞ്ഞതുപോലെ ലോകായുക്ത രേഖ ഹാജരാക്കാൻ പറഞ്ഞപ്പോൾ അതും കത്തിച്ചുകളഞ്ഞുവെന്ന് പറഞ്ഞു. ഞാൻ ഈ സി.പി.ഐ.(എം) -നോട് ചോദിക്കട്ടെ, സി.പി.ഐ.(എം) ഒഴികെ കേരളത്തിലെ ഏത് രാഷ്ട്രീയ പാർട്ടിയിലാണ് മിനിട്ട്സ് ആറുമാസം കൂടുമ്പോൾ കത്തിച്ചു കളയുന്നത്? ഞങ്ങളുടെയൊക്കെ രാഷ്ട്രീയ പാർട്ടിയുടെ വർഷങ്ങളാ യുള്ള മിനിട്ട്സ് ഉണ്ട്. മിനിട്ട്സ് ഒരു പ്രധാനപ്പെട്ട രേഖയാണ്. ഒരു രാഷ്ട്രീയ പാർട്ടിയെ സംബന്ധിച്ചിടത്തോളം, ആറാം മാസത്തിൽ മിനിട്ട്സ് കത്തിച്ചുകളയുന്ന ഒരു പാർട്ടിയാണ് സി.പി.ഐ.(എം), ആറുമാസം കഴിയുമ്പോൾ ഒരു രേഖയും കാണാൻ പാടില്ലെന്ന് പാർട്ടി ഭരണഘടന യിലുണ്ടായിരിക്കും. ഏതായാലും ശ്രീ. സി. ദിവാകരൻ നല്ല മനുഷ്യനാണ്. ഇങ്ങനെയുള്ള പ്രവൃത്തിയൊന്നും അദ്ദേഹത്തോട് ചെയ്യരുത്. ...

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, കെ.പി.സി.സി.ക്കും, എ.ഐ.സി.സി.- ക്കും

എന്നെങ്കിലും മിനിട്ട്സ് ഉണ്ടായിട്ടുണ്ടോ?

ശ്രീ. ജോസഫ് വാഴക്കൻ: സർ, സ്വാതന്ത്ര്യം ലഭിച്ച് 67 വർഷത്തിനുള്ളിൽ 54 വർഷവും ഇന്ത്യ ഭരിച്ച പാർട്ടിയാണ് കോൺഗ്രസ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് ജനിച്ചതിനുശേഷമാണ് ഈ പ്രസ്ഥാനങ്ങളൊക്കെ ജനിച്ചത്. ഇതിനകത്ത് നിന്ന് പോയവരൊക്കെയല്ലേ ഇപ്പോഴുള്ളൂ. അതുകൊണ്ട് പൂർവ്വ പിതാക്കന്മാർക്ക് നമ്മുടെ തറവാട്ടിൽ അതൊക്കെ ഉണ്ടായിരുന്നോ എന്നൊക്കെ ചോദിക്കുന്നത് വലിയ കഷ്ടംതന്നെയാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സി.പി.ഐ.(എം)-നെതിരായിട്ടാണല്ലോ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഞങ്ങളുടെ മിനിട്ട്സ് കത്തിച്ചുവെന്നൊന്നും ശ്രീ. പ്രകാശ് ബാബു പറഞ്ഞിട്ടില്ല. ഞങ്ങൾ മിനിട്ട്സ് ഒന്നും കത്തിക്കാറില്ല... ജനയുഗത്തിൽ റിപ്പോർട്ടിനെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നത്. നിങ്ങളുടെ മദ്യനയവുമായി ബന്ധപ്പെട്ട കെ.പി.സി.സി.യുടെ മിനിട്ട്സ് പുറത്തുവിടാമോ?

ശ്രീ. ജോസഫ് വാഴക്കൻ: സർ, പുറത്തുവിടാമല്ലോ, ഞങ്ങൾക്ക് രഹസ്യമൊന്നുമില്ലല്ലോ, ഞങ്ങൾ ചാനലിൽ കൂടിത്തന്നെയാണല്ലോ ഇതൊക്കെ ചർച്ച ചെയ്യുന്നത്. ഈ പാർട്ടിക്കെവിടെയാണ് രഹസ്യമിരിക്കുന്നത്; ജനങ്ങളുടെ മുമ്പിൽ

പറയാൻ കഴിയാത്ത ഒരു രഹസ്യവും കോൺഗ്രസ് പാർട്ടിക്കില്ല. ശ്രീ. റ്റി. എൻ. പ്രതാപൻ ഒരഭിപ്രായം പറയും, ഞാൻ വേറൊരു അഭിപ്രായം പറയും, നിങ്ങളുടെ പാർട്ടിയിലങ്ങനെ സാധിക്കുമോ? കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ എല്ലാം തുറന്നു പറയുന്നതാണ്. ഞങ്ങളുടെ കെ.പി.സി.സി.യുടെ സമ്മേളനം എറണാകുളത്തുവച്ചു നടന്നപ്പോൾ ലൈവ് ടെലികാസ്റ്റായിരുന്നു. അവിടെ ആരു പറയുന്നതും ഞങ്ങൾ തുറന്നുപറയും, അതൊന്നും ഞങ്ങൾക്ക് പ്രശ്നമില്ല. അതുകൊണ്ടാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ ഇന്ത്യ യിലെ ജനങ്ങൾ സ്നേഹിക്കുന്നതും അവരുടെ ഹൃദയത്തിൽ ഈ പ്രസ്ഥാനം ഇന്നും ജീവിച്ചുനിൽക്കുന്നതും. ഇത് സുതാര്യമായ പാർട്ടിയാണ്. അതുപോലെ കെ.പി.സി.സി. പ്രസിഡന്റിന് അഭിപ്രായമുണ്ടാകും, മുഖ്യമന്ത്രിക്ക് വേറൊരഭിപ്രായമുണ്ടാകും. ഇവിടെ മദ്യനയത്തെ സംബന്ധിച്ച് ഒരു കാര്യം ഞങ്ങൾ പറയാം. അടിസ്ഥാനപരമായ ഞങ്ങളുടെ നയത്തിൽ ഒരു മാറ്റവുമില്ല. അടിസ്ഥാനപരമായ നയമെന്താണെന്നറിയാമോ; കേരളത്തിലെ ഫൈവ് സ്റ്റാറുകൾ ഒഴികെയുള്ള ബാറുകൾ പൂട്ടിയിടും എന്നുള്ളതാണ്. ആ നയത്തിൽ മാറ്റമില്ല. ഞങ്ങൾ പ്രഖ്യാപിക്കാത്ത ചില കാര്യങ്ങളിൽ മാത്രമാണ് ഇപ്പോൾ തീരുമാനമെടുക്കുന്നത്. ബിയർ/വൈൻ പാർലറുകളെ സംബന്ധിച്ചിടത്തോളം നേരത്തെ തീരുമാനിച്ചിരുന്നില്ല. ടൂറിസം മേഖലയും അതിന്റെ ഇംപാക്ട്

സ്റ്റഡിയുമെല്ലാം നടത്തി അതാവശ്യമെങ്കിൽ അത് ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കാമെന്നല്ലാതെ വേറൊരു മാറ്റവുമില്ല. ഡ്രൈഡേയെ സംബന്ധിച്ചിടത്തോളം ഇതുപോലെ ധാരാളം അഭിപ്രായങ്ങൾ വരുന്നുണ്ട്. ഡ്രൈഡേയുമായി ബന്ധപ്പെട്ട് മദ്യവർജ്ജന സമിതിയുടെ പ്രധാനപ്പെട്ട ആളുകൾപോലും പറയുന്നത്, അതിനൊരു ദിവസത്തേയ്ക്ക് വേണമെങ്കിൽ അവർക്ക് പെർമിറ്റ് കൊടുത്താൽ മതി. ആ പെർമിറ്റ് പോലും കൊടുക്കരുതെന്ന അഭിപ്രായക്കാരാണ് ഞങ്ങൾ. ബിയറോ വൈനോ ഡ്രൈ ഡേയുടെ ദിവസം ഏതെങ്കിലും കോൺഫറൻസിനോ, ടൂറിസം മേഖലയിലോ നൽകണമെങ്കിൽ അതിനെക്കുറിച്ചുള്ള ഇംപാക്ട് സ്റ്റഡി നടത്തിയിട്ട് വേണമെങ്കിൽ ആകാം. ഇതല്ലാതെ ഇതിനപ്പുറത്ത് ഞങ്ങൾക്കൊരു മാറ്റവുമില്ല. നിങ്ങളിതിനകത്ത് നടത്തിയ കച്ചവടമെന്താണ്? നിങ്ങളുടെ കച്ചവടമെന്ന് പറയുന്നത്, ആ ബാർ തുറന്നുതരാമെന്നാണ് നിങ്ങൾ ബാറുകാരോട് പറഞ്ഞത്. മാണി സാറിന്റെയും ഓരോ മന്ത്രിമാരുടെയും പേരിൽ ആക്ഷേപം പറയാൻ പറഞ്ഞിട്ട് നിങ്ങൾ ഇപ്പോൾ നടത്തുന്ന ഈ നാടകമുണ്ടല്ലോ അവരുമായി ഗൂഢാലോചന നടത്തിയിട്ടുള്ള ഈ നാടകമുണ്ടല്ലോ, എന്നിട്ട് ഞങ്ങളോട് ചോദിക്കുകയാണ് എന്താണ് ഗൂഢാലോചന? ആരാണ് ഗൂഢാലോചന നടത്തിയത് ; ഗൂഢാലോചന നടത്തിയത് നിങ്ങളാണ്. കേരളത്തിലെ പ്രതിപക്ഷമാണ്, നിങ്ങൾ

അധികാരത്തിൽ വന്നാൽ ബാറുകൾ തുറന്നുതരാമെന്ന് ഇവിടത്തെ ബാർ മുതലാളിമാർക്ക് വാക്കു കൊടുത്തു, പകരം ഈ മന്ത്രിസഭയെ മറിച്ചിടണമെന്ന് പറഞ്ഞു. പല പണികളും ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണനും സംഘവും നോക്കി, നടന്നില്ല. ഇവിടെ അധികാരത്തിൽ വളഞ്ഞ വഴിയിലൂടെ വരാൻ സാധിക്കുമോയെന്ന് നോക്കി, നടന്നില്ല. അവസാനം കേരളത്തിലെ ജനങ്ങൾ നിങ്ങൾക്ക് വോട്ട് ചെയ്യില്ല, നിങ്ങളോടൊപ്പം ജനങ്ങൾ നിൽക്കില്ലായെന്ന് നിങ്ങൾക്ക് ബോദ്ധ്യപ്പെട്ടപ്പോൾ പിന്നെ എങ്ങനെയെങ്കിലും അധികാരത്തിൽ വരണം, അതിനുവേണ്ടിയിട്ടുള്ള വില കുറഞ്ഞ ഏർപ്പാടുകളല്ലാതെ ഇതൊന്നും ചെലവാകില്ല. മാണി സാർ ഈ ഐക്യജനാധിപത്യ മുന്നണിയുടെ അഭിമാനമാണ്. അദ്ദേഹത്തിന്റെ ഒരു രോമത്തിൽ തൊടാൻ നിങ്ങൾക്ക് കഴിയില്ല. കേരളത്തിലെ ഐക്യജനാധിപത്യ മുന്നണി പ്രവർത്തകർ, ഈ കേരളത്തിലെ ജനങ്ങൾ അത് അംഗീകരിക്കുകയുമില്ല. കാരണം, മാണി സാറിനെ അവർക്ക് അറിയാം. ഞാൻ പാലായിൽനിന്ന് വരുന്ന ആളാണ്. ഞാൻ ജനിച്ച അന്നുമുതൽ ശ്രീ. കെ. എം. മാണിയെന്ന ഒറ്റ എം.എൽ.എ.യെ മാത്രമേ കണ്ടിട്ടുള്ളൂ. ആ മാണി സാറിനെ ഞങ്ങൾക്കറിയാം. പാലായിലെ ജനങ്ങൾക്കറിയാം, കേരളത്തിലെ ജനങ്ങൾക്കറിയാം. കേരള രാഷ്ട്രീയത്തിൽ അദ്ദേഹത്തിന് സമാനമായുള്ള വേറൊരു

രാഷ്ട്രീയ വ്യക്തിത്വത്തെ കാണിക്കാൻ സാധിക്കുമോ? എല്ലാ അർത്ഥത്തിലും എല്ലാം തികഞ്ഞ ഒരു രാഷ്ട്രീയക്കാരൻ കേരളത്തിലാരാണ് എന്ന് ചോദിച്ചാൽ ശ്രീ. കെ. എം. മാണിയാണെന്ന് ഞാൻ നിസ്സംശയം പറയും. അദ്ദേഹത്തിന് സമാനമായി വേറൊരാളില്ല. അദ്ദേഹത്തിന്റെ മുഖത്ത് കരിവാരി തേയ്ക്കാമെന്നൊരു വിചാരമുണ്ടെങ്കിൽ അത് നടപ്പില്ലായെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തിപൂർവ്വം അംഗീകരിക്കുകയാണ്.

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. കഴിഞ്ഞ 54 വർഷക്കാലമായി രാജ്യം ഭരിച്ച പാർട്ടിയാണ് കോൺഗ്രസ് എന്ന് ശ്രീ. ജോസഫ് വാഴക്കൻ ഇവിടെ പറഞ്ഞു, ശരിയാണ്. തീർച്ചയായും മതേതരത്വം കാത്തുസൂക്ഷിക്കുന്ന ഒരു പാർട്ടി തന്നെയാണ്, അവർ ഇന്ത്യാ രാജ്യത്ത് ശക്തിപ്പെട്ട് വരേണ്ടത് ഇന്നത്തെ കാലഘട്ടത്തിൽ ആവശ്യവും തന്നെയാണ്. വരാൻ പോകുന്ന കാലഘട്ടങ്ങളിൽ ഈ 54 വർഷം രാജ്യം ഭരിച്ച കോൺഗ്രസ് പാർട്ടി ഇന്ന് ഇന്ത്യയുടെ ലോകസഭയിൽ ഒരു പ്രതിപക്ഷ നേതാവുപോലുമില്ലാത്ത ഒരു സ്ഥിതിയിലേയ്ക്ക് എത്തിയ രീതി ഈ കേരളത്തിലുമുണ്ടാകാൻ പോകുന്നുവെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പുണ്ടല്ലോ, അത്രയ്ക്ക് അണ്ടർ എസ്റ്റിമേറ്റ് ചെയ്യുണ്ട,

ശ്രീ. ജോസഫ് വാഴക്കൻ. ഞങ്ങൾ ഇടതുപക്ഷ മുന്നണിയിൽപ്പെട്ട സി.പി.ഐ.-യും സി.പി.ഐ.(എം)-ഉം ആർ.എസ്.പി.- അതുപോലുള്ള ചെറിയ പാർട്ടികൾ എല്ലാംകൂടിയാണ് മത്സരിച്ചത്. ഞങ്ങളിൽനിന്ന് പോയ കേരളാ കോൺഗ്രസും, ജനതാദളും, മുസ്ലീം ലീഗും, മലയാള മനോരമയും കുറേ ബിഷപ്പുമാരും അങ്ങനെയുള്ളവരെല്ലാവരും കൂടി മത്സരിച്ചിട്ട് രണ്ടുമൂന്ന് വോട്ടുകളുടെ വ്യത്യാസം മാത്രമാണ് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഉള്ളത്. അതുകൊണ്ട് നിങ്ങൾ ഒരുപാട് അഹങ്കരിക്കേണ്ടായെന്നുള്ള കാര്യം ഞാൻ സൂചിപ്പിക്കുന്നതിനുവേണ്ടി ആഗ്രഹിക്കുകയാണ്. എന്തിനുവേണ്ടിയാണ് ഈ ഉപധനാഭ്യർത്ഥനകളെ ഞങ്ങൾ പിന്തുണയ്ക്കുന്നത്? മാണിസാറിനെതിരായി ഇവിടെ അഴിമതി ആരോപണമുന്നയിച്ചത് ഞങ്ങളാണോ; മാണിസാർ മുമ്പും അഴിമതി ആരോപണങ്ങൾക്ക് വിധേയനായിട്ടുണ്ട്. 1977-ൽ മാണി സാർ മതത്തേയും ജാതിയേയും ഉപയോഗിച്ചുകൊണ്ട് വോട്ട് പിടിച്ചതിന്റെ പേരിൽ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ആഭ്യന്തര മന്ത്രിസ്ഥാനവും എം.എൽ.എ. സ്ഥാനവും പോയ സാഹചര്യത്തിൽ ആഭ്യന്തര വകുപ്പുമന്ത്രിസ്ഥാനം രാജിവച്ച് ശ്രീ. പി. ജെ. ജോസഫ് ആഭ്യന്തര മന്ത്രിസ്ഥാനം ഏറ്റെടുക്കുകയും ************+ സുപ്രീം കോടതിയിൽനിന്ന് രക്ഷപ്പെട്ട് വന്ന ആളാണ് ശ്രീ. കെ. എം. മാണിയെന്നുള്ള

\+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

കാര്യത്തിൽ യാതൊരു തർക്കവുമില്ല. അത് നിങ്ങൾ മനസ്സിലാക്കണം. .... (ബഹളം).... അതുകൊണ്ട്...

ശ്രീ. ബെന്നി ബെഹനാൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ************[1] സുപ്രീം കോടതിയിൽനിന്ന് രക്ഷപ്പെട്ടുവെന്ന് പറഞ്ഞു. ഇത് സുപ്രീം കോടതിയെ അപമാനിക്കലാണ്. ഇത് സഭാ രേഖയിലുണ്ടാകാൻ പാടില്ല. അത് ഓർഡറിലല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട വി. ശിവൻകുട്ടി, അങ്ങ് പറഞ്ഞത് അങ്ങേയ്ക്ക് തന്നെ ദോഷമാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, എനിക്ക് ദോഷത്തിന്റെ പ്രശ്നമൊന്നുമില്ല. അതായത് ഞാൻ പറഞ്ഞത്, അങ്ങേയ്ക്ക് തന്നെയറിയാം സുപ്രീം കോടതിയിൽ ഒരു വക്കീലിന്റെ റേറ്റെന്ന് പറയുന്നത് സിനിമാ നടൻ മമ്മൂട്ടിയുടെ റേറ്റാണ്. അതാണ് ഞാനിവിടെ സൂചിപ്പിച്ചത്. അല്ലാതെ വേറെയൊന്നുമല്ല സൂചിപ്പിച്ചത്. അത്രമാത്രമേ സൂചിപ്പിച്ചുള്ളൂ. ഞാൻ പറയുന്നത്...

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട വി. ശിവൻകുട്ടി, അങ്ങ് പറഞ്ഞതിൽ അപകടമുണ്ട്. അങ്ങ് കോടതിക്കെതിരായി പരാമർശിച്ചു. അത് പിൻവലിക്കുന്നതാണ് നല്ലത്.

---

1 ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, ഞാൻ കോടതിക്കെതിരായല്ല പറഞ്ഞത്, വലിയ വക്കീലന്മാർ... ....(ബഹളം).... വക്കീലന്മാരെവച്ച് കേസ് പറഞ്ഞ് രക്ഷപ്പെട്ടുവെന്ന് മാത്രമെ ഞാൻ പറഞ്ഞിട്ടുള്ളൂ. ... ....(ബഹളം)....

<u>ശ്രീ. പി. സി. ജോർജ്</u> : സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ശ്രീ. പി. സി. ജോർജ്, എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. പി. സി. ജോർജ്</u> : സർ, ഇവിടെ വളരെ വ്യക്തമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കുശേഷം അപ്പീൽ കൊടുത്ത ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിന്ന് ശ്രീ. കെ. എം. മാണിയെ ആ കേസിൽ നിരപരാധിയാണെന്നുകണ്ടുകൊണ്ട് തിരിച്ച് നിയമസഭാംഗത്വം നൽകി ഇവിടെവന്ന് ആഭ്യന്തര വകുപ്പുമന്ത്രിയായി ചാർജെടുക്കുകയാണ് ചെയ്തത്. വക്കീലന്മാർ ഫീസ് വാങ്ങുന്നുണ്ടാകും. *********[2] സുപ്രീംകോടതിയിൽ നിന്നും കേസ് ജയിച്ചുവെന്ന് പറഞ്ഞാൽ ഇതിൽപ്പരം അപമാനം ഈ സഭയ്ക്കുണ്ടാകാനുണ്ടോ? അതുകൊണ്ട് നിർബന്ധമായും ഇത്തരം പരാമർശങ്ങൾ സഭാ രേഖയിൽനിന്ന് നീക്കംചെയ്യണമെന്ന് ശക്തമായി ആവശ്യപ്പെടുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബഹുമാനപ്പെട്ട വി. ശിവൻകുട്ടി, ഒരു കേസിന്

2 ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

അപ്പീൽ കൊടുക്കുകയും മേൽക്കോടതി വെറുതെ വിടുകയും ചെയ്തതിനുശേഷം ************[3]ആ കേസ് വിജയിച്ച എന്നുപറഞ്ഞത് ശരിയല്ല. അത് സഭാരേഖയിൽനിന്ന് നീക്കംചെയ്യുന്നു.

<u>ശ്രീ. വി. ശിവൻകുട്ടി</u> : സർ, ശരി, അങ്ങനെ ആയിക്കോട്ടെ. ഞാൻ പറഞ്ഞത് അന്നുമുതൽ ഇത്തരം അഴിമതി ആരോപണങ്ങൾ വന്നിട്ടുണ്ട്. ഇപ്പോഴത്തെ ബാർ കോഴ ഉയർത്തിക്കൊണ്ടുവന്നത് ഞങ്ങൾ മാത്രമല്ല. യു.ഡി.എഫ്. ഗവൺമെന്റ് അഴിമതിയിൽ മുങ്ങിനിൽക്കുകയാണ്. ഏറ്റവും അധികം അഴിമതി കാണിച്ചുകൊണ്ടിരിക്കുന്നത് ധനകാര്യ വകുപ്പാണെന്ന കാര്യം ഞാൻ ഈ സഭയിൽ ആരോപണമായി ഉന്നയിക്കുകയാണ്. സംസ്ഥാനത്തെ ബഡ്ജറ്റിൽത്തന്നെ ക്വാറി ക്രഷർ മുതലാളിമാർക്ക് പത്തുകോടി രൂപയുടെ നികുതിയാണ് ധനകാര്യ വകുപ്പുമന്ത്രി ഇളവുചെയ്തു കൊടുക്കുന്നതിന് തയ്യാറായത്. ശ്രീ. കെ. എം. മാണിക്ക് കാശുകൊടുത്തുവെന്ന് ക്വാറി ഉടമകൾ പരസ്യമായി ആരോപണം ഉന്നയിച്ചിട്ടുണ്ട്. രണ്ടുകോടി രൂപയുടെ അഴിമതി ആരോപണം അതിൽ ഞാൻ ഉന്നയിക്കുകയാണ്. ........(ബഹളം).......... മൈദമാവിനുണ്ടായിരുന്ന നാലു ശതമാനം നികുതി പിൻവലിക്കുന്നതിനുവേണ്ടി തയ്യാറായപ്പോൾ 800 കോടി രൂപയാണ് ആ ഇനത്തിൽ നമ്മുടെ സംസ്ഥാനത്തിന് നഷ്ടപ്പെട്ടത്. നോർത്ത് ഇന്ത്യൻ

---

3 ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

ലോബിയിൽനിന്ന് ശ്രീ. കെ. എം. മാണി കൈപ്പറ്റിയത് പത്തുകോടി രൂപയാണെന്ന് ആക്ഷേപമായി ഞാൻ ഉന്നയിക്കുകയാണ്. ........(ബഹളം).......

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട വി. ശിവൻകുട്ടി, അങ്ങ് എഴുതിത്തന്നിട്ടാണ് ഉന്നയിക്കുന്നത്. എന്നാൽ തോന്നിയതുപോലെ ഉന്നയിക്കാൻ പാടില്ല. രേഖയുടെ അടിസ്ഥാനത്തിൽ മാത്രമേ ഉന്നയിക്കാവൂ.

ശ്രീ. വി. ശിവൻകുട്ടി : സർ, അങ്ങനെയാണെങ്കിൽ ഞാൻ സംസാരിക്കുന്നില്ല. അങ്ങ് പറയുന്ന രീതിയിലാണെങ്കിൽ എനിക്ക് സംസാരിക്കാൻ കഴിയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേക്ക് സംസാരിക്കാം. പക്ഷെ തോന്നിയതുപോലെ തുക പറയുമ്പോൾ രേഖകളുടെ അടിസ്ഥാനത്തിൽ മാത്രമെ ഉന്നയിക്കാൻ പാടുള്ളൂ.

ശ്രീ. വി. ശിവൻകുട്ടി : ഇവിടെ രേഖയുടെ അടിസ്ഥാനത്തിലാണോ കഴിഞ്ഞ ഒരു മാസക്കാലമായി ഒരു കോടി രൂപയുടെ അഴിമതി ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്? ........(ബഹളം)....... അല്ല, പത്രങ്ങളിൽ വന്നതിന്റെ അടിസ്ഥാനത്തിലാണ്. ഞാൻ ഈ പറയുന്ന കാര്യങ്ങളും പത്രങ്ങളിൽ വന്നതിന്റെ അടിസ്ഥാനത്തിലാണ്. നികുതി വർദ്ധിപ്പിക്കാത്തതിന്റെ പേരിൽ ബിൽഡേഴ്സിൽനിന്ന് ശ്രീ. കെ. എം. മാണി അഞ്ച് കോടി രൂപ വാങ്ങിയതായി ഞാൻ സൂചിപ്പിക്കുകയാണ്. ........(ബഹളം)....... സ്വർണ്ണക്കടക്കാർക്ക്

കോമ്പൗണ്ടിംഗ് സിസ്റ്റവും കട പരിശോധനയും ബില്ലും ഒഴിവാക്കിക്കൊടുത്ത തിന്റെ അടിസ്ഥാനത്തിൽ രണ്ടുകോടി രൂപ കൊടുത്തുവെന്നാണ് അവർ പറയുന്നത്. 14.5 ശതമാനം നികുതി കുറച്ചുകൊടുക്കാമെന്ന് ഉറപ്പുകൊടുത്തുകൊണ്ട് ബേക്കറി ഉടമകളിൽനിന്നും ഏതാണ്ട് രണ്ട് കോടി രൂപ വാങ്ങിയതായി ഞാൻ അഴിമതി ആരോപണം ഉന്നയിക്കുകയാണ്. പെട്രോൾ പമ്പ് ഉടമകളിൽനിന്നും മൂന്നുകോടി രൂപ ആവശ്യപ്പെടുകയും ഒന്നാമത്തെ ഗഡുവായി മൂന്നു ലക്ഷം രൂപ കൊടുക്കുകയും ചെയ്തിട്ടുണ്ട്. ..........(തടസ്സം)......(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട വി. ശിവൻകുട്ടി, എന്തെങ്കിലും തെളിവ് ഹാജരാക്കാൻ അങ്ങേക്ക് കഴിയുമോ? ഒരു രേഖയുമില്ലാതെ അഞ്ച് കോടി, പത്ത് കോടി എന്നൊക്കെ നിയമസഭയിൽ വന്ന് അങ്ങനെ പറയാൻ പാടില്ല.

ശ്രീ. വി. ശിവൻകുട്ടി : സർ, ഞാൻ രേഖവച്ച് പറയാം. എന്റെ കയ്യിൽ രേഖയുണ്ട്. അങ്ങ് കോൺഗ്രസിന്റെ വക്താവാകരുത്. അങ്ങ് ശ്രീ. കെ. എം. മാണിയുടെ വക്താവാകരുത്. ....(ബഹളം).........

മി. ഡെപ്യൂട്ടി സ്പീക്കർ: ചെയർ പറയട്ടെ. ബഹുമാനപ്പെട്ട വി. ശിവൻകുട്ടി, അങ്ങേയ്ക്ക് വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ആരോപണം ഉന്നയിക്കാനുള്ള അവകാശമുണ്ട്. അത് ചെയർ നിഷേധിക്കുന്നില്ല. ഇവിടെ വർക്കല

രാധാകൃഷ്ണൻ നിയമസഭാ സ്പീക്കറായിരുന്നപ്പോൾ നടത്തിയ ഒരു റൂളിംഗ് ഞാൻ പറയാം. ആ റൂളിംഗിൽ വളരെ വ്യക്തമായി പറയുന്നു, ഒരു നിയമസഭയിൽ ചെയറിനെഴുതിക്കൊടുത്തുകൊണ്ട് ആരോപണം ഉന്നയിക്കുമ്പോൾ വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ അത്തരത്തിൽ ആരോപണം ഉന്നയിക്കാവൂ എന്ന്. അങ്ങ് ഒരു തെളിവുമില്ലാതെ ഇഷ്ടംപോലെ കോടികൾ എന്നുപറഞ്ഞാൽ അത് ശരിയല്ല. ദയവുചെയ്ത് അങ്ങ് അത്തരത്തിൽ ആരോപണങ്ങൾ ഉന്നയിക്കരുത്.

<u>ശ്രീ. വി.ഡി. സതീശൻ</u> : സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ശ്രീ. വി.ഡി. സതീശൻ, എന്താണ് പോയിന്റ് ഓഫ് ഓർഡർ ?

<u>ശ്രീ. വി.ഡി. സതീശൻ:</u> സർ, ശ്രീ. വി. ശിവൻകുട്ടി ധനകാര്യ വകുപ്പുമന്ത്രിക്കെതിരായി ആരോപണം ഉന്നയിച്ചപ്പോൾ പറഞ്ഞു സ്വർണ്ണക്കട ക്കാർക്ക് കോമ്പൗണ്ടിംഗ് കുറച്ചുകൊടുത്തതിന്റെ പേരിൽ ശ്രീ. കെ. എം. മാണി അവരിൽനിന്ന് അഞ്ച് കോടി രൂപ വാങ്ങിയെന്ന്. ഈ സഭയുടെ ഒരു മിനിയേച്ചറാണ് സഭയുടെ കീഴിലുള്ള ടാക്സസ് സബ്ജക്ട് കമ്മിറ്റി. ധനകാര്യ വകുപ്പുമന്ത്രി ചെയർമാനായ ആ ടാക്സസ് സബ്ജക്ട് കമ്മിറ്റിയിൽ അംഗമായ ഞാനും

ഡോ. ടി. എം. തോമസ് ഐസക്കുമുൾപ്പെടെയുള്ള അംഗങ്ങളും എല്ലാവരും ചേർന്ന് ഏകകണ്ഠമായി എടുത്തൊരു തീരുമാനം, അതായത് സംസ്ഥാനത്തെ ഗുലാത്തി ടാക്സസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു കമ്മിറ്റിയെവച്ച് പഠിച്ച് അവരുടെ ശിപാർശപ്രകാരം ഞങ്ങളുടെ സബ്ജക്ട് കമ്മിറ്റി റെക്കമെന്റ് ചെയ്ത ഒരു തീരുമാനമാണ് 8 വർഷവും 5 വർഷവും കഴിഞ്ഞ സ്വർണ്ണക്കടക്കാരുടെ കോമ്പൗണ്ടിംഗ് കുറച്ചുകൊടുക്കുകയെന്നുള്ളത്. ഈ സഭയുടെതന്നെ ഒരു തീരുമാനമായി അതിനെ കണക്കാക്കണം. അതിനെക്കുറിച്ച് അഴിമതി ആരോപണം ഉന്നയിക്കുന്നത് ഓർഡറിലാണോ എന്ന് അങ്ങ് റൂളിംഗ് കൊടുക്കണം.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഈ ആക്ഷേപം പരസ്യമായിത്തന്നെ ഉന്നയിക്കപ്പെട്ടതാണ്. ........(ബഹളം).......അങ്ങ് രേഖ ചോദിച്ചല്ലോ. 2013 ഏപ്രിൽ മാസം 3-ാം തീയതി മുതൽ 2014 മാർച്ച് മാസം 1-ാം തീയതി വരെ 64,15,62,951 രൂപ ...............(ബഹളം).......

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബഹുമാനപ്പെട്ട വി. ശിവൻകുട്ടി, പോയിന്റ് ഓഫ് ഓർഡർ.

<u>ശ്രീ. വി. ശിവൻകുട്ടി</u> : അങ്ങ് എന്റെ പ്രസംഗത്തെ തടസ്സപ്പെടുത്തുക യാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബഹുമാനപ്പെട്ട വി. ശിവൻകുട്ടി, വ്യക്തമായ

രേഖകളുടെ അടിസ്ഥാനത്തിൽ മാത്രമേ അഴിമതി ആരോപണങ്ങൾ ഉന്നയിക്കാവൂ എന്ന് ചെയർ നേരത്തെ പറഞ്ഞു. ഉടൻതന്നെ ശ്രീ. വി.ഡി. സതീശൻ പറയുന്നു, ഡോ. ടി. എം. തോമസ് ഐസക്കും, ശ്രീ. വി.ഡി. സതീശനും ഉൾപ്പെടുന്ന സബ്ജക്ട് കമ്മിറ്റി ആലോചിച്ച് എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സ്വർണ്ണക്കടക്കാരുടെ കോമ്പൗണ്ടിംഗ് കുറച്ചുകൊടുത്തതെന്ന്. പിന്നെ എങ്ങനെയാണ് അത് അഴിമതി ആരോപണമായി ഉന്നയിക്കുന്നത്; അങ്ങ് ഉന്നയിക്കുന്ന അഴിമതി ആരോപണത്തിൽ എന്തെങ്കിലും സത്യമുണ്ടോ? അതാണ് പറഞ്ഞത്, നിയമസഭയിൽവന്ന് ഇങ്ങനെ അഴിമതി ആരോപണം ഉന്നയിക്കരുത് എന്ന്. അത് ശരിയല്ല.

<u>ശ്രീ. വി. ശിവൻകുട്ടി</u> : സർ, 2013 ഏപ്രിൽ മാസം 3-ാം തീയതി മുതൽ 2014 മാർച്ച് മാസം 1-ാം തീയതി വരെ 64,15,62,951 രൂപ റവന്യൂ റിക്കവറി സ്റ്റേ നൽകിയിട്ടുണ്ട്. ....(ബഹളം).....

<u>ശ്രീ. എം. ഉമ്മർ</u> : സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ശ്രീ. എം. ഉമ്മർ, എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. എം. ഉമ്മർ:</u> സർ, ബഹുമാനപ്പെട്ട വി. ശിവൻകുട്ടി പ്രസംഗിക്കുമ്പോൾ ബഹുമാനപ്പെട്ട ചെയറിനോട് കോൺഗ്രസിന്റെ വക്താവാകരുത് എന്ന് പറഞ്ഞു.

അത് ചെയറിനെ അപമാനിക്കലാണ്. അത് സഭയോടുള്ള അവഹേളനമാണ്. അതുകൊണ്ട് അത് രേഖയിൽ ഉണ്ടാകാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : അത് സാരമില്ല, ശ്രീ. വി. ശിവൻകുട്ടി പറയൂ.

ശ്രീ. വി. ശിവൻകുട്ടി : സർ, 2013 മുതൽ 2014 മാർച്ചുവരെയുള്ള നാളുകളിൽ ഇത്രയും സാമ്പത്തിക ബുദ്ധിമുട്ട് കേരളം അനുഭവിച്ചുകൊണ്ടി രിക്കുന്ന അവസരത്തിൽ 64,15,62,951 രൂപ ഒറ്റ വർഷംകൊണ്ടുതന്നെ റവന്യൂ റിക്കവറി സ്റ്റേ നൽകിയിരിക്കുകയാണ്. പത്ത് ശതമാനമാണ് ആ റവന്യൂ റിക്കവറി സ്റ്റേയ്ക്കുവേണ്ടി കൈക്കൂലി വാങ്ങിയിരിക്കുന്നത്. അതായത് ആറ് കോടി നാൽപ്പതു ലക്ഷം രൂപ ആ ഇനത്തിൽ കേരളാ കോൺഗ്രസും ശ്രീ. കെ. എം. മാണിയും വാങ്ങിയിട്ടുണ്ടെന്നുള്ള ആക്ഷേപം ഞാൻ ഉന്നയിക്കുകയാണ്. ........(ബഹളം)....... ഇത് രേഖയുടെ അടിസ്ഥാനത്തിലാണ് ഉന്നയിക്കപ്പെടുന്നത്. ഈ നിലയിൽ ക്വാറി ക്രഷർ ഉടമയിൽനിന്നും മൈദമാവ് ലോബിയിൽനിന്നും ബിൽഡേഴ്സിൽനിന്നും ജൂവലറി ഉടമകളിൽനിന്നും ബേക്കറി ഉടമകളിൽനിന്നും റവന്യൂ റിക്കവറി സ്റ്റേ ഇനത്തിലും പെട്രോൾ പമ്പിനത്തിലും ഉൾപ്പെടെയുള്ള ഏതാണ്ട് ഇരുപത്തിയേഴ് കോടി നാൽപ്പത്തിമൂന്ന് ലക്ഷം രൂപയുടെ അഴിമതി ആരോപണങ്ങൾ നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷണം നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മറ്റൊരു കാര്യം, അങ്ങ് പറഞ്ഞല്ലോ രേഖ വേണമെന്ന്. ടി. ഒ. സൂരജിനുശേഷം കേരളത്തിലെ ഒരു ഐ.എ.എസ്. ഓഫീസറായ ടോം ജോസിന്റെ അനധികൃത സ്വത്തുസമ്പാദ്യത്തെ സംബന്ധിച്ച വിവരങ്ങളടങ്ങിയ ഫയൽ ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിലിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ശിവൻകുട്ടി, സഭയിലില്ലാത്ത ഒരു അംഗത്തിനെതിരെ ആരോപണം ഉന്നയിക്കാൻ പാടില്ല. എഴുതി തന്നാലും പറ്റില്ല. ചെയർ പറയുന്നത് ശ്രദ്ധിക്കു ശ്രീ. ശിവൻകുട്ടി. ഒരു ഉദ്യോഗസ്ഥനെ തിരെ ആരോപണം ഉന്നയിക്കുമ്പോൾ ആ ഉദ്യോഗസ്ഥന് സഭയിൽ വന്ന് മറുപടി പറയാൻ നിവൃത്തിയില്ല. അതുകൊണ്ട് സഭയിലില്ലാത്ത ഒരാളിനെതിരെ ആരോപണം ഉന്നയിക്കുകയാണെങ്കിൽ വ്യക്തമായ തെളിവിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഉന്നയിക്കാവൂ. ഇക്കാര്യത്തിൽ മുൻ സ്പീക്കർമാരുടെ വ്യക്തമായ റൂളിംഗ് ഉണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, റൂൾ 285-ൽ വ്യക്തമായി പറയുന്നുണ്ട്. ഒരു അംഗത്തിന് ഏതൊരാളെപ്പറ്റിയും ആരോപണം എഴുതി തന്ന് ഉന്നയിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: അതിൽ വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ എന്നുണ്ട്. എന്ത് തെളിവാണ് ചെയറിന് തന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ,തെളിവുകൾ അദ്ദേഹം ഹാജരാക്കും.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: വ്യക്തമായ തെളിവിന്റെ അടിസ്ഥാനത്തിൽ മാത്രമേ സഭയിലില്ലാത്ത ഒരു അംഗത്തിനെതിരെ ആരോപണം ഉന്നയിക്കാവൂ. എന്ത് തെളിവാണ് തന്നത്?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട ചെയർ പറയാൻ അനുവദിക്കുക. എന്നിട്ട് മന്ത്രി മറുപടി പറയട്ടെ. ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയാമല്ലോ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇത് അവർ പറയേണ്ട കാര്യമല്ല. ചെയർ പറയേണ്ട കാര്യമല്ലേ; സഭയില്ലാത്ത ഒരു അംഗത്തിനെതിരെ ആരോപണം ഉന്നയിക്കാൻ പാടില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ഏത് ചട്ടത്തിലാണ് അത് പറഞ്ഞിരിക്കുന്നത്. ചട്ട വിരുദ്ധമായി റൂൾ ചെയ്യാൻ പാടില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: വസ്തുത മനസ്സിലാക്കാനാണെങ്കിൽ ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ 20/07/1987-ൽ നിയമസഭാ സ്പീക്കറായിരിക്കുമ്പോൾ 28/6/1990-ൽ നടത്തിയ വ്യക്തമായ റൂളിംഗ് ഉണ്ട്. 'സഭയിലില്ലാത്ത ഒരാളിനെക്കുറിച്ച് സഭയിൽ ആരോപണം ഉന്നയിക്കുകയാണെങ്കിൽ വ്യക്തമായ തെളിവ് ചെയറിന് എഴുതിക്കൊടുക്കുന്നതോടൊപ്പം വ്യക്തമായ തെളിവുകൂടി

ഹാജരാക്കണം. കാരണം നമുക്കെല്ലാം നിയമസഭയിൽ പ്രൊട്ടക്ഷൻ ഉണ്ട്. ഇവിടെ പറയുന്നതിനെ കോടതിയിൽപോലും ചോദ്യം ചെയ്യാൻ സാധിക്കില്ല. സഭയിലില്ലാത്ത ഒരാളിന് സഭയിൽ വന്ന് സത്യാവസ്ഥ എന്തെന്ന് പറയാൻ കഴിയാത്ത സാഹചര്യത്തിൽ സഭയിലില്ലാത്ത ഒരാളിനെപ്പറ്റി സംസാരിക്കുകയാണെങ്കിൽ വ്യക്തമായ തെളിവ് ചെയറിൽ ഹാജരാക്കിയശേഷം മാത്രമേ ആരോപണം ഉന്നയിക്കാവൂ' എന്ന് പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ സ്പീക്കറായിരിക്കുമ്പോഴുള്ള റൂളിംഗ് ആണ്. അതുൾപ്പെടെ പല സ്പീക്കർമാരുടെയും റൂളിംഗ് ഉണ്ട്. ബഹുമാനപ്പെട്ട ശ്രീ. വി. ശിവൻകുട്ടി അങ്ങേയ്ക്ക് ആരോപണം ഉന്നയിക്കാം എന്നാൽ സഭയിൽ ഇല്ലാത്ത ഉദ്യോഗസ്ഥനെപ്പറ്റി പറയുമ്പോൾ വ്യക്തമായ തെളിവ് ചെയറിന് എഴുതി തരണം.

ശ്രീ. വി. ശിവൻകുട്ടി: സർ, ഇവിടെ ഈ സഭയിലില്ലാത്ത ശ്രീ. പിണറായി വിജയനെ സംബന്ധിച്ചും ലാവ്‌ലിൻ കേസിനെ സംബന്ധിച്ചും ഈ സഭയിൽ ഇല്ലാത്ത ശ്രീ. തൊഗാഡിയയെ സംബന്ധിച്ചും ഇവിടെ പറഞ്ഞപ്പോൾ ചെയറിലിരുന്ന അങ്ങ് ഈ റൂളിംഗ് ഒന്നും അപ്പോൾ പറഞ്ഞില്ല. ഞാൻ വ്യക്തമായ തെളിവോടുകൂടി ഒരു ഉദ്യോഗസ്ഥൻ ഈ സംസ്ഥാനത്ത് നടത്തിയ അഴിമതി ആരോപണമാണ് ഉന്നയിക്കുന്നത്. കോടിക്കണക്കിന് രൂപ വിലയുള്ള ഭൂമി

വാങ്ങിക്കൂട്ടിയതായുള്ള വിജിലൻസ് റിപ്പോർട്ടാണ് എന്റെ കൈയിലുള്ളത്. വിജിലൻസ് 1-2-2014-ൽ ചീഫ് സെക്രട്ടറിക്ക് നൽകിയ കോൺഫിഡൻഷ്യൽ റിപ്പോർട്ട് എന്ന് രേഖപ്പെടുത്തിയ റിപ്പോർട്ട് പത്തുമാസമായി മുഖ്യമന്ത്രിയുടെ ഓഫീസിലാണ്. ശ്രീ. ടോം ജോസ് എന്ന ഐ.എ.എസ്. ഉദ്യോഗസ്ഥൻ ആഗസ്റ്റ് മാസം 16-ാം തീയതി മഹാരാഷ്ട്രയിലെ സിന്ദുദുർഗ ജില്ലയിൽ ഈറോഡ് വില്ലേജിൽ ദോദ്മാർക്ക് താലൂക്കിൽ സ്ഥിതിചെയ്യുന്ന 19.15 ഹെക്ടർ കൃഷിഭൂമി സർവ്വെ നം. 46/274 എന്ന സർവ്വെ നമ്പരിൽ ഒരു കോടി അറുപത്തിമൂന്ന് ലക്ഷം രൂപയ്ക്ക് വാങ്ങിയതായി വിജിലൻസ് ഡയറക്ടർ ചീഫ് സെക്രട്ടറിക്ക് റിപ്പോർട്ട് കൊടുത്തിരിക്കുകയാണ്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, അങ്ങ് ആഗസ്റ്റ് 16 എന്ന ഡേറ്റ് പറഞ്ഞു. എന്നാൽ ഏത് വർഷമെന്ന് പറഞ്ഞില്ല. 2010 ആഗസ്റ്റ് 16-ൽ അദ്ദേഹം പി.ഡബ്ല്യു.ഡി സെക്രട്ടറിയായിരുന്നപ്പോൾ, അന്ന് ഡോ. ടി. എം. തോമസ് ഐസക് മന്ത്രിയായിരുന്നപ്പോഴുള്ള സംഭവമാണ് പരാമർശിക്കുന്നതെന്ന് അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, നമ്മൾ എന്തിനാണ് ഉദ്യോഗസ്ഥരെ രക്ഷിക്കാൻ പോകുന്നത്. ശ്രീ. സൂരജിനെപ്പോലുള്ള ആളുകളെ രക്ഷിക്കാൻ നമ്മൾ പോകാൻ

പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: മന്ത്രിക്ക് സത്യം പറയാൻ പാടില്ലേ.

ശ്രീ. വി. ശിവൻകുട്ടി: സർ, ശ്രീ. ടോം ജോസ് എന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെതിരെ വിജിലൻസ് ഡയറക്ടർ ചീഫ് സെക്രട്ടറിക്ക് കൊടുത്ത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഞാൻ സഭയിൽ പറയുന്നത്. ആ റിപ്പോർട്ട് കഴിഞ്ഞ പത്ത് മാസമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിലിരിക്കുന്നുവെന്ന ആക്ഷേപമാണ് ഞാൻ ഉന്നയിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ശിവൻകുട്ടി അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. വി. ശിവൻകുട്ടി: സർ, അതെങ്ങനെയാണ് നേരത്തെ സംസാരിച്ച ശ്രീ. ജോസഫ് വാഴക്കന് 8 മിനിട്ട് കൊടുത്തല്ലോ.

മി. ഡെപ്യൂട്ടി സ്പീക്കർ: പോയിന്റ് ഓഫ് ഓർഡറിന്റെ സമയം എടുത്തിട്ടില്ല. 5 മിനിട്ട് കൂടുതൽ ആയി.

ശ്രീ. വി. ശിവൻകുട്ടി: സർ, ഒരുകോടി അറുപത്തിമൂന്ന് ലക്ഷം രൂപയ്ക്ക് ഭൂമി വാങ്ങിയതിനെ സംബന്ധിച്ച വിജിലൻസ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി വിശദീകരണം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് നീറമൺകര ബ്രാഞ്ചിൽ നിന്നാണ് ഈ രൂപ ലോണെടുത്തതെന്നാണ്. എന്നാൽ 6-8 മാസം

കൊണ്ടുതന്നെ ഒരു കോടി അറുപത്തിമൂന്ന് ലക്ഷം രൂപ അദ്ദേഹം തിരിച്ചടച്ചിരിക്കുന്നു. കേരളത്തിൽ ഇത്തരത്തിലുള്ള നിരവധി ഉദ്യോഗസ്ഥൻമാർ......നമ്മൾ ശ്രീ. സൂരജിനെ കണ്ടു. ശ്രീ. ടോം ജോസിനെ സംബന്ധിച്ച അഴിമതി ആരോപണം ഇവിടെ ഇരിക്കുകയാണ്. മന്ത്രിമാർ കട്ടാൽ ഐ.എ.എസ്. ഉദ്യോഗസ്ഥൻമാരും കക്കും എന്ന കാര്യത്തിൽ സംശയമില്ല. എന്തിനാണ് മുഖ്യമന്ത്രി? വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. ടോം ജോസിനെ സസ്പെന്റു ചെയ്തുകൊണ്ട് അന്വേഷണം നടത്തിയില്ല എന്ന വസ്തുത ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങ് പറഞ്ഞല്ലോ രേഖ വേണമെന്ന്. വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ രേഖയാണ് എന്റെ കൈയിൽ ഉള്ളത്. ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണിക്കെതിരെ ഞാൻ ഉന്നയിച്ച ആക്ഷേപങ്ങൾ നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷണം നടത്തണമെന്നും ശ്രീ. ടോം ജോസിനെ വിജിലൻസ് ഡയറക്ടറുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സസ്പെന്റ് ചെയ്തുകൊണ്ട് അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ധനവിനിയോഗ ബില്ലിനെ ശക്തമായി എതിർക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഉപധനാഭ്യർത്ഥനകളെ ഞാൻ

പിന്താങ്ങുകയാണ്. പ്രധാനമായും നിയമ നിർമ്മാണത്തിനുവേണ്ടി വിളിച്ചു ചേർത്ത നിയമസഭാ സമ്മേളനം വിദ്വേഷത്തിന്റെയും കാലുഷ്യത്തിന്റെയും അസഹിഷ്ണുതയുടേയും സ്വഭാവഹത്യയുടെയും വിളനിലമായി മാറി എന്നതിൽ പ്രതിപക്ഷത്തിന് അഭിമാനിക്കാം. 'സ്ഥലം കുലം മുഖം ന്യായം വർത്തമാനം പറയണമെന്ന് ' ഒരു ചൊല്ലുണ്ട്. തമിഴ് കവയിത്രി ഔവ്വയാർ, 'മെല്ലെപ്പേശ്, മെതുവെപ്പേശ്, അൻപെ പേശ്, സഭയറിന്ത് പേശ്, പേശാമിലിരുന്തും പേശ് ' എന്ന് പറഞ്ഞിട്ടുണ്ട്. ഇവിടെ ശ്രീ. വി. ശിവൻകുട്ടിയുടെ പ്രസംഗം കേട്ടപ്പോൾ ശ്രീ. ശിവൻകുട്ടി പ്രസംഗിക്കുകയല്ലായെന്നാണ് തോന്നിയത്. മാണി സാറിനെതിരെ പ്രതിപക്ഷം കെട്ടിപ്പൊക്കിയെന്നുപറയുന്ന അഴിമതി ആരോപണത്തിന്റെ കോട്ട ശ്രീ. ശിവൻകുട്ടി തന്നെ പൊളിച്ചിരിക്കുകയാണ്. പൂച്ചയുടെ മൂക്കിൽ കോലിട്ടതുപോലെ കുണ്ട് കാണാത്തവൻ കുണ്ട് കണ്ടപ്പോൾ കണ്ട കുണ്ട് വൈകുണ്ഠം എന്ന് പറഞ്ഞതുപോലെയാണ് ശ്രീ. ശിവൻകുട്ടി ഇവിടെ ഉറഞ്ഞുതുള്ളിയത്. ഏതോ ഒരു അബ്കാരിയുടെ വാക്കുംകേട്ട് നിങ്ങൾ ഇറങ്ങിത്തിരിച്ചിരിക്കുകയാണ്. കുഞ്ചൻ നമ്പ്യാരുടെ സ്യമന്തകം തുള്ളലിൽ സത്രാജിത്ത് ശ്രീകൃഷ്ണനെക്കുറിച്ച് പറഞ്ഞ അപവാദം 'വൃഷളികളും ചില വിഷരൂപികളും ചിത്തഗുണത്തിനൊത്തതുപോലെ തത്വമിളച്ചു പറഞ്ഞു തുടങ്ങിയെന്ന്, പറഞ്ഞതുതന്നെ വീണ്ടും പറഞ്ഞ് സ്വഭാവഹത്യ

ചെയ്യുകയാണ്. നിങ്ങൾക്ക് മാണി സാറിനെ ചിത്രവധം ചെയ്യാൻ അർഹതയില്ല. വിടമാട്ടേൻ... വിടമാട്ടേൻ... എന്ന് പറഞ്ഞ്, ഇന്നലെ അദ്ദേഹം നിയമസഭയിലേക്ക് വന്നപ്പോൾ പവിത്രമായ ഈ നിയമസഭയിൽ 47 കൊല്ലം അംഗമായിരുന്ന അദ്ദേഹത്തെ കൂകി വിളിക്കാൻപോലും നിങ്ങൾ തയ്യാറായി. വ്യാജ മദ്യരാജാവായി വിലസി അനേകം പേരെ കാലപുരിക്കയച്ച മണിച്ചനെ വിശുദ്ധനായി പ്രഖ്യാപിച്ച നിങ്ങൾ മാണി സാറിന്റെ ഈ നിയമസഭയിലെ 50 വർഷത്തെ പാരമ്പര്യമെങ്കിലും ഓർക്കേണ്ടതായിരുന്നു.

മനുഷ്യൻ പ്രകൃത്യാ രാഷ്ട്രീയ മൃഗമാണെന്ന് അരിസ്റ്റോട്ടിൽ പറഞ്ഞിട്ടുണ്ട്. മഴ പെയ്യുന്നതിനു മുമ്പായി കഴുതകൾ തല ഉയർത്തിപ്പിടിച്ച് വട്ടം പിടിച്ചുനിൽക്കുമെന്ന് പറയാറുണ്ട്. എവിടെനിന്നോ കുറേ ആരോപണങ്ങൾ തട്ടിക്കൂട്ടി കൊണ്ടുവന്ന് സിറാക്കൂസിലെ തെരുവീഥികളിലൂടെ പണ്ട് ആർക്കിമിഡീസ് നഗ്നനായി "യുറേക്കാ! യുറേക്കാ!" എന്നുപറഞ്ഞ് ഓടിയതുപോലെ, അഴിമതിയുടെ പേരിൽ ശ്രീ. വി. ശിവൻകുട്ടി ഈ നിയമസഭയിൽ ഒരു ഓട്ടപ്രദക്ഷിണം നടത്തിയിരിക്കുകയാണ്. വാലോ തുമ്പോ ഇല്ലാത്ത ആരോപണങ്ങൾ ആർക്കും ആരെപ്പറ്റിയും പറയാം. എനിക്ക് വേണമെങ്കിൽ ശ്രീ. വി. ശിവൻകുട്ടിയെക്കുറിച്ച് പറയാം, ശ്രീ. വി. ശിവൻകുട്ടിക്ക് എന്നെക്കുറിച്ചും പറയാം. ഇവിടെ വിൽപ്പന നികുതിക്ക് സ്റ്റേ

അനുവദിച്ചുവെന്ന് പറഞ്ഞു. എനിക്ക് മാണി സാറിനോട് പറയാനുള്ളത്, ഈ മൂന്നരവർഷത്തിനിടയിൽ പ്രതിപക്ഷാംഗങ്ങളുടെ റെക്കമെന്റേഷനുകളുടെ അടിസ്ഥാനത്തിൽ വില്പന നികുതിക്ക് എത്ര സ്റ്റേ കൊടുത്തുവെന്നുള്ളത് അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ പറയണം. ഇവിടെ സ്റ്റേയ്ക്കുവേണ്ടി കത്തുകൊടുക്കാത്ത എം.എൽ.എ.മാരുണ്ടോ; സ്റ്റേ കൊടുത്തതിനെല്ലാം 10 ശതമാനം കമ്മീഷൻ എന്നുപറഞ്ഞാൽ അത് ഈ രാജ്യത്ത് വിശ്വാസയോഗ്യമാണോ? അതുപോലുള്ള ആരോപണങ്ങൾ ഉന്നയിച്ച് വലിയ വേദാന്തം പറഞ്ഞിട്ട് കാര്യമില്ല. 'ചെകുത്താൻ വേദമോതും, വേശ്യ ചാരിത്ര്യപ്രസംഗം നടത്തും, കവലച്ചട്ടമ്പി അഹിംസയെക്കുറിച്ച് പ്രസംഗിക്കും' എന്നുപറയുന്നതുപോലെ, 'കള്ളൻ, കള്ളൻ' എന്ന് വിളിച്ചോടുന്ന പോക്കറ്റടിക്കാരനെപ്പോലെ പ്രതിപക്ഷം ഒരിക്കലുമാകരുത് എന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ശ്രീ. ഇ. പി. ജയരാജൻ പ്രസംഗിച്ചു, സാന്റിയാഗോ മാർട്ടിന്റെ കൈയിൽ നിന്നും 2 കോടി രൂപ വാങ്ങിയെന്ന ആരോപണം നേരിട്ട വ്യക്തിയല്ലേ അദ്ദേഹം; ഇതിനെല്ലാം ഈ രാജ്യത്ത് കേസെടുക്കുകയാണെങ്കിൽ എത്രപേരുടെ പേരിൽ കേസെടുക്കണമായിരുന്നു; കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരോപണം വന്നവരില്ലേ? ഞാൻ അവരുടെയൊക്ക പേര് പറഞ്ഞ് സ്വഭാവഹത്യ ചെയ്യാൻ ശ്രമിക്കുന്നില്ല. ശ്രീ. കെ.

എം. മാണിയുടെ പേരിൽ ഒരു കോടി രൂപയുടെ ആരോപണം പറഞ്ഞത് ഒരു മാനദണ്ഡമാക്കിയെടുക്കുകയാണെങ്കിൽ ഇതിനുമുമ്പ് ഭരണം നടത്തിയിരുന്ന എത്രപേരുടെ പേരിൽ കേസ് എടുക്കണം. ഇനി വരാനിരിക്കുന്ന കാലഘട്ടത്തിൽ കേരളത്തിൽ ഭരണം മാറിമാറി വരും. ഇന്ന് യു.ഡി.എഫ്. ആണ് ഭരിക്കുന്നത്. ചിലപ്പോൾ, ജനങ്ങൾ എതിരാണെങ്കിൽ ഞങ്ങൾ അധികാരത്തിൽനിന്ന് പോകും, എൽ.ഡി.എഫ്. വന്നുവെന്ന് വരും. അന്ന് ആരെങ്കിലുമൊരാൾ അവരുടെ താല്പര്യം നഷ്ടപ്പെടുമ്പോൾ......... ഇപ്പോൾ ഈ ആരോപണം ഉന്നയിച്ചതിന്റെ ലക്ഷ്യമെന്താണ്? ഒരു അബ്കാരി കോൺട്രാക്ടറാണ് ആരോപണമുന്നയിക്കുന്നത്. അബ്കാരി കോൺട്രാക്ടർമാരുടെ സ്ഥാപിതതാല്പര്യം കേരളത്തിൽ നഷ്ടപ്പെട്ടപ്പോൾ അവർ ഉന്നയിക്കുന്ന ഒരു ആരോപണത്തിന്റെ പിന്നിലെ പ്രേരകശക്തി എന്താണെന്നുപോലും ആലോചിക്കാതെ, 'മാണി സാറേ, കോൺഗ്രസല്ലേ നിങ്ങളെ കുഴിയിലിറക്കിയത്' എന്ന് ഇവിടെ വന്ന് നാണമില്ലാതെ പ്രസംഗിക്കുകയാണ്. ആ ഭാഗത്തിരുന്ന് എത്രപേർ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ '*വാ കുരുവീ, വരു കുരുവീ, വാഴക്കൈമേൽ ഇരു കുരുവീ*' എന്ന പാട്ടുപോലെ 'മാണി സാറേ വാ, ഈ ഗവൺമെന്റിനെ ഞങ്ങൾ പൊട്ടിക്കും, ഈ ഗവൺമെന്റിന് ആയുസ്സില്ല, ഇപ്പോൾ പൊട്ടും, ഇപ്പോൾ പൊട്ടും' എന്നുപറഞ്ഞു. മിഥുനം എന്ന സിനിമയിൽ നെടുമുടി

വേണുവിന്റെ മന്ത്രവാദിയായ കഥാപാത്രം 'ഇപ്പോൾ പൊട്ടും.... ഇപ്പോൾ പൊട്ടും.... ഇപ്പോൾ പൊട്ടും' എന്നുപറയുന്നതുപോലെ നാഴികയ്ക്ക് നാല്പതുവട്ടം ഈ ഗവൺമെന്റ് പൊട്ടുമെന്ന് നിങ്ങൾ പറഞ്ഞു. രണ്ടുപേരുടെ ഭൂരിപക്ഷമായിരുന്നു ഞങ്ങൾക്കുണ്ടായിരുന്നത്. ഇന്ന് അഞ്ചുപേരുടെ ഭൂരിപക്ഷമാണ്. അതുകൊണ്ട് ഈ ഗവൺമെന്റിനെക്കുറിച്ച് നിങ്ങളാരും വിഷമം വിചാരിക്കേണ്ട. ഈ ഗവൺമെന്റ് അഞ്ചുകൊല്ലം ശക്തമായ ഭരണവുമായി മുന്നോട്ടുപോകും. കേരള രാഷ്ട്രീയത്തിലെ ദിഗംബരന്മാരായ നിങ്ങൾക്ക് നാണം മറയ്ക്കാൻ......., മൃഗങ്ങളാണെങ്കിൽ നാണം മറയ്ക്കാൻ വാലുണ്ടാകും. രാഷ്ട്രീയ ദിഗംബരന്മാരായി കേരള രാഷ്ട്രീയത്തിൽ മാറിയിരിക്കുന്ന നിങ്ങൾക്ക് നാണം മറയ്ക്കാൻ വാലുപോലുമില്ല എന്നതാണ് വാസ്തവം. ഈ മുന്നണി തകരാൻ പോവുകയാണ്, കോൺഗ്രസ് നശിക്കാൻ പോകുകയാണ് എന്ന് എന്റെ ബഹുമാന്യ സ്നേഹിതൻ മുല്ലക്കര രത്നാകരൻ ഇവിടെ പറഞ്ഞു. ഇന്ത്യാ രാജ്യത്ത് മാർക്സിസ്റ്റുകാർ ബി.ജെ.പി.യിലേയ്ക്ക് പോകുന്നുവെന്ന് മാത്രമല്ല, മാർക്സിസ്റ്റ് പാർട്ടിയുടെ ഏരിയാ കമ്മിറ്റി ഓഫീസുപോലും പശ്ചിമ ബംഗാളിൽ ബി.ജെ.പി. ഓഫീസായി മാറിക്കൊണ്ടിരിക്കുന്നു. ഞാൻ മാർക്സിസ്റ്റ് പാർട്ടി തകരണമെന്ന് ആഗ്രഹിക്കുന്ന ഒരാളല്ല. രാജ്യത്തെ മതേതര ശക്തികളിൽ പ്രധാനപ്പെട്ട ഒരു പാർട്ടിയാണ് കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടി. ആ പാർട്ടിയിൽനിന്ന്

അനുയായികൾ ബി.ജെ.പി.യിലേയ്ക്ക് പോകുമ്പോൾ, കോൺഗ്രസിൽനിന്ന് പോയാലും മാർക്സിസ്റ്റ് പാർട്ടിയിൽനിന്ന് പോയാലും ഞങ്ങൾക്കൊക്കെ വേദനയുണ്ട്. കോൺഗ്രസാണ് ബി.ജെ.പി.യെ വളർത്തിയതെന്ന് ഇവിടെ ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞു. ഇന്ത്യൻ പാർലമെന്റിൽ രണ്ടംഗങ്ങളുണ്ടായിരുന്ന ബി.ജെ.പി.-യെ ഇന്നത്തെ അവസ്ഥയിലേയ്ക്ക് വളർത്താൻ വി.പി. സിംഗിന്റെ പിന്നിൽ ഏറ്റവും വലിയ പ്രേരക ശക്തിയായി മാറിയത് മാർക്സിസ്റ്റ് പാർട്ടിയല്ലേ; നിഷേധിക്കാൻ സാധിക്കുമോ? ഇന്ത്യയിലെ ജനത മതേതരത്വത്തിന് എതിരായി നിൽക്കുമെന്ന് വിശ്വസിക്കുന്ന പൊതുപ്രവർത്തകനല്ല ഞാൻ. ബി.ജെ.പി. പറയുന്ന ഹിന്ദുത്വം യഥാർത്ഥ ഹിന്ദുത്വമല്ല എന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. ഇന്ത്യയിലെ ഹിന്ദുമതം എന്നുപറയുന്നത് പതിനായിരക്കണക്കിന് സംവത്സരങ്ങളുടെ സഹിഷ്ണതയുടെ പര്യായമായ മതമാണ്. തമസാ നദിയുടെ തീരത്ത് പ്രണയസല്ലാപം നടത്തിയിരുന്ന ക്രൗഞ്ച പക്ഷികളെ അമ്പെയ്തുകൊന്ന കാട്ടാളനോടുപോലും പൊറുക്കാൻ കഴിയാതെ

"*മാനിഷാദ പ്രതിഷ്ഠാംത്വമഗമ*

*ശാശ്വതീ സമായദ്ക്രൗഞ്ച*

*മിഥുനാദേഹ മവധീ*

*കാമമോഹിദം"* എന്ന പാടിയ ആദികവി വാല്മീകി മുതലുള്ള സന്യാസിശ്രേഷ്ഠന്മാരും വേദങ്ങളും ഇതിഹാസങ്ങളും എല്ലാമെടുത്തു പരിശോധിച്ചുകഴിഞ്ഞാൽ,

"*ലോകാ സമസ്താ സുഖിനോ ഭവന്തു.............*

*........എത്ര വിശ്വം ഭവത്യേക നീഡം"* - യജുർവേദത്തിലെ മന്ത്രമാണ്. ഇതെല്ലാം ഈ ലോകത്തിന് തന്നെ മാതൃകയാണ്. ഇവിടെ ഒരു മതവും ...., ഇവിടെ ഒറ്റപ്പെട്ട വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടായിട്ടില്ല എന്ന് ഞാൻ പറയുന്നില്ല. 800 വർഷക്കാലം ഇന്ത്യാ രാജ്യം മുസ്ലീം ചക്രവർത്തിമാർ ഭരിച്ചു. എന്നിട്ടും മുസ്ലീങ്ങൾ ഇവിടെ ന്യൂനപക്ഷമാണ്. 200 വർഷക്കാലം ക്രിസ്ത്യാനികളായ ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചു. എന്നിട്ടും ക്രിസ്ത്യാനികൾ ഇവിടെ ന്യൂനപക്ഷമാണ്. ഇവിടേയ്ക്ക് കടന്നുവന്ന എല്ലാ മതങ്ങളെയും ദർശനങ്ങളെയും കൈനീട്ടി സ്വീകരിച്ച രാജ്യമാണ് ഇന്ത്യ. ആ ഇന്ത്യയിലെ ഹിന്ദുക്കൾ മതേതരത്വത്തിന്റെ വക്താക്കളാണ്. ഹിന്ദുമതം എന്നുപറഞ്ഞാൽ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പ്രതീകമാണ്. ആ വിശ്വാസികൾ ഉള്ളിടത്തോളം കാലം ശ്രീ. നരേന്ദ്ര മോഡി വിചാരിച്ചാലും ആർ.എസ്.എസ്. വിചാരിച്ചാലും പരിപൂർണ്ണമായി വർഗ്ഗീയതയിലേയ്ക്ക് ഇന്ത്യൻ ജനതയെ കൊണ്ടുപോകാൻ സാധിക്കില്ല എന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ.

പക്ഷെ മാർക്സിസ്റ്റ് പാർട്ടി ഇപ്പോഴും കോൺഗ്രസിനെയാണ് കുറ്റം പറയുന്നത്. ഞങ്ങൾ തകർന്നതിലാണ് നിങ്ങൾക്ക് ആഹ്ലാദം. യു.പി.യിൽ ഞങ്ങളുടെ സ്ഥിതിയെന്താണെന്ന് നിങ്ങളിവിടെ ചോദിച്ചു. പക്ഷെ, ഇന്ത്യാ മഹാരാജ്യത്ത് ബി.ജെ.പി.യെ താഴെയിറക്കണമെങ്കിൽ ഇന്ത്യയിലെ എല്ലാ പ്രദേശങ്ങളിലും വേരോട്ടമുള്ള ഏക പ്രസ്ഥാനം ഇന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസാണെന്ന് നിങ്ങൾ വിസ്മരിക്കരുത്. അതുകൊണ്ട് കോൺഗ്രസിന്റെ തകർച്ചയല്ല നിങ്ങളെ സന്തോഷിപ്പിക്കേണ്ടത്. രാജ്യത്ത് മതേതരത്വം സംരക്ഷിക്കണമെങ്കിൽ, രാജ്യത്തിന്റെ സാമ്രാജ്യത്വ അധിനിവേശങ്ങളെ ചെറുത്തുതോല്പിക്കണമെങ്കിൽ....., മരുന്നിന്റെ വിലയെ സംബന്ധിച്ച് ശ്രീ. ബെന്നി ബെഹനാൻ ഇവിടെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചു. ഇങ്ങനെയുള്ള ജനവിരുദ്ധമായ നയങ്ങൾക്കെതിരെ ഇന്നല്ലെങ്കിൽ നാളെ ഒരുമിച്ച് പോരാടേണ്ടവരാണ് നമ്മൾ എന്നുള്ള ഓർമ്മയുണ്ടാകാതെ സ്ഥാനത്തുമസ്ഥാനത്തും കോൺഗ്രസിനെ പഴിപറഞ്ഞിട്ട് ഒരു കാര്യവുമില്ല. പറയി പെറ്റ പന്തീരുകുലത്തിലെ വായില്ലാ കുന്നിലപ്പനെപ്പോലെ, ഇന്ന് രാവിലെ നിങ്ങൾ കറുത്ത തുണികൊണ്ട് വായ കെട്ടിയാണ് വന്നത്. നിയമസഭ വാക്കുകൾ പ്രയോഗിക്കാനുള്ള വേദിയാണ്. എന്റെ നാട്ടിൽ ഒരു മനയുണ്ട്. ആ മനയിൽ ഒരു ആനയും ഒരു കാറുമുണ്ട്. എവിടേയ്ക്കെങ്കിലും ഓടണമെന്ന് കരുതി

കാർ സ്റ്റാർട്ട് ചെയ്താൽ കാർ ഓടില്ല. എവിടേയ്ക്കെങ്കിലും എഴുന്നെള്ളിച്ച് ആനയ്ക്ക് പത്ത് രൂപ കിട്ടുമെന്ന് വന്നാൽ ആന ഓടുകയും ചെയ്യും. വാക്കുകൾ ഉപയോഗിക്കേണ്ട നിയമസഭയിൽ കറുത്ത ശീലയും കെട്ടി കറുപ്പയ്യന്മാരായി ഇന്ന് നിങ്ങൾ വന്നത് നിങ്ങളുടെ പാപ്പരത്വമാണ് എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. മാത്യു റ്റി. തോമസ്: ഇന്ത്യൻ പാർലമെന്റിൽ കോൺഗ്രസിന്റെ ദേശീയ വൈസ് പ്രസിഡന്റ് ശ്രീ. രാഹുൽ ഗാന്ധിയും കോൺഗ്രസ് അംഗങ്ങളും കറുത്ത തുണി കൊണ്ട് വായ മൂടിക്കെട്ടി പോയത് അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടില്ലേ?

ശ്രീ. സി. പി. മുഹമ്മദ്: സർ, അങ്ങനെയൊരുകാര്യം എന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. പാർലമെന്റ് ഹൗസിന് പുറത്താണ് അങ്ങനെ സംഭവിച്ചിട്ടുള്ളത്. അതുകൊണ്ട്, നിങ്ങളുടെ പാപ്പരത്തത്തിൽനിന്ന് മോചിതരാകുക. സഖാവ് കൃഷ്ണപിള്ള ആരായിരുന്നു? 1948 ജനുവരി മാസം 19-ാം തീയതി ആലപ്പുഴ ജില്ലയിലെ മുഹമ്മയിൽ, ഒരു പാവപ്പെട്ടവന്റെ ചെറ്റക്കുരയിലിരുന്ന് പാർട്ടി റിപ്പോർട്ട് എഴുതുമ്പോൾ, വലത് കയ്യിൽ വിഷപ്പാമ്പുകൊത്തി സിരാപടലങ്ങളിൽ വിഷമേറ്റ് ബോധം നശിച്ച് കയ്യും കാലും വിറയ്ക്കാൻ തുടങ്ങിയ സമയത്തുപോലും കയ്യിലുള്ള പേനകൊണ്ട് മുമ്പിലുള്ള കടലാസ്സിൽ 'സഖാക്കളെ മുന്നോട്ട്' എന്ന് എഴുതിവച്ച കൃഷ്ണപിള്ളയുടെ പ്രതിമപോലും പാർട്ടി ഗ്രൂപ്പിസത്തിന്റെ പേരിൽ തകർത്തത്

ഞങ്ങളല്ല, അങ്ങയുടെ വലത് ഭാഗത്തിരിക്കുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ സ്റ്റാഫിലുള്ള വ്യക്തിയാണ് അതിലെ ഒന്നാം പ്രതിയെന്നുള്ള കാര്യം നിങ്ങൾ വിസ്മരിക്കരുത്. ശ്രീ. മുല്ലക്കര രത്നാകരൻ സി.പി.ഐ.യെക്കുറിച്ച് പറഞ്ഞു. ഞാൻ ബഹുമാനിക്കുന്ന പരിണതപ്രജ്ഞനായ ശ്രീ. സി. ദിവാകരൻ എന്ത് തെറ്റ് ചെയ്തിട്ടാണ് അദ്ദേഹത്തിനെതിരെ പാർട്ടി നടപടി സ്വീകരിച്ചത്. അത് നിങ്ങളുടെ ആഭ്യന്തര കാര്യമാണെന്ന് പറയുമായിരിക്കും. ശ്രീ. സി. ദിവാകരനെതിരെ ആ നടപടി സ്വീകരിക്കുന്നതിനുമുമ്പ്, ആ തീരുമാനം എടുത്ത പാർട്ടി സെക്രട്ടറിയുടെ പേരിൽ നടപടിയെടുക്കാനുള്ള നട്ടെല്ല് സി.പി.ഐ.കാർക്കുണ്ടായോ? മുന്നണിയിലുള്ള വഴക്കും വയ്യാവേലിയും തീർക്കാൻ കഴിയാതെ പാടുപെട്ട് നടക്കുന്ന നിങ്ങളാണ്, ഞങ്ങളുടെ ഇടയിൽ ആഭ്യന്തര സംഘർഷമാണ്, കക്ഷികൾ തമ്മിൽ വഴക്കാണ് എന്നൊക്കെ ഞങ്ങളെ കുറ്റം പറഞ്ഞുകൊണ്ടിരിക്കുന്നത്. ഈ രാജ്യത്ത് മതേതര മുന്നണി ഉണ്ടാക്കേണ്ട പ്രധാനപ്പെട്ട കാലഘട്ടമാണിതെന്ന കാര്യത്തിൽ എനിക്ക് അഭിപ്രായ വ്യത്യാസമില്ല. അതുകൊണ്ട് നിങ്ങളുടെ കൂടെ കൂടണമെന്ന് ശ്രീ. ഇ. പി. ജയരാജൻ ഇവിടെ പറഞ്ഞു. 'പേടിയുള്ളവരെല്ലാം എന്റെ നാലുചുറ്റും വന്ന് നിന്നുകൊള്ളുവിൻ' എന്ന് ഒരുത്തൻ പറഞ്ഞതുപോലെ മാത്രമേ ഞങ്ങൾ അതിനെ കണക്കാക്കുന്നുള്ളൂ. ഈ രാജ്യത്ത് മതേതരത്വം സംരക്ഷിക്കപ്പെടണമെങ്കിൽ

മതേതര വിശ്വാസികളെല്ലാവരും ഒന്നിച്ചുചേരണം. വരട്ടുതത്വരാഷ്ട്രീയം പറഞ്ഞുകൊണ്ട് പഴയകാലത്തെപ്പോലെ മുന്നോട്ടുപോകാൻ ഇനി മാർക്സിസ്റ്റ് പാർട്ടിക്കും കഴിയില്ലായെന്നുള്ളതാണ് വാസ്തവം. ഇന്ത്യയുടെ ഇന്നത്തെ സ്ഥിതിഗതികൾ അതാണ് നമ്മളെ ബോധ്യപ്പെടുത്തുന്നത്. ഇന്ത്യാ രാജ്യത്ത് മൂന്ന് സംസ്ഥാനങ്ങളിൽ മാത്രം പിന്തുണയുണ്ടായിരുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ബംഗാളും കേരളവും ഇന്ന് കയ്യിലില്ല. അക്കാര്യത്തിൽ ഞങ്ങൾ സന്തോഷിക്കുന്നവരല്ലായെന്ന് ഞാൻ ആവർത്തിച്ചുപറയുന്നു. അതുകൊണ്ട് യാഥാർത്ഥ്യങ്ങളിലൂന്നി നിന്നുകൊണ്ട്...., മാണി സാറിന്റെ പേരിൽ ഒരാരോപണം വന്നു. അക്കാര്യത്തിൽ അന്വേഷണം നടക്കട്ടെ. അതിനുപകരം അദ്ദേഹത്തെപ്പോലെ സീനിയറായ ഒരാളെ ഈ നിയമസഭയ്ക്കകത്തുവച്ചുപോലും അധിക്ഷേപിക്കാൻ ശ്രീ. കോടിയേരി ബാലകൃഷ്ണനെയും ശ്രീ. സി. ദിവാകരനെയും പോലുള്ള നേതാക്കൾ എങ്ങനെ അനുവദിച്ചുവെന്ന കാര്യത്തിൽ അത്ഭുതപ്പെടുകയാണ്. ശ്രീ. വി. ശിവൻകുട്ടിക്ക് എന്തും ചേരും. നാളെ നിങ്ങളും അധികാരത്തിൽ വരേണ്ടതാണെന്നുള്ള കാര്യം മറക്കരുത്.

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. സി.പി. മുഹമ്മദ് പറഞ്ഞ കാര്യങ്ങൾ വസ്തുതാപരമല്ലാത്തതുകൊണ്ടാണ് ഞാൻ ഇടപെടുന്നത്. കാരണം, ശ്രീ. കെ. എം.

മാണിയെപ്പോലുള്ള ആളിനെ അങ്ങ് സ്തുതിക്കുന്നതുകൊണ്ടാണ്. ഒന്ന്, അദ്ദേഹത്തിനെതിരെ നിയമസഭയ്ക്കകത്ത് പുതുതായി ഒരു ആരോപണവും ഉണ്ടായിട്ടില്ല. രണ്ട്, കേസ് രജിസ്റ്റർ ചെയ്ത് എഫ്.ഐ.ആർ.-ൽ ഒന്നാം പ്രതിയാണെന്ന് എഴുതിയത് ഞങ്ങളല്ല, നിങ്ങളുടെ ഡിപ്പാർട്ടുമെന്റാണ്. അതുകൊണ്ടാണ് നടപടി വേണമെന്ന കാര്യം ഞങ്ങൾ ഉന്നയിക്കുന്നത് .

<u>ശ്രീ. സി. പി. മുഹമ്മദ്</u>: ആ കേസ് ചാർജ്ജ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ബഹളം കൂട്ടിയത് നിങ്ങളല്ലേ; നിങ്ങൾ എല്ലാ കാര്യത്തിലും ഇതേ സമീപനമല്ലേ സ്വീകരിക്കുന്നത്? ശ്രീ. കെ. ബി. ഗണേഷ് കുമാർ ഇവിടെയൊരു ആരോപണം ഉന്നയിച്ചു. അദ്ദേഹത്തിന്റെ വിവാഹത്തെ സംബന്ധിച്ച് മൂന്നുദിവസം അടിയന്തരപ്രമേയം അവതരിപ്പിച്ച് സഭ സ്തംഭിപ്പിച്ച് ഇവിടെനിന്ന് ഇറങ്ങിപ്പോയവരല്ലേ നിങ്ങൾ; അദ്ദേഹത്തിന്റെ അച്ഛൻ ഒരദ്ധ്യാപകനെതിരെ പാരപ്പണിയെടുത്തുവെന്ന് പറഞ്ഞുകൊണ്ട് ഒരാഴ്ച നിയമസഭ സ്തംഭിപ്പിച്ചത് നിങ്ങളല്ലേ; ശ്രീ. കെ. എം. മാണിയുടെ പേരിൽ കേസ്സെടുക്കാതെ ആഭ്യന്തര വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഒത്തുകളിക്കുന്നുവെന്നുപറഞ്ഞ് ഈ സഭ സ്തംഭിപ്പിച്ചത് നിങ്ങളല്ലേ? കേസ്സെടുത്തപ്പോൾ നിങ്ങൾ ചോദിക്കുന്നു, കേസ്സെടുത്തത് ഞങ്ങളല്ല നിങ്ങളല്ലേയെന്ന്. ഇത് നിങ്ങളുടെ അടവുനയമാണ്. ഇപ്പോൾ ശ്രീ. കെ. എം.

മാണി സാറിനോടുള്ള അനുകമ്പ - ഇത് ഈ നാട്ടിലെ ജനങ്ങൾക്ക് അറിയാം. ഇന്നലെവരെ മാണി സാർ സഭയിലേയ്ക്ക് വരുമ്പോൾ കൂകിവിളിച്ച നിങ്ങൾ ഇന്ന് പറയുന്നത്, 'മാണി സാറേ നിങ്ങളെ കോൺഗ്രസ്സുകാർ ചതിച്ചില്ലേ, കോൺഗ്രസ്സുകാർ ഈ നിലയിൽ എത്തിച്ചില്ലേ' എന്നാണ്. ഞങ്ങളിൽ ഭിന്നിപ്പുണ്ടാക്കി മുതലെടുക്കാമെന്നും ഈ ഗവൺമെന്റിനെ പൊളിക്കാമെന്നും ഉള്ളത് നിങ്ങളുടെ വ്യാമോഹം മാത്രമാണ്. ഇതൊന്നും നടക്കാൻ പോകുന്നില്ലായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതാണ്. ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, 523 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് ഇന്ന് സഭ ചർച്ച ചെയ്യുന്നത്. ഇതിൽ 203 കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മെയിന്റനൻസ് ഗ്രാന്റും മറ്റുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു ദിവസം പിൻവലിക്കാനും ചെലവഴിക്കാനും കഴിയുന്ന തുക സംബന്ധിച്ച് സീലിങ്ങുണ്ട്. 24 ശതമാനം തുകയാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. ഇനി, മാസാദ്യത്തെ പത്ത് ദിവസം മാറ്റി ക്കഴിഞ്ഞാൽ, ആകെ പ്രവൃത്തി ദിനങ്ങൾ ഏറിയാൽ 50 ദിവസം വരും. ഇത്രയും ദിവസങ്ങൾ കൊണ്ട് ഈ തുക ചെലവഴിക്കാൻ സാധിക്കില്ല. അതുകൊണ്ട്

ധനാഭ്യർത്ഥന പാസ്സാക്കാം പക്ഷേ, ചെലവഴിക്കുമെന്ന് ആരും കരുതണ്ട. ആ തുക കൊടുക്കേണ്ടി വരില്ല. ഇതുമാറ്റി നിർത്തി കഴിഞ്ഞാൽ ബാക്കി മുഴുവനും കേന്ദ്ര സർക്കാരിന്റെ സ്കീമുകൾക്കുള്ള സംസ്ഥാന സർക്കാരിന്റെ വിഹിതവും ഇതിനകം ചെലവഴിച്ച് തീർന്നിട്ടുള്ള കാര്യങ്ങളുടെ റാറ്റിഫിക്കേഷനുമായിട്ടാണുള്ളത്. ഈ വർഷത്തെ സ്ഥിതി വളരെ കഷ്ടമാണ്. നിങ്ങളുടെ കണക്കുപ്രകാരം നവംബർ മാസം അവസാനിക്കുമ്പോൾ ട്രഷറിയിൽനിന്ന് പിൻവലിച്ചിട്ടുള്ളത് പ്ലാൻ ഫണ്ടിന്റെ അടങ്കലിന്റെ 19 ശതമാനത്തിൽ താഴെയാണ്, അതാണ് സ്ഥിതി. ഒക്ടോബർ മാസത്തിൽ നികുതി വരുമാനം വർദ്ധിച്ചിട്ടുള്ളത് നാല് ശതമാനമാണ്. അതല്ലായെന്ന് ശ്രീ. കെ. എം. മാണി പറയട്ടെ. ഈ നവംബർ മാസത്തിൽ നാല് ശതമാനം, മാർച്ച് മാസം ആകുമ്പോൾ എന്തായിരിക്കും സ്ഥിതി? ഇതിനൊരു വേവലാതി നിങ്ങൾക്കില്ലെങ്കിലും ഈ നാട്ടിലെ വികസന പ്രവർത്തനങ്ങളാകെ സ്തംഭനത്തിലേയ്ക്ക് നീങ്ങുമ്പോൾ ഇത് എവിടെ ചെന്നെത്തുമെന്നുള്ള വേവലാതി ഞങ്ങൾക്കുണ്ട്. എന്തുകൊണ്ടാണ് ഇങ്ങനെവന്ന് ഭവിച്ചിരിക്കുന്നതെന്ന് പറഞ്ഞാൽ അതിന് പല കാരണങ്ങളുണ്ടെങ്കിലും, വരുമാനത്തിന്റെയും ചെലവിന്റെയും ഭാഗത്തുള്ള അഴിമതി ഒരു പ്രധാനപ്പെട്ട ഘടകമാണെന്ന് ഞാൻ പറയും. ഈ സപ്ലിമെന്ററി ഡിമാന്റിൽ അമ്പത് കോടി രൂപയാണ് പൊതുമരാമത്ത് വകുപ്പിന്

വച്ചിട്ടുള്ളത്. ആ തുക വച്ചുകൊണ്ട് ചെലവാക്കിക്കഴിഞ്ഞാൽ ഒരു കാര്യം വ്യക്തമാണ്; ഈ വർഷം കരാറുകാർക്ക് കുടിശ്ശികയില്ല. കരാറുകാർക്ക് ഈ വർഷം കുടിശ്ശികയില്ലെങ്കിൽത്തന്നെയും, ജനുവരി, ഫെബ്രുവരി, മാർച്ച് മാസത്തിലാണ് ഏറ്റവും കൂടുതൽ ബിൽ വരുന്നത്. അങ്ങനെ വരുമ്പോൾ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ കുടിശ്ശിക എന്തായിരിക്കും? മരാമത്ത് പണികൾ വർദ്ധിക്കുന്നത് സന്തോഷകരമായ കാര്യമാണ്. ഞാൻ ചിലപ്പോഴെങ്കിലും ബഹുമാനപ്പെട്ട മിനിസ്റ്ററെ പരസ്യമായി പ്രശംസിച്ചിട്ടുണ്ട്. അങ്ങ് ഭാഗ്യം ചെയ്ത മന്ത്രിയാണ്. കാരണം, നമ്മുടെ ധനകാര്യത്തിന്റെ പുതിയ ഘട്ടത്തിലാണ് അങ്ങേയ്ക്ക് മന്ത്രിയാകാൻ കഴിഞ്ഞത്. ആ ഘട്ടം എന്താണ്? ഇന്ന് വിതരണം ചെയ്ത എക്സ്പെന്റീച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നത്, 2014-15-ൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി ഈ വർഷം ഉണ്ടാകാൻ പോകുന്നതുപോലെ ഇരുപതിനായിരം കോടിയോ മിനിമം പതിനയ്യായിരം കോടി രൂപയോ അല്ല, പൂജ്യമായിരിക്കണം എന്നാണ്. കാരണം വായ്പ എടുത്ത 14000 കോടി രൂപയും മരാമത്ത് പണികളുടെ ബില്ലുകൾ കൊടുക്കാൻ വേണ്ടി ഉപയോഗിക്കേണ്ടി വരും. അതാണ് ഭാഗ്യമെന്നുപറയുന്നത്. അങ്ങനെ വരുമെന്ന് നമുക്കൊരു പ്രതീക്ഷയുണ്ടായിരുന്നത് ഇപ്പാൾ ആകെ തകിടം മറഞ്ഞിരിക്കുകയാണ്.

എന്നമാത്രമല്ല ബഹുമാനപ്പെട്ട മന്ത്രിയെപ്പറ്റി വ്യക്തിപരമായി ആക്ഷേപം ഉന്നയിക്കുന്നതിൽ പ്രയാസവുമുണ്ട്. കാരണം, സഭയിലെ എല്ലാ അംഗങ്ങളോടും ഏറ്റവും മാന്യമായി പെരുമാറുന്ന മന്ത്രിമാരിൽ ഒരാളാണ് ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്. അതുകൊണ്ട് വ്യക്തിപരമായിട്ടുള്ള എന്തെങ്കിലും പകയുടെ അടിസ്ഥാനത്തിലല്ല, നമ്മുടെ സംസ്ഥാന ഭരണത്തിൽ ഒരു വ്യവസ്ഥയായി, അഴിമതി ഇൻസ്റ്റിറ്റ്യൂഷനലൈസ് ചെയ്യുന്നതിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന് പറയുന്നതിൽ ഖേദമുണ്ട്. പൊതുമരാമത്ത് വകുപ്പിൽ എല്ലാ കാലത്തും അഴിമതിയുണ്ട്. അഴിമതിയുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകം ഇന്നില്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതായത്, ടെണ്ടർ വിളിക്കുമ്പോൾ ഒത്തുവിളിക്കുന്നതിന്റെ ഫലമായി ടെണ്ടർ എക്സസ് കൂടുതൽ വരും. ആ ടെണ്ടർ എക്സസ് അനുവദിച്ചുകൊടുക്കുന്നതിലായിരുന്നു അഴിമതിയുടെ മുഖ്യപങ്ക്. എന്നാൽ ഇന്ന് അത് സാധ്യമല്ല. കാരണം നമ്മൾ ഇ-ടെണ്ടറിലേയ്ക്ക് പോയിരിക്കുകയാണ്. കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ ഇ-ടെണ്ടറല്ല, ഇരുപത്തിയഞ്ച് ലക്ഷത്തിന് താഴെ ഇ-ടെണ്ടറല്ല, വലിയ പ്രവൃത്തികൾ ചിലപ്പോഴെങ്കിലും ഇരുപത്തിയഞ്ച് ലക്ഷത്തിൽ താഴെയായി മുറിച്ച് വിളിക്കാറുണ്ട് - ഈ കാര്യങ്ങൾ മറന്നുകൊണ്ടല്ല ഞാൻ പറയുന്നത്. എന്നാലും പണ്ടത്തെപ്പോലെ അഴിമതി സാധ്യല്ല. നമ്മൾ സെൻട്രൽ

പി.ഡബ്ല്യൂ.ഡി റേറ്റാണ് എടുക്കുന്നത്. അതിൽ കോസ്റ്റ് ഇൻഡെക്സും കൂടി ചേർത്ത് 1.3 ശതമാനം എക്സസ്സിലാണ് റേറ്റ് നിശ്ചയിക്കുന്നത്. ലോക്കൽ റേറ്റ് വച്ച് ടെണ്ടർ എക്സസ് നൽകാൻ നമുക്ക് discretion ഉണ്ട്. എങ്കിലും പഴയതുപോലെയുള്ള അഴിമതി സാധ്യമല്ല. എന്നാൽ പുതിയ അഴിമതിയുടെ രൂപം എന്താണ്?

ഇ-ടെണ്ടർ വിളിച്ച് കരാർ കൊടുക്കുക, കരാർ ഉറപ്പിച്ചശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് നൽകുക. ഈ റിവൈസ്ഡ് എസ്റ്റിമേറ്റിന് എന്തെങ്കിലും ട്രാൻസ്പരൻസിയുണ്ടോ; ആരെങ്കിലും ട്രാൻസ്പരന്റ് ബിഡ്ഡിംഗ് പ്രോസസ്സിന് വിധേയമാക്കുന്നുണ്ടോ; മന്ത്രിയും, സെക്രട്ടറിയും കരാറുകാരുമല്ലാതെ വേറെ ആർക്കാണ് ഇതിൽ പങ്കുള്ളത്? ഇതാണ് അഴിമതിയുടെ പുതിയ രൂപം. ഇതിൽ ശ്രീ. ടി. ഒ. സൂരജിന്റെ സംഭാവന എന്താണെന്ന് ചോദിച്ചാൽ, അദ്ദേഹമാണ് ഇതൊരു വ്യവസ്ഥയാക്കി മാറ്റിയത്. പണ്ട് അമിത് ബാദുരി ഞങ്ങളെ Innovation Theory പഠിപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞുതുടങ്ങിയത് Al Capone ആണ് ഏറ്റവും വലിയ innovator എന്നാണ്. കാരണം short gun ഉണ്ടാക്കിയത് അദ്ദേഹമാണ്, അന്ന് കള്ളച്ചാരായം വിൽക്കാൻവേണ്ടി പുതിയ അക്കൗണ്ടിംഗ് രീതി ഉണ്ടാക്കിയത് അദ്ദേഹമാണ്. എന്നുപറഞ്ഞതുപോലെ സൂരജിന്റെ ഭരണത്തിലുള്ള സംഭാവന, ഇ-ടെണ്ടറിംഗ് കാലത്ത് ഈ റിവൈസ്ഡ് എസ്റ്റിമേറ്റ് അഴിമതിയുടെ ഒരു പുതിയ

ഇൻസ്റ്റിറ്റ്യൂഷനാക്കി മാറ്റി എന്നുള്ളതാണ്. റിവൈസ്ഡ് എസ്റ്റിമേറ്റ് പാടില്ലെന്ന് ഒരിക്കലും ഞാൻ പറയില്ല. പ്രത്യേകിച്ച് പാലങ്ങളുടെയും കെട്ടിടങ്ങളുടെയും കാര്യത്തിൽ പലപ്പോഴും അത് വേണ്ടിവന്നേയ്ക്കാം. അതിന്റെ ഡ്യൂ പ്രോസസിൽ പരിശോധിച്ച് ചെയ്യേണ്ട കാര്യങ്ങൾ തന്നെയാണ്. പക്ഷേ 2013 ഏപ്രിൽ മാസം മുതൽ വർഷാവസാനം വരെയുള്ള പത്ത് മാസത്തിനിടയിൽ ഇരുന്നൂറിൽപ്പരം റോഡുകൾക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് കൊടുക്കുന്നത് എങ്ങനെയാണ്? There is something wrong. റോഡിൽ എന്താണ് അവിചാരിതമായി പൊന്തിവരുന്നത്? പാലം പണിതാൽ പാറ അടിയിലായതുകൊണ്ട് അത് കാണാൻ കഴിഞ്ഞില്ലെന്ന് പറയാം, കെട്ടിടമാണെങ്കിൽ ഇലക്ട്രിസിറ്റിയുടെ കാര്യം വിട്ടുപൊയെന്ന് പറയാം, അങ്ങനെ ചിലപ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റ് കൊടുക്കേണ്ടിവരും. എന്നാൽ റോഡിന്റെ കാര്യത്തിൽ എങ്ങനെയാണ് ഇത് വരുന്നത്? തെളിവോടുകൂടി പറയണമെന്നുപറഞ്ഞതുകൊണ്ട്, തെളിവല്ലെങ്കിലും C&A.G.യുടെ ഓഡിറ്റ് ക്വറിയുള്ള ഒരു കാര്യം ഞാൻ വായിക്കാം. C&A.G. ഇത്തരത്തിലുള്ള അമ്പതോളം റിവൈസ്ഡ് എസ്റ്റിമേറ്റുകൾ പരിശോധിച്ചിട്ടുണ്ട്. പട്ടുവംകടവ് പാലത്തിന് 2011 രണ്ടാം മാസത്തിൽ 16 കോടി രൂപയുടെ ഭരണാനുമതിയും മൂന്നാം മാസത്തിൽ 14.49 കോടി രൂപയുടെ ടെക്നിക്കൽ സാങ്ഷനും കൊടുത്തു. പ്രസ്തുത വർക്ക്

കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഒമ്പത് ശതമാനത്തിൽ താഴ്ന്ന, 13.3 കോടി രൂപക്ക് ടെണ്ടർ പിടിച്ചു. ഇപ്പോൾ ഇതിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് 33 കോടി രൂപയാണ് - 221 ശതമാനം കൂടുതൽ! ഇതിനെ സംബന്ധിച്ച് എ. ജി. യുടെ റിപ്പോർട്ടിൽ പറയുന്നത് എന്താണ്? പാലത്തിന്റെ നീളം, സ്പാനുകളുടെ എണ്ണം, വീതി, പൈലിന്റെയും പെയറിന്റെയുമെല്ലാം സ്പെസിഫിക്കേഷൻ ഇവയിലൊക്കെ മാറ്റം വരുത്തി. ഇപ്പോൾ ഇതൊരു പുതിയ ബ്രിഡ്ജാണ്. ഓഡിറ്റ് നിഗമനങ്ങൾ ക്വറിയായി വച്ചിട്ടുള്ളതിൽ, ഒന്ന്, DRIQ ആണ് ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുള്ളത്, ചീഫ് എഞ്ചിനീയർ അടക്കം പരിശോധിച്ച് അംഗീകരിച്ചിട്ടുമുണ്ട്. പക്ഷെ, ഇതിന്റെ സാങ്കേതിക വശങ്ങൾ പരിശോധിച്ചശേഷം എ.ജി. പറയുന്നത്, " Hence the reason for re-designing the bridge and revision of estimate to 33 crores could not be justified" എന്നാണ്. സാങ്കേതികമായ പരിശോധനയിൽ മുപ്പത്തിമൂന്ന് കോടി രൂപയായി റിവൈസ് ചെയ്യുന്നത് ജസ്റ്റിഫൈ ചെയ്യാൻ കഴിയുകയില്ല. സർക്കാർ സ്ഥാപനമായ DRIQ ആണ് ഇതിന്റെ ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. DRIQ-ന്റെ കൺകറൺസ് ഇല്ലാതെ അതിന്റെ റീ-ഡിസൈനിംഗ് ഒരു സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിച്ചു. റീ-ഡിസൈൻ ചെയ്തുകഴിഞ്ഞശേഷം സർക്കാർ അത്

അംഗീകരിച്ചുകൊണ്ട് ഇറക്കിയ ഓർഡറിൽ DRIQ-ന്റെ അംഗീകാരത്തിന് വിധേയമായി എന്നുപറഞ്ഞിട്ടുണ്ട്. DRIQ അത് പരിശോധിച്ചിട്ടില്ല. ഇതാണ് എ.ജി. പറയുന്ന രണ്ടാമത്തെ കാര്യം. അതിന്റെ അടിസ്ഥാനത്തിൽ എ.ജി. പറയുന്നത്, " .........The drastic deviation in design and drawings of the bridge, which was not necessary as per the design and drawing already approved by the DRIQ Board. Hence unnecessary re-designing of the bridge have resulted in an extra liability amounting to Rs. 18 crores. The drastic deviation and complete re-design of the bridge work and consequent revision of estimate had increased the cost of work which is stand amount to awarding so much work as Rs. 18 crores waving tender code...." ഇതൊരു പുതിയ ബ്രിഡ്ജ് അല്ലേ. ഇത് റീ-ഡിസൈൻ ചെയ്യണമെങ്കിൽ, ആകെ എസ്റ്റിമേറ്റിന്റെ 221 ശതമാനം വർദ്ധന വന്നിട്ടുണ്ടെങ്കിൽ, അത് പണ്ട് ഒരാൾ ടെണ്ടർ വിളിച്ചുവെന്നതിനാൽ അദ്ദേഹത്തെ 221 ശതമാനത്തിന് എൽപ്പിച്ചുകൊടുക്കലാണോ? അപ്പോൾ കൺസ്ട്രക്ഷൻ കോർപ്പറേഷൻ പറയുന്നത്, ഞങ്ങൾ ഒമ്പത് ശതമാനം കുറവിനാണ് നേരത്തെ ടെണ്ടർ പിടിച്ചതെങ്കിലും ഡിസൈൻ മാറിയതുകൊണ്ട് പത്ത് ശതമാനം ടെണ്ടർ എക്സസ് തരണം എന്നാണ്.

ടെണ്ടർ വിളിക്കാതെ ഏൽപ്പിച്ച വർക്കിന് ടെണ്ടർ എക്സസ് എങ്ങനെയാണ് വരുന്നത്? അതുകൊണ്ട് സർക്കാർ ചെയ്തത് എക്സസ് അനുവദിക്കാതെ, estimate rate to the entire item, instead of 10% excess. അത് ചെയ്തുകൊടുത്തു. അതിന് എ.ജി. പറയുന്നത്, " This was against clause 23(3) and (11) and ( 3) of NIT which form part of the agreement." ഇതാണ് വളരെ കൃത്യമായി എ.ജി. പരിശോധിച്ച് റിക്കവറിക്ക് നിർദ്ദേശിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറയാൻ പോകുന്നത് എം.എൽ.എ. കത്ത് തന്നിട്ടുണ്ട് എന്നായിരിക്കും. അതൊരു പുതിയ രീതിയാണ്. നേരത്തെ, ഞാനിവിടെ ഇല്ലായിരുന്നെങ്കിലും ഒരു അടിയന്തര പ്രമേയത്തിന് മറുപടിയായി പറഞ്ഞത്, 30 കോടി രൂപയുടെ കുറ്റിപ്പുറം-പൊന്നാനി ബൈപ്പാസിന് റിവൈസ്ഡ് എസ്റ്റിമേറ്റ് വന്നപ്പോൾ 54 കോടി രൂപയായി എന്നാണ്. അതായത് 78 ശതമാനം വർദ്ധന. എം.എൽ.എ.യുടെ കത്തുണ്ടെന്നായിരുന്നു ഇതിനുള്ള വിശദീകരണം. ഇങ്ങനെ കത്ത് കൊടുത്തത് എന്തിനാണെന്ന് ഞാൻ എം.എൽ.എ.യോട് ചോദിച്ചപ്പോൾ പറഞ്ഞത്, വർക്ക് കിട്ടണമെങ്കിൽ കത്ത് കൊടുക്കേണ്ടെ; ആരെങ്കിലും കത്ത് കൊടുക്കാതിരിക്കുമോ; ഒരു കാലിച്ചായയെങ്കിലും അതിന്റെ പേരിൽ വാങ്ങിയിട്ടുണ്ടോയെന്ന് ചോദിച്ചാൽ മതി എന്നാണ്. ഞാൻ ചോദിക്കാമെന്ന് പറഞ്ഞതുകൊണ്ട് ചോദിച്ചതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ബഹുമാനപ്പെട്ട തോമസ് ഐസക് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇവിടെ ചൂണ്ടിക്കാണിച്ച ഒരു കാര്യം സംബന്ധിച്ചാണ്, മണ്ഡലത്തിലെ ഒരു നിർമ്മാണ പ്രവൃത്തി പൊതുജനങ്ങൾക്ക് ആവശ്യമുള്ളതാണ് അല്ലെങ്കിൽ അനിവാര്യമായി ചെയ്യേണ്ടതാണെന്ന അർത്ഥത്തിലാണ് എം.എൽ.എ.മാർ ശിപാർശ കൊടുക്കുന്നത്. എം.എൽ.എ.മാരാരും അതിന്റെ പേരിൽ കാലിച്ചായ വാങ്ങിക്കുടിച്ചുവെന്നുള്ള ആരോപണം എങ്ങും പറഞ്ഞിട്ടില്ല.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: നമ്മൾ തമ്മിൽ കൃത്യമായ ധാരണയുള്ളതിൽ വളരെ സന്തോഷമുണ്ട്. അതുകൊണ്ട് എം.എൽ.എ. കത്ത് തന്നുവെന്ന് ഇനി ദയവായി പറയരുത്. കാരണം ആരെങ്കിലും വന്ന് പറഞ്ഞാൽ നമ്മൾ എല്ലാവരും ചെയ്യും. അതുകൊണ്ട് അതൊരു ന്യായീകരണമല്ല. ഇതൊരു ഉദാഹരണം. ഇതുപോലെ എത്രയെണ്ണം വേണം. കോട്ടയ്ക്കൽ ബൈപ്പാസ് - 7.36 കോടി രൂപ. അതിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് 10.98 കോടി രൂപ -അമ്പത് ശതമാനം വർദ്ധനവ്, വള്ളിപ്പാട് മാനിങ്കൽ കടവ് - നാലര കോടി രൂപയിൽ നിന്ന് എട്ടര കോടി രൂപയായി -64 ശതമാനം വർദ്ധനവ്, കാസർഗോഡ് ജില്ലയിലെ വോർകാ ബ്രിഡ്ജിന്റെ എസ്റ്റിമേറ്റ് എട്ടര കോടി രൂപയിൽ നിന്ന് 15.42 കോടി

രൂപയായി -175 ശതമാനം വർദ്ധനവ്, പരപ്പ – മാലൂർ റോഡ് നാലര കോടി രൂപയിൽനിന്ന് പതിനൊന്നര കോടി രൂപയിലേക്ക് - 258 ശതമാനം വർദ്ധനവ്. ഇതുപോലെ എത്ര ലിസ്റ്റ് വേണം? വിവരാവകാശ നിയമപ്രകാരം എടുത്തിട്ടുള്ള ലിസ്റ്റ് മുഴുവൻ ഞാനിപ്പോൾ വായിക്കുന്നില്ല. കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പാനലിൽനിന്ന് കൊടുക്കുന്നതുകൊണ്ട്, റിവിഷൻ കിട്ടിയിട്ടുള്ളതിന്റെ ലിസ്റ്റ് വായിക്കുമ്പോൾ പെട്ടെന്ന് ശ്രദ്ധയിൽപ്പെടുന്നതിൽ ചിലത് ഞാൻ വായിക്കാം. നിസാമുദ്ദീൻ കൺസ്ട്രക്ഷൻ കമ്പനി - കൊല്ലം-കടയ്ക്കൽ മിനി സിവിൽ സ്റ്റേഷൻ വർക്കിന് 20 ശതമാനം എക്സസ്, കിളിമാനൂർ - വടവൂർ റോഡിന് 12 ശതമാനം. തിരുവനന്തപുരം - പൂജപ്പുര , രാജീവ് നഗർ - 38 ക്വാർട്ടേഴ്സ് - 20 ശതമാനം. വെഗോരാ ഇൻഫ്രാ സ്ട്രക്ച്ചേഴ്സ് - കോട്ടയം ടൗൺ റോഡിന് 25 ശതമാനം. കോട്ടയം - ഇടനാഴി - 35 ശതമാനം, ഡ്രെയിനേജ് പദ്ധതി മാന്നാർ- പുലിയൂർ റോഡ് - 20 ശതമാനം, എം. സി. റോഡ് പുനരുദ്ധാരണം, ടി. ബി. ജംഗ്ഷൻ, നാട്ടകം - 20 ശതമാനം. ജെ. ജെ. അസോസിയേറ്റ്സ് - ആലപ്പുഴ നഴ്സിംഗ് ഹോസ്റ്റൽ - 24 ശതമാനം, നെയ്യാറ്റിൻകര താലൂക്ക് ഓഫീസ് -23 ശതമാനം, മലയിൻകീഴ് ഗവൺമെന്റ് ഐ.ടി.ഐ. മന്ദിരനിർമ്മാണം - 24 ശതമാനം. ഇങ്ങനെ ഞാൻ എത്ര വേണമെങ്കിലും വായിക്കാം. അനധികൃതമായി സ്വത്തുണ്ടാക്കി എന്നുള്ളതാണ് ശ്രീ.

ടി. ഒ. സൂരജിന് എതിരായിട്ടുള്ള ആക്ഷേപം. അദ്ദേഹം കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഉദ്യോഗസ്ഥൻ ആയിരുന്നില്ലേ; അന്ന് സമ്പാദിച്ചതും ഇതിൽ വരില്ലേ എന്നു ചോദിച്ചാൽ, വരും. പക്ഷേ ഒരു ഡയറക്ടർ അഴിമതി നടത്തുന്നതും ഒരു സെക്രട്ടറി അഴിമതി നടത്തുന്നതും രണ്ടും രണ്ടാണ്. കാരണം ഒരു ചീഫ് എഞ്ചിനീയർ അല്ലെങ്കിൽ ഡയറക്ടർ എന്നുപറയുന്നത് സെക്രട്ടേറിയറ്റിന് പുറത്താണ്. അവരുടെ ഓരോ കാര്യങ്ങളും മന്ത്രി അന്വേഷിക്കുന്നില്ല. വേണമെങ്കിൽ ഫോൺ ചെയ്ത് അന്വേഷിക്കാം. പക്ഷേ മന്ത്രിയോട് ചോദിച്ചിട്ടല്ല ഡയറക്ടറും ചീഫ് എഞ്ചിനീയറും ഓരോ കാര്യങ്ങൾ ചെയ്യുന്നത്. അതേ സമയം മന്ത്രിയുടെ കീഴിലുള്ള സെക്രട്ടറി, അദ്ദേഹത്തിന്റെ ഡെലിഗേഷൻ ഓഫ് പവർ കഴിഞ്ഞാൽ ബാക്കിയെല്ലാം മന്ത്രിയെ കാണിക്കണം. നേരത്തെ അഞ്ച് കോടി രൂപയേക്കാൾ കൂടുതലാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് എങ്കിൽ ധനകാര്യ വകുപ്പുമന്ത്രി കാണണം, അതിനുമുമ്പ് പി.ഡബ്ല്യൂ.ഡി. മന്ത്രിയും കാണണം. ഇപ്പോഴത്തെ വ്യവസ്ഥ പ്രകാരം പത്ത് കോടി രൂപയിൽ കൂടുതലാണെങ്കിൽ പി.ഡബ്ല്യൂ.ഡി. മന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഫയൽ കാണണം. അപ്പോൾ, ശ്രീ. ടി. ഒ. സൂരജ് നടത്തിയ തട്ടിപ്പിൽ ഇവിടത്തെ മന്ത്രിസഭയിലെ മന്ത്രിമാരുടെ പങ്കാളിത്തമില്ലായെന്ന് എങ്ങനെ പറയാൻ കഴിയും?

ഇത് ഏതാണ്ട് എത്ര കോടി രൂപ വരും? ഞാൻ പറയുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ പ്രോബബിൾ എമൗണ്ട് റിവിഷനുമുമ്പ് ചുരുങ്ങിയത് 1,500 കോടി രൂപയെങ്കിലും വരും. ശരാശരി 30 ശതമാനമെങ്കിലും റിവിഷൻ വരുന്നെങ്കിൽ എത്ര കോടി രൂപവരും; 10 ശതമാനം വച്ച് അതിൽ എത്ര കോടി രൂപയുണ്ടാകും; ഇതിന്റെ പങ്ക് വയ്പ്പ് എന്ത്; സൂരജിന്റെ വകയുണ്ട്; ബാക്കിയുള്ള പങ്ക് വയ്പ്പ് എത്രയാണ്? കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ........... കഴിഞ്ഞതവണ അങ്ങ് മറുപടി പറഞ്ഞപ്പോൾ 2007-ലെ ഉത്തരവുപ്രകാരമാണ് എന്ന് പറഞ്ഞു. 2007-ലെ ഉത്തരവ് എന്റെ കൈയ്യിലുമുണ്ട്. സിഡ്കോ, കിറ്റ്കോ, നിർമ്മിതി കേന്ദ്രം ഇങ്ങനെയുള്ള സർക്കാർ സ്ഥാപനങ്ങളെ പ്രവൃത്തി ചെയ്യാൻ അനുവദിക്കാറുണ്ട്. പൊതുവിൽ അതിന് ഒരു ഉത്തരവ് ഉണ്ടായിരുന്നില്ല. 2007-ലെ ഉത്തരവുപ്രകാരം ഇതിനേക്കാൾ കൂടുതൽ കൺസൾട്ടൻസി ചാർജ് പാടില്ല, അങ്ങനെ കൊടുക്കുമ്പോൾ കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ പാടില്ല; ടെൻഡർ എക്സസ് പാടില്ല ഇവയൊക്കെയാണ്. അതുകൊണ്ട് കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന് കൊടുത്തു എന്നുപറഞ്ഞാൽ അത് അഴിമതിയെന്നു പറയില്ല. ഇനി ടെൻഡർ ഇല്ലാതെ കൺസൾട്ടന്റായി അവരെ വച്ചു എന്നുപറഞ്ഞാലും അഴിമതിയാണെന്ന് പറയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് 7 മിനിറ്റ് കൂടുതലായി. ഒരു കാര്യം ചെയർ പറയട്ടെ, അങ്ങ് ഇവിടെ പറഞ്ഞതിൽ ഒന്ന് എന്റെ കോൺസ്റ്റിറ്റ്യുവൻസിയിലുള്ള ഒരു വർക്കാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, നോ...... അത് പറ്റില്ല.... നോ... അത് സാധ്യമല്ല...... You are the Chair and you should be a part of the debate here. What is this?

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു....... 8 മിനിറ്റ് കഴിഞ്ഞു.

ഡോ. ടി. എം. തോമസ് ഐസക്: No...No... you don't have the right to interrupt. Nothing doing.. ഇല്ല.......... ഇല്ല.... I don't agree with the way just present..... സ്പീക്കർ ഡിബേറ്റ് നടത്തേണ്ടയാളാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ഇവിടെ ദേഷ്യപ്പെട്ടത് ശരിയായില്ല. 8 മിനിട്ട് കഴിഞ്ഞു.

ഡോ. ടി. എം. തോമസ് ഐസക്: സർ, I will take just two three minutes more. അതുകൊണ്ട് അത് അഴിമതിയാണെന്ന് പറയില്ല. ഇവിടെ ശ്രീ. ഇ. ചന്ദ്രശേഖരന് നല്കിയ ഉത്തരത്തിൽ 191 വർക്കുകൾ....... എത്ര കോടി രൂപയാണ്? 1,700 കോടി രൂപയുടെ വർക്കാണ് നിങ്ങൾ കൺസ്ട്രക്ഷൻ കോർപ്പറേഷന്

കൊടുത്തിട്ടുള്ളത്. ഇവിടെ പി.ഡബ്ള്യ.ഡി എന്തിനാണ്? നിങ്ങൾ ആകെ കൊടുത്തിട്ടുള്ളത് 4,000 കോടി രൂപയുടെ ഭരണാനുമതിയാണ്. അതിൽ 1,700 കോടി രൂപ നിങ്ങൾ സ്വകാര്യമായി price prefers- ന്റെ അടിസ്ഥാനത്തിൽ കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന് കൊടുക്കുക; അവർ ടെൻഡർ വിളിക്കാതെ അവിടെ പ്ലാനിൽ നാളെ വയ്ക്കാമെന്ന് പറഞ്ഞാൽ പിന്നെ പി.ഡബ്ള്യ.ഡി. എന്തിനാണ്? 2007-ലെ ഉത്തരവ് വച്ചിട്ട് ഈ പണി ചെയ്യുന്നത് ശരിയല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ......പ്ലീസ് കൺക്ലൂഡ്........പ്ലീസ്........

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഞാനിത് സിസ്റ്റമിക് ആയിട്ടുള്ള.......... അങ്ങയുടെ മുന്നിൽ പറയുകയാണ്. കൈക്കൂലി വാങ്ങിച്ചുവെന്നൊന്നും പറയുന്നില്ല.

<u>മി. ഡെപ്യൂട്ടി</u> സ്പീക്കർ: പ്ലീസ്...... കൺക്ലൂഡ്........പ്ലീസ്........ അങ്ങ് 9 മിനിറ്റിൽ കൂടുതൽ എടുത്തു.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, പക്ഷെ, സൂരജ് അഴിമതിക്കാരനാണെങ്കിൽ അതിന് അനുവാദം നല്കിയ, റാറ്റിഫിക്കേഷൻ നടത്തിയ പി.ഡബ്ള്യ.ഡി. മന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഈ അഴിമതിയിൽ പങ്കാളികളാണ് എന്ന് ഞാൻ ആരോപിക്കുകയാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഒരു സംസ്ഥാനത്തിന്റെ ജനങ്ങളുടെ ഹൃദയ വികാരങ്ങൾ ഏറ്റുവാങ്ങി ഭരണം നടത്തുകയും ജനപക്ഷത്തുനിന്ന് കാര്യക്ഷമമായ വിനിയോഗത്തിലൂടെ അത് യാഥാർത്ഥ്യമാക്കുകയും ചെയ്ത ഒരു സർക്കാരാണിത്. ഈ സർക്കാരിനെതിരെ ശക്തമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ചിലർ മുന്നോട്ടുപോകുന്നത്. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ പത്മതീർത്ഥക്കുളത്തിൽ വെള്ളം വറ്റിയപ്പോൾ മത്സ്യങ്ങൾ നെയ്യാർ ഡാമിൽ ആശ്രയമായതുപോലെ ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ ജനപക്ഷഭരണത്തിൽ പിടിച്ചുനില്ക്കാനാകാതെ പിടയുന്ന ഇടതുമുന്നണിയ്ക്ക് മദ്യവ്യവസായി ബിജു രമേശിന്റെ ഗൂഢാലോചനയും റിവേഴ്സ് എസ്റ്റിമേറ്റും മാത്രമാണ് ഇപ്പോൾ ആശ്രയമായിട്ടുള്ളത്. അവർക്ക് പിടിച്ചുനില്ക്കാൻ കഴിയുന്നില്ല, കാരണം അവർ ആ രീതിയിലൂടെയാണ് മുന്നോട്ടുപോകുന്നത്. ഈ ഗവൺമെന്റ് എത്രമാത്രം കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്നു എന്നറിയണമെങ്കിൽ, സംസ്ഥാനത്തിന്റെ മൊത്തം ചെലവിന്റെ 44 ശതമാനവും പെൻഷനും ശമ്പളവും ആയി നല്കുന്ന സ്റ്റേറ്റാണിത്. 2010-11-ൽ 11,074 കോടി രൂപ അനുവദിച്ചെങ്കിൽ ഇപ്പോൾ അത് 17,314 കോടി രൂപയായി ഉയർന്നു. സംസ്ഥാനത്തിന്റെ ഏറ്റവും വലിയ ചെലവ് മനസ്സിലാക്കാൻ അതുമാത്രം മതി.

സാധാരണ "ചൊട്ട മുതൽ ചുടല വരെ" എന്നാണ് പറയാറുള്ളത്. ഒരു കുഞ്ഞുഗർഭം ധരിക്കുന്നതുമുതൽ ആ മനുഷ്യൻ പ്രായമായി മരിക്കുന്നതുവരെ അവന്റെ ഓരോ വിഷയങ്ങളിലും ജനപക്ഷത്തുനിന്നുകൊണ്ട് പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണിത്. 2008-ൽ 2.6 കോടി രൂപ സാമൂഹ്യസുരക്ഷയ്ക്കുവേണ്ടി വിനിയോഗിച്ചുവെങ്കിൽ ഈ ഗവൺമെന്റ് 132 കോടി രൂപയാണ് അതിനുവേണ്ടി വിനിയോഗിച്ചത്. ഈ വക കാര്യങ്ങളൊന്നും ജനങ്ങൾ അറിയരുത്, അതിനുവേണ്ടിയാണ് ഇവർ ഇത്തരം കാര്യങ്ങൾ പറയുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയും അദ്ദേഹം ജനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് നില്ക്കുന്നതുമൊക്കെ ഇവർക്ക് ഒരു പ്രയാസമാണ്. മുഖ്യമന്ത്രിക്ക് വട്ടംകൂടി നിവേദനങ്ങൾ കൊടുക്കാൻ ഇവർ ഏറെയാണ്. കഴിഞ്ഞ സർക്കാർ 120,24,96,038 രൂപയാണ് ഈ ഇനത്തിൽ ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഇപ്പോഴത്തെ പ്രതിപക്ഷനേതാവ്, അന്ന് മുഖ്യമന്ത്രിയായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ അടുത്ത് ഇത്തരം കാര്യങ്ങളുമായി ചെന്നാൽ ശ്മശാനത്തിലേയ്ക്ക് അഭിവാദ്യം ചെയ്യുന്ന ഒരു പ്രതീതിയാണ് ഉണ്ടായിരുന്നത്. അതേസമയം 361,65,64,590 രൂപയാണ് ഇപ്പോൾ വിനിയോഗിച്ചത്. കഴിഞ്ഞ സർക്കാർ വിനിയോഗിച്ചതിനേക്കാൾ മൂന്നിരട്ടി ജനങ്ങൾക്കുവേണ്ടി ജനപക്ഷത്തു നിന്നുകൊണ്ട്

പ്രവർത്തിച്ച ആ ഗവൺമെന്റാണ് ഉപധനാഭ്യർത്ഥനകൾക്കുവേണ്ടി നമ്മുടെ മുന്നിൽ നില്ക്കുന്നത്. കേരളത്തിലെ ഓരോ മേഖലയിലും പ്രത്യേകിച്ച് വിദ്യാഭ്യാസരംഗത്തും മെഡിക്കൽ കോളേജുകളുടെ കാര്യത്തിലും മറ്റും ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ച ഗവൺമെന്റാണിത്. പ്രവാസികൾ നമ്മുടെ ഏറ്റവും വലിയ കരുത്താണ്. ഒരു ലക്ഷത്തോളം കോടി രൂപ നിക്ഷേപം നല്കുന്ന വിഭാഗമാണ് പ്രവാസികൾ. ആ പ്രവാസികൾ തൊഴിൽ രംഗത്തുനിന്ന് പുറന്തള്ളപ്പെടുകയും പെട്ടെന്ന് നാട്ടിലെത്തുകയും ചെയ്ത സാഹചര്യത്തിൽ 50 കോടി രൂപയാണ് ആ മേഖലയിൽ വിനിയോഗിക്കാൻ ഗവൺമെന്റ് തയ്യാറായത്. ഇവർ ഈ കാര്യങ്ങളൊന്നും സഭയിൽ ചർച്ച ചെയ്യരുതെന്ന് ആഗ്രഹിക്കുന്നു. മനുഷ്യ വിഭവശേഷിയെ ഇത്ര ക്രിയാത്മകമായി വിനിയോഗിക്കാൻ ശ്രമിച്ച ഒരു കാലഘട്ടമുണ്ടായിട്ടുണ്ടോ? ഒരു വർഷം രണ്ടുലക്ഷത്തോളം പ്രൊഫഷണലുകൾ പുറത്തിറങ്ങുന്ന സ്റ്റേറ്റാണ് കേരളം. ആ രണ്ടുലക്ഷം ചെറുപ്പക്കാരെ എങ്ങനെ വിനിയോഗിക്കണം? സ്റ്റാർട്ട് അപ് വില്ലേജ് എന്നു പറയുന്നത് ഒരു ചെറിയ ആശയമൊന്നുമല്ല. സ്റ്റാർട്ട് അപ് വില്ലേജ് വന്നപ്പോൾ 10 വർഷംകൊണ്ട് 1000 സംരംഭകരെ കണ്ടെത്തുമെന്നാണ് സർക്കാർ കരുതിയതെങ്കിലും രണ്ടര വർഷംകൊണ്ട് 700 പേരെയാണ് കണ്ടെത്തിയത്. അതിന്റെ അർത്ഥം ഈ ഗവൺമെന്റിന്റെ പ്രവർത്തനം കാര്യക്ഷമമാണെന്നാണ്.

ലോകശ്രദ്ധ പിടിച്ചുപറ്റിയ ബ്ലാക്ക് ബെറിയുടെ ഇൻക്യുബേഷൻ സെന്റർപോലും നമ്മുടെ സ്റ്റാർട്ട് അപ് വില്ലേജിലെ ഒരു സെന്ററാണ് എന്നറിയുമ്പോഴാണ് ഇതിന്റെ അന്താരാഷ്ട്ര പ്രശസ്തി എത്രയുണ്ടെന്ന് നമുക്കറിയാൻ സാധിക്കുന്നത്. അതുകൊണ്ടുതന്നെ കേന്ദ്ര ആസൂത്രണ കമ്മീഷൻ, അതിന്റെ പഠനത്തിൽ വ്യവസായരംഗത്തുള്ള മുന്നേറ്റത്തിൽ കേരളത്തെ അഞ്ചാം സ്ഥാനത്തേയ്ക്ക് എത്തിക്കാൻ തയ്യാറായതും. ഇവിടെ ഗവൺമെന്റ് ജനപക്ഷത്തു നിന്നുകൊണ്ടുള്ള നിലപാടുകളെടുത്തു. സംസ്ഥാനത്തെ 40 ലക്ഷത്തോളം വരുന്ന മദ്യപാനികളായ യുവാക്കളെ മദ്യത്തിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടി ധീരമായ നിലപാടെടുത്തു. ആ ധീരമായ നിലപാട് എടുത്ത് മുന്നോട്ടുപോകുമ്പോൾ മദ്യഷാപ്പുകൾ അടച്ചുപൂട്ടേണ്ടി വന്നു. മദ്യഷാപ്പുകൾ അടച്ചുപൂട്ടുമ്പോൾ സ്വാഭാവികമായി ഒരു കാര്യമുണ്ട്. വിഷം വില്ക്കുന്നവർക്ക് പ്രതിസന്ധിയുണ്ടായാൽ അവർ വിഷം പുരട്ടിത്തന്നെ അതിന് പരിഹാരം തേടും. ആ വിഷം വില്ക്കുന്നവർക്ക് പ്രതിസന്ധിയുണ്ടായപ്പോൾ വിഷം പുരട്ടി പരിഹാരം തേടാൻ ശ്രമിച്ചതാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും പേരിൽ ഇപ്പോഴുണ്ടാക്കിയിരിക്കുന്ന ഈ നാടകങ്ങൾ. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ഇതൊന്നും നടന്നിട്ടില്ലായെന്ന് തോന്നും. ഇവിടെ റിവൈസ്ഡ്

എസ്റ്റിമേറ്റ് ഒന്നും നടന്നിട്ടില്ല. ഞങ്ങളെല്ലാം ജനപ്രതിനിധികളാണ്. ഓരോ ജനപ്രതിനിധിയും ഗവൺമെന്റിനെ സമീപിക്കാറുണ്ട്; ബന്ധപ്പെട്ട മന്ത്രിയോട് പറയാറുണ്ട്. മന്ത്രി അതിനെല്ലാം പരിഹാരം കണ്ടെത്താറുമുണ്ട്. നമുക്ക് എല്ലാവർക്കുമറിയാം, ഏത് റോഡ് ടെൻഡർ ചെയ്യുമ്പോഴും ആ ടെൻഡർ ചെയ്യുന്ന കരാറുകാരൻ തന്റെ കരാർ ഉറപ്പിക്കാൻവേണ്ടി ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത് കരാർ വാങ്ങും. ആ തുക വാങ്ങിയിട്ട് പിന്നെ നെട്ടോട്ടമാണ്. അവിടെ കരാറുകാരനല്ല മറിച്ച് അവിടത്തെ ജനപ്രതിനിധിയാണ് പ്രതിസന്ധിയിലാകുന്നത്. കാരണം ജനപ്രതിനിധിയുടെ മുന്നിൽ ടെൻഡർ കഴിഞ്ഞ് പണി നടക്കാത്ത ഒരു പ്രവൃത്തി കാണുമ്പോൾ ആ പ്രവൃത്തി എങ്ങനെയെങ്കിലും നടപ്പാക്കണമെന്നു കരുതി ധനകാര്യ വകുപ്പു മന്ത്രിയുടെ ഓഫീസിൽ കയറിയിറങ്ങുകയാണ്. അങ്ങനെ കയറിയിറങ്ങുന്ന ഘട്ടത്തിൽ അവരുടെ കരച്ചിൽ കേട്ട് ഒരു കത്ത് കൊടുത്ത് അവസാനം അതിൽ ഒരു റിവൈസ്ഡ് എസ്റ്റിമേറ്റ് ഉണ്ടാക്കി അത് സി.ടി.ഇ. ക്ക് അയച്ചുകൊടുക്കുകയും സി.ടി.ഇ. യുടെ അംഗീകാരം വാങ്ങി ധനകാര്യ വകുപ്പിലെത്തുകയും ചെയ്തു കഴിഞ്ഞാൽ, പിന്നീട് അനുമതി നല്കിയ പൊതുമരാമത്ത് വകുപ്പുമന്ത്രിയാണ് അതിന് ഉത്തരവാദിയെന്നു പറയുന്നത് എന്ത് ന്യായമാണ്?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി.

എം. തോമസ് ഐസക് എടുത്തിരുന്ന തീരുമാനങ്ങൾപോലും ഇന്നത്തെ മന്ത്രിസഭയ്ക്ക് അംഗീകരിക്കേണ്ടി വന്നിട്ടുണ്ട്. അദ്ദേഹം ഇതുപോലെ റിവൈസ്ഡ് എസ്റ്റിമേറ്റ് നൽകി. ആലപ്പുഴ സിവിൽ സ്റ്റേഷന്റെ പ്രവൃത്തി അന്ന് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസകിന്റെ കാലഘട്ടത്തിലായിരുന്നുവെങ്കിലും ഈ ഗവൺമെന്റ് അതിന് അനുമതി നൽകി. ഒരു പ്രവൃത്തി മാത്രമല്ല, റിവൈസ്ഡ് എസ്റ്റിമേറ്റ് നൽകിയ പ്രവൃത്തികളുടെ പട്ടിക പരിശോധിച്ചാൽ ഒരുപക്ഷേ ഇന്നത്തെ ഗവൺമെന്റിനെക്കാൾ കൂടുതൽ കഴിഞ്ഞ ഗവൺമെന്റിനാണ് നൽകിയതെന്ന് കാണാൻ കഴിയും. അത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതുപോലെതന്നെയാണ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ കാര്യവും. കൺസ്ട്രക്ഷൻ കോർപ്പറേഷൻ തുടങ്ങിയത് എന്തിനാണ്? ഒരുവേള കരാറുകാരൻ തീരുമാനിച്ചാൽ ഇവിടെ ഏത് നിർമ്മാണ പ്രവർത്തനങ്ങൾക്കും കടിഞ്ഞാണിടാൻ സാധിക്കുമെന്ന് ചിന്തിച്ചിരുന്ന ഘട്ടത്തിലാണ് അങ്ങനെ പറ്റില്ല ഇവർക്കിടയിൽ ഇടപെടാൻ കഴിയുന്നൊരു സംവിധാനം ഗവൺമെന്റിന് വേണമെന്നുള്ള രീതിയിലാണ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഉണ്ടാക്കിയത്. കൺസ്ട്രക്ഷൻ കോർപ്പറേഷൻ നമ്മുടെ സ്വപ്നത്തിൽ എങ്ങനെയാണോ ഉദ്ദേശിച്ചത് ആ ലക്ഷ്യത്തിലേയ്ക്ക് ഉയരാൻ ഇനിയും കാലതാമസമെടുക്കുമെന്ന് നിങ്ങൾക്കും

നമ്മൾക്കും ഒരുപോലെ അറിയാം. അത് എല്ലാവർക്കുമറിയാം. അതേസമയം ഇന്ന് അവരുടെ മുമ്പിലുള്ള സിസ്റ്റം എംപാനലാണ്. ആ എംപാനലിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തവർ ആരാണോ അവർക്കാണ് പ്രവൃത്തി നൽകുന്നത്. അങ്ങനെ നൽകിയാൽ ആ പ്രവൃത്തി ഏറ്റെടുത്തു കഴിഞ്ഞതിനുശേഷം അത് ഏറ്റെടുത്ത ആളുകൾക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞില്ലെങ്കിൽ ഞങ്ങൾ കരാറിൽ പങ്കെടുത്തില്ലെങ്കിലും ഇതൊന്ന് റിവൈസ് ചെയ്തുതരണമെന്ന് അവർക്ക് എഴുതേണ്ടിവരും. അത് ഉയർത്തിപ്പിടിച്ച് ഇവിടെയെന്തോ അത്ഭുതങ്ങൾ ഉണ്ടായിരിക്കുന്നു എന്ന് പറയുന്ന രീതിയിൽ തെറ്റിദ്ധരിപ്പിക്കരുത്. കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക് കാര്യങ്ങൾ നന്നായി പഠിക്കുന്ന ആളാണ് എന്നതിൽ യാതൊരു സംശയവുമില്ല. പക്ഷേ ഒരു എ.ജി.-യുടെ റിപ്പോർട്ട് വന്നിരിക്കുന്നു. അതുകൊണ്ട് ഇവിടെയാകമാനം അഴിമതി നടന്നിരിക്കുന്നുവെന്ന് പറഞ്ഞാൽ, കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് എ.ജി.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഴിമതി നടത്തിയെന്ന് കണ്ടെത്തിയവരെയെല്ലാം ഞങ്ങൾ അഴിമതിക്കാരെന്ന് മുദ്രകുത്തിയാൽ അങ്ങനെ എത്രപേരുണ്ടാകും? ഒരു വിരൽ ഇങ്ങോട്ട് ചൂണ്ടുമ്പോൾ നാലുവിരൽ അപ്പുറത്തേയ്ക്ക് നിൽക്കുന്നുണ്ട് എന്നുള്ള കാര്യം നിങ്ങൾ മനസ്സിലാക്കുകയും ആ യാഥാർത്ഥ്യത്തെ

നിങ്ങൾ തിരിച്ചറിയുകയും വേണം. ഇവിടെ മാണിസാറിനെതിരെ ഒരു ഡ്രൈവർ മൊഴി നൽകിയതുകൊണ്ട് മാണിസാറിനെ ഇങ്ങോട്ട് അടുപ്പിക്കരുത്, അദ്ദേഹത്തിനെതിരെ മുദ്രാവാക്യം വിളിക്കണം, മാണിസാർ ഇവിടെനിന്ന് പുറത്തുപോകണം എന്നാണോ? അതുപോലെ കോടിക്കണക്കിന് രൂപ എന്റെ കാറിൽ കൊണ്ടുപോയി എന്ന് ഒരു ഡ്രൈവർ മൊഴിനൽകിയത് കോടതിയുടെ മുമ്പിൽ എത്തിച്ചയാളുകൾ അപ്പുറത്തിരിക്കുമ്പോൾ ഞങ്ങൾ ആ ഭാഷ ഉപയോഗിക്കുന്നില്ലല്ലോ? കാരണം ഏതെങ്കിലും ഡ്രൈവറുടെയോ വ്യക്തികളുടെയോ രാഷ്ട്രീയമായിട്ടുള്ള അല്ലെങ്കിൽ ആരെങ്കിലും രാഷ്ട്രീയമായെടുക്കുന്ന ചില പ്രസ്താവനകളും തങ്ങളുടെ നേട്ടങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതിനെയും ഉത്തരവാദിത്തപ്പെട്ട ഒരു രാഷ്ട്രീയ നേതാവിനുമേൽ ഉന്നയിക്കുന്നത് അത്ര ഗുണകരമാവില്ല. ഒരു യാഥാർത്ഥ്യം നാം അറിയണം. ഏറ്റവും ഒടുവിൽ കേരളത്തിൽ മികച്ച നിലവാരം പുലർത്തിയ വകുപ്പുകളുടെ പട്ടിക പുറത്തുവന്നപ്പോൾ അതിൽ പൊതുമരാമത്തുവകുപ്പ് വളരെ മുന്നിൽ നിൽക്കുകയാണ്. പൊതുമരാമത്ത് വകുപ്പാണ് കാര്യക്ഷമതയോടുകൂടി തുക വിനിയോഗിച്ചതിൽ മുൻപന്തിയിൽ നിൽക്കുന്നത്. മാത്രവുമല്ല ബഡ്ജറ്റിൽ പറഞ്ഞ തുകയുടെ ഇരട്ടി ഉപയോഗിക്കുകയും പ്രതിപക്ഷത്തും ഭരണപക്ഷത്തും ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുകയും ചെയ്തു. ഈ ഗവൺമെന്റിന്

കടബാധ്യത വന്നു എന്ന് പരിഹസിക്കരുത്. ഭരണ പ്രതിപക്ഷഭേദമന്യേ കേരളത്തിൽ ആസ്തിവികസന ഫണ്ട് എന്ന പേരിൽ ഏകദേശം അഞ്ച് കോടി രൂപ ഒരുവർഷം വിനിയോഗിക്കാൻ ഒരു ജനപ്രതിനിധിക്ക് അധികാരമുണ്ട്. ആരാണ് ആ നിലയിലേയ്ക്ക് കൊണ്ടുവന്നത്? അത് കിട്ടിയിട്ടില്ല എന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? തന്റെ നിയോജകമണ്ഡലത്തിൽ നടക്കേണ്ട വികസന പ്രവർത്തനങ്ങൾ എന്താണെന്ന് കണ്ടെത്തി അതിനെ വിനിയോഗിക്കാൻ കഴിയുന്നൊരവസ്ഥ കേരളത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഇത്തരം കാര്യങ്ങളൊന്നും ചർച്ച ചെയ്യാതെ മുൻ ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ വളരെ വിലപ്പെട്ട അഭിപ്രായങ്ങൾ കേരളത്തിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചുവെങ്കിലും ഒരു എ.ജി.-യുടെ റിപ്പോർട്ടിലെ പരാമർശങ്ങൾ മാത്രം ഉയർത്തിപ്പിടിച്ച് പെരുപ്പിച്ച് കാണിക്കുന്ന ഡോ. ടി. എം. തോമസ് ഐസക്കിന്റെ ഈ തന്ത്രങ്ങൾ കേരളത്തിലെ സമൂഹം അറിയും, അത് എല്ലാവർക്കും അറിയാവുന്നതാണ്. ഇതൊന്നും പൊതുസമൂഹം അംഗീകരിക്കുകയില്ല. കേരളത്തിലെ ജനങ്ങൾക്ക് ഇന്നത്തെ പ്രതിസന്ധിയെക്കുറിച്ച് അറിയാം. ഈ ചർച്ചയുടെ തുടക്കത്തിൽ ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞൊരു കാര്യമുണ്ട്, രാജ്യം എത്തിനിൽക്കുന്ന ഗുരുതരമായ വിഷയങ്ങളിൽനിന്ന് ഇത്തരം സില്ലി പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ച് നിങ്ങൾ ഒളിച്ചോടരുത്. ഇന്ന് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്ക്

അവരുടെ കടമ നിർവ്വഹിക്കാൻ കഴിയുന്നില്ല. തങ്ങളുടെ വോട്ട് ബാങ്ക് ചോർന്നുപോകുമോ എന്നുള്ള ഭയപ്പാടുമൂലം രാജ്യത്തുനടക്കുന്ന പല പ്രശ്നങ്ങളോടും ഇടതുപക്ഷപ്രസ്ഥാനങ്ങൾ ഇന്ന് കണ്ണടയ്ക്കുന്നു എന്ന യാഥാർത്ഥ്യം നമുക്ക് നിരാകരിക്കാൻ കഴിയില്ല. കാരണം ഒരു ഭാഗത്ത് രാജ്യത്തിന്റെ മതേതരസങ്കല്പങ്ങൾ തച്ചുടയ്ക്കുന്നു. അതാണ് ഇന്ത്യയുടെ ജീവൻ. നമ്മുടെ രാജ്യത്തെ ഭഗവദ്ഗീത ദേശീയഗ്രന്ഥമാക്കണമെന്ന് ഇന്ത്യൻ പാർലമെന്റ് പറയുന്നു, ഏക സിവിൽ കോടതി നടപ്പാക്കുമെന്ന് ഭരണാധികാരികൾ പറയുന്നു, ക്രിസ്തുമസ് അവധിയായി പ്രഖ്യാപിക്കില്ലെന്ന് പറയുന്നു. ഒരു കാലഘട്ടത്തിൽ രാജ്യത്തെ ന്യൂനപക്ഷങ്ങളുടെ, മതേതര വിശ്വാസികളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയർന്നിരുന്ന ഇടതുപക്ഷം വിലപ്പെട്ട ഈ സഭപോലും അത്തരം കാര്യങ്ങൾക്ക് വിനിയോഗിക്കാതെ ഇത്തരം കാര്യങ്ങൾ മാത്രം വിനിയോഗിച്ച് സമയം കളയുന്നതിന്റെ പൊരുളെന്താണ്? കാരണം ഇന്ത്യ ഭരിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റിനെ എതിർക്കാനാവില്ല എന്ന് നിങ്ങൾ മനസ്സിലാക്കുന്നു. പരസ്യമായി എതിർത്താൽ പലതും നഷ്ടപ്പെടുമെന്ന് നിങ്ങൾ ഭയപ്പെടുകയാണ്. ഇന്ത്യൻ പാർലമെന്റിൽ ഈ വിഷയത്തെ ശക്തമായി എതിർത്തത് ഞങ്ങളുടെ നേതാവ് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ, എം.പി. ആണ് എന്നത് ഞങ്ങൾ അഭിമാനത്തോടെ പറയും. നിങ്ങളെ അവിടെയൊന്നും കണ്ടില്ല.

നിങ്ങൾക്കത് പറയേണ്ടതില്ല, കാരണം ഇടതുപക്ഷ മുന്നണിക്ക് ഇന്ന് തങ്ങളുടെ പാളയത്തിലെ വോട്ട് ചോർന്നുപോകുമോ എന്ന ഭയംകൊണ്ട് രാജ്യം അഭിമുഖീകരിക്കുന്ന ഗുരുതരമായ രാഷ്ട്രീയ വിഷയങ്ങളിൽനിന്ന് നിങ്ങൾ ഒളിച്ചോടുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ട് അത്തരം വിഷയങ്ങളിൽനിന്നും മാറിനിന്ന് കേരളത്തിലെ വിഷയങ്ങളെ ചെറുതാക്കി കാണിക്കുകയാണ്. ഞങ്ങൾക്കെന്നും രാജ്യത്തെ ജനങ്ങൾക്കുമുന്നിൽ അഭിമാനത്തോടുകൂടി നിൽക്കാൻ സാധിക്കും. ഈ ഗവൺമെന്റ് കടബാധ്യതയിലേയ്ക്ക് എത്തിയിട്ടുണ്ടെങ്കിൽ, കടബാധ്യത വന്നിട്ടുണ്ടെങ്കിൽ എന്തിനാണ് മറച്ചുവയ്ക്കുന്നത്? എന്ത് കടബാധ്യതയുണ്ടെങ്കിലും ഇനിയും വികസന പ്രവർത്തനങ്ങൾ നടത്തുമെന്ന് പറഞ്ഞുകഴിഞ്ഞല്ലോ? ഈ ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതികൾതന്നെ പരിശോധിച്ചാൽ എത്രയെണ്ണമാണ് ഇതിൽ അനയോജ്യമല്ലാത്തതുള്ളത്? കഴിഞ്ഞ സഭയിലാണല്ലോ എന്റെ സുഹൃത്തും ബഹുമാന്യനായ അംഗവുമായ ശ്രീ. എ. പ്രദീപ്കുമാർ മണിക്കൂറുകളോളം ഈ സഭാതലം വിറപ്പിച്ചത്. എന്തിനായിരുന്നു അത്? മൊയ്തുമൗലവി സ്മാരകത്തിന് ഫണ്ട് വയ്ക്കണം. ഇതിൽ ഒരു നിർദ്ദേശമായി വന്നിട്ടുള്ളത് ആ മൊയ്തുമൗലവി സ്മാരകത്തിന് ഫണ്ട് മാറ്റിവയ്ക്കണമെന്നുള്ളതാണ്. അങ്ങേയ്ക്ക് അത് എതിർക്കാനാകുമോ? അധിക ബാധ്യത എന്നുപറയുന്നത് ഇതാണ്.

അങ്ങനെ ഓരോ വിഷയങ്ങളും നിങ്ങളെടുത്തുനോക്കൂ. വടകര ആശുപത്രിക്ക് കെട്ടിടം വേണ്ടേ? ആ കെട്ടിടത്തിന്റെ പ്രവൃത്തി നടക്കണ്ടേ? ഇവിടെ ഒരു ഉപധനാഭ്യർത്ഥന അവതരിപ്പിക്കുമ്പോൾ അതിന്റെ ആവശ്യകതയെന്ത് എന്നാണ് നിങ്ങൾ നോക്കേണ്ടത്. പുതിയ താലൂക്കുകൾ വന്നു. വലിയ സാമ്പത്തിക ബാധ്യതയാണ്. പുതിയ താലൂക്കുകൾ വന്നപ്പോൾ ഇടതുപക്ഷ മുന്നണിയിലെ ഓരോ എം.എൽ.എ.മാരും തങ്ങളുടെ ചിത്രം വച്ച് ഫ്ലക്സ്ബോർഡ് വച്ചു. കാരണം ഞങ്ങളാണ് താലൂക്ക് കൊണ്ടുവന്നതെന്ന് അറിയിക്കാൻ. അവിടെ ധനകാര്യ വകുപ്പുമന്ത്രിക്ക് ഒരു റോളുമില്ല. താലൂക്കുകൾ അനുവദിച്ചാൽ വില്ലേജ് ഓഫീസുകളും പുതിയ വില്ലേജുകളും ഉണ്ടാകും. അങ്ങനെവരുമ്പോൾ  പുതിയ വില്ലേജ് ആഫീസുകളിൽ സ്റ്റാഫും പുതിയ തസ്തികകളും സൃഷ്ടിക്കണ്ടേ?  പുതിയ കോളേജുകൾ വന്നു. പ്രതിപക്ഷ ഉപനേതാവിന്റെ നിയോജകമണ്ഡലത്തിൽപോലും കോളേജില്ലെന്ന് ഞങ്ങൾ അപ്പോഴാണ് അറിയുന്നത്. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെയും ശ്രീ. പുരുഷൻ കടലുണ്ടിയുടെയും  ഡോ. കെ. ടി. ജലീലിന്റെയും മണ്ഡലത്തിൽ കോളേജ് ഇല്ല. പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാൻ അനുവദിച്ചത് ഗവൺമെന്റ് കോളേജാണ്. അങ്ങനെ ഗവൺമെന്റ് കോളേജ് അനുവദിച്ചത് ബാധ്യതയല്ലേ? ആ ബാധ്യത ഒരു ഗവൺമെന്റ് ഏറ്റെടുക്കണ്ടേ? കൂടാതെ മൂന്ന് മെഡിക്കൽ കോളേജുകൾ. ഇവിടത്തെ

പട്ടികജാതി വിഭാഗങ്ങൾ എത്ര അടിസ്ഥാന വർഗ്ഗമാണ്. ആ പട്ടികജാതി വിഭാഗങ്ങളിൽ 70 ശതമാനം കുട്ടികൾക്ക് സീറ്റ് ഉറപ്പുവരുത്തിക്കൊണ്ടാണ് കോളേജുകൾ നിർമ്മിച്ചത്.

മി.ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ആ രീതിയിൽ കേരളത്തിലെ ജനങ്ങളോടൊപ്പംനിന്ന് പ്രവർത്തിക്കുന്നൊരു ഗവൺമെന്റിന്റെ വിഷയങ്ങൾ മുന്നിൽ വയ്ക്കുമ്പോൾ അത് ചർച്ചയ്ക്കെടുക്കാതെയും ജനങ്ങളറിയാതെയും പൂഴ്ത്തിവച്ചുകൊണ്ട് ഇത്തരം കുരുട്ട് വിദ്യകൾ കൊണ്ട് ഓട്ട അടയ്ക്കാൻ ആർക്കും കഴിയില്ല. കേരളത്തിലെ ജനങ്ങൾ പ്രബുദ്ധരാണ് എന്നതിൽ യാതൊരു സംശയവും വേണ്ട. കേരളത്തിൽ ഒരുപക്ഷേ ബംഗാളിനെക്കാൾ വലിയ പരാജയം ഇടതുമുന്നണിയെ കാത്തിരിക്കുന്നുവെന്ന് നിങ്ങൾ തിരിച്ചറിയണമെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്.

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അതിശക്തമായി എതിർക്കുകയാണ്. ധനാഭ്യർത്ഥനകളെ മാത്രമല്ല ഈ ധനാഭ്യർത്ഥന അവതരിപ്പിച്ച കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി ആ സ്ഥാനത്ത് ഇരിക്കാൻ പാടില്ലായെന്ന് കൂടി ഞാൻ ആവർത്തിച്ച് പറയുകയാണ്. കാരണം

അദ്ദേഹം ഇന്ന് സംശയത്തിന്റെ നിഴലിലാണ്. കെ. എം. മാണി എന്ന നിലയിലല്ല, മറിച്ച് മന്ത്രി എന്ന നിലയിലാണ് ഇത് പറയുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഒരു മന്ത്രി കൈക്കൂലി ചോദിക്കുകയും അത് വാങ്ങിക്കുകയും ചെയ്തു എന്ന ആരോപണം ഉണ്ടായി ആ കേസിൽ പ്രതിയാക്കപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തിനെതിരായിട്ടുള്ള ആരോപണം സത്യമാണെങ്കിലും അല്ലെങ്കിലും അധികാര പദവി ദുരുപയോഗം ചെയ്തുകൊണ്ടാണ് ആ കൊടുക്കലും വാങ്ങലും നടന്നിരിക്കുന്നുവെന്നുള്ളതാണ് പ്രാഥമികമായ നിഗമനം. അങ്ങനെ വന്നാൽ അരനൂറ്റാണ്ടുകാലത്തെ പാരമ്പര്യമുള്ള ശ്രീ. കെ. എം. മാണിയെ പോലുള്ള ആളുകൾ ചെയ്യേണ്ട മാന്യത ആ പദവിയിൽനിന്നും മാറിനിന്നുകൊണ്ട് അന്വേഷണം നേരിടുക എന്നുള്ളതാണ്. ആ മാന്യത അദ്ദേഹം കാണിക്കുന്നില്ലായെങ്കിൽ അദ്ദേഹത്തിന് നാൽപ്പത്തിയേഴ് വർഷത്തെ സീനിയോറിറ്റി അംഗീകരിച്ചു കൊടുക്കേണ്ട കാര്യമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. കാരണം അദ്ദേഹത്തിന്റെ മാന്യത പ്രകടിപ്പിക്കേണ്ടത് ആ സ്ഥലത്താണ്. അധികാരം മനുഷ്യന് ലഹരിയായി മാറുന്നതിന്റെ ഒരു ഉദാഹരണം കൂടിയാണദ്ദേഹം. അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവൻ മന്ത്രി പദവിയിലും എം.എൽ.എ. പദവിയിലും ഇരുന്ന ആളാണ്. സ്വാഭാവികമായിട്ടും ഇത്തരം ഒരു സന്ദർഭത്തിൽ ആരോപണം ഉന്നയിക്കുമ്പോൾ ഒരു

മനുഷ്യന് ഉണ്ടാകപ്പെടുന്ന വികാരത്തെ നമ്മൾ മാനിക്കണം. പക്ഷെ ഇത് സമൂഹത്തിന്റെ അഴിമതി എന്നുപറയുന്നത്, ഇത് സമൂഹത്തിന് നേരെയുള്ള കുറ്റകൃത്യമാണെന്ന് പറഞ്ഞത് സുപ്രീം കോടതിയാണ്. ഞാൻ ആ കാര്യം ഇവിടെ സൂചിപ്പിക്കുകയാണ്. ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ മുൻപ് അവതരിപ്പിച്ച ബഡ്ജറ്റുകളിലൂടെ കേരളം എവിടെയെത്തി എന്ന് പരിശോധിക്കേണ്ട കാര്യമാണ്. സത്യം പറഞ്ഞാൽ ഒറ്റവാക്കിൽ പറഞ്ഞാൽ ഇന്ന് ഈ ധനകാര്യ വകുപ്പുമന്ത്രിയുടെയും ഗവൺമെന്റിന്റെയും ഭരണത്തിൽ പാഷാണം വാങ്ങി കഴിക്കാൻപോലും പണമില്ലാത്ത ഗവൺമെന്റായി ഈ ഗവൺമെന്റ് മാറി. ഖജനാവിൽ ഒരു നയാ പൈസ ഇല്ലായെന്നത് സത്യമാണ്. മന്ത്രിമാരുടെ ഓഫീസിൽ കോലാഹലങ്ങൾ സൃഷ്ടിക്കുന്നുണ്ടെങ്കിലും മരിച്ച വീടുപോലെയാണ്. ഒരു കാര്യവും അവിടെ നടക്കുന്നില്ല. ധനകാര്യ മാനേജ്മെന്റിന്റെ ഫലമായി കേരളം സാമ്പത്തിക തകർച്ചയിലേയ്ക്ക് കൂപ്പുകുത്തി. മുപ്പത്തിമൂന്നായിരം കോടി രൂപയാണ് പിരിച്ചെടുക്കാനുള്ള നികുതി. അതിൽ ഒൻപതിനായിരം കോടി രൂപയുടെ നികുതി കോടതി സ്റ്റേ ചെയ്തിരിക്കുന്നു. ബാക്കി ഇരുപത്തിമൂന്നായിരം കോടി രൂപയുടെ നികുതി പിരിച്ചെടുത്തിട്ടില്ല. ഇലക്ട്രിസിറ്റി ബോർഡ് പിരിച്ചെടുക്കാനുള്ള തുക മൂവായിരത്തി ഇരുന്നൂറ് കോടി രൂപയാണ്. പാവപ്പെട്ടവൻ ഇലക്ട്രിസിറ്റി ചാർജ്

അടയ്ക്കാത്തതുകൊണ്ട് അല്ല. എന്റെയോ നിങ്ങളുടെയോ വീട്ടിലെ ഇലക്ട്രിസിറ്റി ചാർജ് അടച്ചില്ലെങ്കിൽ ഫ്യൂസ് ഊരും. പക്ഷെ ഫ്യൂസ് ഊരാതെ മൂവായിരത്തി ഇരുന്നൂറ്-മൂവായിരത്തി എണ്ണൂറ് കോടിയോളം രൂപ പിരിച്ചെടുക്കാനുണ്ട്. പിരിച്ചെടുത്തിട്ടില്ല. വാട്ടർ അതോറിറ്റി രണ്ടായിരത്തി ഇരുന്നൂറ് കോടിയോളം രൂപ പിരിച്ചെടുക്കാനുണ്ട്. പിരിച്ചെടുത്തിട്ടില്ല. നികുതി പിരിച്ചെടുക്കുന്നില്ല. സത്യത്തിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇവിടെ ബഡ്ജറ്റ് വിറ്റ് ഖജനാവ് കൊള്ളയടിക്കുന്ന ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ് എന്ന് ഞാൻ വീണ്ടും വീണ്ടും ആവർത്തിക്കുകയാണ്. നിങ്ങൾക്ക് ഇത് പുറത്ത് പറയാൻ സാധിക്കുമോയെന്ന് മാണി സാർ എന്നോട് ചോദിച്ചു. ഞാൻ പുറത്ത് പത്രസമ്മേളനം നടത്തി ഈ കാര്യങ്ങളെല്ലാം പറഞ്ഞു. ഒരു കുഴപ്പവും ഉണ്ടായിട്ടില്ല. വീണ്ടും അത് ഇവിടെ ആവർത്തിക്കുന്നതിനുകാരണം ഞാൻ ഇത് വെറുതെ പറയുന്നതല്ല. ഇവിടെ മന്ത്രിമാർക്കെതിരായി ആരോപണം ഉന്നയിക്കപ്പെട്ടു, അവിടെ ഉദ്യോഗസ്ഥർക്കെതിരായി ആരോപണം ഉന്നയിക്കപ്പെട്ടു. ഒരു മന്ത്രിയുടെ കീഴിൽ ഇരിക്കുന്ന ഉദ്യോഗസ്ഥർ എന്തെങ്കിലും അഴിമതി കാണിച്ചാൽ അതിന്റെ ഉത്തരവാദിത്തമെല്ലാം മന്ത്രിമാർക്കായിരിക്കണമെന്നില്ല. പക്ഷെ അഴിമതി കാണിച്ച ഉദ്യോഗസ്ഥനെ മന്ത്രി സംരക്ഷിക്കാൻ തുടങ്ങിയാൽ ആ ഉദ്യോഗസ്ഥന്റെ അഴിമതി

ഉത്തരവാദിത്തം ആ മന്ത്രിക്കായിരിക്കും. അതിൽ യാതൊരു സംശയവുമില്ല. ശ്രീ. കെ. എം. മാണി ധനകാര്യ വകുപ്പുമന്ത്രിയായതിനുശേഷം മൂന്ന് ഉദ്യോഗസ്ഥരുടെ കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ മൂന്ന് ഉദ്യോഗസ്ഥന്മാരിൽ രണ്ടുപേർ കോടി ക്കണക്കിന് രൂപ നികുതി വെട്ടിപ്പ് നടത്തിയ നാനോ എക്സൽ കമ്പനിക്കെതിരായി നടപടി സ്വീകരിക്കുന്നതിനുപകരം ആ കമ്പനിക്കാരുടെ കയ്യിൽ നിന്നും ഒന്നര കോടി രൂപ കൈക്കൂലി വാങ്ങി. ജയനന്ദകുമാർ എന്നുപറയുന്ന ഓഫീസറും സന്തോഷ് കുമാർ എന്ന ഒരു അസിസ്റ്റന്റ് കമ്മീഷണറും. അദ്ദേഹം നാനോ എക്സൽ കമ്പനി അടച്ച നികുതി 60 ലക്ഷം രൂപ തിരിച്ചുകൊടുത്തു, ഈ നികുതി വെട്ടിപ്പുകാർക്ക്. അത്രയും ഗുരുതരമായ ആരോപണം ഉന്നയിക്കപ്പെട്ട രണ്ട് ഉദ്യോഗസ്ഥർക്കെതിരായി വിജിലൻസ് ഡയറക്ടർ അന്വേഷണം നടത്തി. അതീവ ഗുരുതരമായ ആരോപണം ഉന്നയിക്കപ്പെട്ട് കേസ് ചാർജ് ചെയ്തു. തൃശ്ശൂർ വിജിലൻസ് കോടതി അവർക്കെതിരായി കേസ് എടുത്തിട്ട് പറഞ്ഞു ഇവരെ ഒരു കാരണവശാലും സർവ്വീസിൽ വച്ചിരിക്കാൻ പാടില്ലായെന്ന്. ജയനന്ദകുമാറിന്റെ കാര്യത്തിൽ പറഞ്ഞു ഇദ്ദേഹം 120 (ബി) അനുസരിച്ച് കോൺസ്പിറസി അടക്കമുള്ള കാര്യങ്ങൾ ചെയ്ത ആളായതുകൊണ്ടും സാക്ഷിയെ സ്വാധീനിക്കാൻ കഴിവുള്ള ആളായതുകൊണ്ടും ഇദ്ദേഹത്തെ നിർബന്ധമായും സസ്പെന്റ് ചെയ്യണം എന്ന് ആവശ്യപ്പെട്ടതിന്റെ

അടിസ്ഥാനത്തിൽ സസ്പെൻഷൻ ഉത്തരവ് ഇറക്കുകയുണ്ടായി. രേഖയാണല്ലോ അങ്ങ് ചോദിച്ചത്. ഞാൻ രേഖ വയ്ക്കുകയാണ്. 01.08.2013 -ൽ വിജിലൻസ് ഡിപ്പാർട്ടുമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി ഇറക്കിയിരിക്കുന്ന സസ്പെൻഷൻ ഉത്തരവാണ്. ഈ സസ്പെൻഷൻ ഉത്തരവ് തന്നെ സന്തോഷ് കുമാറിന്റെ കാര്യത്തിലും ഉണ്ടായി. ഒരേ ഉത്തരവിലൂടെ രണ്ടുപേരെയും സസ്പെന്റ് ചെയ്തു. ഏത് അന്വേഷണത്തിന്റെ പേരിലാണ് ശ്രീ. കെ. എം. മാണി വീണ്ടും അതേ പദവിയിലേയ്ക്ക് ഒരാളെ കൊണ്ടുവരികയും മറ്റൊരാളെ പ്രൊമോഷൻ കൊടുത്ത് സംരക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നത് ആർക്കുവേണ്ടിയാണ്? ആർക്കുവേണ്ടിയിട്ടാണ്? ഈ രണ്ടു ഉദ്യോഗസ്ഥർ ഏറ്റവും വലിയ അഴിമതി കാണിച്ചവരാണ്, അഴിമതി തെളിയിക്കപ്പെട്ടവരാണ്. ആ അഴിമതി തെളിയിക്കപ്പെട്ട ഉദ്യോഗസ്ഥരെ ശ്രീ. കെ. എം. മാണി സംരക്ഷിക്കുന്നത് എന്തിനുവേണ്ടിയിട്ടാണ്? XXXXXXXXXX[4].......... അത്തരത്തിലുള്ള ഉദ്യോഗസ്ഥരെ വച്ചുകൊണ്ട് ഇവിടെ ഭരണം നടത്തിക്കൊണ്ടിരിക്കുന്നത് അഴിമതിയാണ്. അഴിമതി എന്നുപറയുന്നത് കൈക്കൂലി വാങ്ങലും കൊടുക്കലും മാത്രമല്ല... ........(ബഹളം)... നിങ്ങൾ എന്നെ പേടിപ്പിക്കേണ്ട......(ബഹളം).... നിങ്ങൾ അന്വേഷിക്കൂ ഞാൻ തെളിവുതരാം. ...(ബഹളം)....

4 സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

<u>മി. ചെയർമാൻ</u>: പ്ലീസ്.... പ്ലീസ്.....

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u>: സർ, എന്നെ തടസ്സപ്പെടുത്താൻ അനുവദിക്കരുത്. അങ്ങ് എനിക്ക് പ്രൊട്ടക്ഷൻ തരണം. ഞാൻ അങ്ങേയ്ക്ക് എഴുതി തന്ന കാര്യംവിട്ട് ഒരക്ഷരം പോലും ഞാൻ ഇവിടെ പറയുന്നില്ല. അങ്ങേയ്ക്ക് എഴുതിതന്ന കാര്യം മാത്രമേ ഞാൻ ഇവിടെ പറയുന്നുള്ളൂ. ഈ ജയനന്ദകുമാറിനെയും സന്തോഷ് കുമാറിനെയും.......... ഇനി ഇവർ പറയുന്ന കാര്യം ശരിയാണെങ്കിൽ ഞാൻ ഇവരോട് ചോദിക്കുന്നു ഈ അഴിമതിക്കാരായ ഉദ്യോഗസ്ഥരെ നിങ്ങൾ എന്തിന് സംരക്ഷിക്കുന്നു? എന്തിന് സംരക്ഷിക്കുന്നു? എണീറ്റുനിന്ന് ബഹളം വച്ചുകൊണ്ട് ചോദിക്കുന്നു, നിങ്ങൾ പറയൂ....

<u>മി. ചെയർമാൻ:</u> ചോദ്യോത്തരം വേണ്ട.

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u>: മൂന്നാമത്തെ കേസ്... കോഴിക്കോട്ടെ ബോവസ് എന്നുപറയുന്ന ഉദ്യോഗസ്ഥൻ... കോഴിക്കോട് ടാക്സ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻ ബോവസ് എന്നുപറയുന്ന ഉദ്യോഗസ്ഥൻ അദ്ദേഹത്തിനെതിരെ മൂന്ന് കേസുകൾ ഉണ്ടായി. മൂന്നാമത്തെ കേസ് വന്നപ്പോൾ അനധികൃതമായി ഒരു കടയിൽപ്പോയി കൈക്കൂലി ചോദിച്ച് പ്രശ്നം ഉണ്ടാക്കിയ ആ ഉദ്യോഗസ്ഥനെ കൈയോടെ പിടിച്ചു. അന്വേഷണം നടത്തി. അന്വേഷണത്തിന്റെ

അടിസ്ഥാനത്തിൽ മുൻകാലത്ത് നടത്തിയ കുറ്റകൃത്യങ്ങൾ ഉൾപ്പെടെ വനിതാ കമ്മീഷന് നേരെയുള്ള പരാതികൾ ഉൾപ്പെടെയുള്ള നിരവധി പരാതികൾ വാളയാർ ചെക്ക് പോസ്റ്റിൽ കൈക്കൂലി വാങ്ങിച്ചതിന്റെ പേരിൽ സസ്പെൻഷൻ ഉൾപ്പെടെയുള്ള നിരവധി മുൻകാല നടപടിക്ക് വിധേയനായ ഒരു ഉദ്യോഗസ്ഥനെതിരായി മൂന്നാമതൊരു ആരോപണം വന്നപ്പോൾ ആ ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തു. ശ്യാം ജഗന്നാഥൻ എന്നുപറയുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥൻ ആണ് ഉത്തരവിട്ടത്. xxxxxxxxxx[5] ആ സസ്പെൻഷൻ ഉത്തരവ് പിൻവലിക്കണം. ഒരു മണിക്കൂർ.... ...... (ബഹളം).... Deccan Chronicle എന്നുപറയുന്ന പത്രത്തിൽ വ്യക്തമായി പറയുന്നു. നിങ്ങൾ എന്തുകൊണ്ട് കേസ് കൊടുത്തില്ല. ഞാൻ നിയമസഭയിൽ പറയുന്നതിനുമുൻപ് Deccan Chronicle എന്നുപറയുന്ന പത്രം... .....(ബഹളം)....

<u>മി. ചെയർമാൻ</u>: ഞാൻ പറയട്ടെ ....(ബഹളം)....

<u>ശ്രീ. വി.എസ്. സുനിൽകുമാർ:</u> സർ, Decan Chronicle എന്നുപറയുന്ന പത്രത്തിൽ ഇക്കാര്യം റിപ്പോർട്ട് ചെയ്തിരിക്കുന്നു 'suspension stayed within hours issuing it by.........' ശ്രീ. കെ. എം. മാണി വിളിച്ചു എന്നതിന്റെ അടിസ്ഥാനത്തിലാണ് എന്നുപറയുന്നു ഈ പത്രത്തിൽ. Deccan Chronicle ഇറങ്ങിയത് എന്നാണ്... ജനുവരി മാസം 25-ാം തീയതി. നിങ്ങൾ ഈ പത്രം

---

5 സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

വായിച്ചില്ലേ? അക്കാര്യം ഞാൻ ഇവിടെ പറയുകയാണ്. അത് ഒരു മണിക്കൂർ കൊണ്ട് എന്ത് അന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണ് ബോവസ് എന്നുപറയുന്ന ഈ ഉദ്യോഗസ്ഥനെതിരെ സസ്പെൻഷൻ നടപടി സ്വീകരിച്ചതിനുശേഷം കെ.എം. മാണി നേരിട്ട് വിളിച്ച എന്ന് ഞാൻ ആരോപിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ....

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, പോയിന്റ് ഓഫ് ഓർഡർ.... 307. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ യാതൊരു അടിസ്ഥാനവുമില്ലാതെ ജനറലൈസ് ചെയ്ത് ആരോപണം ഉന്നയിക്കുകയാണ്. xxxxxxxx[6] അത് എഴുതിക്കൊടുത്തതല്ല. ആ സ്റ്റേറ്റ്മെന്റ് എക്സ്പഞ്ച് ചെയ്യണം. xxxxxxx[7]ഡെക്കാൺ ക്രോണിക്കിളിൽവന്ന വാർത്തയുടെ അടിസ്ഥാനത്തിലാണ് ഈ പറയുന്നത്. ഈ രണ്ടുകാര്യങ്ങളും 307 അനുസരിച്ച് എക്സ്പഞ്ച് ചെയ്യണം.

<u>മി. ചെയർമാൻ</u> : ശ്രീ. ശിവദാസൻ നായർ ഉന്നയിച്ചതുപോലെ ശ്രീ. വി. എസ്. സുനിൽകുമാർ പറഞ്ഞ രണ്ടു പരാമർശങ്ങളും എഴുതിത്തന്നതിൽ ഇല്ല. അത് രേഖയിൽ ഉണ്ടാവില്ല. നീക്കം ചെയ്യാം.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: അങ്ങ് റൂളിംഗ് തന്നാൽ നമുക്ക്

6 സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

7 സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

നിവർത്തിയില്ല. അങ്ങാണ് സഭാനാഥൻ. അങ്ങ് മാന്യമായി, നീതിപൂർവ്വം പെരുമാറണം. ഏത് അംഗത്തിനും ഈ പത്രവാർത്ത വായിക്കാൻ അധികാരമുണ്ട്. രണ്ടാമത്തെ കാര്യം, ബോവസിന് 21.1.2014 ന് ഇറക്കിയ ഉത്തരവ് എപ്പോൾ പിൻവലിച്ചു; സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ; എത്ര മണിക്ക് പിൻവലിച്ചു; ഒരു ഐ.എ.എസ് ഉദ്യോഗസ്ഥൻ, കമ്മീഷണർ അന്വേഷണം നടത്തി വിശദീകരണം ചോദിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരാളെ സസ്പെന്റ് ചെയ്താൽ, സസ്പെൻഷൻ ഒരു ശിക്ഷയല്ലേ, അയാളെ നേരിട്ട് വിളിക്കാൻ ഒരു കമ്മീഷണർക്ക് മുകളിൽ ഒരാളേയുള്ളൂ, അത് മന്ത്രിയാണ്. കമ്മീഷണർ എടുത്ത തീരുമാനം പിൻവലിക്കണമെങ്കിൽ ധനകാര്യവകുപ്പുമന്ത്രി നേരിട്ട് വിളിക്കാതെ പിൻവലിക്കാൻ കഴിയില്ല. അഴിമതി നടത്തിയ ഒരു ഉദ്യോഗസ്ഥനെ അങ്ങ് സംരക്ഷിച്ചിട്ടുണ്ടെങ്കിൽ അതിനർത്ഥം ആ അഴിമതിയിൽ ശ്രീ. കെ. എം. മാണിക്ക് പങ്കുണ്ടെന്നതന്നെയാണ്. അതിൽ ഒരു സംശയവുമില്ല. 2009 മുതൽ 2012 വരെ കേരളത്തിലെ ആയുർവേദ കമ്പനി വാജീർണ്ണവസ്തുക്കൾ, മുഖലേപനങ്ങൾ, പൊണ്ണത്തടി കുറയ്ക്കാനും മുഖകാന്തി വർദ്ധിപ്പിക്കാനുമുള്ള എണ്ണകൾ തുടങ്ങിയുള്ള ആയുർവേദ ഉല്പന്നങ്ങൾ ഇറക്കുന്നുണ്ട്.

വാറ്റ് നികുതിയനുസരിച്ച് ഈ വസ്തുക്കൾക്കെല്ലാം മെഡിസിനല്ല എന്നുള്ളതുകൊണ്ട് ആയൂർവേദ ഉല്പന്നങ്ങൾക്കുള്ള 4 ശതമാനം ടാക്സ് ഇതിന് ബാധകമല്ല. 12 ശതമാനം ടാക്സായിരിക്കണമെന്ന് തീരുമാനമുണ്ടായി. 2009-ൽ സെയിൽസ് ടാക്സ് കമ്മീഷണറുടെ 12.11.2009 തീയതിയിലെ ഓർഡർ നമ്പർ C3/3230/2008/CT പ്രകാരം വ്യക്തമായ ക്ലാരിഫിക്കേഷൻ കൊടുത്തു. അതനുസരിച്ച് ഈ കമ്പനികൾ 4 ശതമാനം ടാക്സടച്ചാൽ പോര 12 ശതമാനം ടാക്സ് അടയ്ക്കണമെന്ന് അവർ ആവശ്യപ്പെട്ടു.

മി. ചെയർമാൻ: ശ്രീ. വി. എസ്. സുനിൽ കുമാർ, താങ്കൾ അനുവദിച്ചതിനേക്കാൾ 4 മിനിറ്റ് അധികമായി.

ശ്രീ. വി. എസ്. സുനിൽകുമാർ: ഇക്കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഈ ക്ലാരിഫിക്കേഷന് എതിരായി കമ്പനിക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ മുമ്പാകെ വന്ന ഈ കേസ് ഡിവിഷൻ ബഞ്ച് വിശദമായി പരിശോധിക്കുക മാത്രമല്ല. ആയൂർവേദ വാജീർണ്ണൗഷധങ്ങൾ പോലുള്ള ഉല്പന്നങ്ങൾ എന്താണെന്നും, എന്താണ്

മെഡിസിനെന്നും വിവക്ഷിക്കുന്ന തരത്തിലുള്ള വ്യക്തമായ വിധിയുണ്ടായി. ആ വിധിയനുസരിച്ച് ഗവൺമെന്റിന്റെ നികുതി വകുപ്പ് ഉദ്യോഗസ്ഥന്റെ ക്ലാരിഫിക്കേഷൻ പരിപൂർണ്ണമായി അംഗീകരിച്ചു. അതിന്റെ പേരിൽ കോടിക്കണക്കിന് രൂപ ഗവൺമെന്റിന് കിട്ടേണ്ടത് കിട്ടണമെന്നുതന്നെ ഹൈക്കോടതി പറഞ്ഞു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ആ വിധിയ്ക്കെതിരായി ഈ മാന്യന്മാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ സ്പെഷ്യൽ പെറ്റീഷൻ കൊടുത്തു. ആ പെറ്റീഷനുകളിൽ 2012-ൽ വിധിയുണ്ടായി. അത് കേസിൽ ഫയലിൽപ്പോലും സ്വീകരിക്കാതെ ആ പെറ്റീഷൻ തള്ളിക്കളഞ്ഞു. അങ്ങനെ വന്നപ്പോൾ വാജീർണ്ണവസ്തുക്കൾ ഉല്പാദിപ്പിക്കുന്ന കേരളത്തിനകത്തും പുറത്തുമുള്ള വമ്പന്മാരായ കമ്പനികളിൽ നിന്നും കോടിക്കണക്കിന് രൂപ ഖജനാവിലേയ്ക്ക് വരേണ്ടതാണ്. ആ തുക പിരിച്ചെടുക്കുവാൻ ഉത്തരവാദപ്പെട്ടവർ ഈ മന്ത്രിമാരാണ്. ശ്രീ. വി.ഡി. സതീശൻ സബ്ജക്ട് കമ്മിറ്റിയിൽ കൊണ്ടുവന്നത് ഏറ്റവും നല്ല കാര്യമാണ്. സബ്ജക്ട് കമ്മിറ്റി ശക്തമായി എതിർത്തു. ഒരു കാരണവശാലും എക്സംപ്ഷൻ കൊടുക്കാൻ പാടില്ല.

മി. ചെയർമാൻ: ശ്രീ. സുനിൽകുമാർ....... പ്ലീസ് കൺക്ലൂഡ്...

ശ്രീ. വി. എസ്. സുനിൽ കുമാർ: സബ്ജക്ട് കമ്മിറ്റി എതിർത്ത ആ കേസിൽ ബഹുമാനപ്പെട്ട മന്ത്രി, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ആയൂർവേദ മേഖലയിൽ നിലനിൽക്കുന്ന നികുതിയെ സംബന്ധിച്ച അനിശ്ചിതത്വം ഒഴിവാക്കാനായി 13.11.2009 മുതൽ 31.3.2012 വരെയുള്ള കാലയളവിൽ ഡ്രഗ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ച് വിറ്റഴിച്ച ആയൂർവേദ കോസ്മറ്റിക് ഉല്പന്നങ്ങളുടെ നികുതി നിരക്ക് 12 ശതമാനത്തിൽ നിന്നും 4 ശതമാനമായി കുറയ്ക്കുന്നു എന്ന് പറഞ്ഞു. ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ വരെ പോയി ഗവൺമെന്റിന് അനുകൂലമായി വിധിയുണ്ടായിട്ടും ഗവൺമെന്റിലേയ്ക്ക് വരേണ്ട തുക റിട്രോസ്പെക്ടീവ് എഫക്ടിൽ പിൻവലിച്ചുകൊടുക്കുന്നത് വഴി കോടിക്കണക്കിന് രൂപ ഖജനാവിൽ നഷ്ടമായിരിക്കുന്നു. അതിന്റെ പേരിൽ അഴിമതി ഇവിടെ ഉണ്ടായിരിക്കുന്നു. ബഡ്ജറ്റ് വിറ്റ് കാശാക്കുന്നതെങ്ങനെയെന്ന് മാണിസാറിനോട് ഞാൻ വ്യക്തമായി പറയുന്നു. പൂർണ്ണമായും വെളിച്ചെണ്ണ കൊണ്ട് നിർമ്മിച്ച സോപ്പിന് എക്സംപ്ഷൻ കൊടുത്തു. ഇതിന്റെ പേരിൽ ഞാൻ ഉന്നയിക്കുന്ന ആരോപണം ആയൂർവേദ

ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന കമ്പനികളെ മാത്രമല്ല, പാലക്കാട്ടുള്ള കൈരളി റിസോർട്സ് എന്നുപറയുന്ന സ്ഥാപനമടക്കമുള്ള ആളുകൾ ധനകാര്യവകുപ്പിന് കൈക്കൂലി കൊടുത്തവരാണ്.

മി. ചെയർമാൻ: ശ്രീ. വി. എസ്. സുനിൽകുമാർ 7 മിനിറ്റാണ് അനുവദിച്ചിരുന്നത് സമയം ഇപ്പോൾ 14 മിനിറ്റായി. ........പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: വെളിച്ചെണ്ണ കൊണ്ട് സമ്പൂർണ്ണമായി നിർമ്മിച്ച സോപ്പിന് പരിപൂർണ്ണമായി നികുതിയിളവ് വരുത്തുമെന്ന് മന്ത്രി ഇവിടെ പ്രഖ്യാപിച്ചു. പക്ഷേ ആക്ട് വന്നപ്പോൾ അതിനകത്ത് സമ്പൂർണ്ണമായി വെളിച്ചെണ്ണ എന്നതുമാറ്റി വെളിച്ചെണ്ണ ചേർത്താൽ മതി എന്നായിരുന്നു. കോഴിക്കോട് നിന്നും ഉല്പാദിപ്പിക്കുന്ന ഡോക്ടർ വാഷ് എന്ന സോപ്പ് കമ്പനിയുമായി ഇവർക്ക് അവിഹിതബന്ധമുണ്ട്. ആ സോപ്പ് കമ്പനിക്കുവേണ്ടി സോപ്പിന്റെ പുറത്ത് കോക്കനട്ട് ഓയിൽ ചേർത്തതാണെന്ന് എഴുതിവച്ചതിന്റെ പേരിൽ മാത്രം ഒൻപതര ശതമാനം നികുതിയിളവ് അവർക്ക് ലഭിക്കുകവഴി 27 കോടി രൂപ ഗവൺമെന്റിന് നഷ്ടമായി. ഇങ്ങനെ പണം ചോർത്തിയെടുത്ത് ഖജനാവ് കൊള്ളയടിച്ച് ഇവിടുത്തെ

വമ്പന്മാരായ ആളുകൾക്ക് നികുതിവെട്ടിക്കാൻ നിയമപ്രകാരം അനുവാദം കൊടുക്കുന്ന പരിപാടിയാണ് ഈ ബഡ്ജറ്റ്. ഈ ബഡ്ജറ്റെന്നുപറയുന്നത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് കച്ചവടം നടത്താൻ ഏർപ്പെടുത്തിയ ഒരു പരിപാടിയാണ്. ഇതിന്റെ പേരിലാണ് കേരളത്തിന്റെ ഖജനാവ്, ഇന്ന് നയാപൈസപോലുമില്ലാത്ത ഖജനാവായി മാറിയത്. അങ്ങ് അനുവദിക്കുകയാണെങ്കിൽ ഞാൻ ഈ വിഷയത്തെ സംബന്ധിച്ച രേഖ മേശപ്പുറത്ത് വയ്ക്കാം. ഇവിടെ ബഡ്ജറ്റ് ഉപയോഗിച്ച് നടത്തിയിരിക്കുന്ന അഴിമതി, ഇവിടെ പറയുന്ന രീതിയിലുള്ള ക്രമക്കേട് അന്വേഷിക്കാൻ ഒരു നിയമസഭ സമിതിയെ വയ്ക്കാൻ അങ്ങ് തയ്യാറുണ്ടോ? അത് അങ്ങയുടെ ഉത്തരവാദിത്തമാണ്. ഒരു നിയമസഭാ സമിതിയെ വച്ച് ബഡ്ജറ്റിനെ ഈ രൂപത്തിൽ ദുരുപയോഗം ചെയ്ത് ഖജനാവിൽ നഷ്ടമുണ്ടാക്കി, കോടികൾ കൈക്കൂലി വാങ്ങിയ ഈ സംഭവം അന്വേഷിച്ച് പുറത്തുകൊണ്ടുവരണമെന്ന് ശക്തമായി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഞാൻ ധനാഭ്യർത്ഥനകളേയും ഉപധനാഭ്യർത്ഥനകളേയും അനുകൂലിക്കുകയാണ്. ഇവിടെ ചർച്ച തുടങ്ങിയ ശ്രീ. ഇ.പി. ജയരാജിന്റേയും ശ്രീ. മുല്ലക്കര രത്നാകരന്റേയും പ്രസംഗം കേട്ടപ്പോൾ ഇന്ന് സാമ്പത്തിക രംഗത്തെ സംബന്ധിച്ച് മാന്യമായ ഒരു ചർച്ച നടക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചു. ശ്രീ. ഇ.പി. ജയരാജൻ, ഇന്ത്യൻ രാഷ്ട്രീയത്തിൽ വന്നുകൊണ്ടിരിക്കുന്ന അപചയവും അതിൽ കേരളമെന്നു പറയുന്ന നമ്മുടെ കൊച്ചു സംസ്ഥാനത്തിലെ ജനങ്ങൾ ചിന്തിക്കേണ്ട രീതിയെ പറ്റി വിശദമായും വികാരപരമായും സംസാരിച്ചു കേൾക്കാൻ ഇടയായി. പിന്നീട് സംസാരിച്ച ശ്രീ. മുല്ലക്കര രത്നാകരൻ വേദനയോടുകൂടി കേരള രാഷ്ട്രീയവും ഇന്ത്യൻ രാഷ്ട്രീയവും വിശകലനം ചെയ്തുകൊണ്ട്, എങ്ങനെ കേരളത്തിലെ കോൺഗ്രസും മാർക്സിസ്റ്റും ഉൾപ്പെടയുള്ള രാഷ്ട്രീയ കക്ഷികളുടെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാം. എങ്ങനെ പോകണം എന്നൊരു കാഴ്ചപ്പാടാണ് പറഞ്ഞത്. അതുകഴിഞ്ഞ് പ്രതിപക്ഷത്തുനിന്നും സംസാരിച്ച ആളുകളുടെ ചർച്ച കേട്ടപ്പോൾ ഭയങ്കര മനപ്രയാസം തോന്നി. ആരോപണം പറയാനുള്ള ഒരുവ്യക്തിയുടേയും അവകാശത്തെ ഞാൻ ചോദ്യം

ചെയ്യുന്നില്ല. പക്ഷേ ഒരു കാര്യം ഞാൻ ചോദിക്കട്ടെ, ശ്രീ. വി. എസ്. സുനിൽ കുമാർ അവസാനിപ്പിച്ച അഴിമതി ആരോപണം, അതിന് എന്ത് വിലയുണ്ടെന്ന് നിഷ്പക്ഷമായി അങ്ങ് വിലയിരുത്തണം. അതിന് എന്തു വിലയുണ്ട്? ഡെക്കാൺ ക്രോണിക്കൽ എന്നു പറയുന്ന ഒരു മാസികയിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഇവിടെ ആരോപണമുന്നയിച്ചശേഷം അദ്ദേഹം പറയുന്നു, അതിന് തെളിവുകൾ മന്ത്രി ഇങ്ങോട്ടു വയ്ക്കൂ, ഞങ്ങൾ നോക്കട്ടെയെന്ന്. അങ്ങ് അത് മനസിലാക്കണം. അതായത് ഡെക്കാൺ ക്രോണിക്കൽ എന്ന വീക്കിലിയിൽ വാർത്ത വന്നാൽ.........

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: പോയിന്റ് ഓഫ് ഓർഡർ. അങ്ങ് എന്നെ വിമർശിക്കുന്നതിൽ എനിക്ക് പ്രശ്നമില്ല, പാർട്ടിയെ പറ്റി വിമർശിച്ചാലും ഞാൻ കേൾക്കാൻ തയ്യാറാണ്. ഞാൻ നിയമസഭയിൽ പറയാത്ത കാര്യം, ഡെക്കാൺ ക്രോണിക്കൽ എന്ന പത്രത്തെ ആസ്പദമാക്കിയല്ല, അദ്ദേഹത്തെ സസ്പെന്റ് ചെയ്തതും അത് പിൻവലിച്ചതും സമയവുമടക്കമുള്ള രേഖവച്ചുകൊണ്ടാണ് ഞാൻ പറഞ്ഞത് അതിന് ഉപോൽഘടകമായി മന്ത്രിയുടെ ഓഫീസ് ഇടപ്പെട്ടുവെന്ന് പറഞ്ഞുകൊണ്ട്

ജനുവരി 25-ാം തീയതി വന്ന പത്രവാർത്ത ഞാൻ ഉദ്ധരിച്ചുവെന്നേയുള്ളൂ. ഞാൻ സബ്ജക്ട് കമ്മിറ്റിയെ പറ്റിയും പറയുകയുണ്ടായി. പത്രവാർത്തയുടെ അടിസ്ഥാനത്തിലാണ് ഞാൻ അഴിമതിയാരോപണമുന്നയിച്ചതെന്നു പറയുന്നത് സത്യസന്ധമല്ല.

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്): ശ്രീ. സുനിൽ കുമാറിനെ പോലെയുള്ള ഒരാൾ ഇങ്ങനെ പറയുന്നത് ശരിയാണോ സബ്ജക്ട് കമ്മിറ്റിയിൽ വന്ന ചർച്ചയെന്താണെന്ന് ശ്രീ. വി. ഡി. സതീശൻ ഇവിടെ പറഞ്ഞല്ലോ? അതിലെ അംഗമായ ശ്രീ. തോമസ് ഐസക് ഇവിടെ ഇരിക്കുകയല്ലേ, അദ്ദേഹം അത് എതിർക്കുവാൻ തന്റേടം കാണിച്ചില്ലല്ലോ? എന്തുകൊണ്ട് ഐസക് അത് നിഷേധിച്ചില്ല. വളരെ വ്യക്തമായി റിക്കോർഡുകൾ വച്ച് ശ്രീ. വി. ഡി. സതീശൻ ഇവിടെ പറഞ്ഞു. അതിന് മറുപടി പറയാൻ ബഹുമാനപ്പെട്ട ഐസക്കിന് കഴിഞ്ഞില്ല. അതിനകത്ത് ശ്രീ. സുനിൽ കുമാർ എങ്ങനെ കടന്നുവരും. അതിലെ അംഗമായ ശ്രീ. ഐസക്കിന് കഴിയാത്ത കാര്യം പുറത്തുനിൽക്കുന്നവൻ പറയുകയാണ്. കണ്ടവൻ മാറി നിൽക്ക്, കേട്ടവൻ പറയാം എന്ന് പറയുന്നതുപോലെ

സംസാരിക്കുന്നത് ശരിയാണോ. ശ്രീ. വി. ശിവൻകുട്ടിക്ക് 5 കോടി രൂപ മാണിസാറിനെതിരെ ആരോപണമുന്നയിക്കാൻ ഇന്ന സംഘടന, ബിജു രമേശ് കൊടുത്തുവെന്ന് ഞാൻ പറഞ്ഞാൽ എന്താണ് തെളിവ്? വളരെ വിനയത്തോടുകൂടി ഞാൻ ചോദിക്കട്ടെ, റവന്യൂ റിക്കവറി സ്റ്റേ 6,40,00,000 കേട്ടാൽ എന്തു വലിയ സംഭവമാണ്.

ശ്രീ. കെ. കെ. ലതിക: ധൈര്യമുണ്ടെങ്കിൽ അങ്ങ് അത് പറയണം...........

(മൈക്ക് ഓഫ്)................

ശ്രീ. പി.സി. ജോർജ്: ധൈര്യമുള്ളതുകൊണ്ടാണ് പെങ്ങളേ ഞാൻ ഇവിടെ നിൽക്കുന്നത്. ഇല്ലെങ്കിൽ എന്നേ പുറത്തുപോയേനെ...... റവന്യൂ റിക്കവറിക്ക് സ്റ്റേ കൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇവിടെ പാവപ്പെട്ട കൃഷിക്കാരനോ, കച്ചവടക്കാരനോ സമ്പന്നനോ ആരുമാകട്ടെ, 10 കോടി രൂപ ഗവൺമെന്റിന് കൊടുക്കാനുണ്ട്. ആ തുക എത്ര വർഷംകൊണ്ടാണ് ഈടാക്കിയെടുക്കുന്നത്. ഈ റിക്കവറിക്ക് സ്റ്റേ കൊടുത്ത് മൂന്നിലൊന്ന് വച്ച് പത്ത് ഗഡുക്കളാക്കി കൊടുത്താൽ പതിനൊന്ന് മാസം കൊണ്ട് 10 കോടി രൂപ ഖജനാവിലേയ്ക്ക് വരും. അതിനുപകരം

ജപ്തിചെയ്യാൻ നടന്നാൽ 15 വർഷം കഴിഞ്ഞാലും ആ പണം ഖജനാവിലേയ്ക്ക് വരുമോ? 640 കോടി രൂപയുടെ സ്റ്റേ വച്ചുകൊണ്ട് 6 കോടി രൂപ കൈക്കൂലി വാങ്ങിയെന്നുപറഞ്ഞാൽ ഇതിൽപ്പരം അപമാനകരമായ കാര്യമുണ്ടോ ഇതിന് പ്രതിപക്ഷനേതാക്കൾ എന്തു പറയുന്നു.

ശ്രീ. വി. ശിവൻകുട്ടി: സർ, ശ്രീ. കെ. എം. മാണിക്കെതിരെ വി. ശിവൻകുട്ടിയൊന്നുമല്ല ആക്ഷേപങ്ങൾ ഉന്നയിച്ചത്. ബിജു രമേശ്....

മി. ചെയർമാൻ: വിശദീകരണമല്ല വേണ്ടത്. എന്താണ് ഇദ്ദേഹം പറഞ്ഞത് എന്ന പോയിന്റ് ഓഫ് ഓർഡർ...............

ശ്രീ. വി. ശിവൻകുട്ടി: ഒരു മാസക്കാലമായി ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. അതല്ലാതെ വെറുതെ ആവശ്യമില്ലാത്തത് പറഞ്ഞിട്ട് ഒരു കാര്യവുമില്ല.

മി. ചെയർമാൻ: അതിൽ പോയിന്റ് ഒന്നുമില്ല....യെസ്..

ശ്രീ. പി. സി. ജോർജ്: സർ, ഈ ശ്രീ. വി. ശിവൻകുട്ടി ഇങ്ങനെയൊക്കെ തുടങ്ങിയാൽ എങ്ങനെയാണ്? നമ്മളൊക്ക സുഹൃത്തുക്കളല്ലേ; ശ്രീ. വി. ശിവൻകുട്ടി ആരോപണം പറയുമ്പോൾ കൊള്ളാവുന്ന ഒരെണ്ണം പറയണം. വിശ്വസിക്കാം. ശ്രീ.

വി. ശിവൻകുട്ടി ആരോപണം പറയുമ്പോൾ കേൾക്കാൻ രസമുള്ളതാണെങ്കിൽ നമ്മളും കൂടി കയ്യടിച്ചുതരാം. അതിലേ പോയവൻ, ഇതിലേ പോയവൻ കാശ് വാങ്ങി എന്നുപറഞ്ഞുവരികയാണ്. ഇടതുപക്ഷഗവൺമെന്റിന്റെ റവന്യൂ വകുപ്പുമന്ത്രി സ്റ്റേ കൊടുത്തിട്ടില്ലേ; ഞാൻ വാങ്ങിയിട്ടുണ്ടല്ലോ; നിഷേധിക്കാൻ പറ്റുമോ; അതിനെല്ലാം അന്നത്തെ മന്ത്രി 10 ശതമാനം കമ്മീഷൻ വാങ്ങിയിരുന്നോ; അടിസ്ഥാനരഹിതവും മനുഷ്യന് വിശ്വസിക്കാൻ പറ്റാത്ത മ്ലേച്ഛമായ ആരോപണമുന്നയിക്കുന്ന ജനപ്രതിനിധികൾ ഇനിയെങ്കിലും ശരി കണ്ടെത്താൻ ശ്രമിക്കണമെന്ന അഭിപ്രായം പറയാതിരിക്കാൻ കഴിയില്ല, വളരെ ആത്മാർത്ഥമായി പറയുകയാണ്. ശ്രീ. ഇ.പി. ജയരാജൻ ഇവിടെ പ്രസംഗിച്ചല്ലോ; ഇവിടെ എത്രയോ കാര്യങ്ങൾ ചർച്ച ചെയ്യാനുണ്ട്. ആ ഇനം ചർച്ചയിലേക്ക് പോകുന്നതിനുപകരം കേരളരാഷ്ട്രീയത്തെ മലീമസമാക്കാൻ നിങ്ങൾ നടത്തുന്ന ശ്രമം എത്രയോ ജുഗുപ്സാവഹമാണെന്ന് ചിന്തിക്കണം. ഞാൻ ആണെങ്കിലും നിങ്ങളാണെങ്കിലും തെറ്റ് തെറ്റുതന്നെയാണ്. അൽപ്പം ജനവിശ്വാസമാർജ്ജിക്കുന്ന ആരോപണങ്ങൾ ഉന്നയിക്കണം. ആരോപണങ്ങൾ ഏതിനേയും നേരിടണം. ആ കുറ്റകൃത്യങ്ങൾ... മന്ത്രിമാർ രണ്ടുപേർ

മറുപടി പറയാനുണ്ട്. അവർ വിവരമുള്ളവരാണ്. അവർ ചെയ്ത കാര്യങ്ങൾ അവർ പറയും. ഞാൻ ചോദിക്കട്ടെ, പി.ഡബ്ല്യു.ഡി. മന്ത്രിയെപ്പറ്റി ആരോപണങ്ങൾ പറഞ്ഞതിൽ മൂന്നാമത്തെ ആൾ ഡോ. തോമസ് ഐസക് ആണ്. അദ്ദേഹത്തെക്കുറിച്ച് ഒരു വാക്ക് പറയാതെ പോകാൻ തയ്യാറല്ല. ഈ സഭയിലെ ഏറ്റവും മാന്യനായ പ്രതിപക്ഷാംഗമാണ്. എനിക്ക് തർക്കമില്ല. വേറൊരു കാര്യം വളരെ ബുദ്ധിപരമായി മിണ്ടാതിരുന്ന് മാന്യത നടിച്ചുകൊണ്ട് എല്ലാ ആരോപണങ്ങളും ബുദ്ധിപരമായി ആക്രമണത്തിന്റെ ഭാഷയിൽ സഭയിൽ കൊണ്ടുവരുന്നതിന് മുമ്പനാണ് ഡോ. തോമസ് ഐസക് എന്ന കാര്യം മറക്കേണ്ട. അദ്ദേഹത്തെ ആരും മനസ്സിലാക്കിയിട്ടില്ല എന്നാണ് വിചാരിക്കുന്നത്. അദ്ദേഹം ഇന്നുകൊണ്ടുവന്ന ആരോപണം എന്താണ്; ഞാൻ ചോദിക്കട്ടെ, പ്രതിപക്ഷ എം.എൽ.എ.മാർ തന്നെ കത്ത് കൊടുത്ത് ഒരു റിവൈസ്ഡ് എസ്റ്റിമേറ്റ് ഉണ്ടാക്കി പദ്ധതി നടപ്പാക്കിയാൽ, ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞപ്പോൾ ഡോ. തോമസ് ഐസക് ഇവിടെ ഇരുന്നിരുന്നല്ലോ; അന്നേരം എന്താണ് മിണ്ടാതിരുന്നത്; ഇപ്പോൾ ഡോ. തോമസ് ഐസക് എന്താണ് പറയുന്നത്; ആ

എം.എൽ.എ. മാർ കത്ത് കൊടുത്താലും ചായ കുടിച്ചിട്ടില്ല. ഇവിടെ ആരെങ്കിലും ചായ കുടിച്ചോ; ആരാണ് ചായ കുടിച്ചത്; എം.എൽ.എ. മാർ കത്ത് കൊടുത്തുവെന്ന് പറഞ്ഞാൽ ആ നാട്ടിൽ ആവശ്യമുള്ള വർക്കാണത്. സംശയം വല്ലതുമുണ്ടോ; നാട്ടിലാവശ്യമുള്ള വർക്കിന് എം.എൽ.എ. മാർ കത്ത് കൊടുത്താൽ ആ വർക്ക് നടപ്പാക്കിയ മന്ത്രിയെ അഭിനന്ദിക്കുന്നതിനുപകരം അപമാനിക്കുന്നത് ശരിയോണാ എന്ന് പ്രതിപക്ഷാംഗങ്ങൾ ചർച്ച ചെയ്യണം. നിങ്ങളുടെ കമ്മിറ്റികൾ ചർച്ച ചെയ്യണം എന്ന് ഞാൻ അപേക്ഷിക്കുകയാണ്. സി.പി.ഐ. എന്ന പാർട്ടിയോട് എനിക്ക് ബഹുമാനമുണ്ട്. കാരണം അവരുടെ പാർട്ടിക്കകത്തു നടന്ന വൃത്തികെട്ട കാര്യങ്ങൾ പോലും പരസ്യമായി ചർച്ച ചെയ്യാൻ തന്റേടം കാണിച്ച ജനാധിപത്യബോധം പ്രകടിപ്പിച്ചുവെന്ന അഭിപ്രായക്കാരനാണ് ഞാൻ. ഞാൻ സി.പി.ഐ. യെ കുറ്റപ്പെടുത്തുകയല്ല. പാവം നമ്മുടെ സഖാവ്.... അങ്ങയെ കരുനാഗപ്പള്ളിയിൽ തളച്ചിട്ടുവെന്ന് കേട്ടപ്പോൾ എന്റെ ചങ്കുതകർന്നു. ഒരു നല്ല നേതാവാണ്. അങ്ങ് സത്യം പറഞ്ഞുവെന്ന കുഴപ്പംകൊണ്ടാണ്. എങ്കിലും ഞാൻ നിങ്ങളുടെ ജനാധിപത്യബോധത്തെ വിശ്വാസത്തിലെടുക്കുകയാണ്. നന്നായി എന്ന

അഭിപ്രായം തന്നെയാണ്. പക്ഷേ ആരോപണമുന്നയിക്കുമ്പോൾ അതിൽ കുറച്ചെങ്കിലും കാര്യങ്ങൾ കാണണം. ഇല്ലെങ്കിൽ വളരെ ബുദ്ധിമുട്ടുണ്ടാകും. അത് പറയാതിരിക്കാൻ കഴിയില്ല. അതുകൊണ്ട് ശ്രീ. വി. ശിവൻകുട്ടി 27. 43 കോടി രൂപ അഴിമതിയെന്ന് പറയുന്നതിൽ..... മൂന്നിനെ നാലാക്കാൻ പാടില്ലായിരുന്നോ; നാലിനെ അഞ്ചാക്കാൻ പാടില്ലായിരുന്നോ; നാല് മൂന്ന് എന്ന് കൃത്യം ശ്രീ. വി. ശിവൻകുട്ടി എങ്ങനെ കണ്ടെത്തി; ഞാൻ പറയുന്നത് 0.000000 ശതമാനം പോലും അഴിമതി മാണി സാറിന്റെ പേരിലോ ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രിയുടെ പേരിലോ ഇല്ല എന്ന് ഉറപ്പിച്ചുപറയാൻ ഒരു മടിയും ഞങ്ങൾക്കില്ല എന്നു കൂടി പറയുകയാണ്. ഞാൻ ഒരു കാര്യം കൂടി പറയാം. അപ്പോൾ നിങ്ങൾക്ക് മനസ്സിലാകും. ഇന്നത്തെ മാതൃഭൂമി പത്രമാണ് (പത്രം ഉയർത്തിക്കാട്ടി) ഞാൻ ഇത് രാവിലെ വായിച്ചപ്പോൾ എനിക്ക് ചിരിവന്നു. ഏറ്റവും പ്രമുഖ പത്രമല്ലേ മാതൃഭൂമി. ദേശീയ രാഷ്ട്രീയത്തിൽ മാതൃഭൂമി പത്രം എന്നുപറയുമ്പോൾ എത്രയോ ബഹുമാനത്തോടുകൂടിയാണ് നമ്മൾ കാണുന്നത്. അതിൽ എഴുതിവച്ചിരിക്കുകയാണ് "ഗണേഷ് കുമാറിനെ നിയമസഭാ കക്ഷിയോഗത്തിൽ നിന്നും ഒഴിവാക്കി.”വലിയ

വാർത്തയാണ്. ഞാൻ അതൊന്നു വായിച്ചു. അപ്പോൾ എഴുതിവച്ചിരിക്കുകയാണ്. "പി. സി. ജോർജാണ് ഗണേഷ് കുമാറിനെതിരെ നടപടി വേണമെന്നാവശ്യപ്പെട്ടത്."എനിക്ക് ചിരിവന്നു. ശ്രീ. കെ. ബി. ഗണേഷ് കുമാറിനെതിരെ ആരോപണം ആരും ഉന്നയിച്ചില്ല. പാർലമെന്ററി പാർട്ടി കൂടിയപ്പോൾ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി തന്നെ ഈ സഭയിൽ നടന്ന കാര്യം പറഞ്ഞു. അവിടെ ഒരു എം.എൽ.എ. യോ മെമ്പർമാരോ ചർച്ച ചെയ്തില്ല. ആ ഒരു തീരുമാനമെടുത്തു. നേരെ കോളം എഴുതിവച്ചിരിക്കുകയാണ്. ഞാൻ ഇന്ന് രാവിലെ വന്നപ്പോൾ ശ്രീ. കെ. ബി. ഗണേഷ് കുമാർ എന്റെ നേരെ നോക്കുന്നില്ല. എന്താകാര്യം; ഈ പത്രവാർത്തയാണ്. ഞാൻ ഒരക്ഷരം മിണ്ടിയില്ല. എന്താണ് ഈ പത്രപ്രവർത്തകരെ ഇതെഴുതാൻ പ്രേരിപ്പിച്ചതെന്ന് എനിക്കറിയാം. പാവപ്പെട്ട പട്ടികജാതിക്കാരനായ പി.വി.സി. കേരളാ യൂണിവേഴ്സിറ്റിയിലുണ്ട്. ആ പി.വി.സി. യെ ശരിപ്പെടുത്തിക്കഴിഞ്ഞപ്പോൾ ആ പി.വി.സി. യെ, പട്ടികജാതിക്കാരനെ ആക്രമിക്കുന്നത് തെറ്റാണെന്നുപറഞ്ഞപ്പോൾ പത്രക്കാർ എനിക്കുനേരെ പണിതുടങ്ങിയതാണ്. ഞാൻ കുന്തം പോലും മൈൻഡ് ചെയ്യുന്നില്ല.

ജനപ്രതിനിധികളായ നമ്മൾ ആ തന്റേടം കാണിക്കണം. അത് പറയാൻ വേണ്ടിയാണ് ഇതുകൂടി ഇവിടെ പറഞ്ഞത്. വളരെ വിനയത്തോടുകൂടി പറയുകയാണ്. ഇങ്ങനെ പോകാൻ കഴിയില്ല. ആഗ്രയിലെ മതപരിവർത്തനം, ഡിസംബർ 25-ന് സി.ബി.എസ്.ഇ. സ്കൂളുകൾ പ്രവൃത്തിദിനം ആക്കാനുള്ള നീക്കം നടന്നു. ഇവിടെ ശ്രീ. ഇ.പി. ജയരാജൻ പറയുന്നത് കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ദളിതനെക്കാൾ ശോചനീയാവസ്ഥയിലാണ് ഇന്ത്യയിലെ ചില ഭാഗങ്ങളിലെ മുസ്ലീങ്ങളുടെ സ്ഥിതി. ഞാനല്ല ഇത് പറയുന്നത്. വളരെ വ്യക്തമായ റിപ്പോർട്ടുകൾ വന്നിട്ടില്ലേ; പ്ലാസ്റ്റിക് ഷീറ്റുകളും ഫ്ലക്സ് ബോർഡുകളും കൊണ്ട് നിർമ്മിച്ച വീടുകൾക്ക് കീഴിൽ നരകതുല്യമായ ജീവിതം നയിക്കുന്നവരാണ് ഉത്തരേന്ത്യയിലെ ചില ഭാഗങ്ങളിലെ മുസ്ലീങ്ങൾ. ബംഗ്ലാദേശുമായി അതിർത്തി പങ്കിടുന്ന ചില പ്രദേശങ്ങളിൽ നരകതുല്യമാണ് ഇവരുടെ ജീവിതം. ആരാണ് ഇത് പറഞ്ഞത്; ഞാനാണോ; ഈ പ്രദേശങ്ങളിലുള്ള പാവപ്പെട്ട മുസ്ലീങ്ങളെ ഭീഷണിപ്പെടുത്തിയും പ്രലോഭിപ്പിച്ചും നിർബന്ധിത പരിവർത്തനത്തിന് വിധേയമാക്കുകയാണ് സംഘപരിവാർ സംഘടനകൾ. ഇതിന് ഞെട്ടിപ്പിക്കുന്ന ഉദാഹരണങ്ങളാണുള്ളത്. 330-350

മുസ്ലീങ്ങളെയാണ് ഇക്കഴിഞ്ഞ ദിവസം ആഗ്രയിലെ വേദ്നഗറിൽ നിർബന്ധിത മതപരിവർത്തനത്തിന് വിധേയമാക്കിയത്. ദരിദ്രരായ ഇവർക്ക് ബി.പി.എൽ. കാർഡ് നൽകാമെന്ന വാഗ്ദാനം നൽകിയും മതം മാറിയാൽ ഇന്ത്യാക്കാരൻ അല്ലെങ്കിൽ ബംഗ്ലാദേശിലേക്ക് നാട്ടുകടത്തുമെന്ന് ഭീഷണിപ്പെടുത്തിയാണ് മതപരിവർത്തനത്തിന് വിധേയമാക്കിയത്. ഇന്ത്യയിൽ നടക്കുന്ന കാര്യമാണിത്. ഉത്തർപ്രദേശിലെ മിസർപൂരിൽ വച്ച് 500 മുസ്ലീം കുടുബങ്ങളെക്കൂടി പരസ്യ മതപരിവർത്തനത്തിന് വിധേയമാക്കുമെന്ന് സംഘപരിവാർ സംഘടനകൾ പ്രഖ്യാപിച്ചിരിക്കുകയാണ്. ബജ്റംഗ്ദൾ, ധർമ്മ ജാഗരൺ മഞ്ച് എന്നീ സംഘടനകളുടെ നേതൃത്വത്തിലാണ് നിർബന്ധിത മതപരിവർത്തന പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇന്ത്യ മതേതര രാഷ്ട്രമെന്നാണ് നമ്മൾ പറയുന്നത്. മതേതരത്വത്തെക്കുറിച്ച് രണ്ടുവാക്ക് പറയാനുണ്ട്. ഏത് മതത്തിൽ വിശ്വസിക്കാനും നിരീശ്വരവാദിയായി ജീവിക്കാനും ഒരു വ്യക്തിക്ക് ഭരണഘടനാപരമായി സ്വാതന്ത്ര്യം നൽകുന്ന രാജ്യമാണ് ഭാരതം. മതേതരത്വം എന്നുപറഞ്ഞാൽ മതമില്ലാത്ത അവസ്ഥയല്ല. മറിച്ച് സ്വന്തം മതത്തിന്റെ അസ്ഥിത്വത്തിൽ വിശ്വസിച്ചുകൊണ്ട് മറ്റ് മതങ്ങളുടെ വിശ്വാസ സംഹിതകളെ

ഹനിക്കാതെ ജീവിക്കുന്ന അവസ്ഥയാണ്. പരസ്പര ബഹുമാനമാണ് മതേതരത്വത്തിന്റെ അന്തഃസത്ത. ഭീഷണിപ്പെടുത്തിയോ പ്രലോഭിപ്പിച്ചോ ഈ അന്തഃസത്തയെ തകർക്കുമ്പോഴാണ് മതേതരത്വം ഭീഷണിയിലാകുന്നത്. ഇത് നമ്മുടെ ഭരണഘടനയ്ക്ക് നിരക്കുന്നതാണെന്ന് ഞാൻ കരുതുന്നില്ല. ഇത് പറയാതിരിക്കാൻ കഴിയില്ല. ഈ ഇനം കാര്യങ്ങൾ ചർച്ച ചെയ്യാൻ നിങ്ങളുമില്ല, ആരുമില്ല. അതാണ് ദുഃഖം. ഡിസംബർ 25-ന്റെ പ്രത്യേകത എന്താണ്; മുൻപ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി, ഹിന്ദുമഹാസഭയുടെ നേതാവ് മദൻമോഹൻ മാളവ്യ എന്നിവരുടെ ജന്മദിനമായ ഡിസംബർ 25 സദ്ഭരണ ദിനമായി ആചരിക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി പാർട്ടി എം.പി. മാരോട് ആവശ്യപ്പെട്ടതിന്റെ മറവിൽ ക്രിസ്തുമസ് ദിനം സി.ബി.എസ്.ഇ. സ്കൂളുകൾക്ക് പ്രവൃത്തിദിനമാക്കാനുള്ള നീക്കം ഇന്ത്യൻ ജനാധിപത്യത്തിനും മതേതര സങ്കൽപ്പങ്ങൾക്കും കനത്ത ഭീഷണിയാണ്. പ്രധാനമന്ത്രിയുടെ നിർദ്ദേശത്തിന്റെ മറവിൽ നവോദയ കമ്മീഷണർ ജി.എസ്. ബോത്യാൽ ഡിസംബർ 24, 25 തീയതികൾ സി.ബി.എസ്.ഇ. യുടെ ആഭിമുഖ്യത്തിൽ പ്രബന്ധരചനാ മൽസരം,

ക്വിസ് മൽസരം എന്നിവ സംഘടിപ്പിക്കണമെന്ന് നിർദ്ദേശിച്ചതാണ് ഇപ്പോൾ വിവാദമായിരിക്കുന്നത്. ലോകമെമ്പാടുമുള്ള ജനങ്ങൾ ക്രിസ്തുമസ് ആഘോഷിക്കുമ്പോൾ സി.ബി.എസ്.ഇ. സ്കൂളുകൾ ഡിസംബർ 25 പ്രവൃത്തിദിനമാക്കാനുള്ള നീക്കം സംഘ്പരിവാർ സംഘടനയുടെ അജണ്ടയാണെന്ന വികാരമാണ് രാജ്യത്ത് ഉയരുന്നത്. ഇത്തരം നടപടികൾക്കെതിരെ രാജ്യമെമ്പാടുമുള്ള പ്രതിഷേധങ്ങളിൽ ഈ സഭ പങ്കുചേരേണ്ടേ; ഇതിനെപ്പറ്റി ആലോചിക്കേണ്ടേ; ഇവിടെ ഭരണകക്ഷിയും പ്രതിപക്ഷവും ആവശ്യമില്ലാത്ത ആരോപണങ്ങളുമായി എത്ര നാൾ മുന്നോട്ടുപോകാൻ കഴിയും? ഭരണകക്ഷിയും പ്രതിപക്ഷ കക്ഷികളും ഇതേ രീതിയിലുള്ള പോക്കാണ് എങ്കിൽ നടുറോഡിൽ വച്ച് ജനങ്ങൾ കൈകാര്യം ചെയ്യുന്നത് കാണേണ്ട ഗതികേട് എനിക്കും നിങ്ങൾക്കും ഉണ്ടാകും എന്നതിൽ യാതൊരു സംശയവുമില്ല. നമുക്ക് ആലോചിക്കാം. ഇവിടെ എന്തെല്ലാം കാര്യങ്ങൾ ചെയ്യാനുണ്ട്; ഇവിടത്തെ കർഷകന്റെ പ്രശ്നത്തിലേക്ക് ഞാൻ കടക്കാം. നിങ്ങൾ ഒന്നും തെറ്റിദ്ധരിക്കേണ്ട. കാർഷിക മേഖലയിലെ ഇ.എഫ്.എൽ. പരിപാടി അവസാനിപ്പിക്കണം. ഇ.എഫ്.എൽ. ആയി ഒരു

പ്രഖ്യാപനവും അനുവദിക്കില്ല. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് അങ്ങനെ പ്രഖ്യാപിക്കാൻ പാടില്ല എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതല്ലേ;

03.11.2014-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഇറക്കിയ ഉത്തരവിൽ ഫലമില്ല. 07.07.2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇ.എഫ്.എൽ. പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടി ചേർന്ന യോഗത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇ.എഫ്.എൽ. ആയി പുറപ്പെടുവിച്ചിട്ടുള്ള നോട്ടിഫിക്കേഷൻ റദ്ദ് ചെയ്ത് റീ-നോട്ടിഫൈ ചെയ്ത് വിട്ടുകൊടുക്കുകയെന്ന് തീരുമാനം എടുത്തു. ഈ തീരുമാനം നടപ്പാക്കാൻ ഗവൺമെന്റ് ഉത്തരവ് കൊടുത്തശേഷം 20.11.2014-ൽ വീണ്ടും നോട്ടീസ് കിട്ടിയ പാവപ്പെട്ട പട്ടികജാതിക്കാരുടെ ലിസ്റ്റാണ് എന്റെ കയ്യിലിരിക്കുന്നത്. അതായത് 50 പേരുടെ സ്ഥലം നൂറ് ഏക്കറിൽ താഴെ, രണ്ട് ഏക്കർ മാത്രമുള്ള വസ്തു ഇ.എഫ്.എൽ. ആക്കിയ നോട്ടീസാണ് ഇത് (പേപ്പർ ഉയർത്തി കാണിച്ചു.) എന്തൊരു നീതിയാണ് ഈ രാജ്യത്ത് നടക്കുന്നത്; ശ്രീ. സി. കെ. നാണു, നിങ്ങൾ കുറച്ചുകാലം വനം വകുപ്പുമന്ത്രി ആയിരുന്നപ്പോഴാണ് ഈ നാട് നശിപ്പിച്ചത്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. എന്തൊരു കഷ്ടമാണ്?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> ശ്രീ. സി. കെ. നാണുവിനെക്കുറിച്ച്

പറഞ്ഞത് ശരിയായില്ല. അത് പിൻവലിക്കണം.

ശ്രീ. സി. കെ. നാണു: അങ്ങനെ പറഞ്ഞതിൽ എനിക്ക് കുഴപ്പമില്ല. ഞാൻ വനം വകുപ്പുമന്ത്രി ആയിരിക്കുമ്പോഴാണ് ഇ.എഫ്.എൽ. ന്റെ ഓർഡിനൻസ് ഉണ്ടാക്കിയത്. അദ്ദേഹം അന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലാണ്. അദ്ദേഹം അന്ന് അതിന് എതിരായിരുന്നു. ഞാനും അദ്ദേഹവും പരസ്യമായി ചാനലുകളിൽ ചർച്ച നടത്തിയതാണ്. അദ്ദേഹത്തിന്റെ അഭിപ്രായം അദ്ദേഹത്തിന്റെ കൂടെ.... പക്ഷെ അവസാനം സുപ്രീം കോടതി അദ്ദേഹത്തെയല്ല എന്നെയാണ് ശരിവച്ചത്, സന്തോഷം.

ശ്രീ. പി. സി. ജോർജ്: ശ്രീ. സി. കെ. നാണു എന്തുപറഞ്ഞാലും, നൂറ് ഏക്കറിൽ രണ്ടേക്കർ വച്ച് എടുത്തിരിക്കുകയാണ്. ഇത് വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ 54 പാവപ്പെട്ട ആദിവാസികൾക്ക് ഗവൺമെന്റ് പതിച്ചുകൊടുത്ത ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുടെ പേരും അഡ്രസ്സുമാണ് (പേപ്പർ ഉയത്തി കാണിച്ചു). വെള്ളി 85 സെന്റ്, വെള്ളൻ കൃഷ്ണൻ 85 സെന്റ്, ഇതെല്ലാം 85 സെന്റാണ്. ഇത്രമാത്രം ഉണ്ടായിട്ടും ഈ 54 പാവപ്പെട്ട കുടുംബങ്ങളും, ഇത് ഇ.എഫ്.എൽ. ആണെന്നാണ് ഫോറസ്റ്റുകാർ പറയുന്നത്. ഇതെങ്ങനെ ഗുണം പിടിക്കും; ശ്രീ. സി. കെ. നാണു, അങ്ങ് ചെയ്ത മഹാപാപം അങ്ങേയ്ക്ക് ഇപ്പോൾ

മനസ്സിലായോ; സുപ്രീം കോടതിയല്ല ലോക കോടതി പറഞ്ഞാലും സത്യം സത്യമായി നിലനിൽക്കില്ലേ; ഇത് നമുക്ക് ആലോചിക്കണ്ടേ; ഇങ്ങനെ പാവപ്പെട്ട ആദിവാസകളുടെ നേരെയാണ്...... പാലക്കാട് മുനിസിപ്പാലിറ്റിക്കകത്ത്, ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കകത്തുള്ള 50 സെന്റും 60 സെന്റും വരെ ഇ.എഫ്.എൽ. എന്നാണ് കണ്ടെത്തിയിട്ടുള്ളത്. മുഖ്യമന്ത്രിയുൾപ്പടെ എടുത്ത തീരുമാനത്തെ മറികടക്കാൻ ഏത് ഉദ്യോഗസ്ഥനാണ് അധികാരം; അത് ചോദിക്കണ്ടേ; ഇത് ചോദിക്കുമ്പോൾ നിങ്ങൾ ഇങ്ങനെയുള്ള കാര്യങ്ങൾ ചർച്ചയ്ക്ക് വരുത്താതെ വെറുതെ ആരോപണങ്ങളും ആരോപണത്തിന്മേൽ ആരോപണവുമായി, മാന്യമായി രാഷ്ട്രീയ പ്രവർത്തനം നടത്തുന്നവരെ അപമാനിക്കാൻ നടത്തുന്ന നീക്കങ്ങൾ അവസാനിപ്പിക്കാൻ സമയമായി. നിങ്ങൾ ഇനിയെങ്കിലും ഈ ചർച്ച.......

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> ഒന്ന്, ഡിസംബർ 25-ാം തീയതി ക്രിസ്തുമസ് ദിനത്തിൽ അവധി കൊടുക്കേണ്ടെന്ന് തീരുമാനിച്ച സംഘപരിവാർ തീരുമാനം, ശ്രീ. നരേന്ദ്ര മോഡിയുടെ ബെനിയനിട്ട അങ്ങ് അതിനോട് റിഗ്രറ്റ് ചെയ്യുന്നില്ലേ; രണ്ട്, ശ്രീ. കെ. എം. മാണിക്കെതിരായി ശ്രീ. വി. ശിവൻകുട്ടി ഗൂഢാലോചന നടത്തിയെന്ന് അങ്ങ് പറഞ്ഞു. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കെതിരായി ഭരണകക്ഷിയിൽ നിന്നും ഒരു ഗൂഢാലോചന

ഉണ്ടായിട്ടില്ലെന്ന് അങ്ങേയ്ക്ക് അഭിപ്രായം ഉണ്ടോ; അതല്ല, പ്രതിപക്ഷമാണ് ഗൂഢാലോചന നടത്തിയതെന്ന് അങ്ങേയ്ക്ക് ചങ്കൂറ്റത്തോടെ പറയാൻ ധൈര്യമുണ്ടോ?

ശ്രീ. പി. സി. ജോർജ്: ശ്രീ. വി. എസ്. സുനിൽ കുമാർ, ഇത് ചങ്കൂറ്റത്തിന്റെ കാര്യമെന്താണ്; ശ്രീ. നരേന്ദ്ര മോഡിയുടെ ബെനിയൻ കൊടുത്ത കാര്യം ഇപ്പോഴും ചെയ്തത് ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നു. കാരണം, ആറ് വയസ്സുള്ള ഒരു കൊച്ചുകുഞ്ഞ് സെയിൽ ഒന്ന് ഉദ്ഘാടനം ചെയ്യാമോ എന്ന് ചോദിച്ചു. ഞാൻ ബനിയൻ എടുത്ത് കയ്യിൽ കൊടുത്തു. വിടർത്തിയപ്പോൾ അതിൽ ശ്രീ. നരേന്ദ്ര മോഡിയുടെ ചിത്രമുണ്ട്. അദ്ദേഹം അന്ന് ഗുജറാത്ത് മുഖ്യമന്ത്രിയാണ്. സർദാർ വല്ലഭായ് പട്ടേലിന്റെ പ്രതിമയുണ്ടാക്കാൻ വേണ്ടിയുള്ള കൂട്ടയോട്ടമാണ് അദ്ദേഹം ചെയ്തത്. അതിൽ ഒരു എം.എൽ.എ. എന്ന രീതിയിൽ ഞാൻ പോയതിൽ എനിക്ക് ഒരു ദു:ഖവുമില്ല. അതിൽ യാതൊരു സങ്കടവുമില്ല. ഇപ്പോഴും അത് ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നു.

ഗൂഢലോചനയുടെ കാര്യത്തിൽ.......... ഞാൻ പറഞ്ഞതിൽ ഉറച്ചു നിൽക്കുകയാണ്. ഞാൻ മാറിയിട്ടില്ല. കുഴപ്പമെന്താണെന്നുവെച്ചാൽ, ഒരു ആരോപണം വന്നാൽ എന്റെ അഭിപ്രായം പറയാൻ എനിക്ക് സ്വാതന്ത്ര്യം ഉണ്ട്. ശ്രീ. ജോസഫ് വാഴയ്ക്കൻ പറഞ്ഞതുപോലെ, ഞങ്ങൾ ഉള്ളതെല്ലാം

അങ്ങോട്ടുമിങ്ങോട്ടും പറയും. എന്ന് വിചാരിച്ച് അതിൽ കുഴപ്പം വല്ലതുമുണ്ടോ; ശ്രീ. ജോസഫ് വാഴയ്ക്കൻ പറഞ്ഞതാണ് അതിന്റെ ശരി. നിങ്ങൾ അതിൽ വിഷമിക്കേണ്ട.

ശ്രീ. മാത്യു റ്റി. തോമസ്: അങ്ങ് അന്ന് വാർത്താ ചാനലിൽ കൂടി ചോദിച്ചു, ഇരുപത് കോടി പിരിച്ചു, ഒരു കോടിയുടെ കണക്ക് അവിടെ നിൽക്കട്ടെ, ബാക്കി 19 കോടി എവിടെപ്പോയെന്ന് ചോദിച്ച ചോദ്യം ഇപ്പോഴും ആവർത്തിച്ചുകൊണ്ടിരിക്കുകയാണോ; അതോ അതിന് ഉത്തരം കിട്ടിയോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പി. സി. ജോർജ്, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. പി. സി. ജോർജ്: ഇപ്പോൾ നിർത്താം. നാലും മൂന്നും ഏഴ്, ഏഴും മൂന്നും പത്ത്, പത്തും പത്തും ഇരുപത് അല്ലാതെ പത്തും പത്തും പത്തൊൻപത് ആകാൻ പറ്റുമോ; ഇതൊരു ഉദാഹരണമാണ്. കള്ളുഷാപ്പുകാർ പറയുന്നു, അങ്ങനെ പറഞ്ഞതിൽ തെറ്റിദ്ധരിക്കേണ്ട. ഞാൻ എല്ലാം കള്ളുഷാപ്പുകളായാണ് കണക്കാക്കുന്നത്. എല്ലാം കള്ളല്ലേ, അതുകൊണ്ടാണ് കള്ളുഷാപ്പെന്ന് പറയുന്നത്. അവർ 20 കോടി രൂപ പിരിച്ചെന്ന് പറഞ്ഞു. ഒരു കോടി രൂപ ഇവിടെ കൊടുത്തുവെന്ന് പറഞ്ഞു. ബാക്കി പത്തൊൻപത് കോടി രൂപ എവിടെയെന്ന് ചോദിക്കുന്നതിൽ എന്താണ് തെറ്റ്; ഇപ്പോഴും ഞാൻ അത് ചോദിക്കുകയാണ്.

നിങ്ങൾക്ക് അത് ചോദിക്കാൻ കഴിയുന്നില്ലല്ലോ; നിങ്ങൾക്ക് വല്ല വിഹിതവും കിട്ടിയോ; നിങ്ങൾ അത് പറയണം. ഇലക്ഷൻ സമയമല്ലേ, ആ പണം എവിടൊക്കെ പോയിട്ടുണ്ടാവും. എവിടൊക്കെ പോയിട്ടുണ്ടാകുമെന്ന് എനിക്കറിയില്ല. ഞാൻ അവരോട് ചോദിച്ചു, എനിക്ക് വല്ലതും തന്നോയെന്ന്. ശ്രീ. പി. സി. ജോർജിന് ഒന്നും കൊടുത്തിട്ടില്ലായെന്ന് ശ്രീ. ഉണ്ണി പറഞ്ഞു. അങ്ങനെ ചോദിച്ചതിൽ എന്താണ് തെറ്റ്; തെറ്റിദ്ധരിക്കേണ്ട, ആ സ്റ്റാന്റിൽ തന്നെയാണ് ഞാൻ നിൽക്കുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ബഹുമാനപ്പെട്ട പി. സി. ജോർജ്, പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. പി. സി. ജോർജ്:</u> ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നുവെന്ന് മാത്രമല്ല, ഈ അധിക ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഒരു കാര്യ കൂടി, കേരളത്തിൽ മൂന്നര വർഷം കൊണ്ട് വരുത്തിയ മാറ്റങ്ങൾ കണ്ടില്ലായെന്ന് ബഹുമാനപ്പെട്ട ടി. എം. തോമസ് ഐസക് നടിക്കരുത്. ഇവിടെ ഗവൺമെന്റ് കോളേജുകൾ, റോഡുകൾ, മെഡിക്കൽ കോളേജുകൾ, ഇതെല്ലാം വെറുതെ ഉണ്ടാകുമോ; ഇതിനൊക്കെ പണം വേണം. ഒരു കാര്യം കൂടി ബഹുമാനപ്പെട്ട ടി. എം. തോമസ് ഐസക്കിനോട് പറയുകയാണ്, അങ്ങയുടെ കാലത്തും ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ പണം ചെലവഴിക്കാൻ അവസാനത്തെ മാർച്ച് മാസം 31-ാം തീയതി രാത്രിക്ക് ട്രഷറി തുറപ്പിച്ച

ആളാണെന്ന് മറക്കരുത്. അതിൽനിന്നും വ്യത്യസ്തമായി ഇതിനെല്ലാം ഒരു വർഷം മുഴുവൻ പദ്ധതി നടപ്പാക്കാനുള്ള സാഹചര്യം സൃഷ്ടിക്കാൻ ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ട് പോകുമ്പോൾ അതിനെയും ആരോപണത്തിൽ മുക്കിത്താഴ്ത്താൻ ശ്രമിക്കുന്നത് ശരിയല്ല എന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ശ്രീ. ഇ.പി. ജയരാജൻ മുതൽ ശ്രീ. വി.എസ്. സുനിൽ കുമാർ വരെയുള്ള എന്റെ ബഹുമാന്യ പ്രതിപക്ഷ സ്നേഹിതൻമാർ ഈ ഗവൺമെന്റിനെ സംബന്ധിച്ച് ഒട്ടേറെ കാര്യങ്ങൾ ഇവിടെ പ്രസംഗിച്ചു. എനിക്കുശേഷം ബഹുമാന്യനായ ശ്രീ. കോടിയേരി ബാലകൃഷ്ണനാണ് പ്രസംഗിക്കാൻ പോകുന്നത്. അദ്ദേഹം ശ്രദ്ധിക്കുമെങ്കിൽ ഞാനൊരു കാര്യം പറയാം. ഏകദേശം ഒരു വർഷം മുൻപ് മംഗൾയാൻ ദൗത്യം ആരംഭിച്ചപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് മംഗൾയാന്റെ ദൗത്യം പൂർത്തീകരിക്കുന്നതിനു മുൻപുതന്നെ കേരളത്തിലെ ജനാധിപത്യ മുന്നണി ഗവൺമെന്റ് തകരുമെന്നായിരുന്നു. കോടാനുകോടി കിലോമീറ്ററുകൾ താണ്ടി മംഗൾയാൻ ദൗത്യം ചൊവ്വാ ഭ്രമണപഥത്തിൽ കടന്ന് ചൊവ്വയുടെ ചിത്രങ്ങൾ ഭൂമിയിലേയ്ക്ക് അയച്ചുകൊണ്ടിരിക്കുന്ന ഈ സമയത്തും

കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി തന്നെയാണ് ഈ ഗവൺമെന്റിനെ നയിക്കുന്നത്. മംഗൾയാൻ ഭൂമിയിലേയ്ക്ക് അയക്കുന്ന ചിത്രങ്ങൾ ശാസ്ത്രലോകം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ചുവന്ന നക്ഷത്രമെന്നാണ് ചൊവ്വയെക്കുറിച്ച് പറയുന്നത്. മംഗൾയാൻ ചിത്രം പരിശോധിക്കുമ്പോൾ ആ ചുവപ്പ് ഇപ്പോഴും കാണാം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു കാര്യം ഞാൻ പറയുന്നു, നിങ്ങൾക്ക് ഒരു ചുവന്ന നക്ഷത്രമുണ്ടായിരുന്നു ബംഗാളിൽ. ആ ബംഗാളിൽ കാണുന്നതിനേക്കാൾ ചുവപ്പ് ഇപ്പോൾ ചൊവ്വയിലുണ്ടെന്ന് അതിന്റെ ഭ്രമണപഥത്തിൽ കടന്ന മംഗൾയാൻ നമ്മളെ അറിയിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഈ ഗവൺമെന്റിന് അധികാരത്തിൽ തുടരാൻ ധാർമ്മികമായ അവകാശമില്ലെന്നാണ് നിങ്ങളിപ്പോഴും പറയുന്നത്. പ്രതിപക്ഷം പറയുന്നത് മാത്രമല്ലല്ലോ ധാർമ്മിക അവകാശത്തിന്റെ മാനദണ്ഡമായിട്ട് എടുക്കേണ്ടത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടന്ന തെരഞ്ഞെടുപ്പുകളിലൊക്കെ ജനകീയ കോടതിയിൽ ഈ ഗവൺമെന്റിന് തുടരാനുള്ള ധാർമ്മിക അവകാശമുണ്ടെന്ന് തെളിയിച്ചതാണ്. എല്ലാ തെരഞ്ഞെടുപ്പുകളെക്കുറിച്ചും ഞാൻ പറയുന്നില്ല. കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസിനെതിരെ ദേശീയ തലത്തിൽ

ആഞ്ഞടിച്ച ഒരു വികാരമുണ്ടായിരുന്നു എന്ന് ഞങ്ങൾ സമ്മതിക്കുന്നു. ആ വികാരമുണ്ടായപ്പോൾ അതിനെപ്പോലും തട്ടുത്തുനിർത്തി കോൺഗ്രസിന് കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിനേക്കാൾ കൂടുതൽ ഭൂരിപക്ഷം യു.ഡി.എഫ്-ന് നേടിക്കൊടുക്കാൻ ഇവിടെ കഴിഞ്ഞുവെന്നത് ഈ ഗവൺമെന്റിന്റെ നല്ല കാര്യങ്ങൾ ജനങ്ങൾ അംഗീകരിക്കുന്നു എന്നതുകൊണ്ടാണ്. നിങ്ങൾ സമരം ചെയ്തു. ഞാൻ ആരെയും ആക്ഷേപിക്കാൻ വേണ്ടി പറയുന്നതല്ല. ഇപ്പോഴും നിങ്ങൾ സമര രംഗത്താണ്. ഞങ്ങൾ പറയുന്നത് നിങ്ങൾ സമരം ചെയ്യണം. നിങ്ങളുടെ ഓരോ സമരവും പരാജയപ്പെടുന്നു എന്നുമാത്രമല്ല നിങ്ങളിൽ അങ്കലാപ്പ് വർദ്ധിക്കുകയാണ്. കേരളത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇടതുപക്ഷ ജനാധിപത്യ മുന്നണി നടത്തിയിട്ടുള്ള ഒരു സമരവും വിജയിച്ചിട്ടില്ല. ഇപ്പോൾ നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന സമരവും പരാജയപ്പെടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരു സമരവും വിജയിപ്പിക്കാൻ കഴിയുകയില്ലെന്ന് മാത്രമല്ല നിങ്ങൾക്ക് ഒരു ഗതികേട് പറ്റിയിരിക്കുന്നു. നിങ്ങൾ തന്നെ ആത്മപരിശോധന നടത്തണം. ഞാൻ ഈശ്വരവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ പറയുന്നതല്ല. സത്യത്തിനെതിരെ യുദ്ധം ചെയ്താൽ എവിടെയെങ്കിലും അതിന്റെ പ്രതികരണമുണ്ടാകും. ഇന്ന് പ്രതിപക്ഷ നേതൃത്വ ബെഞ്ചിലേയ്ക്ക് നോക്കൂ. ഈ

ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദനുള്ള അംഗീകാരം ഇപ്പോഴുണ്ടോ. അന്ന് അദ്ദേഹം പോളിറ്റ് ബ്യൂറോ മെമ്പറായിരുന്നു. അദ്ദേഹത്തെ ഇപ്പോൾ പോളിറ്റ് ബ്യൂറോയിൽനിന്ന് തരംതാഴ്ത്തി സംസ്ഥാന കമ്മിറ്റി അംഗമായി മാറ്റി. ശ്രീ. വി.എസ്. അച്ചുതാനന്ദൻ കഴിഞ്ഞാൽ പിന്നത്തെ പാർട്ടിയുടെ നേതാവായിരുന്ന എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. സി. ദിവാകരൻ. അദ്ദേഹത്തെ കേന്ദ്ര കമ്മിറ്റിയിൽനിന്നും തരംതാഴ്ത്തി ജില്ലാ കമ്മിറ്റിയിലേയ്ക്ക് അയച്ചുവെന്ന് മാത്രമല്ല പത്രവാർത്തയുടെ അടിസ്ഥാനത്തിൽ പറയുന്ന അദ്ദേഹത്തിന് തിരുവനന്തപുരത്തുപോലും നിൽക്കാൻ പറ്റാതെ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ കൂടുതൽ ശ്രദ്ധിക്കണമെന്ന് അദ്ദേഹത്തിന്റെ പാർട്ടി ഉപദേശിച്ചുവെന്ന് പറയുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. ബെന്നി ബെഹനാൻ പത്രങ്ങളെല്ലാം വായിക്കുകയും കാര്യങ്ങളെല്ലാം മനസ്സിലാക്കുകയും എന്റെ പാർട്ടിയെക്കുറിച്ചും എന്റെ ഉയർച്ചയേയും താഴ്ചയേയും കുറിച്ചുമെല്ലാം വലിയ ഉത്കണ്ഠ രേഖപ്പെടുത്തി. പക്ഷേ അതൊന്നും വസ്തുതാപരമല്ല. ഞാനിപ്പോഴും സി.പി.ഐ.യുടെ കേന്ദ്രകമ്മിറ്റി അംഗം തന്നെയാണ്. ഒരു ഡി.സി.യിലും ഞാൻ പോയിട്ടില്ല. അങ്ങനെയൊരു വിലക്കുമില്ല.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ സമ്മതിച്ചു. അങ്ങ് കേന്ദ്ര കമ്മിറ്റി

അംഗമാണ്. അങ്ങ് കേന്ദ്ര കമ്മിറ്റി അംഗമായി തുടരണമെന്ന് ശ്രീ. വി.എസ്. സുനിൽ കുമാർ ഉൾപ്പെടെയുള്ള ആളുകളോട് അഭ്യർത്ഥിക്കാനും ഞാൻ തയ്യാറാണ്. എനിക്ക് യാതൊരു വിരോധവുമില്ല. പിന്നെയുള്ളത് ശ്രീ. മാത്യു. റ്റി. തോമസാണ്. അങ്ങയെ ഇനി എവിടെയാണ് തരം താഴ്ത്താനുള്ളത് ? അദ്ദേഹം കോട്ടയത്ത് പോയി തിരിച്ചു വന്നു. ഉയർച്ചയിലേയ്ക്ക് പോകാൻ ആഗ്രഹിച്ച ആളാണ്. പാർലമെന്റിൽ പോകാൻ ആഗ്രഹിച്ച ആളാണ്. അദ്ദേഹത്തിന് തിരിച്ച് ഇങ്ങോട്ടു വരേണ്ടി വന്നു. ശ്രീ. എ.എ. ആസീസ് ഇപ്പോൾ ഞങ്ങളുടെ കൂടെയാണ്. പിന്നെ ഒന്ന് നമ്മുടെ ശ്രീ. തോമസ് ചാണ്ടിയാണ്.....

ശ്രീ. സി. ദിവാകരൻ: സർ. പ്രതിപക്ഷ നേതാക്കൻമാരെ പേരെടുത്ത് പറഞ്ഞ് നടത്തുന്ന ഇതാണോ സപ്ലിമെന്ററി ബില്ലിന്റെ ചർച്ച ?

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ ആരെയും വ്യക്തിപരമായിട്ട് പറഞ്ഞില്ല. ഞാൻ സദുദ്ദേശത്തോടുകൂടി പറഞ്ഞു. ഞാനത് വിടുന്നു. ഇനി ഞാൻ പറയുന്നില്ല. ഓർമ്മിപ്പിച്ചെന്നു മാത്രമേയുള്ളൂ. ഇവിടെ എല്ലാ പ്രതിപക്ഷ സ്നേഹിതൻമാരും പറയുന്നത് മാണി സാറിന്റെ രാജി വേണമെന്നാണ്. നമ്മുടെ നിയമസഭയുടെയും അതിന്റെ പ്രവർത്തനത്തെയും ജനാധിപത്യ സംവിധാനത്തെയും പ്രോജ്ജ്വലമാക്കുന്ന ഘടകങ്ങൾ നമ്മുടെ നിയമസഭയുടെ കഴിഞ്ഞകാല

പാരമ്പര്യങ്ങളും ചരിത്രവുമൊക്കെയാണ്. ഇവിടെ മാണിസാറിന്റെ രാജി ആവശ്യപ്പെട്ടുകൊണ്ട് സമരം ചെയ്യുന്ന, സഭയുടെ നടുത്തളത്തിലിറങ്ങി മാണിസാറിന്റെ രാജി ആവശ്യപ്പെടുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങളോട് ഞാൻ പറയുന്നു, ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് ഇതുപോലുള്ളൊരു സന്ദർഭങ്ങളിൽ നടത്തിയ പ്രസ്താവന എന്റെ കൈവശമുണ്ട്. 1969 ഒക്ടോബർ 17-ാം തീയതി.... ഇത് അസംബ്ലി രേഖയിൽനിന്ന് കിട്ടിയതാണ്. ഇങ്ങനെ രേഖ കിട്ടുമെന്ന് പ്രതിപക്ഷ സ്നേഹിതൻമാരെ ഓർമ്മപ്പെടുത്തുകയാണ്. 1969 ഒക്ടോബർ മാസം 17-ാം തീയതി ബഹുമാന്യരായ മജീദ്, ബേബി ജോൺ ഉൾപ്പെടെയുള്ള അന്നത്തെ അംഗങ്ങൾ എഴുതിക്കൊടുത്ത ഒരു ആക്ഷേപത്തിന് മറുപടിയായി ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രി ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് പറഞ്ഞത്, കുറേ ആരോപണങ്ങൾ വന്നാലുടൻ ഉത്തരവാദിത്തപ്പെട്ട ഒരാളുടെ പ്രാഥമിക പരിശോധനകളുടെ ഫലമായി പ്രഥമദൃഷ്ട്യാ കേസുണ്ടെന്ന് നിഗമനത്തിലെത്താതെ തന്നെ മന്ത്രിമാരോട് രാജിവയ്ക്കാൻ പറയുന്നത് അർത്ഥശൂന്യമാണ്, നിരുത്തരവാദപരമാണ്. അത്തരമൊരു സാഹചര്യത്തിൽ ഒരു മന്ത്രിസഭയ്ക്കും പ്രവർത്തിക്കാൻ കഴിയില്ല. ഇതു പറഞ്ഞത് ഇ.എം.എസ്. നമ്പൂതിരിപ്പാടാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, താങ്കൾ ഇ.എം.എസ്.നെ അംഗീകരിച്ചോ?

<u>ശ്രീ. ബെന്നി ബെഹനാൻ:</u> സർ, ഞാൻ ഇ.എം.എസ്.നെ അംഗീകരിക്കുകയല്ല. അദ്ദേഹം പറഞ്ഞ കാര്യം ഇവിടെ പറഞ്ഞതാണ്. അന്ന് മാർക്സിസ്റ്റ് പാർട്ടി എടുത്തതുപോലുള്ള ഒരു സമീപനമല്ല ബഹുമാനപ്പെട്ട മാണിസാറിന്റെ കാര്യത്തിൽ ഞങ്ങളിന്നെടുക്കുന്നത്. ഇവിടെ അന്വേഷണം വേണമെന്ന് പറഞ്ഞു. ക്വിക്ക് വെരിഫിക്കേഷൻ നടത്താൻ പറഞ്ഞു. അതിനെക്കുറിച്ചുള്ള അന്വേഷണവും നടന്നു. ഞാൻ ചോദിക്കുന്നത്, ശ്രീ. സി. ദിവാകരന്റെ പാർട്ടിയോടല്ല. എനിക്കുശേഷം ശ്രീ. കോടിയേരി ബാലകൃഷ്ണൻ സംസാരിക്കുമല്ലോ. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഒരു ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് കൊടുത്തിട്ട് അതിന്റെ പേരിൽ നടപടി സ്വീകരിക്കാത്ത പാരമ്പര്യമുള്ള പാർട്ടിയാണ് മാർക്സിസ്റ്റ് പാർട്ടി. ആന്ധ്രാ കുംഭകോണവുമായി ബന്ധപ്പെട്ട് ശ്രീ. ടി.ഒ. ബാബു ഉന്നയിച്ച ഒരു ആരോപണത്തിന്റെ അടിസ്ഥാനത്തിൽ നിയോഗിച്ച ജസ്റ്റീസ് പി.ടി. രാമൻ നായരുടെ അന്വേഷണ കമ്മീഷൻ,... അന്ന് ടേംസ് ഓഫ് റഫറൻസ് ഉണ്ടായിരുന്നു. അതനുസരിച്ച് അന്വേഷണം നടത്തി കണ്ടുപിടിച്ച രണ്ടുകാര്യങ്ങളിലൊന്ന് ഒന്ന് ഈ കച്ചവടം കേരളത്തിന് നഷ്ടമുണ്ടായിട്ടുണ്ടോ; രണ്ട്, ഈ നഷ്ടം ഒഴിവാക്കാമായിരുന്നോ? ബഹുമാനപ്പെട്ട ജസ്റ്റീസ് പി.ടി. രാമൻ നായരുടെ

ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ടു വന്നു. രേഖയിലുണ്ട്. ഒന്നാമത്തെ ചോദ്യത്തിനുത്തരമായി അദ്ദേഹം കണ്ടെത്തിയത് നഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ്. രണ്ടാമത്തെ ചോദ്യത്തിന്റെ ഉത്തരം ഈ നഷ്ടം ഒഴിവാക്കാമായിരുന്നു എന്നാണ്. ഇവിടെ എല്ലാവരും നിയമങ്ങളെക്കുറിച്ചും ചട്ടങ്ങളെകുറിച്ചും പറയുന്നതാണ്. Commission of Inquiry Act അനുസരിച്ച് അതിന് റിപ്പോർട്ട് കിട്ടിയാൽ ആ Action Taken Report അസംബ്ലിയിൽ വയ്ക്കണം. അന്ന് ബഹുമാന്യനായ ഇ.എം.എസ്. നമ്പൂതിരിപ്പാട് എന്താണ് വച്ചത്; ക്യാബിനറ്റ് കൂടി, ഈ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളഞ്ഞിരിക്കുന്നു എന്ന് പറഞ്ഞ കമ്മീഷൻ റിപ്പോർട്ട് നിയമസഭയിൽ വച്ചതാണ് മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കൻമാർ. അങ്ങനെയുള്ള നിങ്ങളാണ് ഇവിടെ ധാർമ്മികതയെക്കുറിച്ചും അന്വേഷണത്തെക്കുറിച്ചുമൊക്കെ പറയുന്നത്. അതാണ് നമുക്ക് ചരിത്രവും പാരമ്പര്യമുണ്ടെന്ന് ഞാൻ പറഞ്ഞത്. അന്ന് നിങ്ങൾ ആരെയാണ് ന്യായീകരിക്കാൻ പോയത്? വെല്ലിംഗ്ടണെയും മത്തായി മാഞ്ഞൂരാനെയും. ആരെയാണ് തള്ളിപ്പറഞ്ഞത്. ഞാൻ ശ്രീ. സി. ദിവാകരനുവേണ്ടി വാദിക്കുന്നു. ആരെയാണ് തള്ളിപ്പറഞ്ഞത്. ടി.വി. തോമസിനെയും എം.എൻ.ഗോവിന്ദൻ നായരെയും. ടി.വി. തോമസിനും എം.എൻ.ഗോവിന്ദൻ നായർക്കുമെതിരെ പ്രാഥമിക റിപ്പോർട്ട് വന്നപ്പോൾ ആ

റിപ്പോർട്ടിൽ കുറ്റക്കാരനല്ലെന്ന് പറഞ്ഞിട്ട് അത് അംഗീകരിക്കാൻ തയ്യാറായില്ല. പ്രഥമദൃഷ്ട്യാ കേസുണ്ടെന്ന് പറഞ്ഞ വെല്ലിംഗ്ടണെ അംഗീകരിച്ച പാരമ്പര്യമായിരുന്ന അന്ന് മാർക്സിസ്റ്റ് പാർട്ടി നേതൃത്വത്തിന് ഉണ്ടായിരുന്നുവെങ്കിൽ ഒരു അന്വേഷണ കമ്മീഷന്റെ അന്തസ്സത്തയെയും, ഉള്ളടക്കത്തെയും, സത്യസന്ധതയെയും നീതി ബോധത്തെയും അതിന്റെ ധാർമ്മികതയെകുറിച്ചെല്ലാം ബഹുമാനപ്പെട്ട മാർക്സിസ്റ്റ് പാർട്ടിയുടെ ബെഞ്ചിൽനിന്നും ആക്ഷേപം ഉന്നയിക്കുമ്പോൾ ശ്രീ. ദിവാകരൻ നമ്മൾ അലോചിക്കണം ഇവർക്ക് ഇത് പറയുവാനുള്ള ധാർമ്മികതയില്ല. ഇവർ പറയുന്നത് തെറ്റാണെന്ന് നമ്മൾ ആലോചിക്കണമെന്നാണ് സൂചിപ്പിക്കുന്നത്. ഇവിടെ നമുക്ക് നേതാക്കൻമാരെ ഇങ്ങനെ തള്ളിപ്പറയാൻ പറ്റുമോ; മാർക്സിസ്റ്റ് പാർട്ടിക്ക് സാധിക്കും. കാര്യമെന്താണ്; പി. കൃഷ്ണപിള്ളയുടെ സ്മാരകം തകർത്തു. ഞാൻ രാഷ്ട്രീയം പറയാൻ ആഗ്രഹിച്ചതല്ല. പി. കൃഷ്ണപിള്ള ആരായിരുന്നു?. ഞങ്ങളൊക്കെ ബഹുമാനിക്കുന്നു. ചരിത്രത്തിലൂടെ അദ്ദേഹത്തെക്കുറിച്ച് ആദരവുള്ളൊരു വ്യക്തിയാണ് ഞാൻ. പി. കൃഷ്ണപിള്ളയുടെ സ്മാരകം അടിച്ചു പൊളിച്ചിട്ട്....

ശ്രീ. വി. ശിവൻകുട്ടി: സർ, പി. കൃഷ്ണപിള്ള ഇപ്പോൾ ഈ സഭയിലുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ: സർ, അങ്ങനെയാണെങ്കിൽ ആരെയുംകുറിച്ച്

പറയാൻ പറ്റില്ലല്ലോ. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ കേരളത്തിലെ സ്ഥാപക നേതാവെന്ന് അവകാശപ്പെടാൻ കഴിയുന്ന പി. കൃഷ്ണപിള്ളയുടെ സ്മാരകം അടിച്ചു തകർത്തിട്ട് അതിനെക്കുറിച്ച് അന്വേഷിക്കാൻ പോയപ്പോൾ അന്വേഷണം തെറ്റാണെന്ന് ബഹുമാന്യനായ ശ്രീ. വി.എസ്. അച്ചുതാനന്ദൻ പറയുന്നു. അന്വേഷിക്കണമെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണനും പറയുന്നു. സഭയിലുള്ള ആളുകളാണ് ശ്രീ. വി.എസ്. അച്ചുതാനന്ദനും ശ്രീ. കോടിയേരി ബാലകൃഷ്ണനും. ഞാൻ ചോദിക്കട്ടെ പി. കൃഷ്ണപിള്ളയെപ്പോലെയുള്ള ബഹുമാന്യനായൊരു വ്യക്തിയുടെ സ്മാരകം അടിച്ചുപൊളിച്ചിട്ട് അതിന്റെ കുറ്റവാളികളെ കണ്ടെത്തുന്നതിനുവേണ്ടി ഈ ഗവൺമെന്റ് പരിശ്രമിച്ചപ്പോൾ അതുപോലും തടസ്സപ്പെടുത്തി നിങ്ങളിപ്പോൾ എന്താണ് പറയുന്നത്, നിങ്ങൾ ഏത് അന്വേഷണവുമായിട്ടാണ് സഹകരിച്ചത്; ഞങ്ങളാണോ അന്വേഷണത്തിന് എതിരായി നിൽക്കുന്നത്? ഇവിടെ നിങ്ങൾ ഉന്നയിച്ച ഏതു കാര്യമാണ് അന്വേഷിക്കാതിരുന്നത്? ഞങ്ങൾ അന്വേഷിച്ചു.

കഴിഞ്ഞപ്രാവശ്യം നിയമസഭ കൂടിയപ്പോൾ സോളാറിനെക്കുറിച്ചായിരുന്നു. സോളാറിനെക്കുറിച്ച് അന്വേഷിച്ചു. ജുഡീഷ്യൽ അന്വേഷണം വേണമെന്ന് പറഞ്ഞു, ഞങ്ങൾ ജുഡീഷ്യൽ അന്വേഷണം വച്ചു.

ആരാണ് ആ ജുഡീഷ്യൽ അന്വേഷണമായി സഹകരിക്കാത്തത്.? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതാണ്. ശ്രീ മാണിസാറിനെതിരെ ആക്ഷേപം വന്നപ്പോൾ അത് അടിയന്തിരമായി അന്വേഷിക്കണമെന്ന് പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്.അച്ചുതാനന്ദൻ പറഞ്ഞു. ഞങ്ങൾ അന്വേഷിച്ചു. ഇപ്പോൾ നിങ്ങൾ പറയുന്നത്, സി.ബി.ഐ. അന്വേഷണം വേണ്ട, എന്ന് ആര് പറയുന്നു, കോടിയേരി പറയുന്നു. സി.ബി.ഐ അന്വേഷണം വേണമെന്ന് ആരാണ് പറയുന്നത്, ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറയുന്നു. ഞങ്ങൾ ആരെയാണ് എടുക്കേണ്ടത് ? എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. സുനിൽകുമാർ പറയുന്നത്, എന്താണ് പറഞ്ഞത് സി.ബി.ഐയും വേണ്ട, ക്രൈംബ്രാഞ്ചും വേണ്ട, വിജിലൻസും വേണ്ട, ഒന്നും വേണ്ട, അസംബ്ലി കമ്മറ്റി വച്ച് അന്വേഷിക്കണമെന്ന്, കേരളത്തിന്റെ ചരിത്രത്തിൽ ബഹുമാനപ്പെട്ട കോടിയേരി ഏതെങ്കിലും ഒരവസരത്തിൽ ഇതുപോലുള്ള ബാലിശമായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട്

ഒരു അഴിമതി ആരോപണത്തിനുവേണ്ടി, ഒരു മന്ത്രിയുടെ രാജിക്കുവേണ്ടി മുറവിളികൂട്ടുന്ന ഏതെങ്കിലും കാലഘട്ടം ഈ നിയമസഭയുടെ ചരിത്രത്തിലുയിട്ടുണ്ടോ? ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ ഞാൻ ആരേയും പ്രകോപിപ്പിക്കാൻവേണ്ടി പറഞ്ഞതല്ല. ആരോപണങ്ങൾ ഉണ്ടായി മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഒരു ആരോപണത്തെപ്പറ്റി പ്രതിപാദിച്ചപ്പോൾ മുഖ്യമന്ത്രി രാജിവയ്ക്കണമെന്നു പോലും നിങ്ങൾ പറഞ്ഞു. ഞാൻ പറയുന്നു ഒരു പാർട്ടിയെ സംബന്ധിച്ചിടത്തോളം തെരഞ്ഞെടുപ്പ് കാലഘട്ടത്ത് പാർട്ടി സീറ്റു കൊടുത്തതിനെക്കുറിച്ച് ഒരു പരാമർശമുണ്ടായപ്പോൾ അതിന്റെ പേരിൽ ബഹുമാനപ്പെട്ട ശ്രീ. രാമചന്ദ്രൻ നായരെപ്പോലെയുള്ള ആളുകൾ രാജിവച്ച് പരസ്യമായി വിഴുപ്പലക്കുമ്പോൾ ബഹുമാനപ്പെട്ട ശ്രീ. ദിവാകരൻ, എന്റെ ബഹുമാനപ്പെട്ട സുഹൃത്തിനോട് പറയുന്നു, അത് നഷ്ടപ്പെടുത്തുന്നത് ഒരു പാർട്ടിയുടെ മാത്രം അന്തസ്സല്ല, ഈ രാജ്യത്തെ പൊതുപ്രവർത്തനത്തിന്റെ മാന്യതയാണ് നഷ്ടപ്പെടുത്തുന്നത്. അതിനെക്കുറിച്ച് ആലോചിക്കാൻ നിങ്ങൾ തയ്യാറാകണമെന്ന് ഞാൻ

വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്. ഇവിടെ ദേശീയ രാഷ്ട്രീയത്തെക്കുറിച്ച് ആരാണ് തുടങ്ങിയത്. ശ്രീ. ജയരാജ് ഇവിടെ ദേശീയ രാഷ്ട്രീയത്തെക്കുറിച്ച് പറഞ്ഞു, ഞാൻ ദേശീയ രാഷ്ട്രീയത്തിലേക്കൊന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല. ദേശീയ രാഷ്ട്രീയത്തിൽ ശ്രീ. ജയരാജ് പറഞ്ഞു ക്രിസ്മസ് ദിനം, അതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. അതുപോലെ തന്നെ ശ്രീ. തൊഗാഡിയ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, 2006 മുതൽ 2011 വരെ ബഹുമാന്യനായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആയിരുന്നു കേരളത്തിന്റെ ആഭ്യന്തരവകുപ്പ് മന്ത്രി. അന്ന് ശ്രീ. കോടിയേരിയുടെ കാലഘട്ടത്തിൽ കേസ്സ് ചാർജ് ചെയ്തില്ല. ചാർജ് ചെയ്യാൻ തീരുമാനിച്ചില്ല. മാർക്സിസ്റ്റ് പാർട്ടി, എന്തു പറഞ്ഞാലും നിങ്ങൾ പണ്ട് പറയുമായിരുന്നു ബംഗാളിനെ കണ്ടു പഠിക്കാൻ. ബംഗാളിനെ കണ്ടു പഠിക്കാൻ വേണ്ടി കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി പോകുകയാണ്. ബംഗാളിന്റെ സ്ഥിതി എന്താണ്? ഇപ്പോൾ അത് അന്വർത്ഥമായിക്കൊണ്ടിരിക്കുകയാണ്. അവിടെ പിടിച്ചു നിൽക്കാൻ, ചവിട്ടി

നിൽക്കാൻ ഒരു പിടി മണ്ണ് പോലുമില്ലാതെ അലയുകയാണ് കമ്യൂണിസ്റ്റ് പാർട്ടി. കേരളത്തിലും ബംഗാളിനെ കണ്ടു പഠിച്ച് കേരളത്തിലെ കമ്യൂണിസ്റ്റ് പാർട്ടിക്ക്, ബംഗാളിലെ കമ്യൂണിസ്റ്റ് പാർട്ടിക്കുണ്ടായ ദുർഗതിയുണ്ടാകരുതെന്ന് ഞാൻ പറയുകയാണ്. കാരണം ഇൻഡ്യാ രാജ്യത്ത് കമ്യൂണിസ്റ്റ് പാർട്ടി ഉണ്ടാകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ഇവിടെ ദേശീയ രാഷ്ട്രീയത്തെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ നമുക്ക് ബി.ജെ.പി. യെ തടയണം. ബി.ജെ.പി. യെ ശക്തിപ്പെടുത്തുന്നത് ആരാ? കേരളത്തിൽ ബി.ജെ.പി. യിലേക്ക് പോകുന്നതാരാ? നിങ്ങൾ ബി.ജെ.പിയുടെ സജീവ പ്രവർത്തകൻമാരെ ഇങ്ങോട്ടു സ്വാഗതം ചെയ്തു, ശ്രീ. സണ്ണി പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ബി.ജെ.പി യിലേക്ക് ആളുകൾ പോകുന്നത് ശ്രീ. കോടിയേരിയോട് ഞാൻ പറയുന്നു, മാർക്സിസ്റ്റു പാർട്ടിയുടെ അണികളാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. ഈ അണികൾ ചോർന്നു പോകുന്നത് എന്താ? നിങ്ങൾ ആലോചിക്കണം. നമുക്ക് ബി.ജെ.പി

യെ തടുക്കണം. ബി.ജെ.പി.യുടെ വർഗ്ഗീയതക്ക് അനുകൂലമാണോ, ഞങ്ങൾ ബി.ജെ.പിക്കെതിരെ സമരം ചെയ്തോ, എന്നൊന്നും ഞങ്ങളെ പഠിപ്പിക്കാൻ വരേണ്ട, ഞങ്ങൾക്കറിയാം ഇൻഡ്യാ രാജ്യത്ത് കോൺഗ്രസ്സ് പിന്നിൽ പോയി എന്ന് ഞങ്ങൾ സമ്മതിക്കുന്നു. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന് കനത്ത പരാജയമുണ്ടായി, ഞങ്ങൾ പിന്നിലാണ്, ഞങ്ങൾ മുന്നിലല്ല. പക്ഷെ ഞാൻ പറയുന്നു, പിന്നിലാണെങ്കിലും എഴുന്നേറ്റ് നിൽക്കാനുള്ള ശക്തി ഞങ്ങൾക്കുണ്ട്. പ്രിയപ്പെട്ട കോടിയേരി, അടുത്ത് പ്രസംഗിക്കുമല്ലോ, ഞങ്ങൾ പിന്നിലാണ്, പക്ഷേ ഞങ്ങളെക്കാൾ ആയിരം കാതം പിന്നിൽ കിടക്കുകയാണ് നിങ്ങൾ. നിങ്ങൾക്കൊന്ന് എഴുന്നേറ്റ് നിന്ന് ശ്വാസം വലിക്കാൻ പോലും കഴിയാതെ കഷ്ടപ്പെടുകയാണ്. ആ കഷ്ടപ്പാടിൽ നിന്നും രക്ഷപ്പെടണമെങ്കിൽ ഞങ്ങൾ കൈ നീട്ടി തരാൻ തയ്യാറാണ്. ഞങ്ങളുടെ കൈ പിടിച്ചാൽ നിങ്ങൾക്ക് മുന്നോട്ടു പോകാനുള്ള ആവേശമുണ്ടാകും. അല്ലാതെ ദേശീയ രാഷ്ട്രീയത്തിൽ

ബി.ജെ.പിയെ എതിർക്കാൻ ശക്തിയുണ്ടെന്ന് പറഞ്ഞാൽ, അതു കേട്ട് ഇവിടെ ശ്രീ. ബാബു എം. പാലശ്ശേരിയെ പോലുള്ളവർ എന്തെങ്കിലും പറഞ്ഞാൽ ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണാ അത് നിങ്ങൾ ഉപദേശമായി എടുക്കരുത്. നമുക്ക് ബി.ജെ.പിക്കെതിരെ പോരാടണം. ഇവിടെ പലതും ശ്രീ. നരേന്ദ്ര മോഡി കാണിക്കുന്നുണ്ട്. നമുക്കറിയാം കോൺഗ്രസ്സ് തോറ്റു. കോൺഗ്രസ്സ് തോറ്റെങ്കിലും, കോൺഗ്രസ്സ് ഈ രാജ്യത്തുണ്ടാക്കിയ വികാരമുണ്ട്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഏറ്റവും വലിയ നേട്ടമെന്നു പറയുന്നത് 55 വർഷക്കാലം ഭരിച്ചു. ഈ രാജ്യത്തുണ്ടാക്കിയ കാർഷിക വികസനമോ, വ്യവസായിക വികസനമോ, അല്ലെങ്കിൽ മറ്റു വികസനമൊന്നുമല്ല. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേട്ടമെന്ന് പറയുന്നത് ഈ രാജ്യത്ത് മതേതരത്വത്തെ നിലനിർത്താൻ കഴിഞ്ഞു. അതാണ് ഏറ്റവും വലിയ നേട്ടം. ആ മതേതരത്വമാണ് ഇവിടെ വെല്ലുവിളിക്കപ്പെട്ടു കൊണ്ടിരിക്കുന്നത്. ആ മതേതരത്വം നിലനിൽക്കുന്നിടത്തോളം കാലം നമുക്ക് ബി.ജെ.പി.യെ

പരാജയപ്പെടുത്താൻ കഴിയും. ആ മതേതരത്വമാണ് കോൺഗ്രസ്സിന്റെ നേട്ടമെങ്കിൽ, ആ മതേതരത്വമാണ് ഇൻഡ്യയുടെ പൈതൃകമെങ്കിൽ, ആ മതേതരത്വത്തെയാണ് ബി.ജെ.പി. വെല്ലുവിളിക്കുന്നതെങ്കിൽ, നമുക്ക് അതിനെതിരെ പോരാടാൻ ഇറങ്ങണം. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഏറ്റവും വലിയ നേട്ടം മതേതരത്വം പോലെ, ഇൻഡ്യയിലുണ്ടാക്കിയതാണ് ഇൻഡ്യയുടെ ജനാധിപത്യം. നമ്മുടെ അയൽ രാജ്യങ്ങൾ ഇൻഡ്യക്കൊപ്പം സ്വാതന്ത്ര്യം പ്രാപിച്ച രാജ്യങ്ങൾ ഉണ്ട്. ഓർമ്മപ്പെടുത്താൻ വേണ്ടി പറയുന്നതല്ല, അവിടെ ജനാധിപത്യം പട്ടാള മേധാവിത്വത്തിനും, ഏകാധിപത്യത്തിനും വഴിമാറിയപ്പോൾ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ്, ഇൻഡ്യാരാജ്യം ഭരിച്ചതുകൊണ്ട് നമുക്ക് ഇവിടെ ജനാധിപത്യം ഉണ്ടായി. ആ ജനാധിപത്യ സംവിധാനത്തെയാണ് ശ്രീ. മോഡി വെല്ലുവിളിക്കുന്നത്. ആ ജനാധിപത്യ സംവിധാനത്തെ വെല്ലുവിളിക്കുന്ന ശ്രീ. മോഡിക്കെതിരെ ശക്തമായ പോരാട്ടം നടത്താനുള്ള

രാഷ്ട്രീയമായ ആർജ്ജവം, രാഷ്ട്രീയമായ കാഴ്ചപ്പാടുള്ള രാഷ്ട്രീയ പ്രസ്ഥാനം ഇന്നും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സാണ്. അവിടെ വേണമെങ്കിൽ നിങ്ങൾക്കും ഞങ്ങളോടൊപ്പം ചേരാൻ കഴിയും. അതല്ലാതെ ഇപ്പോഴും സ്വപ്നം കണ്ടുകൊണ്ട്, ഇപ്പോൾ ശ്രീ. യെച്ചൂരി പറയുന്നു, അതുപോലെ മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ പറയുന്നു, ഒരു പുനഃപരിശോധന, ഞാൻ പറയുന്നു പുനഃപരിശോധന നടത്തണം. എന്തിനുവേണ്ടി, നമുക്ക് ഈ വിപത്തിനെ എതിർക്കണം. ബി.ജെ.പി എന്നു പറയുന്ന വിപത്ത്, മോഡി എന്നു പറഞ്ഞ് ഇൻഡ്യയിൽ അധികാരത്തിൽ കയറി ഏകാധിപത്യത്തിന്റേയും, സ്വേച്ഛാധിപത്യത്തിന്റേയും പാതയിലൂടെ മുന്നോട്ട് പോയി, ഇന്ന് നമുക്ക് പാർലമെന്റ് നടക്കുന്നു, പാർലമെന്റിൽ ഓരോ ബി.ജെ.പി എം.പി മാരും നടത്തുന്ന പ്രസ്താവനകളുണ്ട്. അത് ഇൻഡ്യയുടെ ആത്മാവിനെതിരെ നടത്തുന്ന കടന്നാക്രമണമാണ്. എന്തൊക്കെയാണ് പറയുന്നത്, ആർ.എസ്.എസിനെ ന്യായീകരിക്കുന്നു. ശ്രീ. ഗോഡ്സെയെ

ന്യായീകരിക്കുന്നു. മഹാത്മാഗാന്ധിയെ വെടിവച്ചുകൊന്ന ഗോഡ്സെയെ ന്യായീകരിക്കുന്നു. ആർ.എസ്.എസിന്റെ തലവന്, അദ്ദേഹത്തിന്റെ പൂജാ ദിവസം നടത്തിയ പ്രസംഗം, ലൈവ് ടെലികാസ്റ്റായി കാണിക്കുന്നതിന് വേണ്ടി അനുവാദം കൊടുക്കുന്നു. കോൺഗ്രസ്സ് ഈ രാജ്യം 57 വർഷക്കാലം ഭരിച്ചപ്പോഴും എ.ഐ.സി.സി.കാരന്റെ ഒരു പ്രസംഗത്തേയും ലൈവ് ടെലികാസ്റ്റ് നൽകാൻ ഞങ്ങൾ അവസരം കൊടുത്തിട്ടില്ല. അത് തെറ്റാണെന്ന് വിശ്വസിക്കുന്നവരാണ് ഞങ്ങൾ. ആർ.എസ്.എസിന്റെ തലവന്റെ പ്രസംഗം ലൈവ് ടെലികാസ്റ്റ് കൊടുക്കാൻ തീരുമാനിച്ചപ്പോൾ, അത് പാർലമെന്റിൽ ചോദ്യം ചെയ്തപ്പോൾ അതിനെ ന്യായീകരിക്കുന്ന ഇൻഡ്യയുടെ പ്രധാനമന്ത്രി, ആ ന്യായീകരിക്കുന്ന ഇൻഡ്യയുടെ പ്രധാനമന്ത്രിയെ എതിർക്കാനുള്ള ആത്മധൈര്യം, ആത്മവിശ്വാസം ഇന്നുമുള്ള ഒരു രാഷ്ട്രീയ പ്രസ്ഥാനം, രാഷ്ട്രീയ വികാരമുള്ളത്, പ്രിയപ്പെട്ട ശ്രീ. കോടിയേരി അത് കോൺഗ്രസ്സിനാണ്. ഇവിടെ കോൺഗ്രസ്സിനെ ദേശീയ രാഷ്ട്രീയത്തിൽ വച്ചു കൊണ്ട്, കോൺഗ്രസ്സിന്

തോൽവിയുണ്ടായപ്പോൾ അധിക്ഷേപിക്കുന്ന, കോൺഗ്രസ്സിനെതിരെ ആരോപണം ഉന്നയിക്കുന്ന, കോൺഗ്രസ്സിന്റെ ശക്തിയെക്കുറിച്ച് സംശയം ഉന്നയിക്കുന്ന, ശ്രീ. ജയരാജനും, ശ്രീ. സുനിൽകുമാറും അടക്കമുള്ള ആളുകളോട് പറയുന്നു, ഇന്നും ബി.ജെ.പി യെ എതിർക്കാൻ നമുക്ക് കഴിയണം. നിങ്ങളുടെ പാർട്ടി ആലോചിക്കണം. മാർക്സിസ്റ്റു പാർട്ടി ആത്മ പരിശോധന നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്ന് ഞാൻ വിനയപുരസ്സരം പറയുകയാണ്. ഞങ്ങളാരും കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെ അന്ധമായ കണ്ണുകളിലൂടെ നേക്കിക്കാണുന്നവരല്ല. അന്ധമായ കോൺഗ്രസ്സ് വിരോധം, നിഷേധാത്മകമായ രാഷ്ട്രീയം, നിങ്ങളെ പലപ്പോഴും ബി.ജെ.പിയുടെ താവളത്തിലേക്ക്, ഇവിടെ ശ്രീ. സി.കെ നാണുവേട്ടൻ സൂചിപ്പിച്ചതുപോലെ, നിങ്ങളെ കൊണ്ടെത്തിച്ചിട്ടുണ്ടെങ്കിൽ, അന്ധമായ കമ്യൂണിസ്റ്റ് വിരോധത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയ പ്രവർത്തനം നടത്തുന്നവരല്ല, പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ പാരമ്പര്യമുള്ള ഈ രാജ്യത്തെ ഇൻഡ്യൻ

നാഷണൽ കോൺഗ്രസ്സെന്നു നിങ്ങളെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഇവിടെ ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സംസ്ഥാന ഗവൺമെന്റിന്റെ ഏറ്റവും വലിയ പ്രയോറിറ്റി എന്താണ്? എന്തിനാണ് ഈ ഗവൺമെന്റിനെ എതിർക്കുന്നത്? ഇന്ന് കേരളത്തെ സംബന്ധിച്ച് നമ്മൾ വ്യാവസായികമായി പുരോഗമിച്ചു, ഐ.ടി. രംഗത്ത് നമ്മൾ പുരോഗമിച്ചു. വിദ്യാഭ്യാസപരമായി നമ്മൾ പുരോഗമിച്ചു. പക്ഷെ മനുഷ്യരാശിയുടെ നിലനിൽപ്പിനാവശ്യമായ ചില ബുദ്ധിമുട്ടുകൾ മറ്റ് സംസ്ഥാനങ്ങളെപ്പോലെ കേരളത്തേയും ബാധിക്കുന്നു. നമുക്ക് പാരിസ്ഥിക പ്രശ്നങ്ങളുണ്ട്. നമുക്ക് ആരോഗ്യ പ്രശ്നങ്ങളുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ് ഏറ്റവും കൂടുതൽ മുൻഗണന കൊടുക്കുന്നത്, ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ ഏറ്റവും വലിയ മുദ്രാവാക്യം സാന്ത്വനമാണ്. കാരുണ്യ ലോട്ടറിയുടെ അടിസ്ഥാനത്തിൽ, അതുപോലെതന്നെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിന്റെ അടിസ്ഥാനത്തിൽ ഇവിടെ ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കുന്നത്, ഇവിടത്തെ

രോഗികൾക്കാണ്, പാവപ്പെട്ടവനാണ്. അതുകൊണ്ട് കേരളത്തിൽ ഐക്യ ജനാധിപത്യ മുന്നണി, ഇതിലൊന്നും ഒരു തെറ്റിധാരണയും വേണ്ട, ഒരു കക്ഷിയേയും അടർത്തിയെടുക്കാൻ നിങ്ങൾക്ക് സാധിക്കുകയില്ല. നിങ്ങളിൽ നിന്നും ഇങ്ങോട്ട് പോരുമോ എന്ന് നിങ്ങൾ സംശയിച്ചാൽ മതി. ശ്രീ. മാണിസാറിനെ എന്തെല്ലാം പറഞ്ഞു, ശ്രീ. തോമസ് ഐസക് എവിടെ? കഴിഞ്ഞപ്രാവശ്യം ശ്രീ. തോമസ് ഐസക് ഈ നിയമസഭയിൽ ബഡ്ജറ്റ് പ്രസംഗത്തിൽ ശ്രീ. മാണി സാറിനെ വാനോളം പുകഴ്ത്തിയത്, ശ്രീ. മാണിസാർ ഇപ്പോൾ മനസ്സിലാക്കി ആത്മാർത്ഥത കൊണ്ടല്ല, മറ്റുചില താൽപര്യങ്ങൾ കൊണ്ടാണെന്ന്. ശ്രീ. മാണിസാർ കേരളത്തിലെ ഐക്യജനാധിപത്യ മുന്നണിയുടെ സ്ഥാപക നേതാക്കളിൽ ഒരാളാണ് എങ്കിൽ, ആ മാണിസാറിനെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തു സൂക്ഷിക്കാൻ, ഐക്യജനാധിപത്യ മുന്നണി കേരളത്തിലുണ്ടാകും സംശയിക്കേണ്ട, എന്നുറപ്പിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ പിൻതുണച്ചുകൊണ്ട് ഞാൻ

അവസാനിപ്പിക്കുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, യു.ഡി.എഫിൽ നിന്നും ശ്രീ സണ്ണി ജോസഫ് മുതൽ ശ്രീ. ബെന്നി ബെഹനാൻ വരെയുള്ളവർ സംസാരിച്ചപ്പോൾ ഈ ഉപധനാഭ്യർത്ഥന എന്തിന് വേണ്ടിയിട്ടാണെന്ന് ഒരു വാചകം പോലും അവരാരും സംസാരിച്ചില്ല. ഈ ഉപധനാഭ്യർത്ഥനയിൽ സാധാരണ നീക്കി വയ്ക്കേണ്ട തുക പോലും നീക്കി വച്ചിട്ടില്ല. കരാറുകാർക്കുള്ള കുടിശ്ശികയായി 1655 കോടി രൂപയിൽ എന്തെങ്കിലും ഇതിനകത്ത് പറയുന്നുണ്ടോ? ഒരു പൈസയുമില്ല. നെല്ല് സംഭരിച്ചയിനത്തിൽ കൃഷിക്കാർക്ക് 300 കോടി രൂപ കൊടുക്കണം, ഭവന രഹിതരായ ആളുകൾക്കു വേണ്ടിയുള്ള ഭവനരഹിത പദ്ധതിക്ക് വേണ്ടി 613 കോടി രൂപ കൊടുക്കണം, മെഡിക്കൽ കോർപറേഷനിൽ നിന്ന് മരുന്ന് വാങ്ങിയ ഇനത്തിൽ 340 കോടി രൂപ കൊടുക്കണം

<u>മി.ഡെപ്യൂട്ടി സ്പീക്കർ :</u> ഇത് 2003 മുതൽ 2012 വരെയുള്ള..

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: അതൊക്കെ അവർ മറുപടി പറഞ്ഞ് കൊള്ളും നിങ്ങൾ അതിനൊക്കെ എന്തിനാണ് മറുപടി പറയുന്നത്. അതിന്റെ കാര്യമെന്താ? അങ്ങ് രാവിലെ മുതൽ തുടങ്ങിയതല്ലേ?

<u>മി.ഡെപ്യൂട്ടി സ്പീക്കർ:</u> ചെയറിന് പറഞ്ഞുകൂടെന്നുണ്ടോ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ചെയറിന് കമന്റടിക്കാം അതിനൊരു ഔചിത്യം വേണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: കമന്റ് അല്ല. ഇത് ഞാൻ ഒരു യാഥാർത്ഥ്യം പറഞ്ഞതാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: എന്ത് യാഥാർത്ഥ്യം ? ഇവിടെ ബഡ്ജറ്റ് ചർച്ചയിൽ ഞാൻ ആദ്യമായിട്ട് പങ്കെടുക്കുകയാണോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ഇതു 2012 വരെയുള്ളതല്ലേയുള്ളൂ.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: അങ്ങ് നിയമ സഭയിൽ ഉള്ള കാലത്ത് ഞാനുമുണ്ട് ഈ നിയമസഭയിൽ. എന്നെ പഠിപ്പിക്കാനൊന്നും വരാൻ പാടില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : അങ്ങയെ പഠിപ്പിച്ചതല്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : ഉപധനാഭ്യർത്ഥന ചർച്ചയിൽ എന്ത് പറയണമെന്ന് അങ്ങ് പറയാതെതന്നെ എനിക്കറിയാം .

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : അങ്ങേയ്ക്ക് വിഷമം ഉണ്ടാക്കുന്ന തരത്തിൽ ചെയർ എന്താണ് പറഞ്ഞത്?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ബഹുമാനപ്പെട്ട ചെയർ ഞങ്ങളെ പരിഹസിക്കരുത്.

<u>മി.ഡെപ്യൂട്ടി സ്പീക്കർ</u> : ചെയർ പറഞ്ഞത് പിൻവലിച്ചു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: അനുമതി. സർ, കൺസ്യൂമർ ഫെഡറേഷന് 307 കോടി രൂപ കൊടുക്കാൻ ബാക്കിയുണ്ട്. ഒരു നയാപൈസ ഇതിനകത്ത് പറയുന്നുണ്ടോ? ക്ഷേമ പെൻഷനുകൾക്ക് 533 കോടി രൂപ കുടിശ്ശികയാണ് അത് കൊടുത്ത് തീർക്കാൻ എന്തെങ്കിലും ഇതിൽ പറയുന്നുണ്ടോ? ശമ്പള പരിഷ്കരണം നടപ്പിലാക്കേണ്ടത് 01.07.2014 മുതൽ നടപ്പിലാക്കേണ്ടതാണ്, അത് നടപ്പിലാക്കാൻ ഒരു നടപടിയും സ്വീകരിക്കാത്ത സാഹചര്യത്തിൽ സർക്കാർ ജീവനക്കാർക്ക് ഇടക്കാലാശ്വാസം കൊടുക്കണ്ടേ? ഇടക്കാലാശ്വാസം കൊടുക്കാനുള്ള തുക ഇതിനകത്ത് വകയിരുത്തിയിട്ടുണ്ടോ? ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഒരു കിലോ റബ്ബറിന്റെ വില 248 രൂപ ആയിരുന്നു. ഈ ഗവൺമെന്റ് മൂന്നര കൊല്ലം പൂർത്തിയാക്കുമ്പോൾ ഒരു കിലോ റബ്ബറിന്റെ വില എത്രയാ ശ്രീ.പി.സി.ജോർജ് ? 110, 100. നിങ്ങളുടെ ഗവൺമെന്റ് അധികാരത്തിൽ വന്ന്, ബഹുമാനപ്പെട്ട മാണി സാർ ധനകാര്യ വകുപ്പ് മന്ത്രിയായിട്ട് റബ്ബർ കൃഷിക്കാരെ സഹായിക്കാൻ ഒരു നയാപൈസയെങ്കിലും ഇതിൽ വകയിരുത്തിയിട്ടുണ്ടോ? ഇതിനകത്ത് ഒന്നും കാണുന്നില്ല. ഇപ്പോൾ പറയുന്നത് സാമ്പത്തിക പ്രതിസന്ധിയാണെന്നും 30,500 തസ്തിക അധികമാണെന്നുമാണ്

മൂന്നര വർഷം പൂർത്തിയാകുമ്പോൾ ഗവൺമെന്റ് പറയുന്നത്. ഈ വർഷം 7500 തസ്തികകൾ വെട്ടിക്കുറച്ചു. ഇതൊക്കെയാണ് ഈ ഗവൺമെന്റിന്റെ നേട്ടങ്ങൾ. പുതിയതായി എത്രകോടി രൂപയാണ് കടമെടുത്തത് 51,000 കോടി രൂപ കടമെടുത്തില്ലേ? എന്തിന് വേണ്ടി കടമെടുത്തു? അഴിമതിയും ധൂർത്തും നടത്തുന്നതിനു വേണ്ടിയാണ് കടമെടുത്തത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണ കാലത്ത് 19 മന്ത്രിമാരുണ്ടായിരുന്നത് ഇപ്പോൾ നിങ്ങളുടെ കാലത്ത് 21 മന്ത്രിമാരായി. ചീഫ് വിപ്പിന് മന്ത്രി പദവി കൊടുത്തു. ബാലകൃഷ്ണപിള്ളയുൾപ്പടെയുള്ള അഞ്ച് പേർക്ക് മന്ത്രി പദവിക്ക് തുല്യമായ പദവികൊടുത്തു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പേഴ്സണൽ സ്റ്റാഫിൽ 25 പേരായിരുന്നത് ഇപ്പോൾ 35 ആയി ഉയർന്നു. അധികച്ചെലവ് കൂടി ഇതിന്റെ ഫലമായിട്ട് വന്നതല്ലേ ഇപ്പോഴത്തെ സാമ്പത്തിക ബുദ്ധിമുട്ട്. ആസ്തി വികസന ഫണ്ട് വഴി മൂന്ന് കൊല്ലത്തിനിടയിൽ ചെലവഴിക്കേണ്ട തുകയെത്ര? 2100 കോടി രൂപ. ചെലവഴിച്ച തുകയെത്ര ? 47 കോടി 28 ലക്ഷം. ആസ്തി വികസന ഫണ്ട് വഴി മൂന്ന് കൊല്ലം കൊണ്ട് ചെലവഴിക്കേണ്ട തുക നിങ്ങൾക്ക് ചെലവഴിക്കാൻ കഴിഞ്ഞോ? അപ്പുറത്ത് നിങ്ങൾ പറഞ്ഞു വികസനം പൊടി പൊടിക്കുകയാണെന്ന് ഇതുപോലും ചെയ്യാത്തതാണോ ഇവിടത്തെ വികസനം? പദ്ധതിച്ചെലവ് ഇതുവരെ

നടത്തിയത് 21 ശതമാനം മാത്രമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവ് 70 ശതമാനം മാത്രമെ ആകുയെന്നാണ് ഇപ്പോൾ കണക്കാക്കിയിരിക്കുന്നത്. ഇത്തരത്തിൽ സാമ്പത്തികമായിട്ട് പോലും കാര്യങ്ങൾ ചെയ്യാൻ സാധിക്കാത്ത നിലയിലല്ലേ സംസ്ഥാന ഗവൺമെന്റ് പ്രവർത്തിക്കുന്നത്. ഇവിടെ ഇന്ന് രാവിലെ ഒരു ക്രമ പ്രശ്നം ഉന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. എ. കെ. ബാലൻ പറഞ്ഞു, മന്ത്രി സഭയുടെ രേഖ പുറത്ത് വന്നിരിക്കുന്നുവെന്ന്, അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി കേട്ടു മന്ത്രിസഭയുടെ രേഖയൊന്നും ഇപ്പോൾ രഹസ്യമല്ല. ആർക്കും കിട്ടുമെന്ന് അങ്ങനെയാണെങ്കിൽ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയുന്ന കഴിഞ്ഞ മാർച്ച് മാസം 26-ാം തീയതിയിലെ മന്ത്രിസഭാ രേഖയും ഏപ്രിൽ മാസം 2-ാം തീയതിയിലെ മന്ത്രിസഭാ രേഖയും, ഈ മന്ത്രിസഭാ രേഖകളൊന്നും രഹസ്യമല്ലെങ്കിൽ ആ രണ്ട് രേഖകളും മേശപ്പുറത്ത് വയ്ക്കാൻ ഗവൺമെന്റ് തയ്യാറുണ്ടോ? ഈ രണ്ട് മന്ത്രിസഭാരേഖയ്ക്കും വളരെ പ്രാധാന്യമുണ്ട്. എങ്ങനെയാണ് സർ ഈ മന്ത്രിസഭാ രേഖകൾ പുറത്ത് ചോർന്നത്? ഇവിടെ ഒരു മന്ത്രിക്കെതിരായി ആദ്യമായി കൈക്കൂലി ചോദിച്ചു, കൈക്കൂലി വാങ്ങിയെന്നു പറഞ്ഞു ഒരു കേസ് രജിസ്റ്റർ ചെയ്തു. അതിൽ ശ്രീ. കെ. എം.മാണി പ്രതിയാണ്. ശ്രീ. കെ. എം. മാണിയെ പ്രതിയായി ചേർത്തത് ഞങ്ങളാണോ? ശ്രീ.രമേശ്

ചെന്നിത്തല ആഭ്യന്തര വകുപ്പ് മന്ത്രിയല്ലേ, ശ്രീ. കെ.എം. മാണിയെ പ്രതി ചേർത്ത് കോടതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചത്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ആണോ കെ.എം.മാണിയെ പ്രതി ചേർത്തത്? ഈ ആരോപണമുന്നയിച്ചത് ഞങ്ങളാണോ? ഇവിടത്തെ ബാർ അസ്സോസിയേഷന്റെ പ്രസിഡന്റല്ലേ ഈ ആരോപണമുന്നയിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി കേസ്സെടുത്തു, പ്രതിയായി. രാവിലെ ശ്രീ. മാത്യൂ റ്റി. തോമസ് ഒരു സബ്മിഷൻ ഉന്നയിച്ചു. അടിയന്തര പ്രമേയം അങ്ങ് തന്നില്ല സബ്മിഷനായി ഉന്നയിച്ചു. അതിൽ ഉന്നയിച്ച എല്ലാ കാര്യങ്ങളും ശരിയാണെന്ന് ഗവൺമെന്റ് ഇവിടെ സമ്മതിച്ചില്ലേ? ആഭ്യന്തര മന്ത്രി പറഞ്ഞു, ഞാൻ പ്രതിയെ സന്ദർശിച്ചിട്ടുണ്ടെന്ന്. ഞങ്ങൾക്ക് ആ ഉത്തരം കിട്ടിയാൽ മതി. കേസ്സിൽ പ്രതിയായിട്ടുള്ള ഒരാളെ ആഭ്യന്തര മന്ത്രി സന്ദർശിച്ചത് ഈ കേസ്സിന്റെ തുടരന്വേഷണത്തെ ബാധിക്കുമെന്ന കാര്യം ഞങ്ങൾ ജൂഡീഷ്യറിയുടെ മുമ്പിൽ അവതരിപ്പിച്ച് കൊള്ളാം. ഉത്തരം കിട്ടിയല്ലോ. രണ്ടാമത്തെ ചോദ്യം ഞങ്ങൾ ഉന്നയിക്കുന്നത് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, പ്രതിയായിട്ടുള്ള നിയമ മന്ത്രിയെ സന്ദർശിച്ചിട്ടുണ്ടോ ബഹുമാനപ്പെട്ട നിയമ വകുപ്പ് മന്ത്രി പറഞ്ഞു, ഞാൻ പ്രതി മാത്രമല്ല ഞാൻ നിയമമന്ത്രി കൂടിയാണെന്നും അഡീഷണൽ അഡ്വക്കേറ്റ് ജനറലിന് എന്നെ വന്ന് കാണാമെന്ന് പറഞ്ഞില്ലേ.

ഇവിടെ പ്രതിയും അഡീഷണൽ അഡ്വക്കേറ്റ് ജനറലും തമ്മിൽ കൂടിയാലോചന നടത്തി. ഇതിന്റെ ലീഗൽ പ്രശ്നം ഞങ്ങൾ കോടതിയിൽ അവതരിപ്പിച്ച് കൊള്ളാം. അടിന്തര പ്രമേയം അനുവദിച്ചില്ലെങ്കിലും ഞങ്ങൾ ഉന്നയിച്ചിട്ടുള്ള ഈ രണ്ട് പ്രശ്നങ്ങൾക്കും ബഹുമാനപ്പെട്ട മാണി സാറിൽ നിന്നും ബഹുമാനപ്പെട്ട ശ്രീ. രമേശ് ചെന്നിത്തലയിൽ നിന്നും കിട്ടിയ മറുപടിയിൽ നിന്നുതന്നെ ഞങ്ങൾ ഉദ്ദേശിച്ച കാര്യം നടന്നിട്ടുണ്ട്. ഇപ്പോൾ മാണി സാർ പ്രതിയായപ്പോൾ ആർക്കാണ് ഏറ്റവും വലിയ സന്തോഷം ? സാക്ഷാൽ ശ്രീ. ബെന്നി ബെഹനാനാണ്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സന്തോഷിക്കുന്നത് കണ്ടില്ലേ ? വീണിതല്ലോ കിടക്കുന്നു മാണി സാർ എന്ന് പറഞ്ഞ് കൊണ്ട് അപ്പുറത്തുള്ള ആളുകളുടെ സന്തോഷമെന്താണ്. ശ്രീ.കെ.എം.മാണിയെ ഈ കോലത്തിലാക്കാൻ നിങ്ങൾക്കല്ലാതെ മറ്റാർക്കെങ്കിലും കഴിയുമോ? നിങ്ങൾ ഈ സ്ഥിതിലായില്ലേ? ഇത്തരത്തിൽ ഈ കേസ് ഒരു ചെറിയ കേസ്സാണെന്ന് പറഞ്ഞുകൊണ്ട് തള്ളിക്കളഞ്ഞ് എല്ലാപേരെയും രക്ഷിക്കാമെന്നാണോ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്? അഴിമതിക്കാർക്ക് കടുത്ത ശിക്ഷകൊടുക്കണമെന്ന് സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു കാലത്ത് ബഹുമാനപ്പെട്ട സുപ്രീം കോടതി പോലും ഈ കാര്യത്തിൽ കർശന നിലപാടെടുക്കുന്ന കാലത്ത് ഈ കേസ് അട്ടിമറിക്കാൻ ഇവിടെ ആരെയും

അനുവദിക്കില്ല. ഈ കേസിന്റെ അന്വേഷണം ശരിയായ ദിശയിൽ നടക്കുന്നുണ്ടോയെന്ന് കേരളം പരിശോധിച്ച് കൊണ്ടിരിക്കുകയാണ്. ഇതിൽ മാതൃകാപരമായിട്ട് ഇടപെടാൻ തയ്യാറാകണം. ശ്രീ. കെ.എം.മാണിയെപ്പറ്റി ഞാൻ ധരിച്ചത് അദ്ദേഹം മാതൃക കാണിക്കുമെന്നാണ്. അദ്ദേഹം രാജി വച്ച്, ഈ കുറ്റപത്രത്തിനകത്ത് എന്റെ പേരില്ലെങ്കിൽ മാത്രമെ ഞാൻ തിരിച്ച് വരൂ എന്ന് പ്രഖ്യാപിച്ചിരുന്നെങ്കിൽ അങ്ങയുടെ പ്രശസ്തി കൂടുമായിരുന്നില്ലേ?

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി (ശ്രീ. കെ. എം.മാണി): ശ്രീ.കോടിയേരിബാലകൃഷ്ണൻ, ഈ വിഷയം നിയമസഭയിൽ ഉന്നയിക്കുന്നതിന് 5 കോടി രൂപ കൈക്കൂലി വാങ്ങിച്ചുവെന്ന് പറഞ്ഞാൽ അങ്ങ് രാജി വയ്ക്കാൻ തയ്യാറാകുമോ? അങ്ങനെയെങ്കിൽ നമുക്ക് ഒന്നിച്ച് രാജിവയ്ക്കാം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ 5 കോടി വാങ്ങിയെന്ന് ആരെങ്കിലും പറഞ്ഞാൽ നിങ്ങൾ രാജിവയ്ക്കുമോ? നിങ്ങൾ രാജി വയ്ക്കാൻ തയ്യാറാണോ?

ശ്രീ. കോടേയരി ബാലകൃഷ്ണൻ: എനിക്ക് എക്സിക്യൂട്ടീവ് അധികാരമില്ല. ഞാൻ നിയമമന്ത്രിയല്ല. ധനകാര്യവകുപ്പുമന്ത്രിയുമല്ല. എന്റെ പേരിൽ അങ്ങനെയൊരു ആരോപണം വരികയും എന്റെ പേരിൽ വിജിലൻസ് ഒരു കേസ് ഫയൽ ചെയ്ത് കോടതിയിൽ സമർപ്പിച്ചാൽ ഞാൻ ആ ദിവസം രാജിവയ്ക്കും. അങ്ങ് രാജി വയ്ക്കാൻ

തയ്യാറുണ്ടോ? അങ്ങ് ചോദിച്ചുവല്ലോ ഞാൻ രാജി വയ്ക്കാൻ തയ്യാറാണ്. അങ്ങനെ ഒരു കേസ് വരട്ടെ, അപ്പോൾ ഞാൻ രാജി വയ്ക്കാൻ തയ്യാറാണ്. കേരളത്തിലാദ്യമായിട്ടാണ് ഒരു മന്ത്രിക്കെതിരെ അഴിമതി നിരോധന നിയമത്തിലെ വകുപ്പ് VII അനുസരിച്ച്..

<u>ശ്രീ. സി. ദിവാകരൻ</u> : ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അദ്ദേഹം മറുപടി പറയട്ടെ

<u>ശ്രീ. കെ. എം. മാണി</u> : ഞാൻ രാജിവയ്ക്കാൻ തയ്യാറാണെന്ന് പറയുകയല്ല. രാജി വയ്ക്കുകയാണെങ്കിൽ നമുക്ക് ഒന്നിച്ച് വയ്ക്കാം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, അതിന് അർത്ഥം മാണി സാറിന് ആരോപണക്കാരനെ കണ്ടുപിടിക്കണമെന്നാണ്. എന്നിട്ട് അയാളുടെ പേരിൽ ആരോപണമുന്നയിക്കണം. ശ്രീ. രമേശ് ചെന്നിത്തലയോട് പറഞ്ഞ് എഫ്.ഐ.ആർ. എടുത്ത് കേസ്സാക്കണം. അങ്ങനെയൊരു കേസ് വന്നാൽ ബഹുമാനപ്പെട്ട മാണി സാർ പറഞ്ഞ സ്ഥിതിക്ക് രാജിവയ്ക്കാൻ തയ്യാറാണ്. അതുകൊണ്ട് ആദ്യം അങ്ങ് രാജിവച്ച് മാതൃക കാണിക്കണം. അങ്ങ് ഇപ്പോൾ പ്രതിയാണല്ലോ. ഈ മന്ത്രിസഭയിൽ ആദ്യമായിട്ടാണ് അഴിമതിനിരോധന നിയമത്തിലെ സെക്ഷൻ (7) അനുസരിച്ച് ഒരാൾ പ്രതിയാകുന്നത്. ഇതിനുമുമ്പ്

രജിസ്റ്റർ ചെയ്യപ്പെട്ട എല്ലാ കേസ്സുകളിലും സംസ്ഥാന എക്സ്ചെക്കറിന് നഷ്ടമുണ്ടാക്കി, മറ്റൊരാളെ സഹായിച്ചു എന്നൊക്കെയുള്ള കേസ് മാത്രമാണ് മന്ത്രിമാരുടെ പേരിലുണ്ടായിരുന്നത്. അതിൽനിന്ന് വ്യത്യസ്തമായ കേസുവന്നിട്ടും എന്തുകൊണ്ടാണ് ഗവൺമെന്റ് ഇക്കാര്യത്തിൽ നടപടിയെടുക്കാത്തത്? 2004-ൽ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായി സത്യവാചകം ചൊല്ലുന്ന സന്ദർഭത്തിൽ ഒരു നിലപാടെടുത്തു. വിജിലൻസ് കേസ്സിൽ പ്രതികളാണെന്ന കാരണത്താൽ ടി. എം. ജേക്കബിനെയും ശ്രീ. ആർ. ബാലകൃഷ്ണപിള്ളയേയും മന്ത്രിയാക്കിയില്ല. എന്റെ ഗവൺമെന്റ് അഴിമതിക്കെതിരാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ഇപ്പോൾ അദ്ദേഹം മുഖ്യമന്ത്രിയായി സത്യവാചകം ചൊല്ലിയപ്പോൾ എന്താണ് സംഭവിച്ചത്? വിജിലൻസ് കേസ്സിൽ പ്രതികളായ നാലുപേരെ മന്ത്രിമാരാക്കി. അദ്ദേഹത്തിന്റെ അഴിമതി ആദർശം എവിടെപ്പോയി? ഈ ഗവൺമെന്റ് ഇന്നൊരു അഴിമതി ഗവൺമെന്റാണെന്ന് ഭരണകക്ഷിക്കാരും പറയാൻ തുടങ്ങി. അതിന്റെ തെളിവാണ് ഭരണമുന്നണിയിലെ അംഗമായ ശ്രീ. കെ. ബി. ഗണേഷ് കുമാർ ഈ ഗവൺമെന്റിനെ നോക്കി ആരോപണമുന്നയിച്ചത്. ഭരണമുന്നണിയിലെ മെമ്പർ ഉന്നയിച്ച ആരോപണത്തെക്കുറിച്ച് അന്വേഷിക്കാൻ ഒരു നിയമസഭാ കമ്മിറ്റിയെപ്പോലും വയ്ക്കാൻ തയ്യാറാകാത്ത നിങ്ങൾ അഴിമതിക്ക് എല്ലാവിധ

സഹായവും ചെയ്തുകൊടുക്കുന്നവരാണെന്ന കാര്യം വ്യക്തമാക്കപ്പെട്ടില്ലേ. ഒരു ഭരണമുന്നണി മെമ്പർ ഉന്നയിച്ചിരിക്കുന്ന ആരോപണത്തിനുപോലും നിങ്ങൾ ഇതാണോ വില കൽപ്പിക്കുന്നത്. മാണി സാറിനെതിരായി ഉയർന്നുവന്നിരിക്കുന്ന ആരോപണത്തിൽ ആ കോഴ കൊടുത്ത വ്യക്തികൾ ബാറുടമസ്ഥൻമാരാണ്. അവരെ സഹായിക്കാൻവേണ്ടിയല്ലേ നിങ്ങൾ മദ്യനയത്തിൽ മാറ്റം വരുത്തുന്നത്. ആ ബാറുടമസ്ഥൻമാർ വിജിലൻസിന് മുന്നിൽ ഹാജരായി മൊഴി കൊടുക്കാതിരിക്കണം, അതിനുവേണ്ടി അവരോട് പറഞ്ഞിരിക്കുന്നത് 418 ബാറും നിങ്ങൾ തുറന്നോളൂ, നിങ്ങൾക്ക് അതിൽ ബിയറും വൈനും വിൽക്കാനുള്ള അനുമതി തരാം. ബിയറും വൈനും വിൽക്കാനുള്ള അനുമതി കിട്ടിക്കഴിഞ്ഞാൽ അക്കൂട്ടത്തിൽ ബ്രാന്റിയും വിസ്കിയും വിൽക്കാം, എക്സൈസുകാരും കണ്ണടയ്ക്കാമെന്നാണ് ബാറുടമസ്ഥൻമാർക്ക് ഇപ്പോൾ ഗവൺമെന്റ് ഉറപ്പ് കൊടുത്തിട്ടുള്ളത്. ബിയറും വൈനും വിൽക്കാൻ സമ്മതിക്കില്ലായെന്നുള്ള നിലപാട് പരസ്യമായിട്ടെടുത്ത കെ.പി.സി.സി. പ്രസിഡന്റിന് പുല്ലുവില കൽപ്പിച്ചോ; കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞതിന് എന്തെങ്കിലും അഭിപ്രായമുണ്ടോ? കോൺഗ്രസ് പാർട്ടി കെ.പി.സി.സി. പ്രസിഡന്റിന്റെ അഭിപ്രായത്തെ തൃണവൽഗണിച്ചുകൊണ്ടല്ലേ തീരുമാനമെടുത്തിരിക്കുന്നത്. മുഖ്യമന്ത്രിയെടുത്ത തീരുമാനത്തെ എല്ലാവരും അംഗീകരിച്ചു. ഞങ്ങൾ

ഇതിന് എതിരാണെന്ന് മുസ്ലീം ലീഗ് പറഞ്ഞു. മന്ത്രിസഭായോഗം ചേർന്നാൽ ഡിസെന്റ് എഴുതുമെന്ന് മുസ്ലീം ലീഗ് പറഞ്ഞു. മന്ത്രിസഭയിൽ വിയോജനക്കുറിപ്പ് എഴുതുന്ന പരിപാടിയുണ്ടോ, ഇത് ആരെ പറ്റിക്കാനാണ്? സബ്ജക്ട് കമ്മിറ്റി മീറ്റിംഗിൽപ്പോലും വിയോജനക്കുറിപ്പ് എഴുതാൻ സമ്മതിക്കില്ല. മന്ത്രിസഭാ മീറ്റിംഗിൽ ഞങ്ങൾ വിയോജനക്കുറിപ്പ് എഴുതുമെന്ന് മുസ്ലീം ലീഗ് പറഞ്ഞാൽ മന്ത്രിസഭയെക്കുറിച്ച് അറിയാത്ത ആളുകളെ പറ്റിക്കാമെന്നല്ലാതെ വേറെ ആരെ പറ്റിക്കാൻ കഴിയും? മുസ്ലീം ലീഗിന്റെ അണികളെ ഇങ്ങനെ പറ്റിക്കരുത്. ഞങ്ങൾ ഈ 418 കൊടുക്കേണ്ട ഗതികേടിലാണ്, മാണി സാറിനെ രക്ഷപ്പെടുത്തണമെന്ന് നിങ്ങൾ തുറന്നുപറയുകയാണ്. അതിനുവേണ്ടി ഇതല്ലാതെ വഴിയില്ലായെന്ന് പറഞ്ഞിട്ട് ചെയ്താൽ പോരേ. ഇവിടത്തെ മെത്രാൻമാരും ശ്രീ. വി. എം. സുധീരനുമെല്ലാം ഉന്നയിച്ചിരിക്കുന്ന ഒരു പ്രശ്നം ഒറ്റദിവസംകൊണ്ട് വിഴുങ്ങാൻ എന്താണ് കാരണം? ഒരു മന്ത്രിയെ രക്ഷപ്പെടുത്താനുള്ള ഒറ്റകാരണത്താലല്ലേ ഈ മദ്യനയംതന്നെ അട്ടിമറിക്കാൻ നിങ്ങൾ തീരുമാനിച്ചത്. ഇവിടെ ഇത്തരത്തിലുള്ള ഒരു സ്ഥിതിവിശേഷമുണ്ടായിട്ട് എല്ലാം ഭദ്രമാണ്, എല്ലാം ശുഭമാണ്, ഇവിടെ വികസനം നടക്കുകയാണെന്ന് ഗവൺമെന്റ് പറയുന്നു. മദ്യനിരോധനവും മദ്യവർജ്ജനവുംകൂടി സമന്വയിപ്പിച്ചിട്ടാണ് ഈ ഘട്ടംഘട്ടം...... ഘട്ടംഘട്ടമായി

മദ്യനിരോധനം 1995-ൽ ശ്രീ. എ. കെ. ആന്റണി പ്രഖ്യാപിച്ചതല്ലേ. അന്ന് ചാരായം നിരോധിച്ചില്ലേ. ഇപ്പോൾ എത്ര ഘട്ടമായി; നിങ്ങൾ ഘട്ടം ഘട്ടമെന്ന് പറയുമ്പോൾ എത്ര വർഷം പിടിക്കും? പത്തുവർഷമെന്ന് ഇപ്പോൾ പറയുന്നു. ആ പത്തുവർഷത്തിൽ വെള്ളം ചേർത്ത്, ഞായറാഴ്ച ഡ്രൈ ഡേ ആയിരുന്നത് മാറ്റാൻ തീരുമാനിച്ചില്ലേ. ബിയറും വൈനും കൊടുക്കാൻ തീരുമാനിച്ചില്ലേ. നിങ്ങളുടെ മദ്യനയം മുഴുവൻ അട്ടിമറിച്ചത് ഞങ്ങളാണോ? നിങ്ങൾ പ്രഖ്യാപിക്കുന്നത് ചെയ്യാൻ സാധിക്കുന്നില്ല. ഇതാണ് യു.ഡി.എഫ്. ഗവൺമെന്റിന് ഇന്ന് സംഭവിച്ചു കൊണ്ടിരിക്കുന്ന ഏറ്റവും പ്രധാനമായിട്ടുള്ള കാര്യം. ഇവിടെ ഓരോ മന്ത്രിമാരും അഴിമതിയിൽ മൽസരിക്കുന്ന മന്ത്രിമാരാണെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ എത്തിക്കഴിഞ്ഞില്ലേ? കേരളം വളരെ പ്രശസ്തരായ കള്ളൻമാരുണ്ടായിരുന്ന ഒരു സംസ്ഥാനമാണ്. മുളമൂട്ടിൽ അടിമ, ഇത്തിക്കര പക്കി, കായംകുളം കൊച്ചുണ്ണി..... ആ കായംകുളം കൊച്ചുണ്ണിയെങ്ങാനും ഇപ്പോൾ ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ ശ്രീ. ഉമ്മൻ ചാണ്ടിയെ കെട്ടിപ്പിടിച്ച് ചുംബനം കൊടുക്കുമായിരുന്നു. ഇത് ചുംബനത്തിന്റെ കാലമല്ലേ. ഇങ്ങനെയുള്ള സുപ്രസിദ്ധരായ കള്ളൻമാരെപ്പോലും പുറകിലാക്കി ക്കൊണ്ട് കേരളംതന്നെ കട്ട് വിഴുങ്ങുന്ന ഒരവസ്ഥയിലേയ്ക്ക് ഈ ഗവൺമെന്റ് എത്തിയില്ലേ. കേരളത്തിലെ ജനങ്ങൾ അഴിമതി ഭരണത്തിനെതിരായിട്ടാണ്

ചിന്തിക്കുന്നത്. ഞങ്ങൾക്ക് നിരാശയാണെന്ന് അപ്പുറത്തിരിക്കുന്ന ആളുകൾ പറഞ്ഞു. ഈ ഗവൺമെന്റിനെ ഞങ്ങൾക്ക് ഇറക്കാൻ പറ്റുന്നില്ല. ഞങ്ങളൊരിക്കലും ഈ ഗവൺമെന്റിനെ രാഷ്ട്രീയ ഉപജാപത്തിൽക്കൂടിയിറക്കാൻ തീരുമാനിച്ചിട്ടില്ല. ഈ ഗവൺമെന്റിന് ആദ്യം രണ്ടാളുടെ ഭൂരിപക്ഷം മാത്രമല്ലേ ഉണ്ടായിരുന്നുള്ളൂ? രാഷ്ട്രീയ ഉപജാപംവഴി ഈ ഗവൺമെന്റിനെ അട്ടിമറിക്കില്ലായെന്ന് ആ രണ്ടാളുടെ ഭൂരിപക്ഷമുണ്ടായിരുന്ന സന്ദർഭത്തിൽ ഞങ്ങൾ പരസ്യമായി പറഞ്ഞു. ഞങ്ങൾ ഇപ്പോഴും അതിലാണ് നിൽക്കുന്നത്. അപ്പുറത്തിരിക്കുന്ന ആരെയെങ്കിലും ഇപ്പുറത്ത് കൊണ്ടുവന്ന് ഒരു മന്ത്രിസഭയുണ്ടാക്കാൻ ഞങ്ങൾ ഇപ്പോൾ ഉദ്ദേശിക്കുന്നേയില്ല. ഇക്കാര്യം അസന്നിഗ്ദ്ധമായി പാർട്ടി വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ ജനങ്ങളാണ് എം.എൽ.എ.-മാരെയുണ്ടാക്കുന്നത്. ആ ജനങ്ങളിൽ രാഷ്ട്രീയ മാറ്റമുണ്ടാക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. ആ ജനങ്ങളിൽ രാഷ്ട്രീയ മാറ്റമുണ്ടായാൽ അതിന്റെ പ്രതിധ്വനികൾ എല്ലാ പാർട്ടികളിലുമുണ്ടാകും. ഈ കേരളത്തിൽ രാഷ്ട്രീയ മാറ്റമുണ്ടാകും. ജനങ്ങളാണ് ആ രാഷ്ട്രീയമാറ്റം ഇവിടെയുണ്ടാക്കാൻ പോകുന്നത്. ഏതെങ്കിലും കുറച്ച് എം.എൽ.എ.-മാരെ അപ്പുറത്തുനിന്ന് ഇപ്പുറത്തേയ്ക്ക് കൊണ്ടുവന്ന് രാഷ്ട്രീയ മാറ്റമുണ്ടാക്കാനല്ല ഞങ്ങൾ തീരുമാനിച്ചത്. നിങ്ങൾ ചെയ്തത് എന്താണ്? ഇപ്പുറത്തിരിക്കുന്ന ആളുകളെ അപ്പുറത്തേയ്ക്ക് പിടിച്ച് രാഷ്ട്രീയ മുൻകൈ നേടാനാണ്

നിങ്ങൾ ശ്രമിച്ചത്. അത് അധികകാലം നിലനിൽക്കുകയില്ല. ജനവിധിക്കെതിരായ ഒരു നിലപാടും ഇടതുപക്ഷം സ്വീകരിക്കുകയില്ല. തത്വാധിഷ്ഠിതമായ രാഷ്ട്രീയ നിലപാടിൽ വെള്ളം ചേർത്തുകൊണ്ടുള്ള ഒരു സമീപനത്തിന് ഇടതുപക്ഷം ഒരിക്കലും തയ്യാറാകുകയില്ല. എങ്ങനെയെങ്കിലും അധികാരം, ഏതുവിധത്തിലും അധികാരം എന്നത് ഞങ്ങൾ ഒരുകാലത്തും ചിന്തിച്ച ഒരു കാര്യമല്ല. അതുകൊണ്ടുതന്നെ നിങ്ങൾ ഉദ്ദേശിക്കുന്നതുപോലെയുള്ള ഒരു നിലപാടും ഒരുകാലത്തും ഞങ്ങൾ സ്വീകരിച്ചിട്ടില്ല. ഇവിടെ രാഷ്ട്രീയമാണ് പ്രശ്നം. ആ രാഷ്ട്രീയ നിലപാടുകൾ ഇടതുപക്ഷത്തിന് അനുകൂലമായിട്ടേ കേരളത്തിൽ മാറുകയുള്ളൂ. പാർട്ടികൾ എത്രയുണ്ടെന്ന് നോക്കിയിട്ടല്ല കേരള രാഷ്ട്രീയം രൂപപ്പെടുന്നത്. 1987-ൽ ഞങ്ങളുടെകൂടെ ആരെങ്കിലും ഉണ്ടായിരുന്നോ; ആരെങ്കിലും അന്ന് ഞങ്ങൾ അധികാരത്തിൽ വരുമെന്ന് പ്രതീക്ഷിച്ചിരുന്നോ? 1987-ൽ കടുത്ത വെല്ലുവിളികളെ നേരിട്ടുകൊണ്ട് ഞങ്ങൾ കേരളത്തിൽ അധികാരത്തിൽ വന്നില്ലേ. 1996-ൽ ഞങ്ങൾ അധികാരത്തിൽ വരുമെന്ന് ആരെങ്കിലും, ഒരു മാധ്യമമോ പ്രവചിച്ചിട്ടുണ്ടോ? അന്ന് ഞങ്ങൾ അധികാരത്തിൽവന്നു. ഈ കേരളത്തിലെ രാഷ്ട്രീയമാറ്റം തീരുമാനിക്കേണ്ടത് ജനങ്ങളാണ്. ഈ അഴിമതി ഗവൺമെന്റിനെതിരായ ജനരോഷം ഉയർന്നുവരുന്നുണ്ട്. ഇപ്പോൾ പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ

സ്ഥിതിയല്ല. പാർലമെന്റ് തെരഞ്ഞെടുപ്പിനുശേഷം നടന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിനാണ് മുൻകൈ ലഭിച്ചിട്ടുള്ളത്. ദേശീയ രാഷ്ട്രീയത്തിൽ മാറ്റം വന്നിട്ടുണ്ട്. ആ മാറ്റം ഇടതുപക്ഷ പ്രസ്ഥാനം വളരെ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. ബി.ജെ.പി. അധികാരത്തിൽ വന്നത്, ഒരു ഗവൺമെന്റ് അധികാരത്തിൽനിന്നുപോയി വേറൊരു ഗവൺമെന്റ് അധികാരത്തിൽ വരുന്നതുപോലെയല്ല ഞങ്ങൾ ഈ സംഭവത്തെ കാണുന്നത്. ഇന്ത്യൻ രാഷ്ട്രീയത്തിൽ വലതുപക്ഷത്തിന് ഒരാധിപത്യം കിട്ടിയിരിക്കുകയാണ്. ബി.ജെ.പി.-യാണ് അധികാരത്തിൽ വന്നിരിക്കുന്നതെങ്കിലും ബി.ജെ.പി.-യെ നിയന്ത്രിക്കുന്നത് ആർ.എസ്.എസ്. ആണ്. ആർ.എസ്.എസ്. ജനാധിപത്യത്തിലും മതേതരത്വത്തിലും വിശ്വസിക്കുന്നില്ല. ഒരു സാമ്രാജ്യത്തിന്റെ അനുകൂലമായ ഫാസിസ്റ്റ് സംഘടനയാണ് ആർ.എസ്.എസ്. ഈ വെല്ലുവിളി നേരിടണമെങ്കിൽ ഇതൊരു വലിയ ഉത്തരവാദിത്വമായി ഏറ്റെടുത്തുകൊണ്ട് പ്രവർത്തിക്കേണ്ടതാണ്.

പക്ഷേ, ബി.ജെ.പി.-ക്ക് അധികാരത്തിൽ വരാനുള്ള സാഹചര്യം സൃഷ്ടിച്ചത് കോൺഗ്രസ് സ്വീകരിച്ച ഉദാരവത്ക്കരണനയമാണ്. അത് സൃഷ്ടിച്ചതിലെ ജനങ്ങളുടെ അസംതൃപ്തി ഉപയോഗിച്ചുകൊണ്ടാണ് ബി.ജെ.പി. ഇൻഡ്യയിൽ അധികാരത്തിൽ വന്നത്.  ഈ യാഥാർത്ഥ്യം കോൺഗ്രസ് മനസ്സിലാക്കണം.

ഉദാരവത്ക്കരണം സാമ്പത്തികനയത്തിൽ ഒരു മാറ്റവും വരുത്താൻ കോൺഗ്രസ് ഇപ്പോഴും തയ്യാറല്ല. അങ്ങനെയുള്ള ഉദാരവത്ക്കരണ സാമ്പത്തികനയം സ്വീകരിക്കുന്ന കോൺഗ്രസ്സിന്റെ കൂടെ ചേർന്ന് ഞങ്ങളും വർക്ക്ചെയ്യാൻ തുടങ്ങിയാൽ നിങ്ങളും ഞങ്ങളും പൊളിയും. അതുകൊണ്ടുതന്നെ അത്തരം ഒരു പോരാട്ടത്തിൽ കോൺഗ്രസ്സിനെ ചേർത്തുകൊണ്ട് ഈ പോരാട്ടത്തിൽ പങ്കെടുത്താൽ അതെവിടെയും ചെന്നെത്താൻ പോകുന്നില്ല. അതുകൊണ്ട് രാഷ്ട്രീയരംഗത്ത് വന്നുകൊണ്ടിരിക്കുന്ന ഈ മാറ്റത്തെ അടിസ്ഥാനമാക്കിക്കൊണ്ട് ഈ വിപത്ത് കണ്ടറിഞ്ഞുകൊണ്ടുള്ള നിലപാടാണ് ദേശീയരാഷ്ട്രീയത്തിൽ ഇടതുപക്ഷം സ്വീകരിക്കുന്നത്. ഈ നിലപാട് സ്വീകരിച്ചുകൊണ്ട് പ്രവർത്തിച്ചാൽ ദേശീയ രാഷ്ട്രീയത്തിലും കേരളത്തിലും മാറ്റമുണ്ടാകും. അപ്പുറത്തുള്ളവർ രാഷ്ട്രീയം പറഞ്ഞതുകൊണ്ടുമാത്രമാണ് ഞാൻ ഇത് പറയുന്നത്. ബംഗാളിൽ ഞങ്ങൾക്ക് തിരിച്ചടി ഉണ്ടായിട്ടുണ്ട്. ആ തിരിച്ചടിയിൽ ഞങ്ങൾ പാഠം പഠിച്ച് അവിടെ പ്രവർത്തിക്കുന്നുണ്ട്. ഇതിനെക്കാൾ വലിയ തിരിച്ചടി 1971-ൽ പശ്ചിമബംഗാളിൽ ഞങ്ങൾക്ക് ഉണ്ടായിട്ടുണ്ട്. 1971-ൽ ജ്യോതിബാസു ഇലക്ഷനിൽ ബാരാനഗർ നിയോജകമണ്ഡലത്തിൽ പരാജയപ്പെട്ടതായി പ്രഖ്യാപിച്ചു. അടിയന്തരാവസ്ഥ വന്നു. സിദ്ധാർത്ഥ ശങ്കർ കേരളത്തിൽ വന്ന് 'ബംഗാളിൽ എവിടെയും ചുവന്ന കൊടിയില്ല,

ഇനി ചുവന്ന കൊടി കാണണമെങ്കിൽ കൽക്കത്ത റെയിൽവേ സ്റ്റേഷനിൽ വന്നുകൊള്ളൂ' എന്നു പറഞ്ഞ് പരിഹസിച്ചു. പശ്ചിമബംഗാളിൽ 1977-ൽ വംഗനാട്ടിൽ ജ്യോതിബാസുവിന്റെ നേതൃത്വത്തിൽ മൂന്നിൽരണ്ട് ഭൂരിപക്ഷത്തോടുകൂടി ഇടതുപക്ഷം അധികാരത്തിൽ വന്നു. 1100 സി.പി.ഐ.(എം.) പ്രവർത്തകന്മാരെ കോൺഗ്രസ്സുകാർ കൊന്നു. തൃണമൂൽ കോൺഗ്രസ്സല്ല കൊന്നത്. അന്ന് കോൺഗ്രസ്സിന്റെ നേതൃത്വത്തിലാണ് അർത്ഥഫാസിസ്റ്റ് ഭീകരാവസ്ഥ നടപ്പിലാക്കിയത്. അതിനെ അതിജീവിച്ചുകൊണ്ടാണ് ഞങ്ങൾ ബംഗാളിൽ പ്രവർത്തിച്ചത്. ഇന്നും അത്തരത്തിലുള്ള സമാനമായ സ്ഥിതി ഉണ്ടെങ്കിലും ബംഗാളിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ മുഴുവനും സടകുടഞ്ഞ് എഴുന്നേൽക്കാൻ തുടങ്ങിയിരിക്കുകയാണ്. 16 ഇടതുപക്ഷ പാർട്ടികൾ കഴിഞ്ഞ ദിവസം കൊൽക്കത്തയിൽ യോഗം ചേർന്ന് ഒരു പുതിയ രാഷ്ട്രീയ രൂപീകരണത്തിന് ഇന്ത്യയിൽ നേതൃത്വം കൊടുത്തിരിക്കുകയാണ്. ഈ രാഷ്ട്രീയ ധ്രുവീകരണം ദേശീയതലത്തിൽ മാറ്റങ്ങളുണ്ടാക്കും. അതുകൊണ്ട് ഇതെല്ലാം എഴുതിത്തള്ളാമെന്ന് നിങ്ങൾ വിചാരിക്കരുത്. ഇടതുപക്ഷത്തിന്റെ ബദൽ ഇടതുപക്ഷം മാത്രമാണ്, മറ്റൊന്നില്ല. അതുകൊണ്ട് ഞങ്ങൾക്ക് പാർലമെന്റിലും കുറച്ചു സീറ്റ് കുറഞ്ഞു പോയി. അതുകൊണ്ട് സി.പി.ഐ.(എം)-ന് പ്രസക്തിയില്ല, ഇടതുപക്ഷത്തിന് പ്രസക്തിയില്ല

എന്നു പറഞ്ഞുകൊണ്ട് നിങ്ങൾ ഊറ്റം കൊണ്ടു. പക്ഷേ, കോൺഗ്രസ്സിന്റെ സ്ഥിതി എന്താണെന്ന് ഒരു നിമിഷം നിങ്ങൾ ആലോചിക്കണം. ഞാൻ അതൊന്നുംപറഞ്ഞ് നിങ്ങളെയൊന്നും ബുദ്ധിമുട്ടിക്കാൻ ഉദ്ദേശിക്കുന്നില്ല. ഞങ്ങൾക്ക് സന്തോഷമുള്ള കാര്യമായി ഞങ്ങളത് പറയുന്നുമില്ല. ഈ യാഥാർത്ഥ്യം അംഗീകരിക്കാതെ നമ്മൾ പ്രവർത്തിച്ചാൽ എവിടെയെത്തും? ഇപ്പോൾ ക്രിസ്തുമസ് ദിനം പ്രവർത്തി ദിനമാക്കണമെന്നുള്ള നിലപാട് സ്വീകരിക്കാൻ ബി.ജെ.പി.-ക്ക് സാധിച്ചില്ലേ? ഇതാണ് ഇവിടെ സൃഷ്ടിക്കാൻപോകുന്ന സ്ഥിതിവിശേഷം. പുതിയ പുതിയ വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടാക്കാൻവേണ്ടി നേതൃത്വം കൊടുക്കുകയാണ്. ഈ സമയത്ത് ആർ.എസ്.എസ്.-കാരോട് നിങ്ങൾ സ്വീകരിക്കുന്ന സമീപനം ഞങ്ങൾ സ്വീകരിക്കില്ല. തൊഗാഡിയ പ്രതിയായ ഒരു കേസ് പിൻവലിച്ചതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത് ഇടതുപക്ഷം ഭരിച്ചപ്പോൾ കുറ്റപത്രം കൊടുത്തിട്ടില്ലല്ലോ എന്നാണ്. ഇടതുപക്ഷം ഭരിച്ച കാലഘട്ടത്തിൽ കുറ്റപത്രം കൊടുക്കാത്ത എല്ലാ കേസ്സുകളും പിൻവലിച്ചുകൊടുക്കാൻ നിങ്ങൾ തീരുമാനിച്ചിട്ടുണ്ടോ? അഞ്ചുവർഷം കുറ്റപത്രം കൊടുക്കാത്ത എല്ലാ കേസും പിൻവലിക്കുമെന്ന് യു.ഡി.എഫ്. ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ? ഏതോ തൊഗാഡിയയുടെ പേരിലുള്ള അതേ വകുപ്പുപയോഗിച്ചുകൊണ്ട് നാദാപുരത്തെ

മുസ്ലീംലീഗുകാർക്കെതിരെ നിങ്ങൾ കേസ്സുകൾ രജിസ്റ്റർ ചെയ്തില്ലേ? ആ കേസ് നിങ്ങൾ എന്തുകൊണ്ടാണ് പിൻവലിക്കാത്തത്? തൊഗാഡിയോട് ഒരു ന്യായവും മുസ്ലീംലീഗുകാരോട് വേറൊരു ന്യായവുമാണ് കാണിക്കുന്നത്. ഇതാണ് നിങ്ങളുടെ പക്ഷപാതം. അതുകൊണ്ട് അത്തരം നിലപാടുകൾ ഇവിടെ എന്താണ് സൃഷ്ടിക്കാൻ പോകുന്നതെന്ന് നിങ്ങൾ ആലോചിക്കണം. ഇപ്പോൾ നിങ്ങൾ പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും വിഭജിക്കാൻ പോകുകയാണ്. കിട്ടുന്ന റിപ്പോർട്ടുകൾ വളരെ ആശങ്കയുണ്ടാക്കുന്നതാണ്. സാമുദായിക ധ്രുവീകരണം ഉണ്ടാക്കത്തക്കവിധത്തിൽ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും വിഭജിക്കുന്നു. നിങ്ങൾ ഒരു കമ്മീഷനെ വയ്ക്കണം. ഒരു കമ്മീഷൻ പരിശോധിച്ചുകൊണ്ട് എവിടെയൊക്കെയാണ് പുതിയ പഞ്ചായത്തുകൾ വിഭജിക്കേണ്ടത്, മുനിസിപ്പാലിറ്റികൾ വിഭജിക്കേണ്ടത് എന്നുള്ളത് ആലോചിച്ച് നിങ്ങൾ വിഭജിക്കണം. അതിനുപകരം ഇപ്പോൾ കേൾക്കുന്ന രൂപത്തിൽ ഇത് നടപ്പിലാക്കുകയാണെങ്കിൽ അത് നമുക്ക് രണ്ടു കൂട്ടർക്കും ഗുണം ചെയ്യുകയില്ല. ഇവിടെ വേറെ ചില ശക്തികളാണ് അതുപയോഗിച്ചുകൊണ്ടു പ്രവർത്തിക്കുവാൻ പോകുന്നത് എന്ന വസ്തുത നിങ്ങൾ കാണാതിരിക്കരുത്. കോൺഗ്രസ്സ് പാർട്ടി ഇക്കാര്യത്തിൽ ശ്രദ്ധിക്കണം. നമ്മുടെ നാട്ടിൽ ഇത്തരത്തിൽ ഗൗരവതരമായ ചിലർ ദേശീയരംഗത്ത് ഉണ്ടായപ്പോൾ ആർ.എസ്.എസ്.-ന്

വളരാനുള്ള സാഹചര്യം ഈ രാജ്യത്ത് സൃഷ്ടിച്ചത് എന്തുകൊണ്ടാണെന്ന് നിങ്ങൾ പുന:പരിശോധന നടത്തണം. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഞങ്ങൾക്കുള്ള പ്രത്യേക ഉത്തരവാദിത്വങ്ങൾ കാണുന്നു. കേരള രാഷ്ട്രീയത്തിൽ ഞങ്ങൾക്ക് ഉത്തരവാദിത്വമുണ്ട്. അതുകൊണ്ട് ഈ ഗവൺമെന്റ് ചെയ്യുന്ന എല്ലാ തെറ്റായ നിലപാടുകൾക്കെതിരായി ഞങ്ങൾ ജനങ്ങളെ അണിനിരത്തിക്കൊണ്ടാണ് പോരാടാൻ തുടങ്ങുന്നത്. ആ പേരാട്ടത്തിന്റെ ഭാഗമായി.... അഴിമതി ഈ ഗവൺമെന്റിന്റെ മുഖമുദ്രയായി മാറിയിരിക്കുകയാണ്. അഴിമതിക്കെതിരായി ഞങ്ങൾ നടത്തിവരുന്ന പേരാട്ടത്തിന്റെ ഭാഗമാണ്. ഇവിടെ ഒരു മന്ത്രിയെ കേസിൽ പ്രതിചേർത്തിട്ടും ആ മന്ത്രിയെ സംരക്ഷിക്കാൻ എല്ലാ നിയമവാഴ്ചയും വെല്ലുവിളിച്ചുകൊണ്ടു നടത്തുന്ന ഈ സാഹചര്യത്തിൽ അതിനെതിരായിട്ടുള്ള പ്രതിരോധം, പ്രതിഷേധം ശക്തിപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രതിഷേധസമരനിര ഞങ്ങൾ നിയമസഭയ്ക്കകത്ത് നടത്തിയിട്ടുണ്ട്. നിയമസഭയ്ക്ക് പുറത്തുമുണ്ട്. ഈ പോരാട്ടം ഞങ്ങൾ വിവിധ രൂപത്തിൽ തുടരും. നിങ്ങൾ ഗില്ലറ്റിൻ ചെയ്ത് എല്ലാം പാസ്സാക്കിയെടുത്താലും ഞങ്ങൾ നിയസഭയ്ക്ക് പുറത്ത് ഈ പ്രശ്നം കൊണ്ടുപോകും. അഴിമതിക്കെതിരായി ചിന്തിക്കുന്ന മുഖ്യമന്ത്രിയാണെങ്കിൽ അദ്ദേഹം ശ്രീ. കെ. എം. മാണിയെ ഒഴിവാക്കണം. ശ്രീ. കെ. കെ. രാമചന്ദ്രൻ

മാസ്റ്ററോടും ശ്രീ. കെ. പി. വിശ്വനാഥനോടും രാജിവയ്ക്കാൻ നിർദ്ദേശിച്ചതുപോലെ ശ്രീ. കെ. എം. മാണിയോട് ശ്രീ. ഉമ്മൻചാണ്ടി രാജിവയ്ക്കാൻ നിർദ്ദേശിക്കണം. അങ്ങനെ മാതൃക കാണിച്ചുകൊണ്ട് എല്ലാ അഴിമതിക്കാർക്കും ഒരു മാതൃക കാണിക്കാൻ കഴിയത്തക്കവിധത്തിൽ നടപടി സ്വീകരിക്കണം. കുറ്റപത്രത്തിൽ മാണിസാറിന്റെ പേര് ഇല്ലെങ്കിൽ അദ്ദേഹത്തിന് വീണ്ടും മന്ത്രി ആകാമല്ലോ. ഇതൊന്നും അന്വേഷിക്കാതെ തെറ്റ് ചെയ്തിട്ടും അദ്ദേഹം മന്ത്രിസ്ഥാനത്തിരിക്കുന്നത് സർവ്വശക്തിയും ഉപയോഗിച്ചുകൊണ്ട് ഞങ്ങൾ എതിർക്കുമെന്ന് ചൂണ്ടിക്കാണിച്ചു കൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ശക്തമായി ഞാൻ എതിർക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): സർ, ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് ഇവിടെ ഉന്നയിച്ച പ്രശ്നങ്ങളെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയും അന്ന് വഹിച്ചിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ് എന്താണെന്ന് അദ്ദേഹത്തെ പഠിപ്പിക്കേണ്ട ആവശ്യമില്ല. അദ്ദേഹത്തിന് എന്നേക്കാൾ നന്നായി അറിയാം. അദ്ദേഹം പറഞ്ഞ കണക്കുകൾ തെറ്റാണ്. ഞാൻ ചെറിയ ഒരു ഉദാഹരണം പറയാം. കടയ്ക്കൽ മിനി സിവിൽ സ്റ്റേഷന്റെ കാര്യവും നഴ്സിംഗ് ഹോസ്റ്റൽ, ആലപ്പുഴയുടെ കാര്യവും പറഞ്ഞു. ഈ രണ്ടു

പ്രവൃത്തിക്കും റിവൈസ്ഡ് എസ്റ്റിമേറ്റ് കൊടുത്തിട്ടില്ല. ഒരു പക്ഷേ ടെൻഡർ എക്സസ് വന്നിട്ടുണ്ടാകാം. അങ്ങ് ടെൻഡർ എക്സസും റിവൈസ്ഡ് എസ്റ്റിമേറ്റും കൂട്ടിയിട്ടാണ് ഈ എമൗണ്ട് പറഞ്ഞത്. ഇത് അങ്ങ് ഒന്ന് പരിശോധിക്കണം. ഞാനതിൽ തർക്കിക്കാനില്ല. വ്യക്തമായ രേഖകളോടുകൂടിയാണ് ഞാൻ സംസാരിക്കുന്നത്. അതുപോലെ പട്ടുവം കടവുപാലത്തിന്റെ കാര്യം ഇവിടെ പറഞ്ഞു. ഞാൻ എം.എൽ.എ.-യുടെ പേരും മണ്ഡലവും പറയുന്നില്ല. എം.എൽ.എ. എഴുതിയ ഒരെഴുത്തിന്റെ പ്രസക്തഭാഗം ഞാൻ വായിക്കാം. 'ഇപ്പോൾ അംഗീകരിച്ചിരിക്കുന്ന എസ്റ്റിമേറ്റ് പ്രകാരം പാലത്തിന്റെ നീളം 200 മീറ്ററാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. എന്നാൽ പ്രസ്തുത സ്ഥലത്ത് പട്ടുവം പുഴയുടെ വീതി 310 മീറ്ററാണ്. ആയതിനാൽ പാലത്തിന്റെ നീളം 310 മീറ്ററെങ്കിലും ആക്കിയില്ലെങ്കിൽ പുഴ നികത്തി അപ്രോച്ച് റോഡ് നിർമ്മിക്കുന്നത് പ്രദേശത്തെ പരിസ്ഥിതിയെ ബാധിക്കുകയും ജനങ്ങളുടെ പ്രതിഷേധം ക്ഷണിച്ചുവരുത്തുകയും ചെയ്യും.' അതുകൊണ്ടാണ് പട്ടുവം കടവുപാലത്തിന് റിവൈസ്ഡ് എസ്റ്റിമേറ്റ് കൊടുത്തത്. കൊടുത്തുവെന്ന് മാത്രമല്ല അതു സംബന്ധിച്ച് ഫിനാൻസിന്റെ (ഇൻസ്പെക്ഷൻ ടെക്നിക്കൽ വിംഗിലെ) ചീഫ് ടെക്നിക്കൽ എക്സാമിനർ ശ്രീ. എബ്രഹാം ജേക്കബ്, അതിനെ സംബന്ധിച്ച് പറഞ്ഞൊരു കാര്യം കൂടി ഞാൻ വായിക്കാം. " ...The

rates of the revised estimate are found generally in order based on the SOR adopted for in....." ഡ്രിക് ബോർഡ് പ്ലാനും എസ്റ്റിമേറ്റും അതുപോലെ പാലത്തിന്റെ സാങ്കേതിക കാര്യങ്ങളും അംഗീകരിച്ചില്ല എന്നും ഇവിടെ അദ്ദേഹം പറഞ്ഞു. പക്ഷെ അതും ശരിയല്ല. പുതിയ ഡിസൈൻ ഡ്രിക് ബോർഡ് അംഗീകരിച്ചിട്ടുണ്ട്. പുതിയ ഡിസൈൻ തയ്യാറാക്കിയത് ഐ.ഐ.റ്റി.-യിൽ നിന്നുള്ള പ്രൊഫസർ അരവിന്ദന്റെ നേതൃത്വത്തിലാണ്. ആ കാര്യങ്ങളിലൊക്കെ വളരെ കൃത്യമായിട്ടാണ് കാര്യങ്ങൾ നടന്നിട്ടുള്ളത്.

ഇത് കിട്ടിയപ്പോൾത്തന്നെ ഞാൻ കഴിഞ്ഞ ഗവൺമെന്റിന്റേയും ഈ ഗവൺമെന്റിന്റേയും റിവൈസ്ഡ് എസ്റ്റിമേറ്റ് എടുത്തുവച്ചിട്ടുണ്ട്. ടെണ്ടർ എക്സസുംകൂടി കൂട്ടിയാണോ അങ്ങ് ഈ എമൗണ്ട് പറഞ്ഞിരിക്കുന്നത് എന്ന് എനിക്ക് ബലമായ സംശയമുണ്ട്. അത് അങ്ങ് പ്രത്യേകമൊന്ന് പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആലപ്പുഴയിലെ കാര്യം പറഞ്ഞു, നിങ്ങളുടെ കാലത്തും ഞങ്ങളുടെ കാലത്തുംകൂടി ബിൽഡിംഗ്സിൽ ഗവൺമെന്റ് തലത്തിൽ കൊടുത്തിരിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിൽ ആകെ 11 ഐറ്റം മാത്രമേയുള്ളൂ. ഈ 11 ഐറ്റത്തിൽ ജി.എ.ഡി., ഹയർ എഡ്യൂക്കേഷൻ, ഹെൽത്ത് എന്നീ ഡിപ്പാർട്ടുമെന്റുകൾ കൊടുത്തവയുണ്ട്. പി.ഡബ്ല്യൂ.ഡി. കൊടുത്തത് വളരെ

കുറവാണ്. അങ്ങ് ആലപ്പുഴയിലെ രണ്ട് റിവൈസ്ഡ് എസ്റ്റിമേറ്റിനെക്കുറിച്ച് പറഞ്ഞു. അതിന്റെ ഫയൽ ഞാൻ ഇപ്പോൾ പരിശോധിച്ചു. ഫയൽ വേണമെങ്കിൽ അങ്ങയുടെ പരിശോധനയ്ക്ക് വിധേയമാക്കാം. അതിന് RE (Revised Estimate) കൊടുത്തിട്ടേയില്ല. RE കൊടുത്ത കേസ്സ് അങ്ങേയ്ക്ക് തെറ്റിപ്പോയതാവാം എന്നു ഞാൻ വിശ്വസിക്കുകയാണ്. അങ്ങും അന്നത്തെ കേന്ദ്രമന്ത്രി ശ്രീ. കെ. സി. വേണുഗോപാലുംകൂടി യോഗം ചേർന്ന് തീരുമാനിച്ച Construction of Civil Station Annexe building in Alappuzha. നമ്മൾ എല്ലാവരുംകൂടി ഉദ്ഘാടനം ചെയ്തതാണ്. അതിന് കൊടുത്തിട്ടുണ്ട്. അതിന്റെ RE അടുത്ത ദിവസമാണ് ക്യാബിനറ്റിൽവച്ച് ഈ ഗവൺമെന്റ് പാസ്സാക്കിയെടുത്തത്. ഇതാണ് RE-യുടെ സ്ഥിതിവിശേഷം. അല്ലാതെ ഈ പറഞ്ഞരീതിയിലൊന്നും RE കൊടുത്തിട്ടില്ല. ഞാൻ പരിശോധിച്ചപ്പോൾ ഈ ഗവൺമെന്റ് വന്നതിനുശേഷം 70 റിവൈസ്ഡ് എസ്റ്റിമേറ്റുകൾ മാത്രമേ കിട്ടിയിട്ടുള്ളൂ. അതേസമയം താഴെത്തട്ടിൽ ചെറിയ ചെറിയ എമൗണ്ടിന് റിവൈസ്ഡ് എസ്റ്റിമേറ്റുകൾ നടന്നിട്ടുണ്ടാകാം. ടെണ്ടർ വിളിക്കുമ്പോൾ എല്ലാത്തിനും ടെണ്ടർ എക്സസ്സുണ്ട് എന്നുള്ളത് സത്യമാണ്. ഒരു ടെണ്ടറിംഗിലും ടെണ്ടർ എക്സസ്സ് ഇല്ലാതെയില്ല. അത് രണ്ട് ശതമാനം മുതൽ 50 ശതമാനംവരെ വരാറുണ്ട്. ടെണ്ടർ കമ്മിറ്റിയും ഗവൺമെന്റും ഇടപെട്ട് എങ്ങനെ

പരിശോധിച്ചാലും 20 മുതൽ 25 ശതമാനംവരെ ടെണ്ടർ എക്സസ്സ് കൊടുക്കാറുണ്ട്. അദ്ദേഹം പ്രധാനമായും ഉന്നയിച്ചത് ഈ വിഷയമാണ്. ഇതാണ് ഇതിന്റെ യഥാർത്ഥ വസ്തുത. അദ്ദേഹം പറഞ്ഞ മുഴുവൻ കാര്യങ്ങളും ഞാൻ പരിശോധിച്ചില്ല. അതിൽ എന്തെങ്കിലും ആരോപണങ്ങളുണ്ടെങ്കിൽ ഞാൻ നിഷേധിക്കുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 523 കോടി രൂപയാണ് ഈ ഉപധനാഭ്യർത്ഥനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ........(ബഹളം)................. കണ്ടിൻജൻസി ഫണ്ടിൽനിന്നെടുത്ത ........(ബഹളം).................

(ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗം തടസ്സപ്പെടുത്തിക്കൊണ്ട് പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇവിടെ എഴുതിക്കൊടുത്ത ആരോപണത്തിന് മറുപടി കേൾക്കാൻ തയ്യാറാകാത്തത് ഈ ആരോപണങ്ങൾക്ക് ചുട്ട മറുപടി കിട്ടുമെന്നുള്ള ഭയം കൊണ്ടാണ് ........(ബഹളം).......... നിങ്ങൾ എന്തുകൊണ്ട് തയ്യാറാകുന്നില്ല? മറുപടി കേൾക്കൂ. ഇതിനോട് ഒരു വിധത്തിലും യോജിക്കാൻ പറ്റില്ല. ........(ബഹളം)..........

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, എന്താണ്

ചെയ്യേണ്ടത്? ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്ത് ചെയ്യണം; എന്തായാലും ഇത് പാസ്സാക്കിയേ മതിയാകൂ. ഗവൺമെന്റ് ഭാഗത്തുനിന്നും മറുപടി പറയാതെ എങ്ങനെയാണ് പാസ്സാക്കുന്നത്?

ശ്രീ. മാത്യു. റ്റി. തോമസ്: സർ, അടിയന്തരപ്രമേയം മുതലുള്ള കാര്യങ്ങൾ ഞങ്ങളോട് ആലോചിക്കാതെയാണല്ലോ ചെയ്തത്. പിന്നെ ഇപ്പോൾ മാത്രമെന്തിനാണ് അഭിപ്രായം ചോദിക്കുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇതിനുമുമ്പ് ഒരിക്കലും ഈ സഭയിൽ ഉണ്ടായിട്ടില്ലാത്ത സംഭവമാണ്. .......(ബഹളം).... ആരോപണം എഴുതിക്കൊടുത്ത് പറയുക, മറുപടി പറയുമ്പോൾ കേൾക്കാൻ തയ്യാറല്ല. ഇത് എന്ത് ജനാധിപത്യമാണ്; ഇതാണോ നിങ്ങളുടെ ജനാധിപത്യം; നിങ്ങൾ മന്ത്രിയുടെ മറുപടി കേൾക്കണം. അപ്പോൾ ഒരു പുകമറ സൃഷ്ടിക്കുക എന്നതുമാത്രമാണ് നിങ്ങളുടെ ലക്ഷ്യം. അതല്ലാതെ....... വന്നിരുന്ന് മറുപടി കേൾക്കു. തന്റേടമുണ്ടെങ്കിൽ സീറ്റിൽ വന്നിരിക്ക്....... പറഞ്ഞുതരാം......... (ബഹളം)..........വന്നിരിക്ക്......... കാണിച്ചുതരാം.... ധൈര്യമുണ്ടെങ്കിൽ സീറ്റിൽ വന്നിരിക്ക്... ......(ബഹളം)....... എഴുതിക്കൊടുത്ത് ആരോപണം പറയുകയും മറുപടി പറയാൻ എഴുന്നേൽക്കുമ്പോൾ കേൾക്കാൻ തയ്യാറാകുകയും ചെയ്യാത്തത് എന്ത് മര്യാദയാണ്?

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഇരിപ്പിടത്തിന് സമീപം വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം പ്രതിപക്ഷ നേതാവിന്റെ ഇരിപ്പിടത്തിനരികിൽ നിന്നുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അങ്ങേയ്ക്ക് പ്രസംഗം മേശപ്പുറത്തുവയ്ക്കാമോ?

ധനകാര്യവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ശ്രീ. വി. ശിവൻകുട്ടി, ശ്രീ. വി. എസ്. സുനിൽ കുമാർ, ശ്രീമതി പി. അയിഷാ പോറ്റി, ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്നീ അംഗങ്ങൾ ഇവിടെ ഉന്നയിച്ച ആരോപണങ്ങളെല്ലാം ഞാൻ നിഷേധിക്കുന്നു, അടിസ്ഥാനരഹിതമാണ്, അവാസ്തവമാണ്. കഴിഞ്ഞ കുറേദിവസമായി സഭയിലും പുറത്തും ഇതുതന്നെ ഉന്നയിച്ച് ഒരു പുകമറ സൃഷ്ടിക്കുവാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്, ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഈ ആരോപണങ്ങളെല്ലാം ഞാൻ നിഷേധിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ

ധനവർഷത്തിലാണ് മെറ്റൽ ക്രഷറിന് നികുതി വർദ്ധിപ്പിച്ചത്. കഴിഞ്ഞ ബഡ്ജറ്റിൽ അതിന്റെ നികുതി നിരക്ക് 300 ശതമാനമായി വർദ്ധിപ്പിച്ചു. ഇതുവളരെ കൂടുതലാണെന്നും ഇത് നിർമ്മാണമേഖലയിൽ പ്രത്യേകിച്ച് ഗവൺമെന്റ് കരാറിൽ ദോഷമായി വരുമെന്ന് ഈ സഭയിൽ മിക്ക അംഗങ്ങളും അഭിപ്രായപ്പെടുകയും അതനുസരിച്ച് ഒരു വകുപ്പുതല സമിതിയെ പഠിക്കുവാൻ നിയോഗിക്കുകയും അവരുടെ റിപ്പോർട്ട് വന്നതിനുശേഷം ആ കമ്മിറ്റിയുടെ ശിപാർശയനുസരിച്ച് നികുതിനിരക്ക് 200 ശതമാനമായി നിജപ്പെടുത്തുകയും ചെയ്തു. അതിനുപുറമെ മാനുഫാക്ച്ചേർഡ് സാന്റിന് നികുതി കൊണ്ടുവരികയും ചെയ്തു. അതുകൊണ്ട് മെറ്റൽ ക്രഷർകാർക്ക് എന്തോ ഇളവുനൽകിയെന്നുപറയുന്നത് ശരിയല്ല.

സാധാരണക്കാരന്റെ ഭക്ഷണസാധനങ്ങൾ ഉണ്ടാക്കുന്ന മൈദ, ആട്ട, സൂചി, റവ എന്നിവയ്ക്ക് പൊതുവായാണ് നികുതി വേണ്ടെന്നുവച്ചത്. വാറ്റ് നിയമമനുസരിച്ച് സാധാരണക്കാർ ഇവിടെയുള്ള കടക്കാരിൽനിന്നാണ് മൈദ വാങ്ങുന്നത്. ഇതിന്റെ പ്രയോജനം വാസ്തവത്തിൽ ഉപഭോക്താക്കൾക്കാണ് കിട്ടിയത്. നികുതിയിളവിന്റെ പ്രയോജനം ലഭിക്കുക ഉപഭോക്താക്കൾക്കാണ്. അന്യസംസ്ഥാന കച്ചവടക്കാർക്ക് മാത്രമായി ഒരു ഇളവും ഇതുമൂലം നൽകിയിട്ടില്ല. എന്റെ മുൻ ബഡ്ജറ്റ് അനുസരിച്ച് സാധാരണക്കാരുടെ ഭക്ഷണസാധനങ്ങളായ അരി, ഗോതമ്പ് എന്നിവ നികുതി

വിമുക്തമാക്കിയതിന്റെ തുടർച്ചയായിട്ടാണ് ഈ ഇളവ് നൽകിയത്.

ബിൽഡേഴ്സിന്റെ കോമ്പൗണ്ടിംഗ് നികുതി വർദ്ധിപ്പിക്കുകയാണ് ചെയ്തത്. നികുതി വർദ്ധിപ്പിക്കാതിരിക്കാൻ കോഴ വാങ്ങിയെന്നുപറയുന്നത് അടിസ്ഥാനരഹിതമാണ്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.)

സ്വർണ്ണത്തിന്റെ നികുതി പുനർനിർണ്ണയം നടത്തിയതുസംബന്ധിച്ച് എട്ടാം സബ്ജക്ട് കമ്മിറ്റി 08-01-2014-ൽ ഈ സഭയിൽ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അതു ചെയ്തത്. പ്രസ്തുത കമ്മിറ്റിയിൽ ശ്രീ. വി. ചെന്താമരാക്ഷൻ, ഡോ. ടി. എം. തോമസ് ഐസക്, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീ. മുല്ലക്കര രത്നാകരൻ എന്നിവർ അംഗങ്ങളായിരുന്നു. സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയനുസരിച്ചാണ് ഫൈനാൻസ് ആക്ടിലും വ്യവസ്ഥ ചെയ്യുന്നത്.

ബേക്കറി ബ്രാന്റഡ് സാധനങ്ങൾക്ക് 14.5 ശതമാനം നികുതിയാണ് ഈടാക്കിയിരുന്നത്. ഇതിൽ കേക്ക്, ലഡ്ഡു, ജിലേബി എന്നിവയ്ക്കാണ് നികുതി 5 ശതമാനമായി കുറച്ചത്. ഇത് പ്രോഡക്ട് ബേസ്ഡ് ടാക്സ് റിഡക്ഷനാണ്, ഒരു പ്രത്യേക ബേക്കറി ഉടമയ്ക്കല്ല. ശ്രീ. വി. എസ്. സുനിൽ കുമാർ നികുതി കുറച്ചതിനെ

ആക്ഷേപിക്കുന്നു. ശ്രീ. വി. ശിവൻകുട്ടി കുറച്ച് കൊടുത്തില്ലായെന്നാണ് ആക്ഷേപം ഉന്നയിക്കുന്നത്. രണ്ടുപേർക്കും സത്യാവസ്ഥ അറിഞ്ഞുകൂടായെന്ന് വ്യക്തമാണ്.

പെട്രോളിയം ആക്ട് 1930 അനുസരിച്ചാണ് പമ്പുകൾക്ക് ലൈസൻസ് നൽകുന്നത്. ഇത് കേന്ദ്ര സർക്കാരാണ് നൽകേണ്ടത്. ഇതിന് പെട്രോളിയം കമ്പനികൾക്ക് അവർ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ പെട്രോളിയം റൂൾ 150 വിഭാവന ചെയ്തിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ജില്ലാകളക്ടർ നൽകുന്ന എൻ.ഒ.സി.-ക്ക് വിധേയമായാണ് ലൈസൻസ് നൽകുന്നത്. കേന്ദ്ര നിയമങ്ങളുടെയും ചട്ടങ്ങളുടെയും പിൻബലത്തിൽ നൽകുന്നതാണ് പ്രസ്തുത ലൈസൻസ്. സംസ്ഥാന സർക്കാരിന് അക്കാര്യവുമായി യാതൊരു ബന്ധവുമില്ല.

സംസ്ഥാന ജീവനക്കാരുടെ പേഴ്സണൽ ആക്സിഡന്റ് (പി.എ.) പോളിസി നേരത്തെ നാഷണൽ ഇൻഷ്വറൻസ് കമ്പനിയായിരുന്നു ചെയ്തിരുന്നത്. എൽ.ഡി.എഫ്.-ന്റെ കാലത്തുതന്നെ അത് ഇൻഷ്വറൻസ് വകുപ്പിന്റെ കീഴിലാക്കി. ഇപ്പോഴും ഇൻഷ്വറൻസ് വകുപ്പുതന്നെയാണ് ഇത് ചെയ്യുന്നത്. അപ്പോൾ എന്റെ അളിയന് എന്തോ ഒരു ഏജൻസി കിട്ടാൻവേണ്ടി കൊടുത്തതാണ് എന്നുള്ള ആരോപണം അടിസ്ഥാനരഹിതമാണ്.

സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ജനറൽ

ഇൻഷ്വറൻസിന്റെ 90 ശതമാനം പോളിസിയും പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇൻഷ്വറൻസ് വകുപ്പിന് വെറും 10 ശതമാനം മാത്രമാണ് ഉണ്ടായിരുന്നത്. ഇത് 50 ശതമാനമായി വർദ്ധിപ്പിക്കുവാൻ ഈ സർക്കാർ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി നാല് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളെ വിളിച്ചുവരുത്തി സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളിലും അവർ എടുക്കുന്ന ഇൻഷ്വറസ് പോളിസിയുടെ 50 ശതമാനം ഇൻഷ്വറൻസ് പ്രീമിയമായി ഡിപ്പാർട്ടുമെന്റിന് നൽകുവാൻ തീരുമാനമായി. ഇതിലെ കരാർ ഒരു കമ്പനി ഒപ്പിട്ടു. മറ്റു കമ്പനികൾ ഈയാഴ്ച തന്നെ ഒപ്പിടും. പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ കോഴ നൽകുമെന്ന കേട്ടുകേൾവിപോലുമില്ല. ഈ കരാർ മൂലം സർക്കാരിന് 10 കോടി ലാഭമുണ്ടായിട്ടുണ്ട്.

ശ്രീ. വി. ജയനന്ദകുമാർ, ശ്രീ. സന്തോഷ് കുമാർ എന്നീ രണ്ട് അസിസ്റ്റന്റ് കമ്മീഷണർമാരെ സസ്പെന്റ് ചെയ്തു. അവരെ സസ്പെന്റ് ചെയ്തശേഷം ജോയിന്റ് കമ്മീഷണർ, ശ്രീ. അബ്ദുൾ ജബ്ബാറിനെ അന്വേഷണ ഉദ്യോഗസ്ഥനായി സർക്കാർ നിയമിച്ചു. അദ്ദേഹത്തിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കമ്മീഷണറുടെ അധികാരത്തിൽ വരുന്ന നാല് ഉദ്യോഗസ്ഥരെ റീ-ഇൻസ്റ്റേറ്റ് ചെയ്തു. ബാക്കി രണ്ടുപേരുടെ കാര്യം ഗവൺമെന്റിന് തീരാമാനിക്കാൻ വിട്ടു. അപ്പോൾ ഗവൺമെന്റ്

കമ്മീഷണർ നാലുപേരെ റീ-ഇൻസ്റ്റേറ്റ് ചെയ്തു. ബാക്കി രണ്ടുപേർ അവശേഷിക്കുന്നു. അവരെക്കൂടി റീ-ഇൻസ്റ്റേറ്റ് ചെയ്തു എന്നുമാത്രമേയുള്ളൂ. ശ്രീ. ബോവസ് എന്ന ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തിട്ടില്ല. അദ്ദേഹത്തിനെതിരായ ആരോപണം അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

വെളിച്ചെണ്ണ ഉപയോഗിച്ച് ഉണ്ടാക്കുന്ന എല്ലാ സോപ്പുകൾക്കും കഴിഞ്ഞ ബഡ്ജറ്റിൽ നികുതിയിളവ് നൽകി. ഇത് കേര കർഷകരെ സഹായിക്കാനായിരുന്നു. എന്നാൽ വെളിച്ചെണ്ണ മാത്രം ഉപയോഗിച്ച് സോപ്പ് ഉണ്ടാക്കുന്നില്ലെന്ന് മനസ്സിലാക്കിയതുകൊണ്ട് വെളിച്ചെണ്ണയുംകൂടി ഉപയോഗിച്ചുണ്ടാക്കുന്ന വാഷിംഗ് സോപ്പിനുമാത്രമായി നികുതി ഒരു ശതമാനമായി നിജപ്പെടുത്തി. ബാക്കി ഹാന്റ് മെയ്ഡ് സോപ്പിന് 5 ശതമാനം നികുതിയും ബാക്കിയുള്ള സോപ്പുകൾക്ക് 14.5 ശതമാനം നികുതിയും ഏർപ്പെടുത്തി. ഈ നികുതിയിളവ് ലഭിക്കുവാൻ കളവായി ആരെങ്കിലും വെളിച്ചെണ്ണ ഉപയോഗിച്ചുണ്ടാക്കിയ സോപ്പ് എന്നെഴുതിവച്ച് നികുതിയിളവ് പ്രയോജനപ്പെടുത്തിയാൽ അതിനെതിരെ നടപടി സ്വീകരിക്കുവാൻ വകുപ്പിന് അധികാരമുണ്ട്.

ഡ്രഗ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന ആയുർവേദ കോസ്മറ്റിക്സുകൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ നികുതി നിരക്ക് 4

ശതമാനമായി കുറവ് ചെയ്തിരുന്നു. ഈ കുറവിന്റെ ഫലം മുൻകാലപ്രാബല്യത്തോടെ നൽകുകയും ചെയ്തിരുന്നു.

എന്നാൽ 13-11-2009 മുതൽ 31-03-2012 വരെ ഇവയ്ക്ക് ഉയർന്ന നികുതി നിരക്കുണ്ടായിരുന്നു. അവർ പിരിച്ചിട്ടില്ലാത്ത നികുതി ആയതിനാൽ അത് പലിശ സഹിതം ആവശ്യപ്പെട്ടാൽ കേരളത്തിലെ മിക്ക ആയുർവേദ മരുന്ന് ഉണ്ടാക്കുന്ന സ്ഥാപനങ്ങളും പൂട്ടേണ്ട സ്ഥിതിവരുമെന്ന് എല്ലാ കക്ഷിയിലുള്ള അംഗങ്ങളും സബ്ജക്ട് കമ്മിറ്റിയിൽ അഭിപ്രായപ്പെട്ടു. ശ്രീ. വി.എസ്. സുനിൽ കുമാറിന്റെ നേതാവായ ശ്രീ. മുല്ലക്കര രത്നാകരൻ സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞത് "ആയുർവേദ മേഖലയെ വളർത്തേണ്ടത് കേരളത്തിന്റെ മൊത്തം ആവശ്യമാണ് എന്നാണ്. കമ്പനികൾ പിരിക്കാത്ത നികുതി അടയ്ക്കണമെന്ന് പറയുന്നത് യുക്തിക്ക് നിരക്കുന്നതല്ല.” പ്രസ്തുത സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സഭയിൽ വച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് ഡ്രഗ് ലൈസൻസ് എടുത്ത് ഉണ്ടാക്കിയ എല്ലാ ഉൽപ്പന്നങ്ങൾക്കും 13-11-2009 മുതൽ 31-03-2012 വരെ അവർ പിരിക്കാത്ത നികുതി വേണ്ടെന്നുവച്ചത്. പിരിച്ച നികുതി തിരികെ നൽകേണ്ടെന്നും വ്യവസ്ഥ ചെയ്തു. ഇതൊക്കെ വച്ച് നോക്കുമ്പോൾ സദാചാരം പ്രസംഗിച്ച ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ലാവ്‌ലിന്റെ മണം ഇപ്പോഴും മാറിയിട്ടില്ല. ഇപ്പോഴും നിങ്ങളെ

ലാവ്‌ലിൻ മണക്കുന്നു. ......(ബഹളം)........

ഡോ. ടി.എം. തോമസ് ഐസക് ഇവിടെ ഉന്നയിച്ച ആരോപണങ്ങൾക്കെല്ലാംതന്നെ ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രി വ്യക്തമായ മറുപടി നൽകിയിട്ടുള്ളതിനാൽ ഞാൻ കൂടുതലൊന്നും പറയുന്നില്ല.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് മടങ്ങിപ്പോയി.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഗവൺമെന്റ് സെക്രട്ടറി ശ്രീ. ടോം ജോസിനെതിരായി ഒരു ആരോപണം ശ്രീ. വി. ശിവൻകുട്ടി ഉന്നയിച്ചു. ശ്രീ. ടോം ജോസ് വസ്തു വാങ്ങിയതിനെക്കുറിച്ചാണ് ആരോപണം ഉന്നയിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ ഞാൻ ശ്രീ. ടോം ജോസിനോട് ആരാഞ്ഞപ്പോൾ എല്ലാ വിവരങ്ങളും ഗവൺമെന്റിനെ അറിയിച്ചുകൊണ്ടാണ് അദ്ദേഹം വസ്തു സംബന്ധമായ ഇടപാടുകളെല്ലാം ചെയ്തത് എന്നാണ് മനസിലാക്കാൻ സാധിച്ചത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്യുതാനന്ദൻ): സർ, .......

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഞാൻ സംസാരിച്ചതിനുശേഷം അങ്ങേയ്ക്ക് സംസാരിക്കാം. .......(ബഹളം).........

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചതിനുശേഷം പ്രതിപക്ഷനേതാവിന് സംസാരിക്കാം. .......(ബഹളം)......

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ശ്രീ. ടോം ജോസ് 19.15 …...(ബഹളം) ......

(പ്രതിപക്ഷനേതാവിന് സംസാരിക്കാൻ അവസരം നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കേരള നിയമസഭയിൽ ഇതുപോലൊരു ദിവസം ഉണ്ടായിട്ടുണ്ട് എന്നെനിക്ക് തോന്നുന്നില്ല. ആരോപണങ്ങൾ എഴുതിക്കൊടുത്ത് പറയുന്നത് ചട്ടപ്രകാരമാണ്. പക്ഷേ അതിന്റെ മറുപടി പറയിപ്പിക്കാതിരിക്കാൻ ഇവിടെ നടത്തിയ സംഘടിതമായ ശ്രമം ……..…. പ്രതിപക്ഷം സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോകുകമാത്രമല്ല ചെയ്തത്, ശ്രീ. കെ.എം. മാണിയെക്കൊണ്ട് മറുപടി പറയിപ്പിക്കാതിരിക്കാൻവേണ്ടി നടത്തിയ ശ്രമങ്ങൾ …..... ഈ സഭയിലെ ഒരു കറുത്ത ദിനമാണ്. ജനാധിപത്യത്തിൽ ചർച്ചയാണ് ആവശ്യം. ഇവിടെ ഏതെങ്കിലുമൊരു കാര്യം ഞങ്ങൾ ചർച്ച ചെയ്യരുതെന്ന് പറഞ്ഞിട്ടുണ്ടോ; ഏതിനെങ്കിലും സാങ്കേതികത്വം പറഞ്ഞിട്ടുണ്ടോ? ഒരു സമ്മേളനത്തിൽ ഒരു പ്രശ്നം ഒന്നിൽക്കൂടുതൽ പ്രാവശ്യം ചർച്ച ചെയ്യാൻ പാടില്ല എന്ന് വ്യവസ്ഥയുള്ളതാണ്. എന്നാൽ കഴിഞ്ഞ മൂന്നര വർഷം ഓരോ പ്രശ്നങ്ങളും

എത്രയോ പ്രാവശ്യം ചർച്ച ചെയ്തിരിക്കുന്നു, ഞങ്ങൾ തടഞ്ഞില്ല. കാരണം പറയാനുള്ളത് പ്രതിപക്ഷം പറയട്ടെ, ഗവൺമെന്റ് മറുപടി പറയുമ്പോൾ ജനങ്ങൾ അന്തിമമായി തീരുമാനിക്കട്ടെ. ഇവിടെ ആരോപണങ്ങൾ ഉന്നയിച്ച എന്നാൽ അതിനുള്ള മറുപടി കേൾക്കാൻ ഭയമാണ്. മറുപടി കേട്ടാലല്ലേ ആരുടെ ഭാഗത്താണ് തെറ്റെന്ന് മനസിലാക്കാൻ കഴിയൂ. ഇന്ന് ശ്രീ. കെ.എം. മാണിയുടെ മറുപടി കേൾക്കാനുള്ള തന്റേടമില്ലാതെയാണ് പ്രതിപക്ഷം ഒളിച്ചോടിയത്. ശ്രീ. ടോം ജോസ് 19.15 ഹെക്ടർ ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ട് അദ്ദേഹത്തിനെതിരെ ആരോപണമുന്നയിച്ചു. പ്രതിപക്ഷം അധികാരത്തിലിരിക്കുമ്പോൾ, 2010 ഓഗസ്റ്റ് 16-ാം തീയതിയാണ് അദ്ദേഹം ഭൂമി വാങ്ങിയത്. അന്ന് ശ്രീ. ടോം ജോസ് പി.ഡബ്ല്യൂ.ഡി. സെക്രട്ടറിയായിരുന്നു. അന്ന് പി.ഡബ്ല്യൂ.ഡി. മിനിസ്റ്റർ ആരായിരുന്നു എന്ന് പ്രതിപക്ഷം സഭയിൽ ഉണ്ടായിരുന്നെങ്കിൽ ഞാൻ ചോദിക്കുമായിരുന്നു. അതിന് മറുപടി പറയാനുള്ള തന്റേടം ഡോ. ടി.എം. തോമസ് ഐസക്കിനും മറ്റുള്ളവർക്കും ഇല്ലാതെപോയി. അവരുടെ കാലത്ത് വാങ്ങിയ വസ്തുവിന്റെ കണക്കുപറഞ്ഞ് അത് ഇന്നത്തെ അഴിമതിയായി ചിത്രീകരിക്കാൻ ശ്രമം നടത്തിയത് വളരെ നിർഭാഗ്യകരമാണ്. ശ്രീ. ടോം ജോസ് ഇതുസംബന്ധിച്ചുള്ള കണക്കുകളെല്ലാം അന്നുമുതൽ എല്ലാവർഷവും ഗവൺമെന്റിന് നൽകിയിട്ടുണ്ട്

എന്നാണ് അറിയിച്ചിട്ടുള്ളത്. അതുസംബന്ധിച്ച് ഒരു ഫയൽ എന്റെ ഓഫീസിൽ ഉണ്ടെന്നുപറഞ്ഞത് ശരിയാണ്. അദ്ദേഹത്തിൽനിന്ന് വിശദീകരണം വാങ്ങി ചീഫ് സെക്രട്ടറിവഴി എന്റെ ഓഫീസിലേയ്ക്ക് അയച്ചിട്ടുണ്ട്. അത് അന്വേഷണം നടത്തുന്നതിനുവേണ്ടിയുള്ള തുടർനടപടികളിലേയ്ക്ക് നീങ്ങുന്ന ഒരു ഫയലാണ്. ഒരു ഉദ്യോഗസ്ഥനെതിരെ ഇങ്ങനെയൊരാരോപണം, വ്യത്യസ്തമായ സാഹചര്യങ്ങളിൽ, അത് എന്തിനുവേണ്ടിയെന്ന് പറയാതെ ........... 16-08-2010-ൽ കേരളത്തിലെ പി.ഡബ്ല്യൂ.ഡി. മിനിസ്റ്റർ ഡോ. ടി.എം. തോമസ് ഐസക് ആയിരുന്നു. എന്നിട്ട് ഇന്നത്തെ ഗവൺമെന്റിന്റെ കാലത്ത് നടന്ന ഏതോ പ്രശ്നമെന്ന നിലയിൽ അത് ഉന്നയിക്കുകയാണ്. ശ്രീ. ടോം ജോസ് നൽകിയ കണക്കുകൾ പ്രകാരം അദ്ദേഹം എല്ലാ വിവരവും ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ഇവിടെ വന്ന് മറുപടി പറയാൻ കഴിയാത്ത സാഹചര്യത്തിലാണ് അദ്ദേഹത്തിൽനിന്ന് വിവരങ്ങൾ ശേഖരിച്ച് ഞാൻ ഇത് പറയുന്നത്.

ശ്രീ. കെ.എം. മാണി രാജി വയ്ക്കണമെന്നതാണ് പ്രതിപക്ഷത്തിന്റെ വാദം. ഇവിടെ ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞു, ഇതുപോലൊരു സാഹചര്യം ഇവിടെയുണ്ടായപ്പോൾ ഇവരുടെ നേതാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് സ്വീകരിച്ച നിലപാട്..... അത് സംബന്ധിച്ച രേഖകൾ എന്റെ കൈവശമുണ്ട്. 1969 ഒക്ടോബർ

17-ാം തീയതി അന്നത്തെ മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാട് നടത്തിയ പ്രസംഗമാണ്. അദ്ദേഹം വെല്ലിംഗ്ടണിനെതിരായിട്ടുള്ള അഴിമതിയാരോപണം വന്ന സമയത്ത് എം.എൻ. ഗോവിന്ദൻ നായർ, ടി.വി. തോമസ്, പി.ആർ. കുറുപ്പ് എന്നീ മൂന്ന് പേർക്കെതിരായിട്ടുകൂടി അന്വേഷണം പ്രഖ്യാപിച്ചു. പ്രഖ്യാപിച്ചതിനുശേഷം അദ്ദേഹം പറഞ്ഞത്, കുറെ ആരോപണങ്ങൾ വന്നാലുടൻ ഉത്തരവാദപ്പെട്ട ഒരാളുടെ പ്രാഥമിക പരിശോധനയുടെ ഫലമായി പ്രഥമദൃഷ്ട്യാ കേസുണ്ടെന്ന നിഗമനത്തിലെത്താതെ തന്നെ മന്ത്രിമാരോട് രാജിവയ്ക്കാൻ പറയുന്നതിന്റെ അർത്ഥം നിരുത്തരവാദപരവും ദുരുദ്ദേശ്യപരവുമായ ആരോപണങ്ങൾ വന്നാൽപോലും മന്ത്രിമാർ രാജിവയ്ക്കേണ്ടിവരുമെന്നാണ്. അത്തരമൊരു സാഹചര്യത്തിൽ ഒരു മന്ത്രിസഭയ്ക്കും പ്രവർത്തിക്കാൻ കഴിയില്ല.

അദ്ദേഹം അപ്പോൾ തന്നെ പറയുന്നുണ്ട്. പി. കെ. കുഞ്ഞിനെക്കൊണ്ട് രാജി വയ്പ്പിച്ചു. ഇത് തമ്മിൽ വ്യത്യാസമുണ്ട്. കുഞ്ഞിന്റെ കാര്യത്തിൽ ചെയ്തതുപോലെ മന്ത്രിസഭയിൽനിന്ന് രാജിവയ്ക്കാൻ ഞാൻ ആവശ്യപ്പെടുന്നില്ല. കാരണം പ്രാഥമിക അന്വേഷണം നടത്തി, പ്രഥമദൃഷ്ട്യാ കേസ്സുണ്ടെന്ന് ബോദ്ധ്യപ്പെടാതെ ഒരാളോട് രാജിവയ്ക്കാൻ പറയുന്നതിൽ ഒരർത്ഥവുമില്ലെന്നാണ് പ്രതിപക്ഷത്തിന്റെ നേതാവ് പറഞ്ഞത്. അതാണ് പ്രതിപക്ഷത്തിന്റെ പാരമ്പര്യം. ആ കേസ്സിവിടെ ധാരാളം

പ്രാവിശ്യം ചർച്ച ചെയ്യപ്പെട്ടതാണ്. പുതിയ കേസ്, Lalithakumari Vs. Govt. of U.P. ആണ്. പ്രഥമദൃഷ്ട്യാ കേസ്സുണ്ടോയെന്നും കേസ്സിന്റെ മെരിറ്റ് എന്താണെന്നും നോക്കാതെ കേസ്സെടുക്കാനുള്ള വകുപ്പുണ്ടോ എന്നുമാത്രം നോക്കി കേസ്സെടുക്കാൻ പറഞ്ഞ ആ വിധിയുടെ പശ്ചാത്തലത്തിൽ വന്ന പ്രത്യേക സാഹചര്യത്തിന് അപ്പുറത്തേയ്ക്ക് എന്തെങ്കിലും പ്രാധാന്യം ഈ കേസ്സിനുണ്ടോ? ശ്രീ. രമേശ് ചെന്നിത്തല ശ്രീ. കെ. എം. മാണിയെ കാണാൻ പോയെന്നാണ് അടിയന്തരപ്രമേയത്തിൽ പറഞ്ഞത്. ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. കെ. എം. മാണിയും ഇവിടത്തെ മന്ത്രിമാരും സഹപ്രവർത്തകരുമാണ്. അവർ തമ്മിൽ കണ്ടതിലുള്ള തെറ്റെന്താണ്? പക്ഷേ, അങ്ങനെ കാണുന്നത് ഏതെങ്കിലും വിധത്തിൽ ഈ കേസ്സിനെ സ്വാധീനിക്കുമോ? ഈ കേസ്സിലും നിയമം നിയമത്തിന്റെ വഴിക്കല്ലേ പോകുന്നത്. Lalithakumari Vs. Govt. of U.P എന്ന കേസ്സിന്റെ അടിസ്ഥാനത്തിൽ കേസ് മുമ്പോട്ടുപോയി. പ്രതിപക്ഷം ശ്രമിക്കുന്നത് ഒരു പുകമറ സൃഷ്ടിക്കാനാണ്. ഏതായാലും ഇന്നത്തെ അഴിമതി ആരോപണങ്ങൾ കണ്ടപ്പോൾ എനിക്കൊരു കാര്യം മനസ്സിലായി. കുറേ ആരോപണങ്ങളിലൂടെ പുകമറ സൃഷ്ടിക്കാൻ വേണ്ടിയുള്ള വ്യഗ്രതയാണ് ഇന്ന് നടന്നത്. പക്ഷേ, കേരളത്തിലെ ജനങ്ങൾ പ്രതിപക്ഷത്തിന്റെ തന്ത്രങ്ങളും രാഷ്ട്രീയ നീക്കങ്ങളും മനസ്സിലാക്കുമെന്ന

കാര്യത്തിൽ യാതൊരു സംശയമില്ല. തൊഗാഡിയ കേസ് പിൻവലിച്ചതിനെക്കുറിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. ആ കേസ് പിൻവലിക്കുകയല്ല ഉണ്ടായത്. സമയത്ത് ചാർജ് ഷീറ്റ് കൊടുക്കാത്തതുകൊണ്ട് 28.02.2014-ൽ ആ കേസ് കോടതി തീർപ്പ് കൽപ്പിക്കുകയാണ് ചെയ്തത്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ചാർജ്ഷീറ്റ് കൊടുത്തത്. ഈ ഗവൺമെന്റിന്റെ കീഴിലുള്ള പോലീസാണ് കേസ് മുമ്പോട്ടുകൊണ്ടുപോകണമെന്ന് പറഞ്ഞത്. എന്റെ കയ്യിലുള്ളത് ആ ജഡ്ജ്മെന്റിന്റെ കോപ്പിയാണ്. തെറ്റായ കുറേ ആക്ഷേപങ്ങൾ പറഞ്ഞ് അവരവരുടെ തെറ്റുകളും പരാജയങ്ങളും മറച്ചുവയ്ക്കാൻവേണ്ടി നടത്തുന്ന ശ്രമമാണിത്. ശ്രീ. കെ. എം. മാണി ഈ പ്രശ്നത്തിന്റെ പേരിൽ രാജി വയ്ക്കേണ്ട ആവശ്യമില്ലെന്ന തീരുമാനം അദ്ദേഹത്തിന്റേതല്ല, അത് അദ്ദേഹത്തിന്റെ പാർട്ടിയുടെയും യു.ഡി.എഫ്.ന്റെയും മുഖ്യമന്ത്രിയുടേതുമാണ്. കാരണം ഒരു തെറ്റും ചെയ്യാത്ത ഒരാളെ ഒരാക്ഷേപം വന്നതിന്റെ പേരിൽ, കോടതിയുടെ പുതിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മെരിറ്റ് പരിശോധിക്കാതെയും പ്രഥമദൃഷ്ട്യാ തെറ്റുണ്ടോ ഇല്ലയോ എന്ന് പരിശോധിക്കാതെയും എഫ്.ഐ.ആർ. എടുത്തതിന്റെ പേരിൽ മാണിസാർ രാജിവയ്ക്കേണ്ടതില്ല. മാണിസാർ അഴിമതിക്കുരുക്കിൽ വീണിട്ടില്ല. മാണിസാറ് വീണത് Lalithakumari Vs. Govt. of U.P എന്ന

കേസ്സിനെ ആസ്പദമാക്കിയുള്ള കുരുക്കാണ്. അഴിമതിക്കാരനല്ലാത്തതുകൊണ്ടും പ്രഥമദൃഷ്ട്യാ കുറ്റക്കാരനല്ലാത്തതുകൊണ്ടും രാജിവയ്ക്കേണ്ട ആവശ്യമില്ലെന്ന് ഞങ്ങൾ കൂട്ടായി തീരുമാനമെടുത്തിട്ടുണ്ട്. ഈ ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,90,01,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭൂ നികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന

അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 24,93,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 62,12,62,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,44,000/- രൂപയുടെ ഉപധനാഭ്യർത്ഥന

അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യ സഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,40,73,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 49,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പര്‍ ധനാഭ്യര്‍ത്ഥനയുടെ പേരില്‍ 1,000/- രൂപയുടെ ഉപധനാഭ്യര്‍ത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവര്‍ ............................

പ്രതികൂലിക്കുന്നവര്‍ ............................

ഉപധനാഭ്യര്‍ത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പര്‍ ധനാഭ്യര്‍ത്ഥനയുടെ പേരില്‍ 4,00,01,000/- രൂപയുടെ ഉപധനാഭ്യര്‍ത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവര്‍ ............................

പ്രതികൂലിക്കുന്നവര്‍ ............................

ഉപധനാഭ്യര്‍ത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പര്‍ ധനാഭ്യര്‍ത്ഥനയുടെ പേരില്‍ 1,000/- രൂപയുടെ ഉപധനാഭ്യര്‍ത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവര്‍ ............................

പ്രതികൂലിക്കുന്നവര്‍ ............................

ഉപധനാഭ്യര്‍ത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പര്‍ ധനാഭ്യര്‍ത്ഥനയുടെ പേരില്‍ 80,14,27,000/- രൂപയുടെ ഉപധനാഭ്യര്‍ത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവര്‍ ............................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 19,54,90,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 48,02,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 44,95,40,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,01,000/- രൂപയുടെ ഉപധനാഭ്യർത്ഥന

അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ**

വാർത്താവിതരണവും പ്രചാരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 203,39,43,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**<u>അധിക ധനാഭ്യർത്ഥനകൾ</u>**

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2003-2004 സാമ്പത്തിക വർഷത്തേയ്ക്ക് 121,86,09,617/- രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2009-2010 സാമ്പത്തിക വർഷത്തേയ്ക്ക് 5,81,49,523/- രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2009-2010 സാമ്പത്തിക വർഷത്തേയ്ക്ക് 5,55,10,479/- രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2009-2010 സാമ്പത്തിക വർഷത്തേയ്ക്ക് 1,66,30,122/- രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2009-2010 സാമ്പത്തിക വർഷത്തേയ്ക്ക് 1,30,36,755/- രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2009-

2010 സാമ്പത്തിക വർഷത്തേയ്ക്ക് 2,68,33,060/- രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2009-2010 സാമ്പത്തിക വർഷത്തേയ്ക്ക് 3,22,16,217/- രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2009-2010 സാമ്പത്തിക വർഷത്തേയ്ക്ക് 4,016/- രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2010-2011 സാമ്പത്തിക വർഷത്തേയ്ക്ക് 14,39,000/- രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2011-2012 സാമ്പത്തിക വർഷത്തേയ്ക്ക് 23,82,000/- രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2011-2012 സാമ്പത്തിക വർഷത്തേയ്ക്ക് 60,45,000/- രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ....... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ഡിസംബർ 17-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.07-ന് പിരിഞ്ഞു.)